# സർവ്വാധികാരി

# കെ. ഗോവിന്ദപ്പിള്ള

920

പി. ദാമോദരൻ നായർ

# സർവ്വാധികാര്യക്കാർ

പി. ഗോവിന്ദപ്പിള്ള

7372

920

PG Library & Research Center

(Malayalam)

Sarvadhikaryakkar P. Govinda Pillai

Biography

**By P. DAMODARAN NAIR, M. A. B. L.**

First Published June 1971

PRINTED AT INDIA PRESS, KOTTAYAM

Price Rs. 3·75

Copyright

P. Damodaran Nair

Publishers:

Sahitya Pravar[illegible] Co-operative
Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

# സർവ്വാധികാര്യക്കാർ
# പി. ഗോവിന്ദപ്പിള്ള

7372

പി. ദാമോദരൻനായർ

PC Library & Research Center

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 3·75

## പി. ദാമോദരൻനായരുടെ

## കൃതികൾ

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള
സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ള

S2557 B1643 157/70–71 1–1500 116 OR

7372

## ആമുഖം

ഒരു വ്യാഴവട്ടത്തിനു മുമ്പാണെന്നു തോന്നുന്നു, എൻെറ മാന്യസുഹൃത്ത് ശ്രീ കാരൂർ നീലകണ്ഠപ്പിള്ള 'മലയാളഭാഷാചരിത്ര'കർത്താവായ സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ളയുടെയും അദ്ദേഹത്തിൻെറ ഭാഗിനേയനും 'ശബ്ദതാരാവലി' നിഘണ്ടുവിൻെറ പ്രണേതാവുമായ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ളയുടെയും ജീവചരിത്രം വിരചിക്കണമെന്ന് എന്നെ ഉപദേശിച്ചത്. അക്കാലത്ത് ഗ്രന്ഥപാരായണത്തിലല്ലാതെ ഗ്രന്ഥരചനയിൽ ആസക്തചിത്തനല്ലാതിരുന്ന ഞാൻ ആ ഉപദേശം അത്ര കാര്യമാക്കുകയുണ്ടായില്ല. ആയിടയ്ക്കാണ് പ്രസിദ്ധ പണ്ഡിതനായ ശ്രീ ഏ. ഡി. ഹരിശർമ്മ, ഗോവിന്ദപ്പിള്ള സർവ്വാധിയുദ്യോഗം രാജിവയ്ക്കുകയല്ല, അദ്ദേഹത്തെ വിശാഖംതിരുനാാം മഹാരാജാവ് സ്ഥാനഭ്രഷ്ടനാക്കുകയാണു ചെയ്തതെന്നു പത്രദ്വാരാ അഭിപ്രായപ്പെട്ടു കണ്ടത്. ഗോവിന്ദപ്പിള്ള സ്വയം രാജി കൊടുക്കുകയാണു ചെയ്തതെന്ന് അദ്ദേഹത്തിൻെറ ഭാഗിനേയനായ പത്മനാഭപിള്ള പറഞ്ഞു കേട്ടറിവുള്ള ഞാൻ ആ വിവരം ഉൾക്കൊള്ളിച്ചു ഗോവിന്ദപ്പിള്ളയെപ്പറ്റി ഒന്നുരണ്ടു ലേഖനങ്ങൾ ആയിടെ ചില വാരികകളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി; തുടർന്നു പത്മനാഭപിള്ളയെക്കുറിച്ചും ചില ലേഖനങ്ങൾ വിരചിച്ചിരുന്നു. ശ്രീ കാരൂരിൻെറ നിർദ്ദേശം അനുസരിച്ചുകൊണ്ടു് കൈരളിത്തറവാട്ടിലെ ആ അമ്മാവനേയും മരുമകനേയുംകുറിച്ചുള്ള പ്രസ്തുത ലേഖനങ്ങൾ സമാഹരിച്ച് അവയോടു പല സംഗതികളും കൂട്ടിച്ചേർത്ത്

'ഭാഷാചരിത്രകർത്താവും ഭാഗിനേയനും' എന്ന പേരിൽ ഒരു ഗ്രന്ഥം അനന്തരകാലത്തു ഞാൻ തയ്യാറാക്കുകയുണ്ടായി. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന 'സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ള' എന്ന ഈ പുസ്തകം ആ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗമാണു്. ഗോവിന്ദപ്പിള്ളയുടെ ജീവചരിത്രം ഉൾക്കൊള്ളുന്ന ഒരു ലേഖനം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു് ശ്രീ ചിറയിൻകീഴ് എൻ. പരമേശ്വരൻപിള്ളയാണെന്നു തോന്നുന്നു (നമ്മുടെ മഹാന്മാർ, പുറം 1–8. 1912–ൽ തൃശ്ശിവപേരൂർനിന്നു പ്രസിദ്ധപ്പെടുത്തിയതു്.) ഗോവിന്ദപ്പിള്ളയെക്കുറിച്ചു് ആ ലേഖനത്തിലുള്ളതിനെക്കാൾ കൂടുതൽ വിവരങ്ങൾ ശ്രീ പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണന്റെ 'നമ്മുടെ സാഹിത്യകാരന്മാർ' (12–ാംഭാഗം—1962) എന്ന പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. പത്മനാഭപിള്ളയുടെ ഡയറിക്കുറിപ്പുകളും മററും പരിശോധിച്ചു് ഞാൻ വിരചിച്ചിട്ടുള്ള ഈ പുസ്തകത്തിൽനിന്നു ഗോവിന്ദപ്പിള്ളയെക്കുറിച്ചു കൂടുതൽ വിവരങ്ങൾ വായനക്കാർക്കു് ഉപലബ്ധമാകുമെങ്കിൽ എന്റെ ശ്രമം പാഴിലല്ല. ഞാൻ ഇതിന്റെ രചനയ്ക്കു് അനേകം ഗ്രന്ഥങ്ങൾ ഉപജീവിച്ചിട്ടുണ്ടു്. അവയുടെ രചയിതാക്കളോടു് എനിക്കുള്ള കടപ്പാടു് നിസ്സീമമാണു്.

തിരുവനന്തപുരം
30–3–1969

പി. ദാമോദരൻനായർ

# ഉള്ളടക്കം


1. ഉപോദ്ഘാതം 9
2. ജനനവും വിദ്യാഭ്യാസവും 13
3. ആയില്യംതിരുനാളുമായുള്ള അടുപ്പവും ഉദ്യോഗലബ്ധിയും 25
4. ദത്തും ഉദ്യോഗക്കയററവും 56
5. വിശാഖോദയവും ഗോവിന്ദപ്പിള്ളയുടെ രാജിയും 73
6. മലയാളഭാഷാചരിത്രത്തിന്റെ പ്രസിദ്ധീകരണം 109
7. ജീവിതവിരാമം 147
8. ഉപസംഹാരം 162

പരിശോധിച്ച ഗ്രന്ഥങ്ങൾ 179

സൂചിക 181

# 1. ഉപോദ്ഘാതം

സ്വഭാഷാഭിമാനത്താൽ പ്രേരിതരായി ഭാഷാഭിവൃദ്ധിക്കുവേണ്ടി യത്നിച്ചിട്ടുള്ള വ്യക്തികളേയും അവരുടെ യത്നങ്ങളേയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരൊററ മലയാളഭാഷാചരിത്രംപോലും പത്തൊമ്പതാം ശതകത്തിന്റെ പൂർവ്വാർദ്ധം കഴിഞ്ഞിട്ടും പ്രസിദ്ധീകൃതമായിരുന്നില്ല. 1881–ാമാണ്ടാണ് ആദ്യമായി അങ്ങനെയുള്ളൊരു ഗ്രന്ഥം പുറത്തുവന്നത്. മലയാളഭാഷയ്ക്കുണ്ടായിരുന്ന വമ്പിച്ച ഒരു കുറവ് യഥാർത്ഥത്തിൽ ഭാഷാഭിമാനികൾ മനസ്സിലാക്കുന്നത് അപ്പോൾ മാത്രമാണെന്നു തോന്നുന്നു. തുടർന്ന് ആ ഗ്രന്ഥത്തെ അനുകരിച്ചും ഉപജീവിച്ചും, അതിന്റെ പ്രണേതാവിന്റെ—സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ളയുടെ—അഭിപ്രായങ്ങളെ ഉപരിഗവേഷണംകൊണ്ട് ഉപലബ്ധമായ വസ്തുതകൾ നിരത്തി പരിശോധിച്ചും, യുക്തിയുടെ തെളിച്ചില്ലിൽക്കൂടി സൂക്ഷ്മവീക്ഷണംനടത്തിയും, അതിലുള്ളതിനേക്കാൾ കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചും അതിലെ ന്യൂനതകൾ പരിഹരിച്ചും തെററുകൾ തിരുത്തിയും, പല കുരുക്കുകളും അഴിച്ചുമാററവേ അബോധപൂർവ്വം ചിലപ്പോൾ ആ കുരുക്കുകളുടെ സംഖ്യ കൂട്ടിയും പില്ക്കാലത്തെ പണ്ഡിതന്മാരിൽ പലരും അതുപോലുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. സാമാന്യേന പറഞ്ഞാൽ അവയ്ക്കു മുമ്പിൽ ഗോവിന്ദപ്പിള്ളയുടെ ഗ്രന്ഥം നിഷ്പ്രഭമാണ്. എങ്കിലും "ഇന്നത്തെ നോട്ടത്തിൽ അതിൽ എന്തെല്ലാം ദൌർബ്ബല്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞാലും, ആദ്യത്തെ ഉദ്യമമെന്ന

നിലയിൽ, അതിനുള്ള വിലയും സ്ഥാനവും ഒരിക്കലും മായുന്നതല്ല''ല്ലോ.[1]

ഗോവിന്ദപ്പിള്ളയുടെ ഗ്രന്ഥം പ്രസിദ്ധീകൃതമായി ഏതാണ്ട നാല്പതു സംവത്സരം കഴിഞ്ഞാണ് ലഘുവായ തോതിലെങ്കിലും അമ്മാതിരിയുള്ള മറെറാരു ഗ്രന്ഥം പ്രകാശിതമായതു്. അതു കവിതിലകൻ പി. ശങ്കരൻ നമ്പ്യാരുടെ[2] (1892—1954) 'മലയാളസാഹിത്യചരിത്ര സംഗ്രഹ'മാണു്. ''ചുരുങ്ങിയ തോതിലാണ് പ്രതിപാദനമെങ്കിലും, പല തെറ്റിദ്ധാരണകൾ മാറ്റാനും, കുറേക്കൂടെ ശാസ്ത്രീയവും ഭദ്രവുമായ ഒരടിസ്ഥാനത്തിൽ കാര്യങ്ങൾ അവലോകനംചെയ്യാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.''[3] പിന്നീടുണ്ടായിട്ടുള്ള സദൃശഗ്രന്ഥങ്ങളിൽ പ്രാധാന്യമർഹിക്കുന്നതു് ആർ. നാരായണപ്പണിക്കരുടെ[4] (1889—1959) 'കേരളഭാഷാസാഹിത്യചരിത്ര'മാണു്. അദ്ദേഹത്തിന്റെ വിപുലമായ പഠനത്തിന്റെയും നിഷ്കപടമായ ഭാഷാഭിമാനത്തിന്റെയും നിരന്തരമായ പരിശ്രമത്തിന്റെയും പരിണതഫലമാണു് ആ ഗ്രന്ഥം. ''ഏഴു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ബൃഹത്തായ ഈ ഗ്രന്ഥപരമ്പര

1. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ —പുറം 21.

2. പ്രൊഫസർ പി. ശങ്കരൻനമ്പ്യാർ, ബി. ഏ. ഓണേഴ്സ്, 'മലയാളസാഹിത്യചരിത്രസംഗ്രഹ'ത്തിനു പുറമേ, പ്രസ്ഥാനത്രയം, സാഹിത്യനിഷ്കടം, മകരന്ദമഞ്ജരി മുതലായി അനേകം ഗ്രന്ഥങ്ങൾ വിരചിച്ചിട്ടുണ്ട്. ''കവിതപോലെതന്നെ മധുരമാണ് അദ്ദേഹത്തിന്റെ ഗദ്യവും.'' എറണാകുളം കോളേജ് പ്രിൻസിപ്പൽ ആയിരിക്കവേ പെൻഷൻപററിയ നമ്പ്യാർ അതിനുശേഷം കുറേക്കാലം തൃശ്ശൂർ കേരളവർമ്മ കോളേജിലും പ്രിൻസിപ്പൽ ആയിരുന്നു.

3. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ —പുറം 22.

4. വളരെക്കാലം അദ്ധ്യാപകവൃത്തിയിലിരുന്ന നാരായണപ്പണിക്കർ ബി. ഏ എൽ ററി. 'കേരളഭാഷാസാഹിത്യചരിത്ര'ത്തിനു പുറമേ, ഭാഷയ്ക്കു സമ്മാനിച്ചിട്ടുള്ള ഒരു പ്രമുഖഗ്രന്ഥം 'നവയുഗഭാഷാനിഘണ്ടു'വാണ്. കൂടാതെ, അമൃതവല്ലി, അന്നപൂർണ്ണാലയം, മുണാളിനി ഇത്യാദി നോവലുകളും, എഴുത്തച്ഛൻ, നമ്പിയാർ തുടങ്ങിയവരുടെ ജീവചരിത്രവും അനേകം വ്യാഖ്യാനങ്ങളും ഇദ്ദേഹം വിരചിച്ചിട്ടുണ്ട്. അദ്ദേഹത്തെ ഒരിക്കലും മലയാളികൾക്കു മറക്കാൻ സാദ്ധ്യമല്ല.

യിൽ, ഒടുവിലേക്കു വരുമ്പോഠം കെട്ടുറപ്പു കുറഞ്ഞും അശ്രദ്ധ കൂടിയും ഇരിക്കുന്നുണ്ടു്. എങ്കിലും പ്രസ്തുത പരമ്പരയിൽ പഠനാർഹങ്ങളായ ഒട്ടേറെ സാമഗ്രികളുണ്ടെന്നതിനു സംശയമില്ല.''[1] എഴുത്തച്ഛനേയും മററും പററി ഗ്രന്ഥകാരൻ നടത്തിയിട്ടുള്ള ഗവേഷണം കേരളീയക്കു് ഒരുകാലവും വിസ്മരിക്കാൻ സാദ്ധ്യമല്ല. 'കേരളഭാഷാസാഹിത്യചരിത്ര'ത്തെക്കാഠം വിപുലവും സമഗ്രവുമാണു് അതിനു ശേഷം ഉണ്ടായ 'കേരളസാഹിത്യചരിത്രം'. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ[2] (1877—1949) ദീർഘകാലത്തെ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായുണ്ടായ ആ ഗ്രന്ഥം അദ്ദേഹത്തിൻെറ സവ്വതോമുഖമായ വൈദുഷ്യത്തിനും, അനന്യാദൃശമായ ഭാഷാഭിമാനത്തിനും, നിസ്തന്ദ്രമായ പരിശ്രമത്തിനും ഉത്തമസാക്ഷ്യംവഹിക്കുന്നു. 'സുനിഷ്കൃഷ്ടമായ വിഷയക്രമീകരണം, കാര്യമാത്രപ്രസക്തമായ പ്രതിപാദനം, ചരിത്രസാമഗ്രികളുടെ ധാരാളത്വം എന്നീ കാര്യങ്ങളിൽ പൂവ്വകൃതികളെ അതിശയിക്കുന്ന ഈ വമ്പിച്ച ഗ്രന്ഥപരമ്പരയിൽ പല സ്ഖലിതങ്ങളും കടന്നുകൂടിയിട്ടുണ്ടു്.''[3] പക്ഷേ, മലയാളഭാഷയ്ക്കു് ഈ ശതാബ്ദത്തിൽ സിദ്ധിച്ചിട്ടുള്ള ഏററവും വലിയ നേട്ടമാണു് ആ ഗ്രന്ഥം.[4] തിരുവിതാംകൂർ സവ്വകലാശാലയുടെ

1. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ —പുറം 23.

2. ബി. ഏ. പാസ്സായതിനുശേഷം സെൻസസ്സു് ആഫീസിൽ ക്ലാക്കായി പ്രവേശിച്ച ഇദ്ദേഹം ബി. എൽ., എം. ഏ. എന്നീ ബിരുദങ്ങഠംകൂടി നേടുകയും അനേകം ഉദ്യോഗങ്ങഠം വഹിച്ചു് ഒടുവിൽ ദിവാൻപേഷ്കാരായി പെൻഷൻപററുകയും ചെയ്തു. 'കേരളസാഹിത്യചരിത്ര'ത്തിനു പുറമേ, 'ഉമാകേരളം' എന്ന മഹാകാവ്യവും, കണ്ണുഭൂഷണം, പിംഗള, ഭക്തിദീപിക തുടങ്ങിയ അനേകം ഖണ്ഡകാവ്യങ്ങളും വിരചിച്ചതു കൂടാതെ ഇദ്ദേഹം അനഘങ്ങളായ പല പ്രാചീനഗ്രന്ഥങ്ങളും നിപുണമായി പ്രസാധനംചെയ്തിട്ടുണ്ടു്. ഉള്ളൂർ ഭാഷയ്ക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനം അമൂല്യമാണു്.

3. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ —പുറം 24.

4. ഗ്രന്ഥകാരൻ അതിൻെറ രചനയ്ക്കായി വാദ്ധക്യകാലത്തുപോലും ദേഹദൌബ്ബല്യത്തെ ഗൗനിക്കാതെ വിദൂരദേശങ്ങളിൽ സഞ്ചരിച്ചു് ഗ്രന്ഥങ്ങഠം പരിശോധിച്ചിരുന്നു. ''ഈമാതിരി ക്ലേശമാകുന്ന തിക്തകഷായത്തിൻെറ ദുഃസ്വാദു് അനുഭവിക്കാത്ത ഭാഗ്യവാന്മാരാണു്

ആരംഭംമുതൽ പൗരസ്ത്യഭാഷാവകുപ്പുകളുടെ അദ്ധ്യക്ഷസ്ഥാനം ചിരകാലം അലങ്കരിച്ചിരുന്ന ഉള്ളൂർ പരമേശ്വരയ്യർ അഞ്ചു വാല്യങ്ങളായിട്ടാണ് ആ ഗ്രന്ഥം പൂർത്തിയാക്കിയിരിക്കുന്നതു്. അദ്ദേഹം പഠിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ അസംഖ്യമാണ്. ആധുനികപണ്ഡിതന്മാരിൽ ആർക്കും കാണുകയോ കേൾക്കുകയോ ചെയ്വാൻ സാധിച്ചിട്ടില്ലാത്ത പല ഗ്രന്ഥങ്ങളെപ്പററിയും അദ്ദേഹം തന്റെ സാഹിത്യചരിത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. മഹാകവിയുടെ അനന്യലഭ്യമായ ആ ശൈലി—സുന്ദരമായ ഗദ്യശൈലി—ആ ഗ്രന്ഥത്തിന്റെ സ്വാതേയുള്ള മാററു കൂട്ടിയിട്ടുമുണ്ടു്. ''ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങീടാത്ത പൊൻപേന''യും കൈരളീസേവനാർത്ഥം ആമരണം ഉഴിഞ്ഞുവെച്ചിരുന്ന ആ പണ്ഡിതപ്രകാണ്ഡത്തോടു്, ആ 'ജംഗമവിജ്ഞാനകോശ'ത്തോടു്, കേരളീയർക്കുള്ള ആധമർണ്യം അളവററതാണ്.

---

നമ്മുടെ ഗവേഷകവീരന്മാരിൽ അധികംപേരും.'' —'ഉള്ളൂർ മഹാകവി', വടക്കുംകൂർ രാജരാജവർമ്മ, പുറം 154

## 2. ജനനവും വിദ്യാഭ്യാസവും

ഗോവിന്ദപ്പിള്ള 1849-ൽ (കൊല്ലവഷം 1024 ഇടവം രേവതി നക്ഷത്രത്തിൽ) ഭൂജാതനായി. തിരുവനന്തപുരത്തു ശ്രീകണ്ഠേശ്വരത്തുള്ള കുളവറവിളാകമായിരുന്നു അദ്ദേഹത്തിന്റെ ജന്മഭവനം; മാതാവു് ചിറയിങ്കീഴ് താലൂക്കിൽ വക്‌ലെ അധികാരത്തിൽ വെട്ടൂർദേശത്തുള്ള ഒരു പുരാതന നായർതറവാട്ടിലെ (അയ്യിപ്പിള്ളവീടു്) അംഗമായ പെരുമാൾപിള്ളയും, പിതാവു് തിരുവനന്തപുരത്തു മണക്കാട്ടു് (കവണശ്ശേരി) പപ്പുപിള്ളമുൻസിഫുമായിരുന്നു. ഈ ദമ്പതികൾക്കു് ഏഴു സന്താനങ്ങൾ ഉണ്ടായിരുന്നു—അഞ്ചു സ്ത്രീകളും രണ്ടു പുരുഷന്മാരും. അവരുടെ കൂട്ടത്തിൽ ഏറ്റവും മൂത്ത ആളാണു് പെരുമാൾവള്ളി (നാരായണിപ്പിള്ള)—ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള*യുടെ

* തിരുവനന്തപുരത്തു് മേല്‌കങ്ങാണം കച്ചേരിയിലെ ഒരു ഉദ്യോഗസ്ഥനായ പി. നാരായണപിള്ളയുടെ പുത്രനായി ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള (1864—1946) ഗോവിന്ദപ്പിള്ളയുടെ ഭവനമായ കുളവറവിളാകത്തുവീട്ടിൽ ജനിച്ചു. അദ്ദേഹം മട്രിക്കുലേഷനു പഠിച്ചുകൊണ്ടിരിക്കവേ പിതാവു ചരമമടഞ്ഞു. അതോടെ പഠിത്തം മുടങ്ങി. കവിതാവാസനയാൽ അനുഗൃഹീതനായിരുന്ന പത്മനാഭപിള്ള അല്പകാലംകൊണ്ടു് സംസ്കൃതത്തിലും മലയാളത്തിലും മററും പാണ്ഡിത്യം സമ്പാദിച്ചു് ഒരു യുവകവിയെന്ന പേർ സമ്പാദിക്കുകയും, സാഹിത്യരസികനായിരുന്ന കണ്ടെഴുത്തു ദിവാൻപേഷ്ക്കാർ നാഗമയ്യയുടെ പ്രീതി സമ്പാദിച്ചു് 1894-ൽ കണ്ടെഴുത്താഫീസിൽ ഒരു ഉദ്യോഗം കരസ്ഥമാക്കുകയും ചെയ്തു. സായിപ്പന്മാരുടെ വകയായി, നിലവിലുള്ള മലയാളനിഘണ്ടുക്കൾ മലയാളികളുടെ സന്ദേഹനിവൃത്തിക്കു പര്യാപ്തമല്ലാത്തതിനാൽ മലയാളിയായ ഒരു പണ്ഡിതൻ തന്നെ ഒരു മലയാളനിഘണ്ടു വിരചിക്കണമെന്ന അഭിപ്രായം സദസ്സുകളിൽ ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. അപ്രകാരമുള്ള ഒരു നിഘണ്ടുവിന്റെ നിർമ്മിതിക്കായി പത്മനാഭപിള്ള 1895 മുതൽ തീവ്രയത്നം തുടങ്ങുകയും, അതിനു വിഘാതമായിത്തീർന്നിരുന്ന സർക്കാരുദ്യോഗം രാജിവച്ചു് വക്കീൽപരീക്ഷ പാസ്സായി കുറേക്കാലം പ്രാക്ടീസുനടത്തുകയും, ഒടുവിൽ അതും മതിയാക്കി പലതരത്തിലുള്ള ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടു് 1923-ൽ രണ്ടായി

മാതാവ്. നാലാമനാണ് അഥവാ പുരുഷന്മാരിൽ അഗ്രജനാണ് ഗോവിന്ദപ്പിള്ള.

തിരുവനന്തപുരത്തു കോട്ടയ്ക്കകത്തുള്ള കിഴക്കേമഠത്തിൽ[1] സ്ഥാപിതമായിരുന്ന ഒരു മലയാളംപള്ളിക്കൂടത്തിലാണ് ഗോവിന്ദപ്പിള്ള പ്രാഥമികവിദ്യാഭ്യാസം നടത്തിയിരുന്നതു്. പപ്പുപിള്ളയാശാൻ എന്ന ഗുരുനാഥന്റെ കീഴിൽ അദ്ദേഹം അവിടെ നിലത്തെഴുത്തു്, കണക്ക്, വാക്യം, പരല്പേറു്[2], ജ്യോതിഷം മുതലായവ പഠിച്ചു. ഏതാണ്ട് ഒമ്പതു വയസ്സുവരെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം അവിടെത്തന്നെയായിരുന്നു. അനന്തരം, ഇംഗ്ലീഷുഭാഷയ്ക്കു് അക്കാലത്തു സിദ്ധിച്ചുകൊണ്ടിരുന്ന പ്രചാരവും പ്രാധാന്യവും കണ്ട് മുൻസിഫ് പപ്പുപിള്ള തന്റെ പുത്രനെ ഇംഗ്ലീഷു പഠിപ്പിക്കാൻ തീരുമാനിച്ചു. അന്നു് ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു നമ്മുടെ നാട്ടുകാർക്ക് ഇന്നത്തെപ്പോലുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഹൂണഭാഷയായി സങ്കല്പിക്കപ്പെട്ടുപോന്നിരുന്ന 'ഇംകിരിയസ്സി'ന്റെ പഠനംമൂലം തങ്ങളുടെ പ്രജകൾക്കു ധാർമ്മികാധഃപതനം നേരിടുമെന്ന ഭീതിയാണ് പണ്ടു നമ്മുടെ ഭരണാധിപന്മാർക്കുണ്ടായിരുന്നതു്. ഗത്യന്തരമില്ലാഞ്ഞു് ഒരിക്കൽ ഒരു ഇംഗ്ലീഷ് സ്കൂൾക്കെട്ടിടത്തിനു് അസ്തിവാരമിടാൻ എഴുന്നള്ളിയ അന്നത്തെ മഹാരാജാവു് താൻ 'കുരുത്തക്കേടിനു കല്പിടാൻപോക'യാണെന്നായിരുന്നു ആ അവസരത്തിൽ കല്പിച്ചതു്. നാട്ടുകാരായ ഉദ്യോഗസ്ഥന്മാരിൽ പലർക്കും അന്നു് ഇംഗ്ലീഷ്ഭാഷ വശമുണ്ടായിരുന്നില്ല. ആയിടെ ഒരിക്കൽ സ്വദേശിയായ ഒരു ഉന്നതോദ്യോഗസ്ഥൻ

---

രത്തോളം പുറം വരുന്ന ഒരു നിഘണ്ടു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതാണ് ശബ്ദതാരാവലി. ധർമ്മഗുപ്തവിജയം, സുന്ദോപസുന്ദയുദ്ധം എന്ന 2 ആട്ടക്കഥകളും, കനകലതാസ്വയംവരം, പാണ്ഡവവിജയം എന്ന 2 നാടകങ്ങളും ഉൾപ്പെടെ അദ്ദേഹം അറുപതോളം കൃതികൾ വിരചിച്ചിട്ടുണ്ട്. എങ്കിലും ശബ്ദതാരാവലിയുടെ പ്രണേതാവെന്ന നിലയിലാണ് ഇന്നു പത്മനാഭപിള്ള അറിയപ്പെടുന്നതു്.

1. മഹാകവി ഇരയിമ്മൻതമ്പിയുടെ ഭവനം.

2. അക്ഷരങ്ങൾകൊണ്ടു കവടിയുടെ സംഖ്യ കുറിക്കുന്ന വാക്യം.

റസിഡൻറ് സായിപ്പിനു് 'ഗുഡ്ഫ്രൈഡേ'*യ്ക്കു് (ദുഃഖവെള്ളിയാഴ്ച) അനുമോദനസന്ദേശം അയച്ചു വിഡ്ഢിയായിത്തീൎന്നുവെന്നു കേട്ടിട്ടുണ്ടു്. ഇംഗ്ലീഷ്ഭാഷയെ സംബന്ധിച്ചിടത്തോളമുള്ള ഈ നിലയ്ക്കു് ഒരു പരിവൎത്തനം സംഭവിച്ചതു സ്വാതിതിരുനാൾ മഹാരാജാവിൻെറ (1829—1847) കാലത്താണു്. വഞ്ചിരാജ്യത്തെ ഏതു ഭരണവകുപ്പിൻെറ ചരിത്രം പരിശോധിച്ചാലും അതിൻെറ പ്രതിഷ്ഠാപകനോ പരിഷ്കൎത്താവോ ആയി പ്രത്യക്ഷപ്പെടുന്ന സ്വാതിതിരുനാൾ ത്യാഗരാജൻ, ശ്യാമാശാസ്ത്രി, ദീക്ഷിതർ എന്നിവൎക്കൊപ്പം ''ദക്ഷിണേന്ത്യയിലെ സഹൃദയലോകത്തെ സംഗീതസുധാരസത്തിൽ ആറാടിച്ച'' ഒരു സമുന്നതഗാനസാഹിത്യകാരൻ ആയിട്ടാണു് ഇന്നു സുവിദിതനായിരിക്കുന്നതു്. തിരുവിതാംകൂർ രാജകുടുംബത്തിൽ ഇംഗ്ലീഷ്ഭാഷ ബാല്യാൽപ്രഭൃതി അഭ്യസിക്കാൻ ആദ്യമായി ഭാഗ്യം സിദ്ധിച്ചതു് ഇദ്ദേഹത്തിനായിരുന്നു. 1825—ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തു വന്നു് ബാലനായ സ്വാതിതിരുനാളിനെ സന്ദശിച്ച കൎണ്ണൽ വെൽഷ് എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ തൻെറ 'സൈനികസ്മരണകം' (Military Reminiscances) എന്ന ഗ്രന്ഥത്തിൽ ആ തമ്പുരാനു പല ഭാഷകളിൽ, പ്രത്യേകിച്ചു് ഇംഗ്ലീഷിലും സംസ്കൃതത്തിലുമുണ്ടായിരുന്ന അവഗാഹത്തെപ്പററി വലിയ മതിപ്പോടെ രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു: ''പതിമ്മൂന്നുവയസ്സു മാത്രം പ്രായമുള്ള കൊച്ചുതമ്പുരാൻ 'മാൽക്കാംസ് സെൻട്രൽ ഇൻഡ്യ' (Malcolmis Central India) എന്ന ഇംഗ്ലീഷ്ഗ്രന്ഥത്തിലെ ഒരദ്ധ്യായവും, റംഗൂൺനഗരം പിടിച്ചടക്കിയതിനെപ്പററി ഗവർണർജനറൽ പെർഷ്യൻ ഭാഷയിൽ എഴുതിയ ഒരു ലേഖനവും, സംസ്കൃതത്തിലും മലയാളത്തിലും ഏതാനും ഭാഗങ്ങളും, സ്ഫുടമായി വായിച്ചു. എല്ലാം ഒരുപോലെ സാമൎത്ഥ്യത്തോടുകൂടിയാണു വായിച്ചതു്. അനന്തരം ഗണിതശാസ്ത്രസംബന്ധമായ ഒരു ഗ്രന്ഥത്തിൽനിന്നു യൂക്ലീഡ്

* ക്രിസ്തുദേവൻെറ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും സ്മരണയ്ക്കുവേണ്ടി ആചരിക്കുന്ന ഒരു വിശേഷദിവസം.

ഒന്നാംപുസ്തകത്തിലെ 47–ാം പ്രമേയത്തിൻെറ രൂപം ഒരു സ്ലേററിൽ വരച്ചുകാണിച്ചു. എന്നെ അത്യധികം വിസ്മയിപ്പിച്ചതു്, Geometry എന്ന ഇംഗ്ലീഷ് വാക്കു് 'ജ്യാമിതി' (ഭൂമിയുടെ അളവു്) എന്ന സംസ്കൃതത്തിൽനിന്നു സിദ്ധിച്ചിട്ടുള്ളതാണെന്നും, അതുപോലെതന്നെ, Hexagon 'ഷട്കോണം, Septagon 'സപ്തകോണം', Octagon 'അഷ്ടകോണം', Decagon 'ദശകോണം', Duodecagon 'ദ്വാദശകോണം' ഇത്യാദിയും സംസ്കൃതത്തിൽനിന്നു സിദ്ധിച്ചിട്ടുള്ളതാണെന്നും എന്നോടു് ഇംഗ്ലീഷിൽ പറഞ്ഞുകേൾപ്പിച്ചതായിരുന്നു.''[1] സ്വാതിതിരുനാൾതിരുമനസ്സിലെ[2] കനിഷ്ഠസഹോദരനായ ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്നു ഗോവിന്ദപ്പിള്ളയുടെ ബാല്യകാലത്തു് തിരുവിതാംകൂർ ഭരിച്ചിരുന്നതു്.

'ഉത്രം'നക്ഷത്രത്തിനു് സംസ്കൃതത്തിൽ 'ഭാഗ്യം' എന്നൊരു പര്യായമുള്ളതിനാൽ 'ഭാഗ്യോദയമാർത്താണ്ഡവർമ്മ' എന്ന പേരിലാണു് ഉത്രംതിരുനാൾ അറിയപ്പെട്ടിരുന്നതു്. സ്വാതിതിരുനാളിൻെറ ഗുരുനാഥന്മാരായിരുന്ന

1. സ്വാതിതിരുനാൾ മഹാരാജാവു്— തുണ്ടത്തിൽ പി. വേലുപ്പിള്ള, ബി. ഏ. ബി. എൽ. (റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം, 1118) പുറം 21.

2. ''തിരുമനസ്സിലെ ജീവിതം ഭാഗ്യപൂർണ്ണമായിരുന്നില്ല .. 1016–ാമാണ്ടു് മേജർ ജനറൽ കല്ലൻസായിപ്പ് റസിഡണ്ടായി. അധികാരപ്രമത്തനായ അദ്ദേഹത്തിൻെറ വരുതി കേട്ടു നടക്കുന്നതിനു സന്നദ്ധനായ ഒരു നാടുവാഴിയല്ലായിരുന്നു ധീരോദാത്തനായ മഹാരാജാവു്. തന്നിമിത്തം അവർതമ്മിൽ നേരിട്ട രസക്ഷയം കാലാന്തരത്തിൽ ശത്രുതയായി വളർന്നു. റസിഡണ്ടു് മദിരാശി ഗവൺമെൻറിലേക്കു പല റിപ്പോർട്ടുകളും അവിടത്തേക്കു വിരോധമായി എഴുതിയയയ്ക്കുകയും, അതിനെല്ലാം അവിടുന്നു സമാധാനം പറയണമെന്നുള്ള ദുരവസ്ഥ വരികയും ചെയ്തു....ഐഹികങ്ങളായ വിഷയങ്ങളിൽ അവിടുന്നു് ഉത്തരോത്തരം വിരക്തനായി . 1022–ാമാണ്ടു് ധനുമാസം 13–ാംതീയതി 34–ാമത്തെ വയസ്സിൽ ആ പുണ്യശ്ലോകൻ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു.'' (കേ. സാ. ച.—ഉള്ളൂർ—വാല്യം 4, പുറം 11).

ഇംഗ്ലീഷ് സുബ്ബാരായരും,[1] അരിപ്പാട്ട കൊച്ചുപിള്ളവാരിയരും[2] തന്നെയായിരുന്നു, ഉത്രംതിരുനാളിൻെറയും ഗുരുക്കന്മാർ. അദ്ദേഹത്തിന് മലയാളം, തമിഴ് എന്നിവയ്ക്കു പുറമേ സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, മറാത്തി എന്നീ ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. സംസ്കൃതത്തിൽ, ജ്യേഷ്ഠനായ സ്വാതിതിരുനാളിന്നോളം അവഗാഹമുണ്ടായിരുന്നില്ലെങ്കിലും ഇംഗ്ലീഷിൽ അദ്ദേഹത്തെക്കാറം പാണ്ഡിത്യം ആജ്ജിച്ചിരുന്ന ഉത്രംതിരുനാറം പ്രശസ്തരായ പല യൂറോപ്യന്മാരുടേയും സ്നേഹാദരങ്ങറംക്കു പാത്രീഭവിച്ചിരുന്നു. രസതന്ത്രത്തിലും (Chemistry), ഇംഗ്ലീഷുവൈദ്യത്തിലും (Allopathy) കൂടി നിപുണനായിരുന്ന തമ്പുരാൻ കൊട്ടാരത്തിൽ സ്വന്തമായി ഒരു ഡിസ്പെൻസറി സ്ഥാപിച്ച് രോഗികളെ സൗജന്യമായി പരിശോധിച്ചു മരുന്നു കൊടുക്കകയും, ചെറിയതോതിലുള്ള ശസ്ത്രക്രിയകറം തന്നെത്താൻ നടത്തുകയും ചെയ്തിരുന്നു. വിപുലമായ തോതിൽ ഇംഗ്ലീഷുഭാഷാപരിജ്ഞാനം ആജ്ജിച്ചിരുന്നിട്ടും അദ്ദേഹം തൻെറ മാതൃഭാഷയായ മലയാളത്തെ അവഗണിച്ചിരുന്നില്ലെന്നുള്ളതു പ്രസ്താവയോഗ്യമാണ്. കേരളീയസംസ്കാരം

---

1. ശേഷോപണ്ഡിതർ സുബ്ബരായരെ 1820-ൽ പാർവ്വതീറാണി കർണ്ണൽ മൺറോയുടെ ഉപദേശപ്രകാരം സ്വാതിതിരുനാളിനെ ഇംഗ്ലീഷു പഠിപ്പിക്കാനായി തഞ്ചാവൂർനിന്നു വരുത്തി. ഇംഗ്ലീഷുഭാഷയിലുണ്ടായിരുന്ന അസാമാന്യമായ വൈദുഷ്യംനിമിത്തം ഇംഗ്ലീഷ് സുബ്ബരായർ എന്ന സ്ഥാനപ്പേർ കരസ്ഥമാക്കിയിരുന്ന രായക്ക് മഹാരാഷ്ട്രഭാഷയിലും സംഗീതത്തിലും നല്ല പരിജ്ഞാനമുണ്ടായിരുന്നു. പ്രത്യേകിച്ച്, സ്വരജിത്തുവായനയിൽ അതിവിദഗ്ധനുമായിരുന്നു. പില്ലാലത്തു് തിരുവിതാംകൂർ ദിവാനായിത്തീന്നെങ്കിലും (1830—1837) ഒരിക്കൽ കോഴ വാങ്ങിയതായി അറിഞ്ഞ് ധമ്മിഷ്ഠനായ സ്വാതിതിരുനാറം ഇദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു പിരിച്ചയച്ചു.

2. 1817-ൽ പാർവ്വതീറാണി തിരുവിതാംകൂറിൽ പ്രവൃത്തിപ്പള്ളിക്കൂടങ്ങറം ഏർപ്പെടുത്തിയപ്പോറം വാരിയർ അരിപ്പാട്ട പള്ളിക്കൂടത്തിൽ ഭാഷാദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1823-ൽ സ്വാതിതിരുനാളിനെ സംസ്കൃതം പഠിപ്പിക്കാനായി വാരിയർ കൊട്ടാരം അദ്ധ്യാപകനായി. ഇദ്ദേഹത്തിൻെറ മുഖ്യകൃതികറം 'ഉർവ്വശീസ്വയംവരം ആട്ടക്കഥ'യും, 'ഈസോപ്പിൻെറ സാരോപദേശകഥകറം' എന്ന ഗദ്യഗ്രന്ഥവുമാണ്.

ഉടനീളം പ്രതിഫലിക്കുന്നതും ഒന്നിലധികം സുകുമാര കലകളുടെ സമ്മേളനംകൊണ്ടു് പണ്ഡിതപാമരന്മാക്കു് ഒന്നുപോലെ ആസ്വാദ്യമായിട്ടുള്ളതും, ഇന്നും ദേശകാല പരിധികളെ അതിശയിച്ചു വത്തിക്കുന്നതുമായ ആ കഥകളിപ്രസ്ഥാനത്തിൻെറ 'ജീവാതു' ആംഗലഭാഷാപണ്ഡിതനായ ഈ ഉത്രംതിരുനാരംതന്നെയായിരുന്നു. ബാല്യത്തിലേതന്നെ അദ്ദേഹത്തിനു കഥകളിയോടു് അനിതര സാധാരണമായ പ്രതിപത്തി തോന്നിയിരുന്നു. യുവരാജാവായിരുന്ന കാലത്തു് കൈയും മെയ്യും സ്വാധീനമാക്കി, അദ്ദേഹം ഓരോരോ വേഷത്തിൽ അരങ്ങത്തിറങ്ങി ആടുകയും, പാർവ്വതീറാണിയുടെ[1] (1814—1829) കൈയിൽ നിന്നു പലവുരു പാരിതോഷികങ്ങരം വാങ്ങുകയും ചെയ്തിരുന്നു. 'സിംഹദ്ധ്വജചരിതം' എന്ന ആട്ടക്കഥയാണു് ഉത്രംതിരുനാളിൻെറ പ്രധാന കൃതി. അദ്ദേഹം ഒരു കഥകളിയോഗം സംഘടിപ്പിക്കുകയും, കഥകളിയിലെ കെട്ടിയുടുപ്പും വേഷവും മററും പരിഷ്ക്കരിക്കുകയുംചെയ്തു. ഈശ്വരപിള്ളവിചാരിപ്പുകാർ എന്ന പ്രസിദ്ധപ്പെട്ട നടനായിരുന്നു ആ കഥകളിയോഗത്തിൻെറ നേതൃത്വം വഹിച്ചിരുന്നതു്. ഉത്രംതിരുനാളിൻെറ പ്രേരണ ഹേതുവായി വിചാരിപ്പുകാർ തിരുവനന്തപുരത്തു് 1852—ൽ 'കേരളവിലാസം' എന്ന ഒരു മുദ്രാലയം ഏപ്പെടുത്തിയിരുന്നു. സക്കാരിൻെറയും മിഷനറിമാരുടെയും വകയല്ലാത്ത ഇവിടത്തെ ആദ്യത്തെ അച്ചുക്കൂടം ഇതാണെന്നു പറയപ്പെടുന്നു.[2] മറഞ്ഞുകിടന്നിരുന്ന അനേകം പ്രാചീനകൃതികരം ഈ അച്ചു

1. സ്വാതിതിരുനാളിൻെറ മാതാവായ ലക്ഷ്മീബായിയുടെ (1811—1814) കനിഷ്ഠസഹോദരിയാണു് പാർവ്വതീബായി. റീജൻറായി ഭരിച്ചിരുന്ന ലക്ഷ്മീബായി ചരമംപ്രാപിച്ചപ്പോരം പാർവ്വതീബായി പ്രസ്തുത സ്ഥാനം സ്വീകരിച്ചു. 15 വഷം അവർ റീജൻറായിരുന്നു. തിരുവിതാംകൂറിൽ ആദ്യമായി പ്രവൃത്തിപ്പള്ളിക്കൂടങ്ങളും മറ്റും സ്ഥാപിച്ചതു് അക്കാലത്താണു്. റസിഡൻറ് കണ്ണൽ മൺറോയുടെ സഹായം റാണിക്കു ലഭിച്ചിരുന്നു.

2. 1563—ലാണു് കേരളത്തിൽ ഇദംപ്രഥമമായി ഒരു അച്ചുക്കൂടം സ്ഥാപിതമായതു്. അതു കൊച്ചിയിൽ അമ്പഴക്കാട്ടു് സിമനാരിയോടു് അനുബന്ധിച്ചുള്ളതായിരുന്നു.

ക്കൂടത്തിൽനിന്നു പ്രകാശിതമായി. അക്കൂട്ടത്തിൽ 'ഉത്സവപ്രബന്ധം'[1] 1853-ലും,'അമ്പത്തിനാലു ദിവസത്തെ ആട്ടക്കഥകാം'[2] എന്ന പുസ്തകം 1857-ലുമായി ഈ അച്ചുക്കൂടം വഴി പുറത്തുവന്നു. ഉത്രംതിരുനാാം തനിക്കു് അഭിമതന്മാരായിരുന്ന നിരവധി കവികളെക്കൊണ്ടു് ആട്ടക്കഥകാം വിരചിപ്പിച്ചിരുന്നു. ''രാജപ്രീണനത്തിനുള്ള സുഗമോപായം ആട്ടക്കഥാനിമ്മിതിയാണെന്നു് പല കവികളും ഫലത്തിൽ കണ്ടറിഞ്ഞു. അഹമഹമികയാ അവർ അതിൽ വ്യാപൃതരായി.'' അക്കാലത്തെ കവികളിൽ പ്രമുഖൻ ഇരയിമ്മൻതമ്പി (1783—1856) ആയിരുന്നു. ജന്മസിദ്ധമായ കവിതാവാസനയാൽ അത്യന്തം അനുഗൃഹീതനായിരുന്ന തമ്പി ബാല്യത്തിൽത്തന്നെ പ്രശസ്തപണ്ഡിതനും നാട്യകലാനിപുണനും സംഗീതകലാകോവിദനുമായിത്തീന്നിരുന്നു. തന്റെ കവിതയ്ക്കു വിഷയീഭവിക്കാത്തയാതൊരു സംഭവവും അദ്ദേഹത്തിന്റെ കാലത്തു് തിരുവനന്തപുരത്തെ വലിയകൊട്ടാരത്തിൽ ഉണ്ടായിട്ടില്ല. കാത്തികതിരുനാാം[3] തുടങ്ങി നാലു മഹാരാജാക്കന്മാരുടേ

1. സ്വാതിതിരുനാാംകൃതി. ശ്രീപത്മനാഭക്ഷേത്രത്തിലെ ഉത്സവത്തിൽ ഓരോ ദിവസത്തേയും എഴുന്നള്ളിപ്പിനെ വണ്ണിക്കുക എന്നതാണു വിഷയം. ഇതിൽ ആകെ 42 ശ്ലോകവും 13 പാട്ടുമുണ്ടു്. 1839-ാമാണ്ടിടയ്ക്കാണു് ഇതു രചിക്കപ്പെട്ടതു്.

2. അന്നുവരെയുള്ള പ്രസിദ്ധപ്പെട്ട ആട്ടക്കഥകളെല്ലാം ഇതിൽ ഉാംക്കൊണ്ടിരുന്നു—പ്രധാനപ്പെട്ട മൂന്നു് ആട്ടക്കഥകളുടെ കത്താവായ ഇരയിമ്മൻതമ്പിയാണു് ഈ പ്രസിദ്ധീകരണത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നതു്.

3. (ശ്രീവീര)മാത്താണ്ഡവമ്മമഹാരാജാവിന്റെ (1729—'58) ഭാഗിനേയനായ കാത്തികതിരുനാാം രാമവമ്മമഹാരാജാവു് (1758—1798) 'ധമ്മരാജാ' എന്ന പേരിലാണു് സുവിദിതനായിരിക്കുന്നതു്. നിരവധി യുദ്ധങ്ങാംക്കിടയ്ക്കും ഇദ്ദേഹം സാഹിതീസേവനം നടത്തുകയും പണ്ഡിതന്മാരേയും കവികളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. കുഞ്ചൻനമ്പിയാർ, ഉണ്ണായിവാരിയർ, ഇട്ടിരാരിശ്ശമേനോൻ, പുതിയിക്കൽ തമ്പാൻ മുതലായവർ കാത്തികതിരുനാളിന്റെ

യും രണ്ടു മഹാറാണിമാരുടേയും സമകാലികനായിരുന്നു തമ്പി.[1] 1827-ൽ തിരുവനന്തപുരത്തു നടന്ന മുറജപ[2]ത്തെപ്പററി അദ്ദേഹം രചിച്ചിട്ടുള്ള ഒററശ്ലോകമാണു് താഴെ ചേക്കുന്നതു്:

---

ആശ്രിതന്മാരാണു്. രാജസൂയം, സുഭദ്രാഹരണം, ബകവധം, ഗന്ധവ്വവിജയം, പാഞ്ചാലീസ്വയംവരം, കല്യാണസൗഗന്ധികം, നരകാസുരവധം (പൂവ്വാദ്ധം) എന്ന ഏഴു് ആട്ടക്കഥകളാണു് ഇദ്ദേഹത്തിൻെറ മുഖ്യകൃതികൾ. (നരകാസുരവധം മുഴുവനാക്കിയതു്. ഇദ്ദേഹത്തിൻെറ ഭാഗിനേയനായ അശ്വതിതിരുനാളാണു്.)

1. അതായതു് കാത്തികതിരുനാൾ (1758—'98); ബാലരാമവമ്മ (1798—1811); ലക്ഷ്മീബായി (1811—1814); പാവ്വതീബായി (1814—1829); സ്വാതിതിരുനാൾ (1829—1847); ഉത്രംതിരുനാൾ (1847—1860). 1788-ൽ കാത്തികതിരുനാൾ മഹാരാജാവു് കോലത്തുസ്വരൂപത്തിൽനിന്നു് രണ്ടു രാജകുമാരിമാരെ വഞ്ചിരാജവംശത്തിലേക്കു ദത്തെടുത്തിരുന്നു. അവരിൽ ജ്യേഷ്ഠസഹോദരിയായ ഭരണിതിരുനാളിൻെറ പുത്രിമാരാണു് ലക്ഷ്മീബായിയും പാവ്വതീബായിയും. സ്വാതിതിരുനാളും ഉത്രംതിരുനാളും ലക്ഷ്മീബായിയുടെ സന്താനങ്ങളാണു്.

2. '' 'മുറജപം' എന്നാൽ 'മുറ'തോറുമുള്ള ജപം എന്നാകുന്നു. ഒരു 'മുറ' എന്നതു് എട്ടു ദിവസമാണു്. ദിവസംതോറും ഋഗ്വേദത്തിൽ ഓരോ അഷ്ടകം പഠനംചെയ്യുന്നമെന്നാണു് ഏപ്പാടു്. ഇങ്ങനെ ഏഴു മുറയ്ക്കുള്ള അമ്പത്താറുദിവസംകൊണ്ടു് ഋഗ്വേദം മുഴുവനും ഋഗ്വേദികൾ പാരായണംചെയ്യണം. അതുപോലെതന്നെ യജുവ്വേദവും സാമവേദവും തത്തദ്വേദജ്ഞന്മാർ ചൊല്ലേണ്ടതാകുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ മുഖമണ്ഡപത്തിൽ ചെന്നു കൂടിയിരുന്നു ദിവസംതോറും പ്രാതഃകാലത്താണു പാരായണംചെയ്യേണ്ടതു്. മുറജപത്തിന്റെ മുഖ്യാംഗം ഇതുതന്നെ. ഇതു് ആറുകൊല്ലത്തിലൊരിക്കൽ തിരുവനന്തപുരത്തു വച്ചു നടന്നുവരുന്നു. ഈ മഹാസത്രം ശ്രീവീരമാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടാണു് ആദ്യമായി ഏപ്പെടുത്തിയതു്. ഒരു അയനത്തിൻെറ അവസാനത്തിൽ ഒരു ഭദ്രദീപം ഘോഷിക്കുന്നു. ഒരാണ്ടിൽ രണ്ടു ഭദ്രദീപംവീതം പന്ത്രണ്ടു ഭദ്രദീപം കഴിയുമ്പോൾ ഒരു മുറജപം ഉണ്ടാകുന്നു. മുറജപത്തിൻെറ അവസാനദിനത്തിലാണു് ലക്ഷദീപമഹോത്സവം.''—'ശ്രീരാമവമ്മ', ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, 1914-ലെ പതിപ്പു്, പുറം 35.

''ഇന്ദ്രൻ വഞ്ചീശനുണ്ടിങ്ങമരഗുരു ദിവാൻ
വെങ്കടാഖ്യൻ[1] നിനച്ചാൽ
പിന്നെ ശ്രീപത്മനാഭൻ സുരതരു സുരഭീ–
പാർവ്വതീറാണി സാക്ഷാൽ
വെള്ളാനപ്രൗഢനുണ്ടിട്ടു്രയവർകൾ ബുധ–
ന്മാർക്കുമിങ്ങേററമില്ലാ
സ്വർഗ്ഗം ഭൂലോകമത്രേ പ്രഥമനമൃതിന്നേ–
ക്കാരം വിശേഷം വിശേഷം.''

ഈ പദ്യത്തിൽ പരാമർശവിഷയമായിരിക്കുന്ന 'വെള്ളാനപ്രൗഢൻ' അന്നത്തെ തിരുവിതാംകൂർ–കൊച്ചി റസിഡൻറ് കർണ്ണൽ മൺറോ[2]യാണു്. 'ഓമനത്തിങ്കൾക്കിടാവോ' എന്ന പ്രസിദ്ധപ്പെട്ട താരാട്ടു് ശിശുവായിരുന്ന സ്വാതിതിരുനാളിനെ ഉറക്കുവാനായി ഇരയിമ്മൻ തമ്പി വിരചിച്ചതാണു്. ശാസ്ത്രീയസംഗീതത്തിൽ അഞ്ഞൂറോളം ഗാനങ്ങൾ അദ്ദേഹം ഉണ്ടാക്കീട്ടുണ്ടു്. ''രാജകീയകവി (Poet Laureate) എന്ന ബിരുദത്തിനു കേരളത്തിൽ ഒരു കവി അർഹനായി ജീവിച്ചിട്ടുണ്ടെങ്കിൽ അതു് അദ്ദേ

1. വെങ്കടരായർ ദിവാൻജി (1822—1830). ഭരണനിപുണനായിരുന്ന ഇദ്ദേഹത്തിനുശേഷം ദിവാനായി നിയമിതനായതു് സുബ്ബറാവുവാണു്. ഇദ്ദേഹമാണു് ഇംഗ്ലീഷ് സുബ്ബരായർ.

2. ജോൺ മൺറോ തിരുവിതാംകൂർ-കൊച്ചി റസിഡൻറായി 1810–ൽ നിയമിക്കപ്പെട്ടു. 1811–ൽ ബാലരാമവർമ്മമഹാരാജാവു് നാടുനീങ്ങുകയും ബാലനായ സ്വാതിതിരുനാളിനുവേണ്ടി അദ്ദേഹത്തിൻെറ മാതാവു് ലക്ഷ്മീബായി റീജൻറായി ഭരണംതുടങ്ങുകയും ചെയ്തു. റാണിയുടെ അഭിമതപ്രകാരം മൺറോ, വേലുത്തമ്പിക്കു (1801—1809) ശേഷം ദിവാനായിരുന്ന ഉമ്മിണിത്തമ്പിയെ നിഷ്കാസനംചെയ്തു് 1811–ൽത്തന്നെ ദിവാൻപദംകൂടി ഏറെറടുത്തു. ഭരണച്ചെലവു കുറയ്ക്കുകയും, അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ചാട്ടവാറുകൊണ്ടടിക്കുകയും പിരിച്ചുവിടുകയും ചെയ്തു് വേലുത്തമ്പിയെപ്പോലെ നീതിപൂർവ്വകമായ ഭരണംനടത്തി, ഡിപ്പാർട്ടുമെൻറുകൾ അദ്ദേഹം ശുദ്ധീകരിക്കുകയും മുതലെടുപ്പു വർദ്ധിപ്പിക്കുകയും ചെയ്തു. അധീശഗവണ്മെൻറ് ഇടപെടുകയാൽ മൂന്നുകൊല്ലമേ ദിവാനായിരിക്കാൻ അദ്ദേഹത്തിനു സാധിച്ചുള്ളു; അതിനുശേഷം വീണ്ടും റസിഡൻറായി പ്രവർത്തിച്ചു. 1812 മുതൽ 1818 വരെ അദ്ദേഹം കൊച്ചിയിലെ ദിവാൻപദംകൂടി വഹിച്ചിരുന്നു.

ഹം മാത്രമാകുന്നു.''[1] തമ്പിയുടെ പ്രധാന കൃതികൾ കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്ന മൂന്ന് ആട്ടക്കഥകളാണ്. ഇവ മൂന്നും കഥകളിസ്സാഹിത്യത്തിൽ ''ത്രികൂടശിഖരങ്ങൾപോലെ അംബരചുംബികളായി അഭൗമമായ ആകർഷണശക്തി പ്രസരിപ്പിച്ചുകൊണ്ടു'' ഇന്നും പരിലസിക്കുന്നു. തമ്പിയുടെ പുത്രിയാണ് ''കേരളത്തിലെ ഭാഷാകവയിത്രികളുടെ സംഖ്യാനത്തിൽ കനിഷ്ഠികാധിഷ്ഠിത''യായ കുട്ടിക്കുഞ്ഞുതങ്കച്ചി.

തന്റെ അഗ്രജനായ സ്വാതിതിരുനാളിന്റെ 'കാലനവേന്ദുമരീചികളെ' അനുധാവനം ചെയ്യുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്ന ഉത്രംതിരുനാൾ വിദ്യാവിഷയകമായി കൈക്കൊണ്ട നടപടികളുടെ ഫലമായി അദ്ദേഹത്തിന്റെ ഭരണകാലത്ത് മുൻപിലത്തെക്കാൾ കൂടുതൽ പള്ളിക്കൂടങ്ങൾ തിരുവിതാംകൂറിൽ സ്ഥാപിതമായി എങ്കിലും ഗോവിന്ദപ്പിള്ളയുടെ ബാല്യകാലത്ത് അതായത് 1857–ൽ പോലും ഇംഗ്ലീഷുഭാഷാപഠനത്തിനു നമ്മുടെ നാട്ടുകാർക്ക് പറയത്തക്ക സൗകര്യങ്ങൾ ലബ്ധമായിരുന്നില്ല. ഗോവിന്ദപ്പിള്ളയാകട്ടെ ദക്ഷിണതിരുവിതാംകൂറിലെ (ഇപ്പോഴത്തെ കന്യാകുമാരി ജില്ല) കല്ക്കുളം താലൂക്കിൽപ്പെട്ട തക്കലയുള്ള ഒരു സ്കൂളിൽ ചേർന്നാണ് ആംഗലഭാഷ അഭ്യസിച്ചുതുടങ്ങിയത്. കുറേക്കാലം കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തെ ഫ്രീസ്കൂളിൽ അദ്ദേഹത്തിനു പ്രവേശനം ലഭിച്ചു. അന്നു തിരുവിതാംകൂറിലെ ഏറ്റവും ഉയർന്ന വിദ്യാപീഠം ഈ സ്ഥാപനമായിരുന്നു. ഇവിടെയാണ് തോട്ടയ്ക്കാട്ട് ശങ്കുണ്ണിമേനോൻ (കൊച്ചി ദിവാൻ 1860–1879), ഇലങ്കത്തു നാണുപിള്ള (തിരുവിതാംകൂർ ദിവാൻ 1877—1880) മുതലായവർ ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തിയിരുന്നത്. സ്വാതിതിരുനാൾ മഹാരാജാവിന്റെ കല്പനപ്രകാരം 1834–ൽ, തിരുവിതാംകൂറിലെ പൗവൽ[2] എന്നറിയപ്പെടുന്ന ജോൺ റോബർട്ട്

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 67.

2. ദിവാൻ മാധവരായർ, ദിവാൻ ശേഷയ്യാശാസ്ത്രി മുതലായവരുടെ ഗുരുനാഥനായിരുന്നു വിഖ്യാതനായ പൗവ്വൽസായിപ്പ്.

സാണ് തിരുവനന്തപുരത്തു് ആദ്യമായി ഒരു ഇംഗ്ലീഷു സ്കൂൾ ആരംഭിച്ചതു്. സ്വാതിതിരുനാൾ മഹാരാജാവു് 1834 ജൂൺമാസത്തിൽ അതു സംബന്ധിച്ചു പുറപ്പെടുവിച്ച നീട്ടിന്റെ പകർപ്പ് താഴെച്ചേർക്കുന്നു:

''ഇംങ്കിരസ്സു പഠിപ്പാൻ മനസ്സുള്ള ആളുകളെ ധർമ്മത്തിന്നായിട്ടു അഭ്യസിപ്പിക്കേണ്ടുന്നതിനു പിടിപ്പതായിട്ടുള്ള ആളിനെ ഇവിടെ ആക്കീട്ടില്ലാഴികകൊണ്ടു ഇപ്പൊൾ ആ വകക്കു നാഗർകോവിലിൽ പാർത്തിരിക്കുന്ന മെസ്സർ റാബർട്ടിനെ ആക്കിയാൽ ജാഗ്രതയായിട്ടു ഇംങ്കിരസ്സു അഭ്യസിപ്പിക്കുന്നതാകകൊണ്ടും അതിന്മണ്ണം മെസ്സർ റാബർട്ടിനെ ആക്കി മാസം ഒന്നിനു രൂപാ നൂറുവീതം പതിവിൽക്കൂട്ടി എഴുതിക്കൊടുപ്പിച്ചു ഇംങ്കിരസ്സു അഭ്യസിപ്പിച്ചുകൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 1009–ാമാണ്ടു മിഥുനമാസം 10–നു- ദിവാൻ ശേഷാദ്രിപണ്ഡിതർ സുബ്ബരായർക്കു നീട്ടു എഴുതിവിട്ടു എന്നു തിരുവുള്ളമായ നീട്ടു.''

(തുല്യംചാർത്തു്.)

അങ്ങനെ റോബർട്ട്സ് തിരുവനന്തപുരത്തു് ഏർപ്പെടുത്തിയ ഇംഗ്ലീഷുസ്കൂൾ, 1837–ൽ സർക്കാർ ഏറ്റെടുത്തു് 'രാജാവിന്റെ ധർമ്മപ്പള്ളിക്കൂടം' (Raja's Free School) എന്ന പേരിൽ നടത്തിത്തുടങ്ങി.* അതാണു് തിരുവനന്തപുരത്തെ ആദ്യത്തെ ഗവണ്മെന്റ് ഇംഗ്ലീഷ് സ്കൂൾ. പില്ക്കാലത്തു് ഇതു് കോളേജ് (മഹാപാഠശാല) ആയി രൂപാന്തരപ്പെട്ടു. സമർത്ഥനും ബുദ്ധിമാനുമായിരുന്ന ഗോവിന്ദപ്പിള്ളയ്ക്കു് അന്നു് ആ സ്കൂളിൽ പ്രഥമാദ്ധ്യാപകനായിരുന്ന ജോൺ റാസ്സ് സായിപ്പിന്റെ പ്രീതിപാത്രമാകാൻ ഭാഗ്യം സിദ്ധിച്ചതിനാൽ 1869–ൽ എഫ്. ഏ. പാസ്സായ ഉടനേ ഗോവിന്ദപ്പിള്ളയെ അവിടെ അദ്ധ്യാപകനായി

* അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതു് അന്നത്തെ ബ്രിട്ടീഷ് റസിഡന്റായ ജോൺ സ്ററുവാർട്ട് ഫ്രേസറായിരുന്നു.

ജോലിനോക്കാൻ സായിപ്പ് അനുവദിച്ചിരുന്നു. നേരത്തേ മാതാപിതാക്കന്മാർ ചരമമടഞ്ഞതുമൂലം ജീവിതക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഗോവിന്ദപ്പിള്ളയ്ക്ക് അതൊരു സഹായമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

1871–ൽ ഗോവിന്ദപ്പിള്ള വീണ്ടും ക്ലാസ്സിൽ ചേർന്നു. ഒരു വിദേശഭാഷയായ ഇംഗ്ലീഷ് പഠിച്ച് ബി. എ ബിരുദം നേടുക എന്നതു് ദുസ്സാധമായ സംഗതിയായിട്ടാണ് അക്കാലത്തു് നമ്മുടെ നാട്ടുകാരിൽ പലരും തെററിദ്ധരിച്ചിരുന്നതു്. ആ തെററിദ്ധാരണ ദൂരീകരിച്ച് കൂടുതൽ മലയാളികളെ ഇംഗ്ലീഷു പഠിക്കാൻ പ്രേരിപ്പിച്ച അന്നത്തെ അപൂർവ്വം പേരുടെ കൂട്ടത്തിൽ ഗോവിന്ദപ്പിള്ളയും ഉൾപ്പെടുന്നു. 1873–ലാണ് അദ്ദേഹം ബി. എ. പാസ്സായതു്. അതോടെ നാട്ടുകാരുടെയും വീട്ടുകാരുടെയും സ്നേഹാദരങ്ങൾക്ക് അദ്ദേഹം പാത്രീഭൂതനായി. അന്നു തിരുവിതാംകൂർ ദിവാനായിരുന്ന എ. ശേഷയ്യാശാസ്ത്രി* (1872—1877)യുമായി പരിചയപ്പെടാൻ ഗോവിന്ദപ്പിള്ളയ്ക്കു സൗകര്യം ലഭിക്കുകയും അതിന്റെ ഫലമായി ആയിടതന്നെ അദ്ദേഹം തിരുവനന്തപുരത്തു ചാല നേററീവ് സ്കൂളിൽ ഹെഡ്മാസ്റ്ററായി നിയമിതനാവുകയും ചെയ്തു.

* ഇദ്ദേഹം അതിനുമുമ്പ് മദ്രാസ് റവന്യൂബോഡിൽ ഹെഡ് ശിരസ്തദാരായി. തിരുവിതാംകൂർ ദിവാനായിരുന്ന കാലത്തു് പൊതുമരാമത്തുവകുപ്പു പരിഷ്കരിക്കാനാണ് ഇദ്ദേഹം കൂടുതലായും യത്നിച്ചതു്. അനേകം പുതിയ റോഡുകൾ വെട്ടിക്കുകയും, പണിതീരാതിരുന്ന വക്കലത്തോടു പൂർത്തിയാക്കുകയും, തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവ് ഏർപ്പെടുത്തുകയും ചെയ്തതു് ഇദ്ദേഹമാണ്.

## 3. ആയില്യംതിരുനാളുമായുള്ള അടുപ്പവും ഉദ്യോഗലബ്ധിയും

ഗോവിന്ദപ്പിള്ള ബി ഏ പാസ്സായ കാലത്തു് തിരുവിതാംകൂർ ഭരിച്ചിരുന്നതു് പ്രഗല്ഭനായ ആയില്യംതിരുനാറം രാമവർമ്മമഹാരാജാവായിരുന്നു. അദ്ദേഹത്തിനു് ഇംഗ്ലീഷ്, സംസ്കൃതം, മലയാളം എന്നീ ഭാഷകളിൽ അസാമാന്യമായ പാണ്ഡിത്യവും തമിഴ്, തെലുങ്കു്, കർണ്ണാടകം, മറാത്തി, ഹിന്ദുസ്ഥാനി എന്നിവയിൽ സാമാന്യമായ പരിജ്ഞാനവും ഉണ്ടായിരുന്നു. യുവരാജാവായിരുന്ന കാലത്തു് തൻെറ മാതുലനായ ഉത്രംതിരുനാറം മഹാരാജാവിനെ രാജ്യകാര്യങ്ങളിൽ കുറഞ്ഞൊരുകാലം സഹായിച്ചുകൊണ്ടിരുന്നതിനാൽ ആയില്യംതിരുനാളിനു് ഏറെക്കുറെ ഭരണപരിചയം നേരത്തെതന്നെ സിദ്ധിച്ചിരുന്നു. ''അവിടത്തെ സമയം മുഴുവൻ അവിടുന്നു് സഭവിഷ്യകമായിട്ടു് ഉപയോഗിച്ചുവന്നു. കാലത്തും വൈകിട്ടും സവാരിക്കും ആഹാരനിദ്രാദികറംക്കു് സമയനിർണ്ണയവുമുണ്ടായിരുന്നു. കാലത്തെ സവാരി കഴിഞ്ഞാൽ അവിടത്തെ മുഖംകാണിക്കാൻ വന്നു നില്ക്കുന്നവരെ കണ്ടു സംസാരിച്ചതിൻെശേഷം സ്നാനം, അമൃതേത്തു് മുതലായവയും അനന്തരം തൻെ എഴുത്തുജോലിയും വഹിച്ചതിൻെശേഷം വലിയകൊട്ടാരത്തിൽ എഴുന്നള്ളി രാജ്യകാര്യവിഷയത്തിൽ തൻെറ മാതുലനു വേണ്ട സഹായം ചെയ്യുകയും ചെയ്തു് ഭജനപ്പുരയിൽ എഴുന്നള്ളും. പിന്നീടു്, ആ കാലത്തു തിരുവനന്തപുരത്തുണ്ടായിരുന്ന വിദ്വാന്മാരായ ശാസ്ത്രിമാർ, വൈയാകരണന്മാർ, താർക്കികന്മാർ മുതലായവരുമായി സദസ്സുകൂടി ഓരോ തർക്കപ്രതിവാദങ്ങളിൽ പ്രവേശിച്ചിരിക്കും. അനന്തരം ഭാഗവതന്മാരുടെ പാട്ടും അതു കഴിഞ്ഞാൽ വൈകിട്ടത്തെ സവാരിയും പതിവായിരുന്നു.''* അസുലഭമാ

---

* മ. ഭാ. ച.—പി. ഗോവിന്ദപ്പിള്ള; എൻ. ബി. എസ്. പതിപ്പു് 1956, പുറം 516.

യ ശാരീരഗുണവും തികഞ്ഞ അഭ്യാസവുമുണ്ടായിരുന്നതിനാൽ ആയില്യംതിരുനാറം വാസ്സുട്ടിൽ പല സംഗീതവിദ്വാന്മാരോടും മത്സരിച്ചിരുന്നു. ഒരിക്കൽ ദക്ഷിണാപഥത്തുനിന്നും ഒരു പ്രസിദ്ധഭാഗവതർ തിരുവനന്തപുരത്തു വന്നപ്പോറം തിരുമനസ്സുകൊണ്ടു് അദ്ദേഹവുമായി മത്സരിച്ചു പാടി, തൻെറ കലാകോവിദത സദസ്സിൽ പ്രകടിപ്പിക്കുകയുണ്ടായി.

ആയില്യംതിരുനാറം 1860 സെപ്തംബറിലാണു് മൂപ്പേററതു്. അദ്ദേഹത്തിൻെറ ഭരണം തിരുവിതാംകൂർ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു കാലഘട്ടത്തെ കുറിക്കുന്നു. തൻെറ പൂവ്വഗാമിയായ ഉത്രംതിരുനാളിൻെറ ഭരണം ഒടുവിലൊടുവിൽ മ്ലാനശോഭമായിത്തീന്നിരുന്നുവെങ്കിലും, (ഉത്രംതിരുനാറം ഭരണമേററു് അഞ്ചു സംവത്സരമായപ്പോറം തിരുവിതാംകൂറിലെങ്ങും ക്ഷാമമുണ്ടായി, ജനങ്ങളിൽനിന്നു കരംപിരിക്കാൻ ഉദ്യോഗസ്ഥന്മാക്കു കഴിയാതായി, ആകപ്പാടെ രാജ്യത്തു വലിയ കുഴപ്പം നേരിട്ടു; മദ്രാസ് ഗവണ്ണർ വിവരം വൈസ്രായി ഡാൽഹൌസി പ്രഭുവെ അറിയിച്ചു; മഹാരാജാവിനെതിരായി മേൽനടപടികറം കൈക്കൊള്ളുന്നതിനു മുമ്പ് പ്രഭു ഇന്ത്യ വിട്ടതിനാൽ കൂടുതലായി ഒന്നും സംഭവിച്ചില്ല. അല്ലെങ്കിൽ അന്നേ തിരുവിതാംകൂർ ഒരു കലക്ടറേററായി രൂപാന്തരപ്പെട്ടുപോകുമായിരുന്നു.) ആയില്യംതിരുനാളിനു് താൻ ഭരണമേററതോടെ നാട്ടിലെ സ്ഥിതിഗതികറം ഒട്ടൊക്കെ മെച്ചപ്പെടുത്താൻ സാധിച്ചിരുന്നു. അന്നു തിരുവിതാംകൂർ ദിവാനായിരുന്ന മാധവരായരുടെ വിലപ്പെട്ട സേവനം അതിലേക്കു് അദ്ദേഹത്തിനു് ഉപകരിക്കുകയും ചെയ്തിരുന്നു.

തഞ്ചാവൂക്കാരനായ മാധവരായർ 1849–ലാണു് തിരുവനന്തപുരത്തെത്തിച്ചേന്നതു്. തിരുവിതാംകൂർ–കൊച്ചി റസിഡൻറായിരുന്ന ലഫ്റ്റനൻറ് ജനറൽ ഡബ്ലിയു. കല്ലൻ (1840–60) ഉപദേശിച്ചതനുസരിച്ചു് ഉത്രംതിരുനാറം മഹാരാജാവു് കൊച്ചുതമ്പുരാക്കന്മാരായിരുന്ന ആയില്യംതിരുനാളിനെയും മററും ഇംഗ്ലീഷു പഠിപ്പിക്കാ

നായിട്ടാണ് മാധവരായരെ വരുത്തിയതു്. അധികം താമസിയാതെ അദ്ദേഹം തിരുവിതാംകൂർ സർവ്വീസിൽ പ്രവേശിക്കുകയും, തൻെറ അസാമാന്യമായ കാര്യശേഷിയും ഭരണനൈപുണ്യവുംമൂലം പടിപ്പടിയായി ഉയൎന്ന് ദിവാൻപേഷ്കാരാവുകയും, 1858–ൽ തിരുവിതാംകൂർദിവാൻ പദത്തിൽ ആരൂഢനാവുകയുംചെയ്തു. തിരുവിതാംകൂറിൽ കാണുന്ന പല പരിഷ്കാരങ്ങൾക്കും ഹേതുഭൂതൻ അദ്ദേഹമാണ്; ഇംഗ്ലീഷ് ഭാഷയ്ക്കു് ഇവിടെ പ്രാമാണ്യം സിദ്ധിച്ചതും അദ്ദേഹത്തിൻെറ കാലംമുതല്ക്കാണ്.[1]

ബുദ്ധിമാന്മാരും കൎമ്മകുശലന്മാരുമായ ആയില്യം തിരുനാൾമഹാരാജാവും, ദിവാൻ മാധവരായരും, തിരുവിതാംകൂർ–കൊച്ചി റസിഡൻറ് മാൾട്ട്ബിയും[2] ചേൎന്ന് ആസൂത്രണംചെയ്ത പരിപാടികൾ നാട്ടിന് അത്യന്തം ഗുണകരമായി പരിണമിച്ചു. തിരുവിതാംകൂർ നഭോമണ്ഡലത്തിൽ മൂന്നു ശുഭഗ്രഹങ്ങൾ ഒന്നിച്ചുദിച്ച് സമ്മേളിച്ചു പ്രകാശിച്ചതിൻെറ ഫലമായുണ്ടായ അപൂൎവ്വമായ ഒരു ത്രിഗ്രഹയോഗമാണ് അന്നു നിലവിലിരുന്നതു്.[3] തിരുവിതാംകൂറിൽ അക്കാലത്തു് ഒരുപറ നെല്ലിന് ആറോ എട്ടോ ചക്രമേ വിലയുണ്ടായിരുന്നുള്ളു. അതുകേട്ടാൽ ഇന്നു് ആരാണ് അത്ഭുതപ്പെടാതിരിക്കുക! 1865–ലെ പണ്ടാരപ്പാട്ടം വിളംബരം ഗവണ്മെൻറുവക പാട്ടവസ്തുക്കളുടെമേൽ കുടിയാന്നു് അവകാശസ്ഥിരത നല്കുകയുണ്ടായി; കുറേക്കൂടി പുരോഗമനപരമായിരുന്നു, 1867–ലെ ജന്മി–കുടി

1. തിരുവിതാംകൂറിലും കൊച്ചിയിലും പണ്ടു് ഔദ്യോഗിക ഭാഷ മലയാളമായിരുന്നു. അതിനു് ഇംഗ്ലീഷുചുവ വന്നുതുടങ്ങിയതു് കൎണ്ണൽ മൺറോയുടെ കാലത്തു്, അതായതു് 19–ാം ശതകത്തിൻെറ ആരംഭത്തിലാണ്.

2. ജനറൽ കല്ലനുശേഷം തിരുവിതാംകൂർ–കൊച്ചി റസിഡൻറായതു് ലഫ്ററനൻറ് എൻ. മാൾട്ട്ബിയാണ് (1860—'62). സ്വഭാവഗുണം, കാര്യശേഷി, സഹൃദയത്വം എന്നിവകൊണ്ടു് ആദൎശപുരുഷനെന്ന വിഖ്യാതി ഇദ്ദേഹം സമ്പാദിച്ചിരുന്നു.

3. ജ്യോതിശ്ശാസ്ത്രപ്രകാരം പ്രധാനപ്പെട്ട ശുഭഗ്രഹങ്ങൾ മൂന്നാണ്—ഗുരു, ശുക്രൻ, ബുധൻ. ഇവർ മൂന്നും ഒന്നിച്ചു് ഒരു രാശിയിൽ നിന്നാൽ ശുഭഫലം ഉണ്ടാകുമെന്നു വിശ്വാസം.

യാൻ വിളംബരം. അങ്ങനെ കൃഷകൎക്ക് കുടിയായ്മസ്ഥിരത നല്കിയതുകൂടാതെ, നീതിന്യായക്കോടതികൾ പരിഷ്കരിച്ചതും, രജിസ്ട്രേഷൻവകുപ്പ്[1] ഏർപ്പെടുത്തിയതും മററും ആയില്യംതിരുനാളാണ്. വിദ്യാഭ്യാസവിഷയകമായി അദ്ദേഹം അനല്പമായ താല്പര്യം പ്രദർശിപ്പിച്ചുപോന്നിരുന്നു. തിരുവിതാംകൂറിൽ അനേകം മലയാളംസ്കൂളുകളും പ്രത്യേകിച്ച് തിരുവനന്തപുരത്ത് ഒരു ശിക്ഷാക്രമപാഠശാലയും (ട്രെയിനിംഗ്സ്കൂൾ) ഉണ്ടായതു് അദ്ദേഹത്തിന്റെ കാലത്താണ്[2] "1040–ാമാണ്ടുവരെ വിദ്യാഭ്യാസക്രമം അത്ര പരിഷ്കാരരീതിയെ അനുസരിച്ചിരുന്നില്ല. കുട്ടികളെ അഭ്യസിപ്പിക്കുന്ന മാർഗ്ഗം ശ്ലോകങ്ങളെ സംസാരിക്കാൻ പഠിപ്പിക്കുന്നതുപോലെയും മനസ്സിലാകുന്നതിന് എളുപ്പമില്ലാതെയുള്ളവിധത്തിലും ഇരുന്നതുമല്ലാതെ ബുദ്ധിയെ വികസിപ്പിക്കുന്നതിലേക്കു തക്ക പ്രമേയങ്ങളെ പഠിപ്പിക്കാതെ പഠിത്തം എന്നുള്ളതു കുട്ടികളുടെ മനസ്സിന് ഒരു ഭാരമായിത്തോന്നത്തക്ക സ്ഥിതിയിലും ആയിരുന്നു. അക്ഷരങ്ങൾ മനസ്സിലാക്കിക്കൂട്ടുമ്പോൾ തന്നേ വായിപ്പിച്ചുതുടങ്ങുന്നതു താൽപര്യം മനസ്സിലാകാതെ നല്ല സ്പഷ്ടമായി

---

1. 19–ാം നൂററാണ്ടിന്റെ ആരംഭത്തിൽത്തന്നെ ആധാരങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള നടപടി മുൻതിരുവിതാംകൂറിൽ നിലവിലിരുന്നു. സദർകോടതികൾ നിയമിക്കുന്ന ഊരുകണക്കന്മാർ (Village Notaries) എന്നറിയപ്പെട്ട വ്യക്തികളായിരുന്നു, ഈ പ്രവൃത്തി ചെയ്തിരുന്നതു്. മുദ്രകുത്തിയ ഓലകളിൽ (Cadjan leaves) ആധാരങ്ങൾ തയ്യാറാക്കി രജിസ്റ്റർചെയ്യുകയായിരുന്നു പതിവു്. ഊരുകണക്കന്മാർക്ക് ശമ്പളമുണ്ടായിരുന്നില്ല; പൊതുജനങ്ങളിൽനിന്നു പിരിച്ചെടുക്കുന്ന കമ്മീഷനായിരുന്നു അവരുടെ പ്രതിഫലം. കൊള്ളരുതായ്മകൾക്ക് ഇടനല്കിയിരുന്ന ഈ ഏർപ്പാട നിർത്തലാക്കിയിട്ട് ആയില്യംതിരുനാൾ ബ്രിട്ടീഷ്–ഇന്ത്യൻ രജിസ്ട്രേഷൻ ആക്ടിന്റെ (1866) രീതിയിൽ 1042–ലെ 1–ാം റഗുലേഷൻ എന്ന പേരിൽ തിരുവിതാംകൂർ രജിസ്ട്രേഷൻ നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. പ്രസ്തുത റഗുലേഷന്റെ അടിസ്ഥാനത്തിലാണ് 1867 ഡിസംബർ മുതൽ ഇന്നത്തെ രൂപത്തിലുള്ള രജിസ്റ്റർകച്ചേരികൾ തിരുവിതാംകൂറിൽ നിലവിൽ വന്നതു്.

2. ആയില്യംതിരുനാളിന്റെ കാലമായപ്പോൾ 30 ജില്ലാസ്കൂളുകളും 141 പ്രവൃത്തിപ്പള്ളിക്കൂടങ്ങളും തിരുവിതാംകൂറിലുണ്ടായിരുന്നു.

ഉച്ചരിക്കുന്നതിനുപോലും കുട്ടികൾക്കു പ്രയാസമുള്ള വാക്കുകളോടുകൂടിയ ഗണാഷ്ടകം, സരസ്വത്യഷ്ടകം[1] മുതലായതും വാക്യം, പരല്പേറു്, ജ്യാവു്, കാലദീപം ഈവകയും ആയിരുന്നു. ഇങ്ങനെ അഭ്യസിപ്പിക്കുന്നതിന്റെ ഉദ്ദേശം നല്ലതും കാലാന്തരത്തിൽ അറിവിനു വളരെ ഉപയുക്തമായിത്തീരുന്നതുമാണെങ്കിലും, ബാലന്മാരുടെ മനസ്സു് ബാലവല്ലികൾപോലെ ആകയാൽ അതിന്റെ കരേറ്റത്തിനു് ആദ്യമായി കാണിക്കപ്പെടുന്ന മാർഗ്ഗം അപ്രതിബന്ധകവും സഹായവുമായി ഇരിക്കേണ്ടതാകകൊണ്ടു് മുമ്പിലത്തെ ആ നടപ്പു് അത്ര നന്നായിട്ടുള്ളതല്ലാ. തിരുമനസ്സിലേക്കു വിശേഷിച്ചും സ്വഭാഷയായ മലയാളത്തെ മേല്പറഞ്ഞ താണ അവസ്ഥയിൽനിന്നും ഉദ്ധാരണംചെയ്തു പരിഷ്കരിക്കണമെന്നുണ്ടായിരുന്ന ഔത്സുക്യം 41–ാമാണ്ടു് ഏർപ്പെടുത്തിയ മലയാളപള്ളിക്കൂടങ്ങളെക്കൊണ്ടു് ഫലവത്തായിത്തീർന്നു.''[2]

ഉത്രംതിരുനാളിന്റെ കാലത്തുണ്ടായിരുന്ന ആസ്ഥാനപണ്ഡിതന്മാർതന്നെയാണു് ആയില്യംതിരുനാളിന്റെ സദസ്സിനെയും അലങ്കരിച്ചുപോന്നിരുന്നതു്. അവരിൽ പ്രമുഖന്മാർ രണ്ടുപേരായിരുന്നു – വൈക്കത്തു പാച്ചുമൂത്തതും, ഇലത്തൂർ രാമസ്വാമിശാസ്ത്രികളും. രോഗത്തോടും ദാരിദ്ര്യത്തോടും ബാല്യകാലത്തു നിതാന്തം പടവെട്ടിയിരുന്ന മൂത്തതു് യഥാർത്ഥത്തിൽ വിദ്യാഭ്യാസം ചെയ്തുതുടങ്ങിയതു് ഇരുപത്തിമൂന്നാമത്തെ വയസ്സിലാണു്. നിരന്തരപരിശ്രമംകൊണ്ടു് അദ്ദേഹം അല്പകാലത്തിനിടയ്ക്കു് ചിത്രമെഴുത്തു്, സംഗീതം തുടങ്ങിയ അനേകം കലകളിൽ നിഷ്ണാതനായിബ്ഭവിച്ചു. വിദ്യാർത്ഥികളെ പഠിപ്പിച്ചും ചിത്രമെഴുതിയും മററും കിട്ടിയ തുച്ഛമായ വരുമാനംകൊ

---

1. എട്ടു പദ്യങ്ങൾ അടങ്ങിയ ഗണപതിസ്തോത്രമാണു് 'ഗണാഷ്ടകം'. അതുപോലെ എട്ടു പദ്യങ്ങൾ അടങ്ങിയ സരസ്വതീസ്തോത്രമാണു് സരസ്വത്യഷ്ടകം. മുൻകാലത്തു് ഗുരുക്കന്മാർ ശിഷ്യന്മാരെ ഇവ നിർബ്ബന്ധിച്ചു പഠിപ്പിച്ചിരുന്നു.

2. മ. ഭാ. ച.—പി. ഗോവിന്ദപ്പിള്ള—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 517.

ണ്ടാണ് അദ്ദേഹം തൻെറ ചെറുപ്പകാലം കഴിച്ചുകൂട്ടിയതു്. ഇരുപത്താറാമത്തെ വയസ്സിൽ മൂത്തതിനു കഠിനമായ ത്വഗ്രോഗം പിടിപെട്ടു. അക്കാലത്താണ് അദ്ദേഹം അഷ്ടാംഗഹൃദയം അഭ്യസിച്ചതു്. പെരുംതൃക്കോവിൽ ക്ഷേത്രസന്നിധിയിൽവെച്ചു് കൃച്ഛ്റസാദ്ധ്യമായ സംവത്സരഭജനം നടത്തി, മൂത്തതു് തൻെറ രോഗം ഭേദമാക്കി; അതിനിടയ്ക്കു സ്വയം ഒരു ഭിഷഗ്വരനായിത്തീരുകയും ചെയ്തിരുന്നു. 1854-ൽ തിരുവനന്തപുരത്തെത്തി ഉത്രംതിരുനാാൾ മഹാരാജാവിൻെറ പ്രീതി സമ്പാദിച്ചു് മൂത്തതു് കൊട്ടാരം വൈദ്യനായി ക്രമേണ അവിടത്തെ ആസ്ഥാനപണ്ഡിതന്മാരിൽ അദ്വിതീയമായ സ്ഥാനവും അദ്ദേഹം കരസ്ഥമാക്കി. ആ നില ആയില്യംതിരുനാളിന്റെ കാലത്തും തുടർന്നു പോന്നു. തിരുവിതാംകൂർചരിത്രത്തെപ്പററി മലയാളഭാഷയിൽ ആദ്യമായി ഒരു ഗ്രന്ഥം (1868) വിരചിച്ച, അഥവാ മലയാളഭാഷയിൽ ദേശചരിത്രപരമായി എന്തെങ്കിലും ഇദംപ്രഥമമായി വിരചിച്ച മലയാളി പാച്ചുമൂത്തതാണ്. അതുകൂടാതെ മുചുകുന്ദമോക്ഷം ആട്ടക്കഥ, ബാലഭൂഷണം, കേരളഭാഷാവ്യാകരണം, ആത്മകഥാസംക്ഷേപം എന്നിവയും മൂത്തതു വിരചിച്ചിട്ടുണ്ടു്. 1840-മാണ്ടിടയ്ക്കു്, വിരചിച്ച മുചുകുന്ദമോക്ഷം ആട്ടക്കഥയാണ് അദ്ദേഹത്തിന്റെ പ്രഥമകൃതി. അതു് പ്രശസ്തിയാർജ്ജിച്ചിട്ടില്ല. നേരേമറിച്ചു് ആയില്യംതിരുനാളിൻെറ കല്പനപ്രകാരം 1867-ാമാണ്ടു് അദ്ദേഹം രചിച്ച 'ബാലഭൂഷണം' വളരെ പ്രശസ്തിയാർജ്ജിച്ചു. സംസ്കൃതത്തിലെ സുപ്രസിദ്ധമായ 'വിശ്വഗുണാദർശ'ചമ്പുവെയാണ് അതു് അനുകരിക്കുന്നതു്. ഗദ്യവും പദ്യവും ഇടകലർത്തി വിരചിച്ചിട്ടുള്ള ആ ഗ്രന്ഥത്തിൽ ഓരോ വിഷയത്തിൻെറയും പൂർവ്വപക്ഷവും സിദ്ധാന്തപക്ഷവും വിവരിക്കുന്നുണ്ടു്. അതിൻെറ പീഠികയാണ് താഴെ ചേർക്കുന്നതു്:

''ഈ പുസ്തകത്തിൽ സ്മൃതിപുരാണാദിപ്രമാണങ്ങളെക്കൊണ്ടും യുക്തികൊണ്ടും അനുഭവപ്പെട്ടവയായി മതവിരോധം കൂടാതെ സാധാരണങ്ങളായിരിക്കുന്ന നല്ല അറിവുകളെ സംഗ്രഹിച്ചിരിക്കുന്നു. അതുകളിൽ രാഗദ്വേഷാദി

ദോഷം കൂടാതെ ലോകോപകാരഗുണങ്ങളിൽ പ്രയത്നങ്ങളോടുകൂടി സത്യമാർഗ്ഗത്തിങ്കൽ സ്ഥിരപ്പെട്ടു നടക്കുന്നതു് ഈശ്വരപ്രീതിയെന്നുള്ള മുഖ്യാഭിപ്രായത്തെ സാധിക്കുന്ന വിസ്താരങ്ങളാകുന്നു. സംസ്കൃതപദങ്ങളിൽ അനായാസേന പരിചയം വരുന്നതിനുവേണ്ടി പ്രമാണവചനങ്ങൾക്കു ശരിയായിട്ടു മണിപ്രവാളശ്ലോകങ്ങളെ ഉണ്ടാക്കി അതാതു പ്രസംഗങ്ങളിൽ ചേർത്തിരിക്കുന്നു. ദുര്യുക്തികളെ ഖണ്ഡിച്ചു് യുക്തിയോടും പ്രമാണത്തോടുംകൂടി ആലോചനയാകുന്ന നല്ല പെരുവഴിയിൽ ചേക്കുന്നതിന്നു് ഇതു പെറിയ വഴിയാകുമെന്നു വിചാരിക്കുന്നു. ഈ അറിവുകൾ ബാലന്മാർക്കു ശോഭയെ ഉണ്ടാക്കുമെന്നു വിശ്വസിച്ചു് 'ബാലഭൂഷണ'മെന്നു പുസ്തകത്തിന്നു നാമധേയം ചെയ്തിരിക്കുന്നു. ഇതിലെ വാക്കുകൾ മാലയാക്കി പറയപ്പെട്ടതാകകൊണ്ടു് ഉൾപ്പെട്ട ഖണ്ഡങ്ങൾ പുഷ്പങ്ങൾ എന്നു പറയപ്പെട്ടു.'' ആകെ 21 പുഷ്പങ്ങളാണു് ഈ ഗ്രന്ഥത്തിലുള്ളതു്. അവ (1) ഗുരുജനഗൗരവം, (2) ഈശ്വരവിചാരം, (3) സത്യം, (4) ദയ, (5) തപസ്സ്, (6) ശൗചവിചാരം, (7) ആചാരം, (8) വിദ്യ, (9) ദിനചര്യ, (10) ന്യായം, (11) മാനം, (12) ദാനം, (13) ദാനഗുണം, (14) ക്ഷമാവർണ്ണനം, (15) സന്തോഷം, (16) കീർത്തി, (17) കാലാവയവവിചാരം, രാശിഭേദം, ഗ്രഹചാരാദിഫലം, (18) ഭൂഗോളസിദ്ധാന്തം, ഭൂമി സ്ഥിരയെന്നുള്ള പക്ഷത്തിങ്കൽ ഭൂഗ്രഹങ്ങളുടെ വ്യാസവൃത്തവലിപ്പങ്ങളും അകലങ്ങളും, അന്യപക്ഷത്തിങ്കൽ ഈ കണക്കുകൾ, (19) സ്ത്രീധർമ്മം, ദായക്രമം, പുനർവ്വിവാഹശങ്കാപരിഹാരം, (20) രാജധർമ്മം, (21) ശീലഗുണം എന്നീ വിവിധ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നു. വിദ്യാർത്ഥികൾക്കു സാമാന്യജ്ഞാനം കരഗതമാകുന്നതിനു് ഈ ഗ്രന്ഥം പ്രയോജനപ്പെടുന്നു. ഭാരതീയസംസ്കാരം ഏതാണ്ടു് മുഴുവനേ ഇതിൽ അടങ്ങിയിരിക്കുന്നു എന്നു പറയാം. പാച്ചുമൂത്തതിന്റെ പ്രസ്തുത ഗ്രന്ഥത്തിലുള്ളവയാണു താഴെക്കാണുന്ന സുപ്രസിദ്ധ പദ്യങ്ങൾ:

''യാമദ്വന്ദ്വമുറങ്ങേണം രജനിയിൽ
ക്ഷീണങ്ങൾ പോക്കീടുവാൻ
ബാലക്ഷീണവയോധികാദികളുറ-
ങ്ങേണം പകൽ കൂടിയും
ഏറീടിൽ കഫപിത്തമൊട്ടു പെരുകും
കേടുണ്ടു രോഗത്തിനാ-
ലില്ലെങ്കിൽ സുഖദേഹപുഷ്ടിബല-
ധീശൌര്യാദിയെല്ലാം കെടും.''

''മാതാ നിന്ദിക്കുമേച്ഛൻ വെടിയുമധനനിൽ
സോദരൻ മൌനമാകും
ഭൃത്യൻ പാരം ഹസിക്കും നിജസുതനുമവൻ
ചൊല്ലുകിൽ കേൾക്കയില്ലാ
കോപിക്കും ഭാര്യ ബന്ധുക്കളുമധികമല-
ട്ടോർത്തു കണ്ടാലൊളിക്കു-
ന്നെന്നോർത്തർത്ഥങ്ങൾ നേടീടണമഖിലജനം
വന്ദനം ചെയ്യുമപ്പോൾ.''

''വിദ്യാവൃദ്ധൻ വയോവൃദ്ധൻ
തപോവൃദ്ധനുമെന്നിവർ
ധനവൃദ്ധൻെറ വാതുക്കൽ
കാവൽ കാക്കുന്നു നിത്യവും.''[1]

ചോദ്യോത്തരരൂപമായ 'കേരളഭാഷാവ്യാകരണം' 1876-ലാണു മൂത്തതു് പ്രസിദ്ധപ്പെടുത്തിയതു്. മലയാള വ്യാകരണങ്ങളുടെ കൂട്ടത്തിൽ ഇതിനു സ്ഥാനം കുറവാണു്.[2] പക്ഷേ, മൂത്തതിൻെറ 'ആത്മകഥാസംക്ഷേപം' (1873) പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ ആത്മകഥാപരമായി മലയാളഭാഷയിലുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിൽ ആദ്യത്തേതു് അതാണു്.[3] ഇവ കൂടാതെ സംസ്കൃതത്തിലും മൂത്തതു്

1. ബാലഭൂഷണം—പണ്ഡിതർ സി. കെ. വി. ശർമ്മ പ്രസാധനം ചെയ്തതു്. 1915 (തൃശ്ശൂർ ഭാരതവിലാസം അച്ചുക്കൂടം).

2. 1863-ൽ ജോർജ്ജ് മാത്തനും, 1868-ൽ ഗുണ്ടർട്ടും പ്രസിദ്ധപ്പെടുത്തിയ മലയാളവ്യാകരണങ്ങളാണു് അന്നു മികച്ചുനിന്നിരുന്നതു്.

3. ''ജീവചരിത്രങ്ങളെപ്പോലെ ആത്മകഥകളും മലയാളത്തിൽ ചുരുക്കമാണു്. ആത്മകഥാരചനയിൽ വളരെ പ്രയാസങ്ങളുണ്ടു്.

അനേകം കൃതികാം വിരചിച്ചിട്ടുണ്ട്. ആയില്യംതിരുനാം മൂത്തതിന്ന കൊടുത്ത ഒരു സട്ടിഫിക്കററിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:

''നമ്മുടെ അടുക്കൽ ചിരകാലാശ്രിതനും പ്രീതിപാത്രനായും ഇരിക്കുന്ന വൈക്കത്തു പാച്ചുമൂത്തതു് ഈയിടെ ഉണ്ടാക്കിയതായ വൈദ്യവിഷയകമായും സന്മാൎഗ്ഗവിഷയകമായും ഉള്ള രണ്ടു പുസ്തകങ്ങളേയും നാം കണ്ടു സന്തോഷിച്ചിരിക്കുന്നു. അവകാം ജനങ്ങാംക്കു് ഉപയോഗികളായിബ്ഭവിക്കണമെന്നുള്ള ഗ്രന്ഥകൎത്താവിന്റെ ശ്ലാഘനീയമായുള്ള ഉദ്ദേശ്യത്തെ നാം അനുമോദിക്കുന്നു. പാച്ചുമൂത്തതിന്ന വ്യാകരണത്തിലും, വൈദ്യത്തിലും, ജ്യോതിഷത്തിലും ഉള്ള പാണ്ഡിത്യത്തേയും കവനപരിചയത്തേയും സഛരിത്രതയേയും ഇതിന്നു മുൻപിൽത്തന്നെ നാം അറിഞ്ഞു നല്ലപോലെ സമ്മതിച്ചിട്ടുള്ളതാകുന്നു.''[1] ആയില്യംതിരുനാം തന്റെ ആശ്രിതനായ മൂത്തതിന്ന പലവഴികളിൽ കൂടിയും സഹായം ചെയ്തുകൊടുത്തിരുന്നു. ''പണ്ഡിതന്മാരെ യോഗ്യതയറിഞ്ഞു ബഹുമാനിക്കുന്നതിന്നു് ആയില്യംതിരുനാളിന്നു് അതിസാമൎത്ഥ്യം ഉണ്ടായിരുന്നു. പാച്ചുമൂത്തതിന്റെ ഭാഗ്യം ഉച്ചസ്ഥാനത്തെ പ്രാപിച്ചു പരിലസിച്ചതു് അവിടുത്തെ കാലത്താകുന്നു.''[2] അദ്ദേഹം മൂത്തതിനെ 1870-ാമാണ്ടിടയ്ക്കു ശുചീന്ദ്രത്തു ശിവക്ഷേത്രത്തിൽ വട്ടപ്പള്ളിക്കുടുംബത്തിലേക്കു് ദത്തുപുകിക്കുകയുണ്ടായി.

---

'ഒരാം തന്നെപ്പററിത്തന്നെ എന്തെങ്കിലും എഴുതുക എന്നുള്ളതു കഠിനവും ലോലവുമായ ഒരു വിഷയമാണു്. ആക്ഷേപകരമായി എന്തെങ്കിലും പറയുന്നതു് സ്വന്തം ഹൃദയത്തിനും, സ്തുതിപരമായി എന്തെങ്കിലും കോംക്കുന്നതു് വായനക്കാരന്റെ കാതുകാംക്കും പരുഷമായി അനുഭവപ്പെടുന്നു' എന്നത്രേ ഏബ്രഹാം കൗലി പറയുന്നതു്.'' (ജീവചരിത്രസാഹിത്യം—ഡോക്ടർ കെ. എം. ജോൎജ്ജ്, പുറം 299).

1. മ. ഭാ. ച.—പി. ഗോവിന്ദപ്പിള്ള—എൻ. ബി. എസ്. പതിപ്പു് 1956, പുറം 524.

2. 1961 നവംബർ 12-ാംതീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പാച്ചുമൂത്തതിനെപ്പററി വടക്കുംകൂർ രാജരാജവൎമ്മ എഴുതിയിട്ടുള്ള ലേഖനത്തിൽനിന്നു്.

അന്നുമുതൽ അദ്ദേഹം ''വട്ടപ്പള്ളിസ്ഥാനികൻ'' ആയിത്തീരുകയും ചെയ്തു.

'ഗോമതീദാസൻ'[1] എന്ന അപരാഭിധാനത്താൽ സുവിദിതനായിരുന്ന ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ 1849-ലാണ് തന്റെ സ്വദേശത്തുനിന്നു തിരുവനന്തപുരത്തു് എത്തിയതു്. വേദാന്തവും മന്ത്രശാസ്ത്രവും ഉൾപ്പെടെ പല വിഷയങ്ങളിലും പാണ്ഡിത്യം നേടി കീർത്തിയാർജ്ജിച്ച ശാസ്ത്രികൾക്കു് ഉത്രംതിരുനാൾ തുടങ്ങി നാലു മഹാരാജാക്കന്മാരുടെ[2] ഭരണകാലം തന്റെ വൈദുഷ്യംകൊണ്ടു ശോഭായമാനമാക്കാൻ കഴിഞ്ഞിരുന്നു.[3] അദ്ദേഹം അനേകം കൃതികൾ വിരചിച്ചിട്ടുണ്ടു്; പക്ഷേ, അവയിലധികവും സംസ്കൃതവാങ്മയമാണു്. അക്കൂട്ടത്തിലൊന്നത്രേ 'കീർത്തിവിലാസം ചമ്പു.'[4] തെണ്ണൂററിനാലു പദ്യങ്ങളും ഏതാനും ഗദ്യങ്ങളും ഉൾക്കൊള്ളുന്ന പ്രസ്തുത കൃതിയിൽ കവി ആയില്യംതിരുനാൾ യുവരാജാവിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്നു. പ്രാസംഗികമായി അതിൽ അന്നത്തെ (1858) ആസ്ഥാനപണ്ഡിതന്മാരായിരുന്ന അനന്തരാമശാസ്ത്രി, അപ്പാദീക്ഷിതർ മുതലായവരുടെ തൂലികാചിത്രവും അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഉത്രംതിരുനാളിന്റെ പ്രീതി ആർജ്ജിക്കുവാനായിരുന്നിരിക്കണം ശാസ്ത്രികൾ 1853-ൽ 'ജലന്ധരാസുരവധം' എന്ന ആട്ടക്കഥ രചിച്ചു

---

1. ഇലത്തൂർഗ്രാമത്തിനു് ഉദ്ദേശം 15 മൈൽ വടക്കുള്ള ശങ്കരനൈനാർകോവിൽ എന്ന മഹാക്ഷേത്രത്തിലെ ഗോമത്യംബ (ശ്രീപാർവ്വതി) ആയിരുന്നു ശാസ്ത്രികളുടെ ഇഷ്ടദേവത. തന്മൂലം അദ്ദേഹത്തിന്റെ കൃതികളിൽ 'ഗോമതീദാസൻ' എന്ന മുദ്ര കാണുന്നുണ്ടു്.

2. ഉത്രംതിരുനാൾ (1847 — 1860); ആയില്യംതിരുനാൾ (1860—1880); വിശാഖംതിരുനാൾ (1880—1885); ശ്രീമൂലംതിരുനാൾ (1885—1924).

3. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കണ്ടിയൂർ മഹാദേവശാസ്ത്രി, പരവൂർ കേശവനാശാൻ തുടങ്ങി അനേകം പ്രശസ്തപണ്ഡിതന്മാരടങ്ങിയ ഒരു ശിഷ്യസമൂഹമാണു് അദ്ദേഹത്തിനു് ഇവിടെ ഉണ്ടായിരുന്നതു്.

4. ഗദ്യപദ്യസമ്മിശ്രമായ കാവ്യമാണു് ചമ്പു. 'ഗദ്യപദ്യമയം കാവ്യം ചമ്പൂരിത്യഭിധീയതേ' (സാഹിത്യദർപ്പണം). ഉദാ: ഭോജചമ്പു (സംസ്കൃതം); ഭാഷാനൈഷധം ചമ്പു (മലയാളം).

തെന്നു തോന്നുന്നു. നമ്മുടെ കഥകളിപ്രസ്ഥാനത്തിനു സിദ്ധിച്ചുകാണുന്ന വളൎച്ചയ്ക്കും പ്രചാരത്തിനും കാരണം രാജപ്രീത്യൎത്ഥം ഇതുപോലുള്ള അനേകം പണ്ഡിതകവികൾ അതു തങ്ങളുടെ പ്രവൎത്തനരംഗമാക്കിയിരുന്നു എന്നതാണ്. യുദ്ധഭൂയിഷ്ഠമായ കഥകളിക്കു ചേരുന്ന ഒരു കഥയാണ് ശാസ്ത്രികൾ തിരഞ്ഞെടുത്തതു്. ശിവന്റെ യോഗാഗ്നിയിൽനിന്നുമുണ്ടായ ജലന്ധരനെ ഒരു അസുരനായി കല്പിച്ചിരിക്കുന്നു. അസുരൻ അനവധി മായകൾ പ്രയോഗിച്ചിട്ടും ഒടുവിൽ ശിവനാൽ ചക്രായുധംകൊണ്ടു നിഹതനായി. പത്മപുരാണം ഉത്തരഖണ്ഡത്തിൽ 3 മുതൽ 19 വരെ അദ്ധ്യായങ്ങൾ ക്രോഡീകരിക്കുന്ന ഒരു ഉപാഖ്യാനമാണ് ജലന്ധരാസുരവധം. ആട്ടക്കഥാകൎത്താവു് യഥോചിതം ചില മാററങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും മൂലകഥയ്ക്കു വലിയ കോട്ടമൊന്നും തട്ടിയിട്ടില്ല. ശാസ്ത്രികളുടെ ഭാഷാകവിത സംസ്കൃതപദബഹുലമാണ്. പക്ഷേ, അതു സഹൃദയഹൃദയാഹ്ലാദകമാണ്. ജലന്ധരാസുരവധത്തിൽ* നിന്നു് ഒരു ഭാഗം ഉദാഹരണാൎത്ഥം ഉദ്ധരിക്കുന്നു:

വേകട—ചെമ്പട

ശ്ലോകം: ജംഭാരിഡംഭഹര സുംഭ നിസുംഭ മുഖ്യൈഃ
സംഭാവിതഃ സദസി സാഗരസംഭവോയം
രാഹും നികൃത്തശിരസം സവിധേ വിധേയ–
മാലോക്യ ജാതു സഹസൈവമഥാന്വയുങ്ക്ത.

പല്ലവി

ജലന്ധരൻ: ഹേ വദസ്വ രാഹോ! ഹേളി
ഹിമകരാൎത്തിക രാഹോ!

അനുപല്ലവി

ഹേതുവെന്തു തവ ഗളമിതു മുറിവാൻ
പാതിപോലുമുടലില്ലവിചിത്രം! (ഹേവദ–)

* ഈ ആട്ടക്കഥയുടെ ഒരു പുതിയ പതിപ്പ് 1920-ൽ ശ്രീ എച്ച്. രാമസ്വാമി അയ്യർ, എം. ഏ., ടിപ്പണിയും മററും ചേൎത്തു് ഭംഗിയായി പ്രസാധനംചെയ്തിട്ടുണ്ടു്.

ചരണങ്ങൾ

1. വാരിജസംഭവനാലുളവാമിപ്പാരിതിലെങ്ങും
നാരികളാരും ദാരിതഗളനാ-
യാരെയുമിങ്ങിനെ നഹി ജനയന്തെ (ഹേ വദ-)

2. ആരവനിങ്ങനെ നിന്നുടെ കണ്ഠം
ദാരിതമാക്കി പുരാ?
വാരിജവൈരി? കിം പുരവൈരി?
വാരിധിശയനനോ, വലസൂദനനോ? (ഹേ വദ-)

3. അറിയണമവനെ പറക നീ വേഗാ-
ലറിയണമൻപൊടു തം
എരിയുന്നു മമ ഹൃദയേ സമ്പ്രതി
പരുഷനതാകിയ രോഷഹുതാശൻ (ഹേ വദ-)

''വാഗ്ദേവതയുടെ ലാസ്യരംഗവും താണ്ഡവമണ്ഡപവുമായിരുന്നു ഗോമതീദാസൻെറ അനുഗൃഹീതമായ രസനാഞ്ചലം. ആ മഹാപുരുഷൻ അർഹിക്കുന്ന യശസ്സിൻെറ ഒരു അല്പമായ അംശംപോലും അദ്ദേഹത്തിൻെറ കൃതികളുടെ അമുദ്രിതത്വവും അവയിൽ പലതിൻേറയും അപൂർണ്ണത്വവും നിമിത്തം അദ്ദേഹത്തിനു സിദ്ധിച്ചിട്ടില്ല.''*

ആയില്യംതിരുനാളിൻെറ ഭരണകാലത്താണു് മലയാളഭാഷയിൽ ഗദ്യഗ്രന്ഥങ്ങൾ വദ്ധിച്ചുതുടങ്ങിയതെന്ന സംഗതി പ്രസ്താവയോഗ്യമാണു്. ഗദ്യശാഖ പുഷ്ടിപ്പെടാതെ യാതൊരു ഭാഷയിലെ സാഹിത്യവും യഥാത്ഥമായി വികസിപ്പിക്കുകയില്ലെന്ന അഭിപ്രായമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. മലയാളത്തിൽ അക്കാലത്തും പദ്യശാഖയെ പോഷിപ്പിച്ചുവന്ന നിരവധി പണ്ഡിതന്മാർ ഉണ്ടായിരുന്നെങ്കിലും ഗദ്യശാഖയുടെ പോഷണാത്ഥം അധികംപേർ യത്നിച്ചിരുന്നില്ല. മാതൃഭാഷയെ അത്യന്തം മാനിച്ചു സ്നേഹിച്ചുപോന്ന ആയില്യം തിരുനാളിനു് ആ സ്ഥിതി ദുസ്സഹമായിത്തോന്നിയതിൻെറ ഫലമായി, രാജ്യഭാരം കൈയേററതിനുശേഷം അദ്ദേഹം ആദ്യമായി ചെയ്തതു ഭാഷാഗദ്യത്തിൻെറ അഭ്യുന്നമനത്തെ

* കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 196.

ലാക്കാക്കിയുള്ള തന്റെ പൂർവ്വചിന്തിതപരിപാടികൾ ഏകൈകം നടപ്പാക്കുക എന്നതായിരുന്നു. പാച്ചുമൂത്തതു തുടങ്ങിയുള്ള പല പ്രമുഖപണ്ഡിതന്മാരെയുംകൊണ്ടു് അദ്ദേഹം ഗദ്യഗ്രന്ഥങ്ങൾ വിരചിപ്പിക്കുകയും, നല്ല ഗ്രന്ഥങ്ങൾ വിരചിക്കുന്നവർക്കു സമ്മാനംനല്കാൻ ഏർപ്പാടുചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ 1861-ൽ 'സത്യവാദഖേടം' എന്ന വിശിഷ്ടപ്രബന്ധം വിരചിച്ച റവ: ജോർജ്ജ് മാത്തൻ (മല്ലപ്പള്ളിലച്ചൻ)[1] ഒന്നാംസമ്മാനത്തിനു് അർഹനായിത്തീർന്നു. യുവരാജാവായിരുന്നകാലത്തു തിരുമനസ്സുകൊണ്ടു ചില ഗ്രന്ഥങ്ങൾ വിരചിച്ചിരുന്നു. അവയിൽ പ്രധാനപ്പെട്ടവ 'ഭാഷാശാകുന്തള'വും, 'മീനകേതനചരിത'വുമാണു്. ആധുനികരീതിയിലുള്ള ആദ്യത്തെ ഭാഷാഗദ്യഗ്രന്ഥങ്ങൾ ഇവയാണെന്നു് ഇന്നും കരുതപ്പെടുന്നു.[2] ആയില്യംതിരുനാളിന്റെ 'ഭാഷാശാകുന്തളം' കാളിദാസന്റെ 'അഭിജ്ഞാനശാകുന്തള'ത്തിന്റെ വിവർത്തനമാകുന്നു. അദ്ദേഹം അംഗീകരിച്ച മൂലമാകട്ടെ ശാകുന്തളത്തിന്റെ വംഗീയപാഠമാണു്. എന്നാൽ ''സന്ദർഭാനുഗുണമായി പല ആവാപോദ്വാപങ്ങളും ചെയ്യുന്നതിനു്'' അദ്ദേഹം മടിച്ചിട്ടില്ല. തിരുമനസ്സുകൊണ്ടു് 1853-ലാണു് അതു വിരചിച്ചതു്. അതിലെ ഭാഷയ്ക്കു് അതിനാൽ ഇന്നു് നൂറു സംവത്സരത്തിൽ കൂടുതൽ പഴക്കമുണ്ടു്. പൊതുവേ പറ

1. തിരുവിതാംകൂറിൽ ചെങ്ങന്നൂരിനടുത്തുള്ള പുത്തൻകാവിൽ ഗീവർഗ്ഗീസുപാതിരി (1819—1870) (അഥവാ റവ: ജോർജ്ജ്മാത്തൻ) 1863-ൽ ഒരു മലയാളവ്യാകരണം വിരചിക്കുകയുണ്ടായി. ''ഇന്നു മലയാളത്തിലെ എല്ലാ വ്യാകരണഗ്രന്ഥങ്ങളേയും കേരളപാണിനീയം അധഃകരിച്ചിരിക്കുന്നുവെങ്കിലും, ചിലചില അംശങ്ങളിൽ ജോർജ്ജ്മാത്തന്റെ വ്യാകരണം അതിനെയും ഗുണ്ടർട്ടിന്റെ വ്യാകരണത്തെയും അതിശയിക്കുന്നുവെന്നു ഗവേഷകന്മാർ സമ്മതിക്കുന്നുണ്ടു്.'' (ജീവചരിത്രസാഹിത്യം—ഡോക്ടർ കെ. എം. ജോർജ്ജ്, പുറം 205). ഇദ്ദേഹത്തിന്റെ മററു ഗ്രന്ഥങ്ങൾ സത്യവാദഖേടം, വേദസംയുക്തി മുതലായവയാണു്.

2. അതിനുമുമ്പു ഭാഷയിൽ പ്രചാരത്തിലിരുന്ന ഗദ്യഗ്രന്ഥം അരിപ്പാട്ടു കൊച്ചുപിള്ളവാരിയരുടെ 'ഈസോപ്പിന്റെ സാരോപദേശകഥ'കളാണു്.

ഞ്ഞാൽ സംസ്കൃതപദബഹുലമെങ്കിലും സരളമായ ഒരു ഭാഷാരീതിയാണു് അദ്ദേഹം അതിൽ സ്വീകരിച്ചിട്ടുള്ള തു്. എന്നിരുന്നാൽത്തന്നെയും ഇന്നു് അതിൽ പല ഭാഗ വും വായനക്കാൎക്കു വിരസമായിത്തോന്നിയേക്കാം. പക്ഷേ, ശാകുന്തളത്തിനുള്ള എല്ലാ പരിഭാഷകളുടേയും മുൻഗാമി'യെന്ന നിലയിൽ അതിനു് ഒരു പ്രത്യേകവൈ ശിഷ്ട്യമുണ്ടല്ലോ. അതിലെ ഗദ്യരീതിക്കു് ഉദാഹരണ മായി ചതുൎത്ഥാങ്കത്തിലെ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:

''ഋഷി: (സ്വഗതം) ഇന്നെദിവസം ശകുന്തളാ പൊകു ന്നു എന്നുള്ളത നിശ്ചയമായി എംകിലും എന്റെ ഹൃദയം ഇത്ര ചഞ്ചലതയെ എന്തിനു പ്രാപിക്കുന്നു? പിന്നെയും അനെകം പ്രാവെശം വിവെകബലംകൊണ്ടു വ്യസനത്തി നെ എത്രതന്നെ ചെറുത്താലും അശ്രുപ്രവാഹത്താൽ നെത്ര ങ്ങൾ പ്രകാശമായിട്ടു കാണുന്നില്ലാ; കണ്ഠവും ശൊഷിക്കു ന്നു; അത്യാശ്ചര്യം; അത്യാശ്ചര്യം; സകല പ്രാപഞ്ചിക വ്യവഹാരങ്ങളെയും തിരസ്കരിച്ചിട്ടു അരണ്യത്തിൽ വസി ക്കുന്ന എനിക്കുകൂടെ എന്തിനിത്ര ചഞ്ചലത പ്രാപ്തമായി രിക്കുന്നു? അതുകൊണ്ടു നൊക്കുമ്പൊൾ ദൂരദെശസ്ഥനായി രിക്കുന്ന ജാമാതാവിന്റെ സദനത്തിലെക്കു സ്വകന്യക പൊകുന്ന സമയത്തിൽ മാതാപിതാക്കന്മാൎക്കു എത്ര വ്യ സനമുണ്ടായിരിക്കാം?''[2]

---

1. ആയില്യംതിരുനാൾ പരിഭാഷപ്പെടുത്തിയതിനെത്തുടൎന്നു് ശാകുന്തളത്തിനു നിരവധി തൎജ്ജമകൾ ഉണ്ടായി. അവയിൽ പ്രഥമ വും പ്രമുഖവും കേരളവൎമ്മയുടെ പരിഭാഷയാണു്. ഇന്നു് ആകെക്കൂടി ശാകുന്തളത്തിനു് ഇരുപതോളം തൎജ്ജമകൾ കാണുന്നുണ്ടു്. കേരളവൎമ്മ യ്ക്കു പുറമേ, അതിലേക്കു് ഉദ്യുക്തരായവർ ഏ. ആർ. രാജരാജവൎമ്മ, ദിവാൻബഹദൂർ ഏ. ഗോവിന്ദപ്പിള്ള, കരുവാ എം. കൃഷ്ണനാശാൻ, പി. ജി. രാമയ്യർ, ആറ്റൂർ കൃഷ്ണപ്പിഷാരടി, ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ, വള്ളത്തോൾ നാരായണമേനോൻ, കുററിപ്പുറത്തു കേശ വൻനായർ മുതലായവരാണു്.

2. പി. ഗോവിന്ദപ്പിള്ള കേരളവൎമ്മവലിയകോയിത്തമ്പുരാൻ നിൎദ്ദേശിച്ചതനുസരിച്ചു്, 1881-ൽ പ്രസിദ്ധപ്പെടുത്തിയ 'ഭാഷാശാകു ന്തള'ത്തിൽനിന്നു് ഉദ്ധരിച്ചതു്. ഈ ഭാഗമാണു് വലിയകോയിത്ത മ്പുരാന്റെ—

ആയില്യംതിരുനാളിൻെറ 'മീനകേതനചരിതം'* അറബിക്കഥകളിൽ (Arabian Nights) പ്രഥമഗണനനീയമായ Kamaralzanean and Princess Budur എന്ന ആഖ്യാതകത്തിന്റെ ഗദ്യപരിഭാഷയാണ്. ഇതിൽ ആകെ ഒമ്പതു് അദ്ധ്യായങ്ങളുണ്ടു്. സംഭാഷണരീതിയും പാത്രസംജ്ഞയുംകൊണ്ടു കഥയ്ക്കു 'പ്രാചൃതപം' വരുത്താൻ പരിഭാഷകൻ ശ്രമിച്ചിട്ടുണ്ടു്. സ്വർണ്ണദ്വീപു് എന്ന രാജ്യത്തെ രാജാവായ കാഞ്ചനകേതുവിൻെറയും അദ്ദേഹത്തിൻെറ ധർമ്മദാരങ്ങളായ വിദ്യുല്ലതികയുടെയും പുത്രനാണു് നായകനായ മീനകേതനൻ. നായകൻ പ്രതാപസൂര്യൻെറയും ചന്ദ്രമുഖിയുടെയും പുത്രിയായ തടിൽപ്രഭയെ വിവാഹം ചെയ്യുന്നതാണു കഥ. പ്രസ്തുത രണ്ടു കൃതികളും അച്ചടിച്ചു പ്രസിദ്ധം ചെയ്യണമെന്നു തമ്പുരാന്നു മോഹമുണ്ടായിരുന്നില്ലെന്നു തോന്നുന്നു. എന്തെന്നാൽ അദ്ദേഹം നിര്യാതനായതിനു ശേഷമാണു് അവ പ്രസിദ്ധീകൃതമായതു്. അതിനു മുൻകൈയെടുത്തതാകട്ടെ കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു.

ഇന്നു ഭാഷാസാഹിത്യത്തിനു സിദ്ധിച്ചുകാണുന്ന സമുൽക്കർഷത്തിനു ഹേതുഭൂതരായ മഹാന്മാരുടെ പന്തിയിൽ പ്രഥമസ്ഥാനം അർഹിക്കുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ പരപ്പനാട്ടു രാജകുടുംബത്തിലെ ഒരംഗമാണു്.

---

'പോകുമെൻമകൾ ശകുന്തളാദ്യപരമേവ—
മുല്ലലികയാൽ മന—
സ്സാകുലം ഗളനിരുദ്ധബാഷ്പകലുഷം വി—
ഷാദജഡമീക്ഷണം,
ശോകമീദൃശമരണ്യവാസിമുനിയാമെ—
നിക്കുമഭിമാനജം
ഹാ! കഥം ഗൃഹികളാത്മജാവിരഹപീഡ—
യെപ്പരിഹരിച്ചിടും?'

എന്ന പദ്യത്തിൽ ഉൾക്കൊള്ളുന്നതു്. (മണിപ്രവാളശാകുന്തളം—1965—എൻ. ബി. എസ്. പതിപ്പു്, പുറം 110.)

* ഈ ഗദ്യഗ്രന്ഥത്തെ ഉപജീവിച്ചു് 'മീനകേതനചരിത്രം' എന്ന പേരിൽ ഒരു നാടകം അഴകത്തു പത്മനാഭക്കുറുപ്പും, ഒരു ചമ്പു ഗ്രാമത്തിൽ കോയിത്തമ്പുരാനും വിരചിച്ചിട്ടുണ്ടു്.

ഏഴുതാണ്ടു പത്തു വയസ്സായപ്പോൾ അദ്ദേഹം സ്വദേശത്തു നിന്നു് തിരുവനന്തപുരത്തേക്കു പോന്നു. അതുമുതൽ അദ്ദേഹത്തെ സംസ്കൃതവും ഇംഗ്ലീഷും മററും പഠിപ്പിച്ചതു് തന്റെ മാതുലനായ ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാൻ[1] (1824—1859) ആയിരുന്നു. നാലു സംവത്സരം കഴിഞ്ഞപ്പോൾ മാതുലൻ നിര്യാതനായി. അതിനിടയ്ക്കു് ഒരു പത്തുവർഷംകൊണ്ടു പഠിക്കേണ്ടതെല്ലാം ഭാഗിനേയൻ പഠിച്ചുതീർത്തു. പ്രതിപദം ഒഴികെയുള്ള ദിവസമൊക്കെയും വെളുപ്പാൻകാലം നാലുമണിമുതൽ ഇടവിട്ടിടവിട്ട് രാത്രി പത്തുമണിവരെയുള്ള ഒരു പഠനപരിപാടിയാണു് അദ്ദേഹത്തിനു് ഉണ്ടായിരുന്നതു്. അനന്തരകാലത്തു് അദ്ദേഹം ഇലത്തൂർ രാമസ്വാമിശാസ്ത്രികളിൽനിന്നു വേദാന്തശാസ്ത്രവും, പാച്ചുമൂത്തതിൽനിന്നു് അഷ്ടാംഗഹൃദയവും അഭ്യസിക്കുകയുണ്ടായി. മല്ലയുദ്ധം, കുതിരസ്സവാരി, മൃഗയാവിനോദം മുതലായവയിലും ബാല്യത്തിലേതന്നെ തമ്പുരാൻ പ്രാഗല്ഭ്യം നേടിയിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തിൽ സ്ത്രീപ്രജകളില്ലാതായിത്തീരുകയാൽ ഉത്രം തിരുനാൾ മഹാരാജാവു് 1858-ൽ മാവേലിക്കരക്കൊട്ടാരത്തിൽനിന്നു് രണ്ടു രാജകുമാരിമാരെ ദത്തെടുക്കുകയും, 1859-ൽ അവരിൽ ജ്യേഷ്ഠസഹോദരിയായ ലക്ഷ്മീബായി ആററിങ്ങൽ മൂത്തതമ്പുരാനെ കേരളവർമ്മയെക്കൊണ്ടു് പള്ളികെട്ടുകഴിപ്പിക്കുകയും ചെയ്തു. അന്നുമുതല്ക്കാണു് അദ്ദേഹം വലിയകോയിത്തമ്പുരാനാകുന്നതു്. തന്റെ പ്രേയസിയുടെ[2] സഹവാസത്താൽ അദ്ദേഹം അചിരേണ വീണവായനയിലും ധുരീണനായിത്തീർന്നു. പതിനാറാമത്തെ വയസ്സുമുതൽ തമ്പുരാൻ സംസ്കൃതത്തിൽ കവന

1. പണ്ഡിതശ്രേഷ്ഠനായ ഈ കോയിത്തമ്പുരാൻ ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ പിതാവാണു്. ''തന്റെ മരുമകനായ കേരളവർമ്മദേവനെ നാലരക്കൊല്ലത്തെ നിരന്തരവും നിഷ്കൃഷ്ടവുമായ ശിക്ഷണംകൊണ്ടു് സകലകലാവല്ലഭനാക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 22).

2. ഈ മഹതിക്കു് മലയാളം, തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് ഈ ഭാഷകളിൽ അനല്പമായ പാണ്ഡിത്യവും, വീണവായനയിലും ചിത്രമെഴുത്തിലും അസാധാരണമായ നൈപുണിയും ഉണ്ടായിരുന്നു.

നിർമ്മാണം തുടങ്ങി. അദ്ദേഹത്തിന്റെ ആദ്യത്തെ സംസ്കൃത കൃതി 'തിരുനാൾപ്രബന്ധ'മാകുന്നു (1861). അറുപത്തഞ്ചു പദ്യങ്ങളും ഒമ്പതു ഗദ്യങ്ങളും അടങ്ങിയിട്ടുള്ള ഈ കൃതി ആയില്യംതിരുനാളിന്റെ തിരുനാൾ സംബന്ധിച്ച് വലിയ കോയിത്തമ്പുരാൻ മൂന്നുനാലു മണിക്കൂർകൊണ്ടു വിരചിച്ചതാണ്. അതുപോലുള്ള മറെറാരു കൃതിയാണ് അദ്ദേഹത്തിന്റെ 'തുലാഭാരശതകം'* (1870). ആയില്യംതിരുനാളിന്റെ തുലാഭാരോത്സവത്തെ അധികരിച്ചു വിരചിതമായ ഈ കൃതിയിൽ അനേകം ചിത്രശ്ലോകങ്ങളും യമകശ്ലോകങ്ങളും അടങ്ങിയിട്ടുണ്ട്. ആയില്യംതിരുനാൾ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കവിതാസാമർത്ഥ്യത്തെ പലപ്രകാരത്തിലും പരീക്ഷിച്ചു സംതൃപ്തിയടഞ്ഞു് അദ്ദേഹത്തെ അനേകംതവണ അഭിനന്ദിച്ചിട്ടുണ്ട്. അനുലോമമായി വായിച്ചാൽ ഒരാളെക്കുറിച്ചും പ്രതിലോമമായി വായിച്ചാൽ മറെറാരാളെക്കുറിച്ചും അർത്ഥം വരുന്നതും, സ്രഗ്ദ്ധരാവൃത്തത്തിലുള്ളതുമായ ഒരു ശ്ലോകമുണ്ടാക്കാമോ എന്നു് ഒരിക്കൽ തമ്പുരാൻ ചോദിച്ചപ്പോൾ വലിയ കോയിത്തമ്പുരാൻ രണ്ടു മണിക്കൂറിനകം ശ്ലോകമുണ്ടാക്കി അദ്ദേഹത്തിനു സമർപ്പിച്ചുവെന്നാണറിവ്.

സർക്കാരിന്റെ മേൽനോട്ടത്തിൽ ശിക്ഷണവിദഗ്ദ്ധന്മാരടങ്ങിയ ഒരു പണ്ഡിതസംഘം വിവിധവിഷയങ്ങളെ അധികരിച്ചുള്ള പാഠപുസ്തകങ്ങളുടെ നിർമ്മാണം ഏറെറടുത്താൽ മാത്രമേ വിദ്യാർത്ഥികൾക്കു് അനുയോജ്യമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളു എന്ന അഭിപ്രായമാണ് മഹാരാജാവിനും അവിടത്തെ ദിവാൻജിക്കും ഉണ്ടായിരുന്നതു്. അതിന്റെ ഫലമായി 1867-ൽ ഒരു ടെക്സ്റ്റ് ബുക്ക് കമ്മിററി (പാഠപുസ്തകസമിതി) തിരുവി

* ക്ഷേത്രങ്ങളിൽ നടത്തുന്ന ഒരു വഴിപാടാണ് 'തുലാഭാരം'. ഒരാളുടെ തൂക്കത്തോളം സാധനം (കദളിപ്പഴമോ, ശർക്കരയോ, എള്ളോ മറേറാ) യഥാവിധി ക്ഷേത്രത്തിൽ ഏല്പിക്കുന്ന ചടങ്ങാണ് ഇതു്. വലിയകോയിത്തമ്പുരാന്റെ 'തുലാഭാരശതകം' എന്ന സംസ്കൃത കൃതി അഴകത്തു പത്മനാഭക്കുറുപ്പ് മലയാളത്തിലേക്കു വിവർത്തനംചെയ്തിട്ടുണ്ട്.

താംകൂറിൽ രൂപംകൊണ്ടു. ആദ്യം ഒരു അദ്ധ്യക്ഷനും മൂന്നു് അംഗങ്ങളും മാത്രമേ ഈ കമ്മിററിയിൽ ഉണ്ടായിരുന്നുള്ളു. അദ്ധ്യക്ഷൻ ദിവാൻജിയുടെ അനന്തരവൻ അണ്ണാജിരായർ ആയിരുന്നു. രായക്കു് ഇംഗ്ലീഷുഭാഷയിൽ നല്ല പാണ്ഡിത്യം ഉണ്ടായിരുന്നെങ്കിലും[1] മലയാളഭാഷാപരിജ്ഞാനം 'കഷ്ടി'യായിരുന്നതിനാലായിരിക്കണം അംഗങ്ങളിൽ ഒരാളായി കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരഞ്ഞെടുക്കപ്പെട്ടതു്. എങ്കിലും ഒരു സംവത്സരം കഴിഞ്ഞു് അദ്ദേഹം അദ്ധ്യക്ഷപദം ഏറെറടുത്തതുമുതല്ക്കുമാത്രമേ ആ കമ്മിറ്റി ഊർജ്ജിതമായി പ്രവർത്തിച്ചുതുടങ്ങിയുള്ളു. അന്നു് അവർ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥസമുച്ചയം വളരെ കാലത്തേക്കു നമ്മുടെ നാട്ടിൽ പാഠപുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മാതൃകയായി നിലനിന്നിരുന്നു.[2] ഭാഷാവിദ്യാലയങ്ങളിൽ പഠിപ്പിക്കാനായി 1868-ൽ വലിയകോയിത്തമ്പുരാൻ രചിച്ചവയാണു് 'സന്മാർഗ്ഗസംഗ്രഹ'വും,[3] 'വിജ്ഞാനമഞ്ജരി'യും. 'സന്മാർഗ്ഗസംഗ്രഹ'ത്തിൽ സന്മാർഗ്ഗബോധത്തെപ്പററി ഇങ്ങനെ പറയുന്നു:

> 'അതു നമുക്കു സ്വാഭാവജന്യമായ ഒരു ജ്ഞാനവിശേഷമാകുന്നു. ഇതരപ്രാണികൾക്കു് ഇല്ലാത്തതായ ആ ജ്ഞാനവിശേഷത്താലാകുന്നു ഇന്നതു ഗുണം, അതിനാൽ അതു ഗ്രാഹ്യമാണു് എന്നും ഇന്നതു ദോഷം, അതിനാൽ അതു ത്യാജ്യമാണു് എന്നും മററും നാം ഗുണദോഷങ്ങളെ വിവേചിച്ചറിയുന്നതു്. ഏതന്മൂലമായിട്ടാകുന്നു നമുക്കു ഗുണദോഷങ്ങളിൽ സ്നേഹദ്വേഷങ്ങൾ തോന്നുന്നതു്. ഈശ്വരനാൽ മനുഷ്യജാതിക്കു മാത്രം ദത്തമായിരിക്കുന്ന ഈ ജ്ഞാനം പഠിത്തം

---

1. ഇദ്ദേഹം കേരളവർമ്മവലിയകോയിത്തമ്പുരാനെ കുറേക്കാലം ഇംഗ്ലീഷു പഠിപ്പിച്ചിരുന്നു.

2. ''കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ആദ്ധ്യക്ഷ്യത്തിൽ 1868-ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത ബുക്കുകമ്മിറ്റിയാണു് ആധുനികമലയാളഗദ്യരചനയ്ക്കു് അടിസ്ഥാനമിട്ടതു്.'' (മലയാളസാഹിത്യചരിത്രം—പി. കെ. പരമേശ്വരൻനായർ, പുറം 113).

3. ഈ ഗദ്യഗ്രന്ഥം 'സന്മാർഗ്ഗചന്ദ്രിക' എന്ന പേരിൽ 400 പദ്യങ്ങളായി മൂലൂർ എസ്. പത്മനാഭപ്പണിക്കർ വിവർത്തനംചെയ്തിട്ടുണ്ടു്.

കൊണ്ടു പ്രബലീഭവിക്കുകയും ശാസ്ത്രാദികളാൽ ദൃഢീകരിക്കപ്പെടുകയും ചെയ്യുന്നു. ഇതിൽനിന്നാകുന്നു സന്മാർഗ്ഗങ്ങൾ ഉത്ഭവിക്കുന്നതു്.

ഇനിയും കുറേക്കൂടി ലളിതമായ ഒരു ഗദ്യശൈലിയാണു് 'വിജ്ഞാനമഞ്ജരി'യിൽ തമ്പുരാൻ സ്വീകരിച്ചിട്ടുള്ളതു്.

''പഠിത്തം ഒന്നുകൊണ്ടല്ലാതെ ദൃഢമായ അറിവു് ജനങ്ങൾക്കുണ്ടാകുന്നതല്ല അറിവുണ്ടാകാതെ പരിഷ്കാരവും ഉണ്ടാവുകയില്ല ഇതു സ്ത്രീപുരുഷോഭയസാധാരണമാകുന്നു. എന്നാൽ സ്ത്രീകളുടെ പരിഷ്കാരം പുരുഷന്മാരുടെ പരിഷ്കാരത്തിനു മുഖ്യമായി പ്രയോജകീഭവിക്കുന്നതാകുന്നു.''

''എ. ഡി. 1888—ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സമിതിയുടെ അദ്ധ്യക്ഷപദം സ്വീകരിച്ചതോടുകൂടി സമിതിക്കു് ഒരു നവോന്മേഷം സഞ്ജാതമായി. ചരിത്രം, ഭൂമിശാസ്ത്രം, സാമാന്യവിജ്ഞാനം മുതലായ വിഷയങ്ങളെ അധികരിച്ചു് അനേകം ഗദ്യകൃതികൾ പ്രസിദ്ധീകൃതങ്ങളായി. വിദ്യാർത്ഥികളുടെ ഉപയോഗാർത്ഥം നല്ലൊരു പാഠാവലിയും പ്രസിദ്ധപ്പെടുത്താൻ സമിതിക്കു കഴിഞ്ഞു'' എന്നാണു് 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നതു്.*

ആയില്യംതിരുനാളിന്റെ സഹൃദയത്വവും, 'സുധാമധുരമായ സൂക്തി'യും, 'മുക്തഹസ്തമായ ധനവിശ്രാണന'വും നിരവധി കവികളേയും പണ്ഡിതന്മാരേയും അദ്ദേഹത്തിന്റെ കാലത്തു് 'സ്യാനന്ദൂരപുര'ത്തേക്കു് ആകർഷിച്ചിരുന്നു. ആ കൂട്ടത്തിൽ തിരുമനസ്സിലെ പ്രത്യേകപ്രീതിക്കു പാത്രമായവർ കോവുണ്ണിനെടുങ്ങാടി, വെണ്മണി മഹൻനമ്പൂരി, ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ, വയസ്കര മൂസ്സതു്, കുടല്ലൂർ കുഞ്ചുണ്ണിനമ്പൂരിപ്പാടു് എന്നിവർ ആയിരുന്നു

മലയാളഭാഷയ്ക്കു് ഒരു അമൂല്യനിധിയായ 'കേരളകൗമുദി' (1878) എന്ന മലയാളവ്യാകരണഗ്രന്ഥം വിര

* സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 757 (ഇവിടെ 1888 എന്നു പ്രസ്താവിച്ചിരിക്കുന്നതു ശരിയല്ല; 1868 എന്നു തിരുത്തേണ്ടതാണു്).

ചിച്ച് കീർത്തിയാർജ്ജിച്ച കോവുണ്ണിനെടുങ്ങാടി മലബാർ വള്ളുവനാട്ടുതാലൂക്കിലാണു ജനിച്ചതു്. ഇദ്ദേഹം പതിനഞ്ചുവയസ്സു കഴിഞ്ഞാണു് വിദ്യാഭ്യാസം ആരംഭിച്ചതെങ്കിലും അല്പകാലംകൊണ്ടു സംസ്കൃതത്തിലും മലയാളത്തിലും അവഗാഹം നേടി പ്രശസ്തനായ ഒരു പണ്ഡിതനായിത്തീൎന്നു. കുടുംബസ്ഥിതി മോശമായിരുന്നതിനാൽ അല്പവേതനത്തിൽ ചില കോവിലകങ്ങളിലുംമററും ബാലന്മാരെ സംസ്കൃതം പഠിപ്പിച്ചാണു് അദ്ദേഹം ആദ്യകാലത്തു നിത്യവൃത്തി കഴിച്ചുപോന്നിരുന്നതു്. 1861-ൽ കോഴിക്കോട്ടു പ്രൊവിൻഷ്യൽ സ്കൂളിലും, 1866-ൽ മദ്രാസ് പ്രസിഡൻസി കോളേജിലും, 1872-ൽ തിരുവനന്തപുരത്തു രാജകീയമഹാപാഠശാലയിലും നെടുങ്ങാടി മലയാളപണ്ഡിതരായിരുന്നു; 1875 മുതൽ കുറേക്കാലം സർക്കാർവക്കീലുമായിരുന്നു; 1880-ൽ ഉദ്യോഗം രാജിവച്ചു സർക്കാർ സർവ്വീസിൽനിന്നു പിരിഞ്ഞു. തിരുവനന്തപുരത്തുവച്ച് ആയില്യംതിരുനാളിന്റെയും മററും പ്രേരണയിൽ നെടുങ്ങാടി വിരചിച്ച കേരളകൗമുദി, പാണിനീയത്തിലും തമിഴ് വ്യാകരണത്തിലുംമറ്റും അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം പ്രസ്പഷ്ടമാക്കുന്നുണ്ടു്. അക്ഷരം, ശബ്ദം, പദം, വാക്യം, നാമം, ക്രിയ, അവ്യയം, സന്ധി, സമാസം, വൃത്തം, അലങ്കാരം മുതലായി എല്ലാ വിഷയങ്ങളേയും 16 ആലോകങ്ങളിലായി അദ്ദേഹം ഇതിൽ വിവരിക്കുന്നു.[1] ലക്ഷണങ്ങൾ മിക്കവൊറും കാരികാരൂപത്തിലാണു ചേർത്തിരിക്കുന്നതു്.[2] നെടുങ്ങാടി പ്രസ്തുത ഗ്രന്ഥത്തിൽ പൂർവ്വസൂരികളെപ്പററി ഇങ്ങനെ അനുസ്മരിക്കുന്നു:

---

1. പൂർണ്ണചന്ദ്രികപോലെയാണു് തന്റെ കൗമുദി എന്നും 16 കലകൾക്കു പകരം അതിൽ 16 ആലോകങ്ങൾ അടങ്ങിയിരിക്കുന്നു എന്നും നെടുങ്ങാടി തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

2. കാരികകൾ നിർമ്മിക്കാൻ നെടുങ്ങാടിക്കു് അസാധാരണമായ വൈഭവമുണ്ടായിരുന്നു. ''ഏതു വ്യാകരണം ആരു പുത്തനായി പ്രസിദ്ധീകരിച്ചാലും ബാലന്മാർ ശരിക്കു മലയാളം അഭ്യസിക്കണമെങ്കിൽ കേരളകൗമുദി നിഷ്കർഷിച്ചു പഠിക്കുകതന്നെ വേണം.

'ഭുവിൽക്കലെന്നൊരു സമന്തഭവപ്രണാളീ—
കാവിൽക്കുലോദ്ഭവാഽന ജനുവാൻ മേവും

''ഗ്രണ്ടർട്ടെ[1]ന്നാ പ്രബലമതിമാനിട്ട നൂലൊട്ടു[2]കൊള്ളാം
ഗീവർഗ്ഗീസും[3]പുനരൊരുതരം ചേർത്തതും നന്നു പാർത്താൽ

---

കോവില്ക്കിടാവു കൃതിയാമിതു ബാലകാനാം
നാവിൽക്കളിക്ക കടലിൽത്തിരമാലപോലെ.' എന്നു് നെടുങ്ങാടി ഗ്രന്ഥാന്തത്തിൽ ചെയ്തിരിക്കുന്ന ആശംസ തികച്ചും സഫലമായിട്ടുണ്ടു്.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 175). ഇവിടെ 'പ്രണാളീകാവിൽക്കുലോദ്ഭവനം' എന്നതിനു് തൊടുകാടുവംശത്തിൽ മേലേതെന്ന ഭവനം എന്നും, 'കോവിൽക്കിടാവു്' എന്നതിനു് കോവുണ്ണി എന്നും അർത്ഥം കല്പിച്ചിരിക്കുന്നു.

1. ജർമ്മണ്യദേശക്കാരനായ (German) ഡോക്ടർ ഹെർമൻ ഗ്രണ്ടട്ട് (1814—'93) ക്രിസ്തുമതപ്രചരണാർത്ഥം 1836—ൽ ഇന്ത്യയിലെത്തി. 1839—ൽ ബാസൽമിഷൻെറ മലബാർശാഖ തലശ്ശേരിയിൽ സ്ഥാപിതമായപ്പോൾ അവിടെ താമസിച്ചു് ആ പ്രതിഭാശാലി ക്രൈസ്തവസേവനവും കൈരളീസേവനവും യൗഗപദ്യേന നടത്തുകയുണ്ടായി. 1851-ൽ ഒരു മലയാളവ്യാകരണവും (1868-ൽ പ്രസിദ്ധപ്പെടുത്തി), 1872—ൽ ഒരു മലയാളനിഘണ്ടുവും വിരചിച്ചു് അദ്ദേഹം നമ്മെ അനുഗ്രഹിച്ചിട്ടുണ്ടു്. ആകപ്പാടെ 18 ഭാഷകൾ വശമാക്കിയിരുന്ന ഒരു മഹാപണ്ഡിതനാണു് ഗ്രണ്ടട്ട്. ''പല വിദേശീയവിദ്വാന്മാരും ഭാഷയ്ക്കു പലപ്രകാരത്തിൽ കൈങ്കര്യം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലും അവരിൽ പ്രഥമപദത്തെ അലങ്കരിക്കുന്നതു ഡോക്ടർ ഹെർമൻ ഗ്രണ്ടട്ട് എന്ന ജർമ്മൻപണ്ഡിതനാകുന്നു. അദ്ദേഹം പാലാഴിയിൽനിന്നു ദേവാമൃതമെന്നപോലെ കടഞ്ഞെടുത്തു കൈരളിക്കു കാഴ്ചവച്ച മലയാളം—ഇംഗ്ലീഷ് നിഘണ്ടുപോലെ ഒരു മഹാഗ്രന്ഥം മലയാളത്തിൽ വേറെയില്ല. തങ്ങൾ ഏറെറടുക്കുന്ന ഏതൊരു കാര്യവും സമർത്ഥമായി, സർവ്വങ്കഷമായി, സാങ്ഗോപാങ്ഗസുഭഗമായി, ചെയ്തുതീർക്കുന്നതിനു് ജർമ്മൻദേശക്കാരായ മനീഷികൾക്കുള്ള അഭൗമമായ ധിഷണാശക്തിയും ക്ലേശസഹിഷ്ണുതയും വിശ്വവിദിതമാണു്. അവരുടെകൂട്ടത്തിൽ അപശ്ചിമമായ ഒരു സ്ഥാനത്തിനു് ഏതു നിലയ്ക്കു നോക്കിയാലും ഗ്രണ്ടട്ട് സായിപ്പിനും അവകാശമുണ്ടു്.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 148).

2. നൂൽ=ചട്ടം, ശാസ്ത്രം. ഉദാ: നന്നൂൽ.

3. ഗീവർഗ്ഗീസിനെ(റവ: ജോർജ്ജ്മാത്തൻ)പ്പററി മുമ്പു പ്രതിപാദിച്ചിട്ടുണ്ടു്.

ഗ്ഗുണ്ടർട്ടിന്നുലൂപരികലനംചെയ്തിതഗ്ഗാത്തുവെറ്റം*
പൂവ്വന്മാരാമവരെയനുകൂലിപ്പനാവോളമെല്ലാം.''
മലയാളഭാഷയിലെ ഏററവും ശ്രേഷ്ഠമായ വ്യാകരണനിയമങ്ങളെപ്പോലും ഹൃദയഹാരിയായ പദ്യത്തിന്റെ രൂപത്തിലാണ് നെടുങ്ങാടി കേരളകൗമുദിയിൽ പ്രകാശിപ്പിച്ചിരിക്കുന്നതു്. ഉദാഹരണത്തിനു് ധാതുക്കളെ കോത്തു ചേത്തിരിക്കുന്ന ഒരു പദ്യം നോക്കുക:

''ആടു ഓടു കൂടു കോടു ചാടു ചൂടു ഞേടുവും
തേടു നേടു പാടു പൂടു പോടു മാടു വാടുവും
വീടു ഊരു കോരു ചാരു വാരു കാളു ചൂളുവും
മൂളു മരവു പൂചു തടവു ഓതു വേരിവ.''

ഉദാഹരണങ്ങൾക്കുവേണ്ടി നെടുങ്ങാടി ചില പദ്യങ്ങൾ നിമ്മിച്ചു് സന്ദർഭോചിതമായി തന്റെ ഗ്രന്ഥത്തിൽ ഘടിപ്പിച്ചിട്ടുണ്ടു്. അത്തരത്തിലുള്ള പദ്യങ്ങളിലൊന്നാണു താഴെ ചേക്കുന്നതു്:

''കൊടുവെയിൽകൊണ്ടുടൽ മുടിയും
ചുടുമണലടികൊണ്ടു ചുട്ടു തന്നടിയും
നെടുവയൽനടുവേ കഷ്ടം!
കിടുകിടയാരാണ്ടു മണ്ടുന്നു.''

'വെണ്മണിപ്രസ്ഥാന'ത്തിന്റെ ജനയിതാക്കളിലൊരാളായ വെണ്മണി മഹൻനമ്പൂരിക്കു് അസാമാന്യമായ കവിതാവാസന ഉണ്ടായിരുന്നെങ്കിലും സംസ്കൃതത്തിൽ പറയത്തക്ക വിദ്യാഭ്യാസം സിദ്ധിച്ചിരുന്നില്ല. തന്റെ കവിതകളിൽ അദ്ദേഹം പ്രദശിപ്പിച്ചുപോന്നിരുന്ന സംസ്കൃതസാഹിത്യപരിചയം കൊടുങ്ങല്ലൂർകോവിലക

* കുറേക്കാലം മദ്രാസ്ഗവമ്മെൻറ് മലയാളം ട്രാൻസ്ലേറ്ററും അതിൽപ്പിന്നീടു് മലബാർ സ്കൂൾ ഇൻസ്പെക്ടറുമായിരുന്ന ഗാത്തുവൈററ് സായിപ്പു് 1868–ൽ ഒരു മലയാളവ്യാകരണം നിമ്മിച്ചു—ഗുണ്ടർട്ടിന്റെ വ്യാകരണത്തിൽ 569–ാം വകുപ്പിനു ശേഷമുള്ള ഭാഗങ്ങൾ ഇദ്ദേഹമാണു പൂരിപ്പിച്ചിട്ടുള്ളതു്. പഞ്ചതന്ത്രം, ചാണക്യസൂത്രം, വേതാളചരിത്രം മുതലായ പ്രാചീനകൃതികളിൽ പലതും വരിതിരിച്ചും, വേണ്ട ചിഹ്നങ്ങൾ ചേത്തും അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ത്തു കഴിഞ്ഞുകൂടിയപ്പോഠം കിട്ടിയ കേട്ടറിവിൻെറ ഫലമായിരുന്നു പൂരപ്രബന്ധം, കാമതിലകം ഭാണം, പ്രച്ഛന്നപാണ്ഡവം നാടകം മുതലായവയാണ് അദ്ദേഹത്തിൻെറ കൃതികഠം. സമസ്യാപൂരണത്തിൽ നമ്പൂരി അതിവിദഗ്ധനായിരുന്നു. 1876-ൽ മുറജപം പ്രമാണിച്ച തിരുവനന്തപുരത്തു വന്ന് ആയില്യംതിരുനാളിനെ മുഖംകാണിച്ചപ്പോഠം അദ്ദേഹം നമ്പൂരിയോട് 'ഗജേന്ദ്രവൃന്ദം ഗഗനേ പറന്നു' എന്ന സമസ്യ പൂരിപ്പിക്കാൻ ആവശ്യപ്പെട്ടു.

''ദ്വിജാവനംചെയ്യുരുളും ത്വദീയ-
ദ്വിജാധിപശ്രീ കവരുന്ന കീർത്ത്യാ
നിജാക്രമംവിട്ടഥ ക്രൂരിരുട്ടാം
ഗജേന്ദ്രവൃന്ദം ഗഗനേ പറന്നു'' എന്നതായിരുന്നു തൽക്ഷണം നമ്പൂരി പൂരിപ്പിച്ചു കൊടുത്ത ശ്ലോകം. മഹാരാജാവു സന്തുഷ്ടനായി നമ്പൂരിയെ യഥായോഗ്യം സമ്മാനിച്ചു. അതിൽപ്പിന്നീട് അദ്ദേഹം കൂടക്കൂടെ തിരുവനന്തപുരത്തു വന്ന് ആയില്യംതിരുനാളിനെ കാണുക പതിവായിരുന്നു. നമ്പൂരി ഒരിക്കൽ കൊച്ചിയിൽ ഒരു തമ്പുരാട്ടിയെ കാണാൻ ചെന്നപ്പോഠം 'എന്നെ നീയോത്തിടേണം' എന്നവസാനിക്കുന്ന ഒരു ശ്ലോകം നിമിഷത്തിലുണ്ടാക്കാൻ അവർ കല്പിച്ചതായും, താഴെപ്പറയുന്ന ശ്ലോകം ഉടനേ വിരചിച്ച് നമ്പൂരി ആ മഹതിയെ പരിതോഷിപ്പിച്ചതായും 'മലയാളഭാഷാചരിത്ര'ത്തിൽ കാണുന്നു.* ശ്ലോകം താഴെ ചേക്കുന്നു:

''പൊന്നിൻകേഴക്കിടാവിൻ കഴലതൊരു പെരും-
പാമ്പു മന്ദം വിഴുങ്ങി-
ത്തിന്നുമ്പോഠം കേണു നോക്കും മിഴിയതിലഴകേ-
റുന്ന ലോലായതാക്ഷി!
മിന്നും പൂർണ്ണേന്ദുബിംബപ്രഭയതിലുരുകും
ചന്ദ്രകാന്തംകണക്കെ-
ച്ചിന്നും നിൻ ചാരുമന്ദസ്മിതമതിലലിയു-
ന്നെന്നെ നീയോത്തിടേണം.''

---

* മ. ഭാ. ച. —പി. ഗോവിന്ദപ്പിള്ള, എൻ. ബി. എസ്. പതിപ്പ്, 1956, പുറം 482.

വെണ്മണിയുടെ ശൃംഗാരത്തെപ്പറ്റി പലക്കും ആക്ഷേപമുണ്ടു്. ''മലയാളത്തിൽ മുമ്പു് ഒരു കവിയും ശൃംഗാരത്തെ ഇത്ര ഗ്രാമ്യമായ ഒരു രീതിയിൽ പ്രകാശിപ്പിച്ചിരുന്നില്ല.''[1] എന്നാണു് 'മലയാളസാഹിത്യചരിത്ര'ത്തിൽ പ്രസ്താവിച്ചുകാണുന്നതു്. പക്ഷേ, കേരളസാഹിത്യചരിത്രകത്താവു പറയുന്നതു് ഇങ്ങനെയാണു്: ''വെണ്മണിയുടെ ശൃംഗാരം വാസ്തവത്തിൽ ആ രസത്തെ പശ്ചാത്തലമാക്കിക്കൊണ്ടുള്ള ഹാസ്യമാണു്. അതിനു വേണ്ട ശബ്ദകോശവും ശൈലീസംഹതിയും ആശയസാമഗ്രിയുമാണു് അദ്ദേഹത്തിനു സ്വാധീനം.''[2]

രാമഭദ്രദീക്ഷിതരുടെ 'ജാനകീപരിണയം', ഭവഭൂതിയുടെ 'ഉത്തരരാമചരിതം' എന്നീ സംസ്കൃതനാടകങ്ങളുടെ വിവത്തനംമൂലം കേരളീയക്കു സുപരിചിതനായിത്തീന്നിട്ടുള്ള ചാത്തുക്കുട്ടിമന്നാടിയാർ ചിററൂർ താലൂക്കിൽ 'ആഭിജാത്യത്തിനും ഐശ്വര്യത്തിനും' പേരുകേട്ട ചമ്പത്തു തറവാട്ടിലെ അംഗമാണു്. 1878-ലാണു് അദ്ദേഹം ആദ്യമായി തിരുവനന്തപുരം സന്ദശിച്ചതു്. തിരുവിതാംകൂറിൽ അന്നു പുതുതായി ഏപ്പെടുത്തിയ വക്കീൽപരീക്ഷ പാസ്സായി അദ്ദേഹം മൂവാററുപുഴയും തൃശ്ശൂരും വക്കീലായിരുന്നു. 1889 മുതൽ കുറേക്കാലം 'കേരളനന്ദിനി' എന്ന പത്രത്തിൻെറ അധിപരുമായിരുന്നു. ഒരിക്കൽ ആയില്യംതിരുനാൾ മഹാരാജാവിനെ മുഖംകാണിച്ചു ചില ശ്ലോകങ്ങൾ അടിയറവച്ചു് മന്നാടിയാർ തൃക്കൈയിൽനിന്നും സമ്മാനം വാങ്ങുകയുണ്ടായി. അതിൽപ്പിന്നീടു് അദ്ദേഹം കൂടക്കൂടെ മഹാരാജാവിനെ മുഖംകാണിച്ചുപോന്നിരുന്നു. കേരളവമ്മ വലിയകോയിത്തമ്പുരാൻെറ 'കേരളീയഭാഷാ

1. മലയാളസാഹിത്യചരിത്രം—പി. കെ. പരമേശ്വരൻനായർ, പുറം 160.

2. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 329: ''....കവിയുടെ യഥാത്ഥമായ ആശയമെന്തെന്നു ചോദിച്ചാൽ താനും കേൾക്കുന്നവരും പൊട്ടിച്ചിരിക്കണമെന്നുള്ളതുതന്നെയാണു് എന്നു് എനിക്കു തോന്നുന്നു. അതുകൊണ്ടാണു് താൻ വണ്ണിക്കുന്ന കൂത്തുകളിൽ കവി തന്നെയും കൂടി ഒരു പാത്രമാക്കി ... എന്നും മറ്റും വങ്കത്തം എഴുന്നള്ളിക്കുന്നതു്.''

ശാകുന്തള'ത്തെ (1882) പിൻതുടൎന്നു് ആദ്യമായി സംസ്കൃതത്തിൽനിന്നു് ഒരു നാടകം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയതു മന്നാടിയാരാണു് ആ നാടകമാണു് 'ജാനകീപരിണയം' (1888). വലിയകോയിത്തമ്പുരാന്റെ ശ്ലോകങ്ങളിൽ പലതും സാമാന്യജനങ്ങൾക്കു് അനഭിഗമ്യങ്ങളാണു്; മന്നാടിയാരുടേതാകട്ടെ ആപാദചൂഡം ആൎക്കും സുഗ്രഹമാണു്. വിവൎത്തനത്തിൽ മന്നാടിയാൎക്കുണ്ടായിരുന്ന അനിതരസാധാരണമായ കഴിവു് അതു വെളിപ്പെടുത്തുന്നു. ഭാഷാകാവ്യനിൎമ്മാണത്തിനു് സംസ്കൃതകാവ്യനിൎമ്മാണത്തേക്കാൾ പ്രയാസം കൂടുമെന്ന പക്ഷക്കാരനായിരുന്നു മന്നാടിയാർ. 'ജാനകീപരിണയ'ത്തിന്റെ പ്രസ്താവനയിൽ അദ്ദേഹം ചേൎത്തിരിക്കുന്ന ശ്ലോകം ഇതാണു്:

''ഒന്നായ്ച്ചേൎക്കേയുമാം പദങ്ങളിടവി–
    ട്ടെങ്ങെങ്കിലും ചേൎത്തിടാം
പിന്നിൽച്ചേൎത്ത വിശേഷണങ്ങളുടെ മുൻ
    ചേൎക്കാം വിശേഷ്യങ്ങളെ;
പിന്നെ പ്രാസവുമത്ര വേണ്ട വളരെ–
    ക്കിട്ടും പദം സംസ്കൃതേ;
എന്നാൽക്കേരളഭാഷയിങ്കലതുപോ–
    ലല്ലാസ്സുയാൽ ദുർഗ്ഘടം.''

മുമ്പു പറഞ്ഞ രണ്ടു നാടകങ്ങൾക്കും പുറമേ മന്നാടിയാർ രചിച്ചിട്ടുള്ള കൃതികളിൽ മുഖ്യമായവ ഹാലാസ്യമാഹാത്മ്യം കിളിപ്പാട്ടും, പുഷ്പഗിരീശസ്തോത്രവും (സംസ്കൃതം) ആകുന്നു. 'രസികരഞ്ജിനി' എന്ന ഒരു നാടകസംഘം തൃശ്ശൂരിൽ രൂപവൽക്കരിച്ചു് അതിൽ അദ്ദേഹം അഭിനയിക്കുകയും ചെയ്തിരുന്നു.

''പ്രാണാചാര്യനും", കവികുലാവതംസവുമായ വയസ്കര മൂസ്സതു് അഷ്ടവൈദ്യന്മാരിൽ* ഒരാളായ ആര്യൻ

* കുട്ടഞ്ചേരി മൂസ്സ്, പ്ലാന്തോൾ (വയസ്കര) മൂസ്സ്, ചീരട്ടമൺ (ഒളശ്ശ) മൂസ്സ്, എളയടത്തു തൈക്കാട്ടു മൂസ്സ്, തൃശ്ശിവപേരൂർ തൈക്കാട്ടു മൂസ്സ്, വെള്ളോട്ടു മൂസ്സ്, ആലത്തൂർ നമ്പി, കാത്തോൾ നമ്പി ഇവർ എട്ടുമാണു് അഷ്ടവൈദ്യന്മാർ. (ശ്രീപരശുരാമൻ കേരളത്തിലെ ഈ എട്ടു് ഇല്ലക്കാൎക്കു് വൈദ്യശാസ്ത്രം ഉപദേശിച്ചതായി ഐതിഹ്യം).

നാരായണൻമൂസ്സതിന്റെ പുത്രനാണ്. യൗവനാരംഭത്തിൽ തന്നെ ഉണ്ണിമൂസ്സത് പിതാവിന്റെ ശരീരാസ്വാസ്ഥ്യംമൂലം കുടുംബഭരണം ഏറെറടുക്കുകയും, കുടുംബത്തിലെ മാറാപ്പേരായ ആര്യൻനാരായണൻ മൂസ്സത് എന്ന നാമധേയം സ്വീകരിക്കുകയുംചെയ്തു. പന്ത്രണ്ടാമത്തെ വയസ്സുവരെ പിതാവുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ഗുരു. പിന്നീടു സ്വപരിശ്രമംകൊണ്ടാണ് അഷ്ടാംഗഹൃദയത്തിലും മറ്റും അദ്ദേഹം അവഗാഹം നേടിയതു്. അച്ഛൻ രോഗഗ്രസ്തനായിരുന്നതിനാൽ മകൻതന്നെയാണ് ഏതു വലിയ ചികിത്സയ്ക്കും എവിടെയും പോകാറുണ്ടായിരുന്നതു്. അങ്ങനെ 1860-ൽ ഉത്രംതിരുനാൾമഹാരാജാവിനു് 'ശീലാസ്സ' ബാധിച്ചപ്പോൾ ചികിത്സയ്ക്കായി തിരുവനന്തപുരവും അദ്ദേഹം സന്ദർശിച്ചിരുന്നു. അക്കാലത്താണ് ആയില്യം തിരുനാളുമായി പരിചയപ്പെട്ടതു്. ആ പരിചയം ക്രമേണ ദൃഢമൈത്രിയായി പരിണമിച്ചു. 'ധന്വന്തരീദാസ'നായ മൂസ്സതു് 'സരസ്വതീദാസ'നുമായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനപ്പെട്ടതു് 'ദുര്യോധനവധം' ആട്ടക്കഥയാണ് (1872). തിരുവനന്തപുരത്തു താമസിക്കവേയാണ് അദ്ദേഹം അതു വിരചിച്ചതു്. ''ദുര്യോധനവധംപോലെ പ്രചുരപ്രചാരമായ ഒരു കഥകളി ആധുനികനൃത്യപ്രബന്ധങ്ങളുടെ കൂട്ടത്തിലല്ല.''* ആടിക്കാണാനും പാടിക്കേൾക്കാനും ഒരുപോലെ കൊള്ളാവുന്ന ഒരു ആട്ടക്കഥയാണ് അതു്. ഇന്ദ്രപ്രസ്ഥത്തിൽവച്ചു് സ്ഥലജലഭ്രമം നേരിട്ട ദുര്യോധനനെ ഭീമസേനനും പാഞ്ചാലിയുംകൂടി പരിഹസിക്കുന്നതും, ധർമ്മപുത്രർ അവരെ രണ്ടുപേരെയും ശാസിക്കുന്നതും, 'വ്രീളാവിനമ്രവദന'നായ ദുര്യോധനൻ പ്രതീകാരംചെയ്യുന്നതിനായി ''മമതാവാരിരാശിയായ മാതുലനോടു്'' (ശകുനിയോടു്) ആലോചിക്കുന്നതും ഭേവദ്യൂതും മറ്റും ഇതിലെ രസപുഷ്ടിയുള്ള ഭാഗങ്ങളാണ്.

* കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 574.

''മാരുതി വൈരി—
പരം ഹസിച്ചിതു തദന്തരേ—ബത
നിരന്ന സജ്ജനനിരന്തരേ
ചിരിച്ചു പാർഷതി സഭാന്തരേ— പര-
മെരിഞ്ഞിടുന്നിതു ഹൃദന്തരേ'' എന്നു ദുര്യോ

ധനൻ ശകുനിയോടു പറയുന്ന ഭാഗം ആദ്യമായി ആടിയപ്പോഠം കവിയുടെ ഭവനത്തിനു തീപിടിച്ചതായി പറയപ്പെടുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഈ കഥ ഇപ്പോഠം ആടാറില്ല.

''സൂചികുത്തുവതിന്നുമിന്നവകാശമിദ്ധരണീതലേ
വാശിയോടു വസിച്ചിടുന്നൊരു പാണ്ഡവക്കു കൊടുത്തിടാ"

എന്നു് ദുര്യോധനൻ ശ്രീകൃഷ്ണനോടു പറയുന്ന ഭാഗം ഒരിക്കൽ അവിടെവച്ചു തന്മയത്വത്തോടെ ആടിക്കൊണ്ടിരിക്കവേ, കഥയിൽ ലയിച്ചു രസിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധൻ തൻെറ കൈയിലിരുന്ന വടികൊണ്ടു്, ദുര്യോധനവേഷം കെട്ടിയിരുന്ന നടൻെറ കണ്ണിൽ കുത്തിയതായും അന്നുമുതൽ ഈ കഥ അവിടെ ആടാൻ പാടില്ലെന്നു രാജകല്പന ഉണ്ടായതായും പറയപ്പെടുന്നു. ''വയസ്കരമൂസ്സിൻെറ (എ. ഡി. 1835—1895) ദുര്യോധനവധം കേവലമൊരു മൂന്നാംതരം കവിതയാണെന്നു ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതിൻെറ രഹസ്യം എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ദുര്യോധനവധംപോലെ ഇത്രമാത്രം ആടിപ്പഴകിയ കഥ വേറെ ഉണ്ടോ എന്നു സംശയമാണു്. കാരണമുണ്ടു്: കഥകളിയിൽ വരാവുന്ന മിക്ക വേഷവൈചിത്ര്യങ്ങഠംക്കും ദുര്യോധനവധത്തിൽ സ്ഥാനമുണ്ടു്. മഹാഭാരതകഥയുടെ മമ്മസ്ഥാനങ്ങഠം മുഴുവൻ ഒരേ ഒരരങ്ങിൽ ഒരു രാത്രികൊണ്ടു് ആവിഷ്കരിക്കാനും മൂസ്സിനു സാധിച്ചിട്ടുണ്ടു്. സഭാപ്രവേശം, ചൂതുകളി, ഭഗവദ്ദൂതു്, ദുശ്ശാസനവധം എന്നീ നാലു് ഉജ്ജ്വലരംഗങ്ങഠം ആക്കുതന്നെ രസ്യമാനമല്ലേ? ശബ്ദാത്ഥസൗന്ദര്യങ്ങളിൽ ഒട്ടും പിന്നിലല്ല പ്രസ്തുത കഥ'' എന്നാണു് 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളി

ലൂടേ' എന്ന ഗ്രന്ഥത്തിൽ ദുര്യോധനവധത്തെപ്പറ്റി പ്രസ്താവിച്ചുകാണുന്നതു്.[1]

ആയില്യംതിരുനാറം മഹാരാജാവു് ഒരു വീരശൃംഖല സമ്മാനിച്ചു ബഹുമാനിച്ചു വിശിഷ്ടപണ്ഡിതനാണു കൂടല്ലൂർ കുഞ്ചുണ്ണിനമ്പൂരിപ്പാട്. ഇദ്ദേഹം വ്യാകരണപാണ്ഡിത്യത്തിനു കേറംവിപ്പെട്ട കൂടല്ലൂർമനയ്ക്കലെ അംഗങ്ങളിലൊരാളാണു്. കേട്ടതെല്ലാം ഹൃദിസ്ഥമാക്കാനും ഭംഗിയായി എപ്പോറംവേണമെങ്കിലും ചൊല്ലാനുമുള്ള ഒരു കഴിവു് അദ്ദേഹത്തിനു ബാല്യംമുതല്ക്കേ ഉണ്ടായിരുന്നു; അതൊരിക്കലും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല. വ്യാകരണപാണ്ഡിത്യത്തിനുപുറമേ നമ്പൂരിപ്പാട് വേദാന്തത്തിലും ഗാഢമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. നീണ്ട ഒരു ശിഷ്യപ്രശിഷ്യപരമ്പരയാണു് അദ്ദേഹത്തിനുള്ളതു്. വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയതമ്പുരാനും[2] (1852—1932) സി. പി. അച്യുതമേനോനും[3] (1862—1937) മറ്റും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണു്.

വിദ്യാഭ്യാസകാര്യങ്ങളിൽ അതിമാത്രം ശ്രദ്ധ ചെലുത്തിയിരുന്ന ആയില്യംതിരുനാറം വാർഷികാഘോഷങ്ങറക്കു പള്ളിക്കൂടങ്ങളിൽ എഴുന്നള്ളുക പതിവായിരുന്നു. ഗോവിന്ദപ്പിള്ള ഹെഡ്മാസ്റ്ററായിരുന്ന ചാല നേറ്റീവ് സ്കൂളിലും പതിവുപോലെ അദ്ദേഹം ഒരിക്കൽ എഴുന്നള്ളുകയുണ്ടായി. വിശിഷ്ടാതിഥികളെ സ്വീകരി

1. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 591. (ഇവിടെ 1835—1895 എന്നു കാണുന്നതു ശരിയല്ല. 1841—1902 എന്നതാണു ശരി.)

2. 'രാജർഷി' എന്നു വിഖ്യാതനായിരുന്ന ഇദ്ദേഹം സംസ്കൃതഭാഷയുടെ പോഷണത്തിനും മലയാളഭാഷാപരിഷ്കരണത്തിനുമായി വലിയ തുകകറം ചെലവാക്കിയിരുന്നു.

3. 'വിദ്യാവിനോദിനി' എന്ന പ്രസിദ്ധപ്പെട്ട സാഹിത്യമാസികയുടെ സ്ഥാപകനായ ഇദ്ദേഹം കൊച്ചിയിൽ നാട്ടുഭാഷാസൂപ്രണ്ടായും ഗവണ്മെൻറ് സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിരുന്നു. കൊച്ചി സ്റ്റേററ് മാനുവലാണു് ഇദ്ദേഹത്തിന്റെ പ്രധാനഗ്രന്ഥം. ചാത്തുക്കുട്ടിമന്നാടിയാരുമായി പിണങ്ങി മേനോൻ 'ഉത്തരരാമചരിതം' നാടകം തർജ്ജമചെയ്തിട്ടുമുണ്ടു്.

ക്കാനും സൽക്കരിക്കാനും മററുമുള്ള ചുമതല ഹെഡ്മാസ്റ്റർക്കാണല്ലോ. ഗോവിന്ദപ്പിള്ള തന്റെ കൃത്യങ്ങൾ വാട്ടമോ കോട്ടമോ കൂടാതെ ഭംഗിയായി നിർവ്വഹിച്ചു. തൻെറ പെരുമാററം തിരുമനസ്സുകൊണ്ടു് ശ്രദ്ധിക്കുന്നു എന്നു മനസ്സിലാക്കിയ ഗോവിന്ദപ്പിള്ളയ്ക്കു് എന്തെന്നില്ലാത്ത ഭീതിയും പരിഭ്രമവും ഉണ്ടായി എങ്കിലും അതൊന്നും അദ്ദേഹത്തിൻെറ കൃത്യനിർവ്വഹണത്തിനു വിഘാതമായിബ്ഭവിച്ചില്ല. ചടങ്ങു തീർന്നതോടെ മഹാരാജാവു് തിരിച്ചെഴുന്നള്ളി. ഗോവിന്ദപ്പിള്ള തന്റെ കുപ്പപ്പാട്ടിലേക്കും പുറപ്പെട്ടു. തിരുമുൻപിൽ ഉടനെ ഹാജരായിക്കൊള്ളാനുള്ള കല്പനയാണു പിറേറന്നു കാലത്തു ഗോവിന്ദപ്പിള്ളയെ സ്വാഗതംചെയ്തതു്. നിനച്ചിരിയാത്തുള്ള ഒരു സംഭവം. എന്തിനാണു തിരുമുൻപിൽ ചെല്ലാൻ തന്നോടു കല്പിച്ചിരിക്കുന്നതെന്നതിനെപ്പററി അദ്ദേഹത്തിനു് ഒരു രൂപവുമുണ്ടായിരുന്നില്ല. അന്നേരം അവിടെ ഗോവിന്ദപ്പിള്ളയുടെ കൂടെ ഉണ്ടായിരുന്നതു് അദ്ദേഹത്തിൻെറ മൂന്നു സഹോദരിയും അവരുടെ ഭർത്താവും* മാത്രമായിരുന്നു. അപ്രതീക്ഷിതമായ ആ കല്പനകേട്ടു് അവരും അമ്പരന്നു. 'കൊല്ലിനും കൊലയ്ക്കും' അധികാരിയായ മഹാരാജാവുതിരുമനസ്സിലെ കല്പനയാണതു്. അതു കല്ലെപ്പിളക്കും; അതുമൂലം പട്ടും കിട്ടാം, വെട്ടും കിട്ടാം. ഏതിന്നാണു കല്പിക്കുന്നതെന്നായി അവരുടെ ചിന്ത. തലേന്നാൾ തിരുമനസ്സുകൊണ്ടു സ്കൂളിൽ വച്ചു ഗോവിന്ദപ്പിള്ളയെ തൃക്കൺപാർക്കുകയുണ്ടായി എന്നും, 'ഇങ്കിരിയസ്സ്' പഠിച്ച ഗോവിന്ദപ്പിള്ളയുടെ 'കുരുത്തംകെട്ട' പെരുമാററവും മററും തിരുമനസ്സിലേക്കു് അസുഖം ജനിപ്പിച്ചിരിക്കാമെന്നും അദ്ദേഹത്തിൻെറ സഹോദരി സ്വാഭാവിക

---

* ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ളയുടെ മാതാപിതാക്കന്മാർ. ഗോവിന്ദപ്പിള്ളയുടെ മാതാപിതാക്കന്മാർ നേരത്തേ അന്തരിച്ചുപോകയാൽ അനന്തരകാലത്തു് അദ്ദേഹത്തെ പുത്രനിർവിശേഷം വളർത്തിയതു് ഇവർ രണ്ടുപേരുമായിരുന്നു.

മായും ശങ്കിച്ചു. ആലോചിക്കുന്തോറും അവരുടെ സംശയവും ഭീതിയും ശതഗുണീഭവിക്കുകയാണു ചെയ്തതു്. ഗോവിന്ദപ്പിള്ള തന്റെ നെററിയിൽ ചാത്തിയിരുന്ന തിലകം മഹാരാജാവിനെ പ്രകോപിപ്പിച്ചിരിക്കാം; ഗോവിന്ദപ്പിള്ളയുടെ മോടിയിലുള്ള വേഷവിധാനം അദ്ദേഹത്തിൽ അരിശംകൊള്ളിപ്പിച്ചിരിക്കാം. ഇങ്ങനെ ഒരു നൂറുകൂട്ടം കാരണങ്ങൾ ആ സ്ത്രീചിത്തം നിമിഷനേരംകൊണ്ടു കണ്ടുപിടിച്ചു. അതിസ്നേഹം ആപച്ഛങ്കയുളവാക്കുക സാധാരണമാണല്ലോ. എന്തെല്ലാം വിനകളാണു് അതുമൂലം സംഭവിക്കാൻപോകുന്നതെന്നു ചിന്തിച്ചു് അവർ അസ്വസ്ഥചിത്തയായി. അതിനാൽ സഹോദരന്റെ പ്രയാണമാൎഗ്ഗത്തിൽ ആ സഹോദരി ഒരു വിലങ്ങുതടിയായിപ്പരിണമിക്കുകയാണു ചെയ്തതു്. എന്നാൽ അല്പനേരംകൊണ്ടു ചിന്തയിൽനിന്നു് ഉണൎന്ന സ്യാലനാകട്ടെ ''ഭീരുത്വം വിട്ടൗചിത്യം'' ദീക്ഷിക്കാനാണു ഗോവിന്ദപ്പിള്ളയെ ഉപദേശിച്ചതു്. അതനുസരിച്ചു് അദ്ദേഹം ഉടനെ വലിയകൊട്ടാരത്തിലേക്കു യാത്രയായി. ശങ്കാവിഷ്ടനായി, പ്രതിപദം നിന്നും, ശ്വാസഗതിപോലും നിയന്ത്രിച്ചും 'പഞ്ചപുച്ഛ'മടക്കി തന്റെ മുമ്പിലെത്തിയ ഗോവിന്ദപ്പിള്ളയെ മഹാരാജാവു് സന്തോഷത്തോടുകൂടിയാണു സ്വീകരിച്ചതു്. സ്കൂളിൽവച്ചു കണ്ടപ്പോൾത്തന്നെ ഗോവിന്ദപ്പിള്ളയുടെ നേക്കു തിരുമനസ്സിലേക്കു പ്രതിപത്തി തോന്നിയിരുന്നു. അതിപ്പോൾ സംഭാഷണാനന്തരം പ്രവൃദ്ധമായി. നിഷ്കാൎണമായ ഒരു സ്നേഹബന്ധം. ജാതിയോ, കുലമോ, സ്ഥാനമോ, വലിപ്പച്ചെറുപ്പമോ ഒന്നുംതന്നെ അതിനു ബാധകമല്ലല്ലോ. 'ന ഖലു ബഹിരുപാധീൻ പ്രീതയഃ സംശ്രയന്തേ' എന്നല്ലേ അഭിജ്ഞവാക്യം.* തിരുമുമ്പിൽനിന്നു് അല്പനേരംകൊണ്ടു തിരിച്ചെത്തിയ ഗോവിന്ദപ്പിള്ളയ്ക്കു് തന്നെയും പാൎത്തു ക്ഷമയററു ഭവനപുരോഭാഗത്തുതന്നെ നിലയുറപ്പിച്ചിരുന്ന സഹോദരിയേയും മററും അറിയിക്കാനുണ്ടായിരുന്നതു്, തന്നെ തിരുമനസ്സുകൊണ്ടു വലിയകൊട്ടാരം

* ഉത്തരരാമചരിതം —ഭവഭൂതി.

സമ്പ്രതീയായി നിയമിച്ചിരിക്കുന്നു എന്ന ശുഭവാർത്തയായിരുന്നു. ഗോവിന്ദപ്പിള്ള അന്നുമുതൽ അദ്ധ്യാപകനല്ല; സർക്കാരുദ്യോഗസ്ഥനുമല്ല; വലിയകൊട്ടാരം ഉദ്യോഗസ്ഥനാണ്; നാടുവാഴുന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രീതിക്കു പാത്രമായ സേവകന്മാരിലൊരാൾ. അതിലപ്പുറം അഭികാമ്യമായി അന്നെന്താണുള്ളതു്. അദ്ദേഹത്തിന്റെ ഭാഗ്യാതിരേകത്തെ എല്ലാവരും കൊണ്ടാടി.

## 4. ദത്തും ഉദ്യോഗക്കയററവും

ആയില്യംതിരുനാറം മഹാരാജാവിൻെറ നീട്ടനുസരിച്ചു ഗോവിന്ദപ്പിള്ള 1874-ൽ വലിയകൊട്ടാരം സമ്പ്രതിയായി ചാർജ്ജെടുത്തു. ഏതാണ്ട് ഇന്നത്തെ പ്രൈവററ് സിക്രട്ടറിയുടെ സ്ഥാനമാണ് അന്ന് ആ ഉദ്യോഗസ്ഥനുണ്ടായിരുന്നതു്. കൊട്ടാരംവക കാര്യങ്ങറം നിവ്വഹിക്കാനായി സമ്പ്രതിക്കു് അടിക്കടി മഹാരാജാവിനെ മുഖം കാണിക്കേണ്ട ആവശ്യം നേരിട്ടിരുന്നു. അങ്ങനെ അദ്ദേഹവുമായി നിരന്തരസമ്പക്ത്തിലേപ്പെട്ടതോടെ തൻെറ രാജഭക്തിയും കൃത്യബോധവും കാര്യശേഷിയും പ്രദശിപ്പിച്ചു് അവിടത്തെ തിരുവുള്ളം കൂടുതലായി സമ്പാദിക്കാൻ ഗോവിന്ദപ്പിള്ളയ്ക്കു് അവസരവും ലഭിച്ചു. അതോടെ അദ്ദേഹത്തിൻെറ ഭാഗ്യതാരം പൂവ്വാധികം തെളിഞ്ഞു. അദ്ദേഹത്തിൻെറപേരിലുള്ള തിരുവുള്ളം പലവഴിക്കും പ്രത്യക്ഷപ്പെട്ടു. ഒരിക്കൽ കൊട്ടാരത്തിലൊരു മുറിയിൽ ഗോവിന്ദപ്പിള്ളയ്ക്കു ഭക്ഷണം ഒരുക്കിയിരുന്ന സ്ഥലത്തുകൂടി യദൃച്ഛയാ തിരുമനസ്സുകൊണ്ടു കടന്നുപോകാനിടയായി. ആഹാരസാധനങ്ങറം പിഞ്ഞാണ*ത്തിൽ വിളമ്പിയിരിക്കുന്നതു കണ്ടു് ഗോവിന്ദപ്പിള്ളയ്ക്കു മേലിൽ വെള്ളിത്താമ്പാളത്തിൽ വിളമ്പണമെന്നു കല്പനയായി. മറെറാരു ദിവസം കാലത്തു് എഴുന്നള്ളിയപ്പോറം കഞ്ഞിയും തോടോടുകൂടി പുഴുങ്ങിയ പയറും വിളമ്പിയിരിക്കുന്നതു കണ്ടു് ''എന്താ! ഗോവിന്ദൻ കുതിരയാണോ? ഇനിമേൽ ഗോവിന്ദനു പരിപ്പുതന്നെ പാകംചെയ്തു കൊടുക്കണം'' എന്നു് അദ്ദേഹം കല്പന പുറപ്പെടുവിച്ചു. ഇങ്ങനെ ഗോവിന്ദപ്പിള്ളയെ സംബന്ധിച്ച നിസ്സാരകാര്യങ്ങളിൽപ്പോലും തിരുമനസ്സുകൊണ്ടു ദത്തശ്രദ്ധനായിത്തീന്നിരുന്നു. എന്തൊരു

---

* പിഞ്ഞാണം [പെർ. finjan] മൺപാത്രം, Porcelain (ചീനക്കളിമൺപാത്രം).

സൂയാവഹമായ സ്നേഹപാരമ്യം! അതിനു് അനുഗുണമായ ഭക്തിപ്രകഷം ഗോവിന്ദപ്പിള്ളയ്ക്കുമുണ്ടായിരുന്നു എന്നതു പ്രസ്താവയോഗ്യമാണു്.

ഗോവിന്ദപ്പിള്ളയുടെ കുടുംബം കുലീനമെങ്കിലും വേണ്ടുവോളം ലക്ഷ്മീകടാക്ഷം സിദ്ധിച്ചതല്ലെന്ന വിവരം ആയില്യംതിരുനാളിനറിയാമായിരുന്നു. അതിനാൽ ആ കുടുംബത്തെ ധനപുഷ്ടിയുള്ളതാക്കിത്തീക്കാൻ അദ്ദേഹം അവസരംപാത്തു കഴിയുകയായിരുന്നു. ഒരിക്കൽ തിരുവനന്തപുരത്തുനിന്നു തെക്കു നാല്പതുമൈലകലെ അഗസ്തീശ്വരം താലൂക്കിൽപ്പെട്ട വേമ്പന്നൂർ ദേശത്തു് (ഇതു് ഇപ്പോൾ കന്യാകുമാരിജില്ലയിൽപ്പെടുന്നു.) സന്തതി കുറവായി 'പുതുവീടു്' എന്ന പേരിൽ 'തിരുമുഖസ്ഥാന'വും[1] മററുമുള്ള സമ്പന്നമായ ഒരു നായർത്തറവാടു്[2] സ്ഥിതിചെയ്യുന്നുണ്ടെന്നും, അവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന തറവാട്ടമ്മയ്ക്കു സമർത്ഥരായ ഏതാനുംപേരെ ദത്തെടുക്കണമെന്നു മോഹമുണ്ടെന്നും മററുമുള്ള വിവരം തിരുമനസ്സുകൊണ്ടറിയാനിടയായി. ആ കുടുംബംവക വസ്തുക്കളുടെ മധ്യത്തു് കുടുംബപരദേവതയായ 'കണ്ടൻ'ശാസ്താവിനെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ഗൃഹക്ഷേത്രം[3] ഇന്നും സ്ഥിതിചെയ്യുന്നുണ്ടു്. ക്ഷേത്രം വകയ്ക്കു് ഒന്നാംതരത്തിൽപ്പെട്ട ഉദ്ദേശം 50 പറ നിലവും ഒരു പുരയിടവുമാണു് കാരണവന്മാർ നീക്കിവച്ചിട്ടുള്ളതു്. കാലാകാലങ്ങളിലുള്ള ഉത്സവത്തിനും, ഊട്ടിനും പുറമേ അവിടെ നിത്യപൂജയും മുടങ്ങാതെ നട

1 കുടുംബസ്ഥിതിയും മററും യഥാവിധി പരിഗണിച്ചു് മഹാരാജാവു കല്പിച്ചു നല്കുന്ന ഒരു സ്ഥാനമാണിതു്. ദിവാൻ പേഷ്കാർ പി. ശങ്കുണ്ണിമേനോന്റെ കുടുംബത്തിനു് ആയില്യംതിരുനാൾ ഈ സ്ഥാനം നല്കീട്ടുണ്ടു്.

2. അന്നു് ലക്ഷത്തിൽപ്പരം രൂപാ വിലപിടിപ്പുള്ള സ്വത്തുക്കളാണു് ആ കുടുംബത്തിനുണ്ടായിരുന്നതു്.

3. പണ്ടു കേരളത്തിലെ മിക്ക നായർഭവനങ്ങളിലും പരദേവതയെ പ്രതിഷ്ഠിച്ചിട്ടുള്ള ഗൃഹക്ഷേത്രങ്ങൾ (തെക്കതുകൾ) ഉണ്ടായിരുന്നു. അവയോടനുബന്ധിച്ചു് ധമ്മശാലകളും, അവ നടത്താനായി പ്രത്യേക വസ്തുക്കളും ഏപ്പെടുത്തിയിരുന്നു.

ത്തിവരുന്നുണ്ടു്.* ആ കുടുംബത്തിലേക്കു ഗോവിന്ദപ്പിള്ള യേയും മററും ദത്തെടുക്കാൻ സമ്മതമാണോ എന്നു തിരു മനസ്സുകൊണ്ടു് രഹസ്യമായി തിരക്കിയപ്പോൾ അവിട ത്തെ തറവാട്ടമ്മ അതിനെ അനുകൂലിക്കുകയാണു ചെയ്തതു്. ബിരുദധാരിയും ഉദ്യോഗസ്ഥനും, സവ്വോപരി നാടുവാഴു ന്ന പൊന്നുതമ്പുരാൻതിരുമനസ്സിലെ തിരുവുള്ളത്തിനു പാത്രവുമായ ഗോവിന്ദപ്പിള്ളയെ ദത്തുപുത്രനായി കിട്ടുക അത്ര സുലഭമായ സംഗതിയാണോ? പക്ഷേ, വേമ്പനൂർ പുതുവീട്ടുകുടുംബാംഗങ്ങളിൽ പ്രമുഖരായ ചിലർ ദത്തിനു വിരോധികളായി നിന്നു ചില സാങ്കേതികതടസ്സങ്ങൾ ഉന്നയിക്കാതെയുമിരുന്നില്ല. തിരുമനസ്സിലെ ഇടപെടൽ മൂലമായിരുന്നിരിക്കണം ആ തടസ്സങ്ങളൊന്നും നില നിന്നില്ല. അങ്ങനെ 1054-ാംമാണ്ടു കന്നിമാസം 8-ാം തീയതി (1878 സെപ്തംബർ 22) അന്നത്തെ ആറാം നമ്പ്ര നീട്ടുപ്രകാരം ഗോവിന്ദപ്പിള്ളയേയും മററും ആയില്യം തിരുനാൾ യഥാവിധി വേമ്പനൂർ പുതുവീട്ടിൽ തറവാട്ട മ്മയുടെ സമ്മതപ്രകാരം ആ കുടുംബത്തിലേക്കു ദത്തുപുകി ച്ചു. ആ ദത്തുനീട്ടാണു താഴെ ഉദ്ധരിക്കുന്നതു്.

''നീണ്ടകര അധികാരത്തിൽ വേമ്പനൂരു പുതുവീ ട്ടിൽ അയ്യിപ്പിള്ള നീലമ്മപ്പിള്ള മുതൽപേക്കു ശേഷക്കാര രായിട്ടു കൊട്ടാരം സമ്പ്രതി വഞ്ചിയൂരധികാരത്തിൽ ശ്രീകണ്ഠേശ്വരത്തു കുളവറവിളാകത്തു വീട്ടിൽ പത്മനാ ഭൻ ഗോവിന്ദൻ മുതൽപേരെ ദത്തവകാശമാക്കിക്കൊള്ളാ മെന്നു സമ്മതിച്ചിരിക്കുന്നതിന്മണ്ണം അടിയറ തീപ്പിച്ചു അവകാശമാക്കിക്കൊടുപ്പിക്കണമെന്നു പത്മനാഭൻ ഗോ വിന്ദൻ ഇവിടെ സങ്കടം പറഞ്ഞ സംഗതിക്കു നാം പറ ഞ്ഞ പ്രകാരം എഴുതിച്ചെന്നു വിചാരണ ചെയ്താറെ അയ്യി പ്പിള്ള നീലമ്മപ്പിള്ള മുതലായി നാലു സ്ത്രീകളും രണ്ടു പുരുഷന്മാരും ഒള്ളതായും അവരു ഇല്ലക്കാറരും പത്മനാ ഭൻ ഗോവിന്ദൻ മുതൽപേരു സ്വരൂപക്കാററും ആകുന്ന

* ഇന്നും അവിടെ കുടുംബാംഗങ്ങൾ പന്തിരുനാഴി തുടങ്ങിയ വഴിപാടുകളും ആണ്ടുതോറും മാർകഴിമാസത്തിൽ തിരുപ്പൊഴിച്ചയും (ബ്രാഹ്മണക്കു മുടങ്ങാതെ 30 ദിവസം ഊട്ടു്) നടത്താറുണ്ടു്.

എന്നും അയ്യിപ്പിള്ള നീലമ്മപ്പിള്ളയുടെ തറവാട്ടിലേക്കു തിരുമുഖ സ്ഥാനമൊള്ളതായും ദത്തെടുത്തുകൊള്ളാമെന്നു് അയ്യിപ്പിള്ള നീലമ്മപ്പിള്ള മുതൽപേരും ദത്തുകേറുന്നതു സമ്മതമെന്നു പത്മനാഭൻ ഗോവിന്ദൻ മുതൽപേരും മേൽ പ്രകാരം ദത്തവകാശമാക്കുന്നതിൽവച്ചു വിരോധമില്ലെന്നു മച്ചമ്പിക്കാററു പിടാകക്കാററു മുതലായ ആളുകളും എഴുതിവച്ചിരിക്കുന്നതായിട്ടും അയ്യിപ്പിള്ള നീലമ്മപ്പിള്ള മുതൽപേക്കു് അടുത്ത അവകാശികളായി വേമ്പന്നൂർ പിടാകയിൽ പുത്തൻവീട്ടിൽ കണക്കു അരത്തൻ ശിവതാണുവൻ മുതൽപേരു ഉണ്ടായിരിക്കുമ്പോഠം ദത്തവകാശമാകുന്നതു സങ്കടമെന്നു് അവരു സങ്കടം പറഞ്ഞതിലേക്കു ആവലാധിക്കാററരായ അരത്തൻ ശിവതാണുവൻ മുതൽ പേരുടെ കാരണവന്മാരു 960-ാമാണ്ടിടയ്ക്കു പകുത്തു പിരിഞ്ഞു അന്യകുടുംബത്തിൽ ദത്തു പോയിരിക്കുന്നതായും അതിനാൽ അവരുടെ ആവലാധിയെ സ്വീകരിക്കാനിടയില്ലെന്നും മററും കണ്ടിരിക്കുന്ന വിവരത്തിനു വിചാരണസഹിതം ഹജ്ജൂർകച്ചേരിയിൽനിന്നും എഴുതിവന്നിരിക്കകൊണ്ടു മേലെഴുതിയ അയ്യിപ്പിള്ള നീലമ്മപ്പിള്ളയ്ക്കും അവളുടെ അനുജത്തി അയ്യിപ്പിള്ള പാവ്വതിപ്പിള്ളയ്ക്കും അവരുടെ ശേഷകാററരായ പാവ്വതിപ്പിള്ള ഈശ്വരിപ്പിള്ളയ്ക്കും അവളുടെ മകഠം ഈശ്വരിപ്പിള്ള ശിവകാമിപ്പിള്ളയ്ക്കും പാവ്വതിപ്പിള്ള ഈശ്വരിപ്പിള്ളയുടെ ഉടപ്പറന്നവൻ കണക്കു മാതേവൻ അയ്യപ്പനും അവൻെറ പേരമ്മയുടെ മകൻ കണക്കു കൃഷ്ണൻ ഗോവിന്ദനും ശേഷകാററരായിട്ടു (1) പത്മനാഭൻ ഗോവിന്ദനേയും (2) അനുജൻ പത്മനാഭൻ കൃഷ്ണനേയും ഉടപ്പിറന്നവരാകുന്ന (3) പെരുമാഠം വള്ളിയേയും (4) പെരുമാഠം കാത്ത്യായനിയേയും (5) പെരുമാഠം ഈശ്വരിയേയും (6) പെരുമാഠം ഗൗരിയേയും*

---

* പെരുമാഠം ഗൗരിയുടെ അനുജത്തി പെരുമാഠം ലക്ഷ്മി ദത്തിനു മുമ്പു് ചരമമടഞ്ഞിരുന്നു. ഇവർ തൻെറ ഭത്താവായ ഒരു തിരുമുല്പാടുമൊന്നിച്ചു് ഒരടിയന്തിരം പ്രമാണിച്ചു് 1876-ാമാണ്ടിടയ്ക്കു് (ഗോവിന്ദപ്പിള്ള അന്നു കൊട്ടാരം സമ്പ്രതിയായിരുന്നു.) വിലപിടിച്ച പല സാധനങ്ങളുമായി വള്ളംവഴി വൈക്കത്തേക്കു പോകയുണ്ടായി എന്നും

ചിററമ്മ (7) നാരായണി കല്യാണിയേയും ടിയാളുടെ മകറം (8) കല്യാണിപാൎവ്വതിയേയും ഉടപ്പുറന്നവരിൽ പെരുമാറം വള്ളിയുടെ മക്കറം (9) ഗോവിന്ദൻ കേശവനേയും (10) ഗോവിന്ദൻ വേലായുധനേയും (11) ഗോവിന്ദൻ പത്മനാഭനേയും (12) ഗോവിന്ദൻ ഗോവിന്ദനേയും (13) വള്ളി ജാനകിയേയും (14) വള്ളി ഭഗവതിയേയും പെരുമാറം കാത്ത്യായനിയുടെ മകൻ (15) ഗോവിന്ദൻ രാമനേയും പെരുമാറം ഈശ്വരിയുടെ മക്കളാകുന്ന (16) ഗോവിന്ദൻ കുമാരനേയും (17) ഗോവിന്ദൻ ഇരവിയേയും (18) ഗോവിന്ദൻ പത്മനാഭനേയും (19) ഗോവിന്ദൻ നാരായണനേയും (20) ഈശ്വരി ചിന്നയേയും പെരുമാറം ഗൗരിയുടെ മകറം (21) ഗൗരി പാൎവ്വതിയേയും വള്ളി ജാനകിയുടെ മകൻ കേശവൻ പരമേശ്വരനേയും ജാനകി നാരായണിയേയും പെരുമാറം വള്ളി മുതലായ സ്ത്രീകറം = മേലാൽ പെററുണ്ടാകുന്നതിനേയും 1054-ാമാണ്ടു കന്നിമാസം 8-ാംനു- മുതൽക്കു ദത്തവകാശമാക്കുകയിൽ അയ്യിപ്പിള്ള നീലമ്മപ്പിള്ള മുതൽപേരുടെ കടത്തിനും ധനത്തിനും പിണത്തിനും പിണ്ഡത്തിനും മൺമന പൊൻവെള്ളിവെങ്കലപാത്രം പെട്ടി ഓലപ്രമാണം കന്നുകാലി വസ്തുവക സ്ഥാനമാനം എപ്പേൎപ്പെട്ടതിനും കൂടെ ഇന്നാറം മുതൽ ആചന്ദ്രതാരമേ സന്തതിപ്രവേശമേ ഉടയനായിട്ടു നടന്നു കൊള്ളുമാറും ചെയ്തു.''

ഒന്നുനീട്ടിലെ അയ്യിപ്പിള്ള നീലമ്മപ്പിള്ളയാണു് തറവാട്ടമ്മ; 1-ാംപേരുകാരനായ പത്മനാഭൻ ഗോവിന്ദനാണു് പി. ഗോവിന്ദപ്പിള്ള; 2-ാംപേരുകാരനായ പത്മനാഭൻ കൃഷ്ണനാണു് ഗോവിന്ദപ്പിള്ളയുടെ അനുജൻ പി. കൃഷ്ണപിള്ള; 11-ാംപേരുകാരനും ഗോവിന്ദപ്പിള്ളയുടെ മൂത്ത സഹോദരിയായ 3-ാംപേരുകാരി പെരുമാറംവള്ളിയുടെ പുത്രനുമായ ഗോവിന്ദൻ പത്മനാഭനാണു് ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള; 6-ാം പേരുകാരിയും ഗോവിന്ദപ്പി

---

കായംകുളംകായലിലോ മററോ വച്ചു് എങ്ങനെയോ അപകടം സംഭവിച്ചുവെന്നും പറയപ്പെടുന്നു. വള്ളത്തിൽ യാത്രചെയ്തിരുന്നവരെപ്പററി പിന്നീടൊരു വിവരവും കിട്ടിയിട്ടില്ല.

ള്ളയുടെ നാലാമത്തെ സഹോദരിയുമായ പെരുമാറം ഗൗരിയുടെ മകളായ ഗൗരിപാർവ്വതിയുടെ മകളാണു് ഇപ്പോറം വേമ്പന്നൂർ പുതുവീട്ടിൽ താമസിക്കുന്ന ഭാഗീരഥിയമ്മയും, പരേതനായ വേമ്പന്നൂർ തങ്കപ്പൻപിള്ളയും (ഭാഗീരഥിയമ്മയുടെ ഭർത്താവാണു് പരേതനായ കാഞ്ഞിരകോട്ടു് എരിച്ചിവിളാകം കൃഷ്ണപിള്ള. ഈ ദമ്പതികളുടെ മൂത്ത പുത്രനാണു് തഹസിൽദാരായിരുന്നു പെൻഷൻപററി ഇപ്പോറം നാഗരുകോവിലിൽ താമസിക്കുന്ന ശ്രീ പി. കെ. മാധവൻനായർ. ഭാഗീരഥിയമ്മയുടെ ഒരു പുത്രി 11-ാം പേരുകാരൻെറ പുത്രനായ പി. ചന്ദ്രശേഖരൻനായരുടെ ഭാര്യയാണു്. ഈ ദമ്പതികളുടെ മൂത്ത പുത്രിയുടെ ഭർത്താവാണു് തക്കല അഡ്വക്കററായി പ്രാക്ടീസുചെയ്യുന്ന എസ്. നാരായണപിള്ള); 2-ാം പേരുകാരനും 11-ാം പേരുകാരൻെറ അനുജനുമായ ഗോവിന്ദൻ ഗോവിന്ദൻെറ ഭാര്യയും സന്താനങ്ങളുമാണു് ഇപ്പോറം ശ്രീകണ്ഠേശ്വരത്തു കുളവറവിളാകത്തുവീട്ടിൽ താമസിക്കുന്നതു്; 20-ാം പേരുകാരിയും ഗോവിന്ദപ്പിള്ളയുടെ മൂന്നാമത്തെ സഹോദരി (5-ാം പേരുകാരി) ആയ പെരുമാറം ഈശ്വരിയുടെ മകളുമായ ഈശ്വരി ചിന്നയുടെ മക്കളാണു് ഇപ്പോറം കന്യാകുമാരിജില്ലയിൽപ്പെട്ട കിള്ളിയൂരിൽ താമസിക്കുന്ന കേശവപിള്ളയും സദാശിവൻപിള്ളയും.

ആയില്യംതിരുനാറം മഹാരാജാവു മുൻകൈയെടുത്തിരുന്നില്ലെങ്കിൽ ദത്തു തീർച്ചയായും നടക്കുകയില്ലായിരുന്നു എന്ന വസ്തുത അന്നു നാട്ടുകാക്കും പരസ്യമായ ഒരു രഹസ്യമായിരുന്നു. അങ്ങനെ തിരുമനസ്സിലെ തിരുവുള്ളത്തിനു പാത്രമായിരുന്ന ഗോവിന്ദപ്പിള്ളയും, അദ്ദേഹംവഴി ശ്രീകണ്ഠേശ്വരത്തു കുളവറവിളാകത്തെ മററംഗങ്ങളും 1878-ൽ ദക്ഷിണതിരുവിതാംകൂറിലെ വമ്പിച്ച ഒരു ഭൂസ്വത്തിനു് അവകാശികളായിത്തീന്നു. ദത്തു നടത്തിയതുകൊണ്ടുമാത്രം തിരുമനസ്സുകൊണ്ടു തൃപ്തിപ്പെട്ടില്ല. വേമ്പന്നൂർ പുതുവീട്ടിലേക്കുള്ള പ്രയാണമാർഗ്ഗം അക്കാലത്തു് നിർജ്ജനവും ദുർഗ്ഗമവുമായിരുന്നു. അതിനെ സർവ്വഥാ സഞ്ചാരയോഗ്യമാക്കിത്തീർക്കണമെന്നു തിരുമനസ്സുകൊണ്ടു തീരുമാനി

ച്ചതിന്റെ ഫലമായി ഒരിക്കൽ ആ പ്രദേശം സന്ദർശിക്കാൻ അദ്ദേഹം വട്ടംകൂട്ടുകയും, വിവരം ഔദ്യോഗികമായി അറിയിക്കുകയും ചെയ്തു. ഉടനെ സർക്കാർച്ചെലവിൽ ഗതാഗതക്ഷമമായ ഒരു പൊതുനിരത്ത് അവിടെ പണിതീരുകയുണ്ടായി. മാർത്താണ്ഡവർമ്മ തുടങ്ങിയ ആഖ്യായികകൾ വഴി നാം അറിയുന്ന പഞ്ചവങ്കാട്ടിനു സമീപം സ്ഥിതിചെയ്യുന്ന ആ സ്ഥലത്ത് അങ്ങനെ ഒരു പബ്ലിക്റോഡ് ഉണ്ടാകാൻ അതുമൂലം ഇടയായി.

ഗോവിന്ദപ്പിള്ളയ്ക്ക് ആയില്യം തിരുനാളിനോടുള്ള ഭക്ത്യാദരങ്ങളും അവിടുത്തേക്കു ഗോവിന്ദപ്പിള്ളയുടെ പേരിലുള്ള സ്നേഹവിശ്വാസങ്ങളും ഉത്തരോത്തരം വർദ്ധിച്ചുവന്നു. അതിന്റെ ഫലമായി തിരുമനസ്സുകൊണ്ടു ഗോവിന്ദപ്പിള്ളയെ 1879 ആരംഭത്തിൽ വലിയകൊട്ടാരം സർവ്വാധികാര്യക്കാരായി അവരോധിക്കുകയുണ്ടായി. സർവ്വാധികാര്യക്കാർ എന്ന പദം അന്ന് എത്രയും അന്വർത്ഥമായ ഒന്നുതന്നെയായിരുന്നു. അന്നത്തെ സാമുദായികവും രാഷ്ട്രീയവും ഔദ്യോഗികവുമായ മണ്ഡലങ്ങളിൽ അനിഷേധ്യമായ സ്ഥാനമാണ് സർവ്വാധികാര്യക്കാർക്കുണ്ടായിരുന്നത്. ഇന്നത്തെപ്പോലെയുള്ള വ്യവസ്ഥാപിതഭരണം (Constitutional Government) അല്ലല്ലോ അന്നു നമ്മുടെനാട്ടിൽ നിലവിലിരുന്നത്. അസംബ്ലിയും കൗൺസിലുമൊന്നും അക്കാലത്ത് രൂപംകൊണ്ടിരുന്നില്ല.* ഏകശാസനമായ രാജശാസനം അക്ഷരംപ്രതി അനുസരിക്കുക എന്നതു മാത്രമായിരുന്നു അന്നത്തെ ഉദ്യോഗസ്ഥന്മാരുടെ കർത്തവ്യം. നിയമപരമായാലും ശരി അല്ലെങ്കിലുംശരി, പ്രധാനപ്പെട്ട ഏതു സംഗതിയിലും തീർച്ചവിധി കല്പിക്കുന്നതു മഹാരാജാവു

---

* ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ കാലത്താണ് അതായതു് 1888-ലാണ് തിരുവിതാംകൂറിൽ ആദ്യമായി ഒരു ലജിസ്ലേറ്റീവ് കൗൺസിൽ സ്ഥാപിതമായതു്. ''1064-ാമാണ്ടു ചിങ്ങമാസം 7-ാംതീയതി (21-8-1888) നിയമനിർമ്മിതിസഭയുടെ ഒന്നാമത്തെ യോഗം ഹജൂർകച്ചേരിയിൽവച്ചു നടന്നു.'' (ശ്രീരാമവർമ്മ—ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, പുറം 19). ആറുവർഷം കഴിഞ്ഞു് ശ്രീമൂലം പോപ്പുലർ അസംബ്ലി (ശ്രീമൂലം പ്രജാസഭ) രൂപംകൊണ്ടു് പ്രവർത്തനമാരംഭിച്ചു.

തന്നെയായിരുന്നു. ഒരിക്കൽ ഒരു കൊട്ടാരം തീവയ്പ്പുകേസ്സിൽ പ്രതികളെ കണ്ടുപിടിക്കാൻ നിവൃത്തിയില്ലാതെ പോലീസുദ്യോഗസ്ഥന്മാർ പരക്കം പാഞ്ഞപ്പോൾ ആയില്യംതിരുനാൾതന്നെ ഹജ്ജൂർകച്ചേരിയിൽ എഴുന്നള്ളി സിംഹാസനസ്ഥനായി കുററക്കാരെന്നു സംശയിക്കപ്പെട്ടു് അറസ്റ്റുചെയ്തിരിക്കുന്ന വ്യക്തികളെ വരിവരിയായി നിറുത്തി, രാജകീയമായ സ്വന്തം വ്യക്തിപ്രഭാവത്താൽ അവരുടെകൂട്ടത്തിൽനിന്നു ശരിയായ കുറ്റവാളികളെ കണ്ടുപിടിച്ചു് അവിടെവച്ചുതന്നെ മുക്കാലിൽക്കെട്ടി അടിപ്പിച്ചതായി കേട്ടിട്ടുണ്ടു്. അടിയുറച്ച രാജഭക്തികാരണം തിരുമുമ്പിൽ കള്ളംപറയാൻ അന്നു് എത്രയും മുഴുത്ത കുറ്റക്കാർ പോലും തുനിഞ്ഞിരുന്നില്ല. രക്ഷകനെയും ശിക്ഷകനെയും ഒന്നുപോലെ പ്രജകൾ അവരുടെ മഹാരാജാവിൽ ദർശിച്ചിരുന്ന കാലമായിരുന്നു അതു്. മഹാരാജാവിന്റെ നിതാന്തസഹചരനും സേവകപ്രമാണിയുമായ സർവ്വാധികാര്യക്കാർക്കാകട്ടെ കൊട്ടാരംവക കാര്യങ്ങളുടെ മേൽനോട്ടം മാത്രമല്ലാ പൊതുവേ രാജ്യഭരണവിഷയകമായിത്തന്നെ പലതും നിർവ്വഹിക്കാനുണ്ടായിരുന്നു.* മഹാരാജാവിനെ മുഖംകാണിക്കാൻ ചെല്ലുന്നവർ ആരുതന്നെയായാലും, എത്ര ഉന്നതവ്യക്തികളായിരുന്നാലും, അവർ ആദ്യമായി സർവ്വാധികാര്യക്കാരെ സമീപിക്കണം; അദ്ദേഹത്തിൻെറ സമയവും സൗകര്യവും പാർത്തു നില്ക്കണം. തിരുമനസ്സിലെ കല്പനകൾ ദിവാൻജിയെപ്പോലും അറിയിച്ചിരുന്നതു് സർവ്വാധികാര്യക്കാരാണു്. 1879 ഏപ്രിൽ 10-ാംതീയതി ഒരു ഡിവിഷൻപേഷ്കാരുടെ രാജി ആയില്യംതിരുനാൾ മഹാരാജാവു

* കൊച്ചിയിൽ പണ്ടു മന്ത്രിസ്ഥാനം വഹിച്ചിരുന്നതു് സർവ്വാധികാര്യക്കാർ ആയിരുന്നു. സാമൂതിരിമാരുടെ ഭരണകാലത്തു് സർവ്വാധികാര്യക്കാർ എന്ന പേരിൽ നാലു പ്രധാനമന്ത്രിമാരും, കാര്യക്കാർ എന്ന പേരിൽ ഒട്ടേറെ സാധാരണമന്ത്രിമാരും ഉണ്ടായിരുന്നു. മങ്ങാട്ടച്ചൻ ആയിരുന്നു പ്രധാനമന്ത്രിമാരിൽ പ്രമുഖൻ. തിരുവിതാംകൂറിൽ ധർമ്മരാജാവിൻെറ കാലത്തു് രാജ്യം തെക്കേമുഖം, വടക്കേമുഖം, പടിഞ്ഞാറേമുഖം എന്നിങ്ങനെ മൂന്നു റവന്യൂമേഖലകളായി വിഭജിക്കപ്പെട്ടിരുന്നു. സർവ്വാധികാര്യക്കാർ എന്ന ഉദ്യോഗസ്ഥൻെറ കീഴിലായിരുന്നു ഓരോ മേഖലയും.

സ്വീകരിച്ചതിനെപ്പററി ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ ദിവാൻജിക്ക് അയച്ച കത്തിന്റെ ശരിപ്പകപ്പാണു താഴെചേക്കുന്നതു്:

''വ്വ ൯൯൩-ാമത രായസം

ഇവിടത്തെച്ചെഷ്ടി ആവിത്തു ശങ്കുണ്ണിമേനോൻ ദിവാൻപേഷ്കാരു അയച്ചിരിക്കുന്നതായി ഇതോടുകൂടെ ഉള്ള രാജിനാമാ കല്പിച്ചു സ്വീകരിച്ചിരിക്കുന്നതാകയാൽ പേഷ്കാരിടെ വളരെക്കാലത്തെ സ്വാമിഭക്തിവിശ്വാസത്തോടുകൂടെ തൃപ്തികരമായുള്ള സർവ്വീസിനെ വിചാരിച്ചു് വരുന്ന മേടമാസം ൧-ാംനു-മുതൽ പേഷ്കാരിടെ നേരത്തോളവും ഇപ്പോഠം ഉള്ള ശമ്പളത്തിൽ ഒന്നുപാതി നാനൂറു രൂപ അടുത്തൂണായിട്ടു പതിച്ചുകൊടുക്കുന്നതിനും ഈ സാധനത്തിനു തന്നെ നേരു പകപ്പു പേഷ്കാക്കു അയക്കുന്നതിനും അവിടെ ബോധിക്കുന്നതിനായിട്ടു എഴുതി അയക്കണമെന്നും കല്പിച്ചു. ഇച്ചേതി എല്ലാം മാതേവൻപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം. ഇച്ചേതിക്കു സാധനം എഴുതിയ

൧൦൪൮-ാമാണ്ടു് പത്മനാഭൻ ഗോവിന്ദൻ(ഒപ്പു്)
മീനമാസം ൨൯-ാംനു- സർവ്വാധികാര്യക്കാർ.''

തിരുവനന്തപുരത്തു് ശ്രീകണ്ഠേശ്വരത്തുള്ള ഗോവിന്ദപ്പിള്ളയുടെ ഭവനം അക്കാലത്തു് ഒരു ശ്രീനിലയനമായിത്തന്നെ പ്രശോഭിച്ചു അവിടെ തിക്കും തിരക്കും ഒഴിഞ്ഞിരുന്നില്ല. ബന്ധുമിത്രാദികളും ഉദ്യോഗസ്ഥന്മാരും അടിക്കടി അദ്ദേഹത്തെ സന്ദശിച്ചിരുന്നു. അരിയും കോപ്പും പലഹാരമടക്കുകളും, തേവാരപ്പുരയിൽനിന്നു നിവേദ്യവും വിശേഷാൽ അടിയന്തരങ്ങഠംക്കു പ്രത്യേകം പതിവുകളും വലിയകൊട്ടാരത്തിൽനിന്നു് അദ്ദേഹത്തിനു മുറപോലെ ലഭിച്ചുകൊണ്ടിരുന്നു. ഗോവിന്ദപ്പിള്ളയുടെ ഭാഗ്യതാരം പരമമാച്ചസ്ഥാനത്തു സ്ഥിതിചെയ്ത കാലമായിരുന്നു അതു്.

ഗോവിന്ദപ്പിള്ളയ്ക്കു ബാല്യകാലംമുതല്ക്കേ മാതൃഭാഷയായ മലയാളത്തോട്ട് അതിരററ പ്രതിപത്തി തോന്നിയിരുന്നു. തന്റെ ഇംഗ്ലീഷ്‌വിദ്യാഭ്യാസം പില്ക്കാലത്ത് അദ്ദേഹത്തെ മാതൃഭാഷാവിമുഖനാക്കിയിരുന്നില്ല. തന്നിൽ അങ്കുരിതമായിരുന്ന സാഹിത്യവാസനയെ പോഷിപ്പിച്ചു കൈരളീസപര്യചെയ്യാൻ കൃത്യാന്തരബഹുളമായ ഉദ്യോഗജീവിതം അദ്ദേഹത്തിനു വേണ്ടത്ര അവസരം നല്കിയിരുന്നില്ലെങ്കിലും തദ്വിഷയകമായ ഔത്സുക്യം അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല. ഔദ്യോഗികകൃത്യങ്ങൾക്കിടയ്ക്കു് അന്തരാന്തരാ കിട്ടിയ വിശ്രാന്തവേളകൾ ആ ഭാഷാപ്രണയി പുസ്തകപാരായണത്തിനും ഗവേഷണത്തിനും ഗ്രന്ഥരചനയ്ക്കും സാഹിത്യചർച്ചയ്ക്കുമായി വിനിയോഗിച്ചുപോന്നിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പല മാസികകൾക്കും പത്രങ്ങൾക്കും അദ്ദേഹം ലേഖനങ്ങൾ അയച്ചുകൊണ്ടിരുന്നു. ഗ്രന്ഥപാരായണത്തിനും ഗവേഷണത്തിനും തിരുവനന്തപുരത്തെ വലിയകൊട്ടാരം ഗ്രന്ഥപ്പുരയും, ഗ്രന്ഥങ്ങളും മററും പ്രസിദ്ധീകരിക്കുന്നതിനു് കേരളവിലാസം അച്ചുക്കൂടവും, സാഹിത്യചർച്ചയ്ക്കു് തിരുമനസ്സിലെ ആസ്ഥാനപണ്ഡിതന്മാരായ പാച്ചുമൂത്തതു്, ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ മുതലായവരുടെ കൂട്ടുകെട്ടും ഗോവിന്ദപ്പിള്ളയ്ക്കു പ്രയോജകീഭവിച്ചിരുന്നു എന്നതും പ്രസ്താവയോഗ്യമാണു്.

വൈദുഷ്യധന്യമായ തിരുവിതാംകൂർ രാജകുടുംബത്തിലെ അംഗങ്ങളുടെ 'വിദ്യാഭ്യാസഖലൂരിക'യാണു് തിരുവനന്തപുരത്തെ വലിയകൊട്ടാരം ഗ്രന്ഥപ്പുര. അവിടെ സംസ്കൃതം, മലയാളം, ഇംഗ്ലീഷ്, തമിഴ്, ഉർദു മുതലായ ഭാഷകളിലുള്ള എല്ലാ മുദ്രിതഗ്രന്ഥങ്ങളും, അപ്രകാശിതങ്ങളും അസുലഭങ്ങളുമായ നിരവധി താളിയോലഗ്രന്ഥങ്ങളും, കൈയെഴുത്തുപ്രതികൾ, ചെപ്പേടുകൾ മുതലായവയും സംഭരിച്ചിരുന്നു. തന്റെ പഠനാലയവും വിഹാരരംഗവുമായിരുന്ന ഈ സരസ്വതീമന്ദിരത്തിന്റെ പര്യവേക്ഷകത്വം ഏറെനാൾ വഹിച്ചിരുന്നതു് കേരളവർമ്മ വലിയകോയിത്തമ്പുരാനാണു്. അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ

വെളിയിൽനിന്നു സമ്പാദിച്ചും, ദ്രവിച്ചു പൊടിയാറായവ പകർത്തിയെഴുതിച്ചും പ്രസിദ്ധീകരിച്ചും ''അതിന്റെ കാര്യകാരിതയെ പോഷിപ്പിച്ചു.''[1] ഈ ഗ്രന്ഥപ്പുരയിലുണ്ടായിരുന്ന അമൂല്യങ്ങളായ താളിയോലഗ്രന്ഥങ്ങളിൽ മിക്കവയും പില്ക്കാലത്തു് തിരുവനന്തപുരം ക്യൂറേറ്റർ ആഫീസ്മുഖേന പ്രസിദ്ധീകൃതമായി.[2] തനിക്കു സ്വാധീനമായിരുന്ന പ്രസ്തുത ഗ്രന്ഥപ്പുര ഗോവിന്ദപ്പിള്ള ശരിക്കും പ്രയോജനപ്പെടുത്തിയിരുന്നുവെന്നു് അദ്ദേഹത്തിൻെറ അനന്തരകാലചരിത്രം വ്യക്തമാക്കുന്നുണ്ടു്.

ഉത്രംതിരുനാളിന്റെ കാലത്തു് അദ്ദേഹത്തിന്റെ ആശ്രിതനായിരുന്ന ഈശ്വരപിള്ളവിചാരിപ്പുകാർ തിരുവനന്തപുരത്തു നടത്തിക്കൊണ്ടിരുന്നതാണു് 'കേരളവിലാസം' അച്ചുക്കൂടം. അതു ക്രമേണ ഗോവിന്ദപ്പിള്ളയുടെ സ്വാധീനത്തിലാവുകയും, അദ്ദേഹം ആ അച്ചുക്കൂടംവഴി 1879-ാമാണ്ടിടയ്ക്കു് ചില ഗ്രന്ഥങ്ങൾക്കുപുറമേ ഒന്നിലധികം പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയുംചെയ്തിരുന്നു. 'കേരളചന്ദ്രിക' എന്നൊരുമലയാളപത്രം 1879 മുതല്ക്കു് കുറേക്കാലം ഈ അച്ചുക്കൂടത്തിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. അതിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനുപുറമേ പല പ്രശസ്തസാഹിത്യകാരന്മാരും ലേഖനങ്ങൾ എഴുതിയിരുന്നു. ''കേസരി ഗണപതിക്കു കുറിച്ചതു് കേരളചന്ദ്രികയിലായിരുന്നു. എങ്കിലും കേരളപത്രികയിലാണു് അദ്ദേഹം സ്വച്ഛന്ദമായി വിഹരിച്ചതു്.''[3] 'കേരളചന്ദ്രിക' കൂടാതെ 'കേരള

1. ''ഭാരതചമ്പു പ്രസിദ്ധപ്പെടുത്തുന്നതിനു് കവനോദയക്കാരെ പ്രേരിപ്പിച്ചതു് കേരളവർമ്മ വലിയകോയിത്തമ്പുരാനാണു്. അതിൻെറ ആദർശമായ താളിയോലഗ്രന്ഥം തിരുവനന്തപുരം കൊട്ടാരം ഗ്രന്ഥപ്പുരയിൽ ഉണ്ടായിരുന്നു. അവിടന്നു് അതെടുത്തു കടത്തനാട്ടു് ഉദയവർമ്മതമ്പുരാനു് അയച്ചുകൊടുത്തു.'' (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 500).

2. ഈ ഗ്രന്ഥപ്പുരയിൽ ലൈബ്രേറിയനായി ഈ പുസ്തകരചയിതാവു് 1937-ലും 1938-ലുമായി ഏതാണ്ടു് രണ്ടുകൊല്ലത്തോളം ജോലിചെയ്തിരുന്നു.

3. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 442. 'കേസരി' കേരളത്തിലെ പ്രമുഖ വിനോദസാഹിത്യകാരനായ വേങ്ങയിൽ

പേട്രിയട്ട്''[1] എന്നൊരു ഇംഗ്ലീഷ് പത്രവും കുറേക്കാലത്തേക്ക് ഗോവിന്ദപ്പിള്ള കേരളവിലാസം അച്ചുക്കൂടത്തിൽനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. തന്റെ ആശ്രിതനായ ഗോവിന്ദപ്പിള്ളയുടെ സാഹിത്യവിഷയകമായ സംരംഭങ്ങൾ വിശ്രുതസാഹിത്യകാരനും സഹൃദയാഗ്രണിയുമായ ആയില്യംതിരുനാളിനെ ആനന്ദിപ്പിച്ചിരുന്നിരിക്കണമെന്നുള്ളത് നിസ്തക്ക്മാണ്. 1880–ൽ ഗോവിന്ദപ്പിള്ള 'ശ്രീവീരമാത്താണ്ഡവമ്മവിജയം' എന്ന ഒരു ആട്ടക്കഥ പാച്ചുമൂത്തതു്, ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ, കേരളവമ്മവലിയകോയിത്തമ്പുരാൻ മുതലായവരെക്കൊണ്ട് ഓരോരോ ഭാഗമായി വിരചിപ്പിച്ച് കേരളവിലാസം അച്ചുക്കൂടംവഴി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിലെ കഥാവസ്തു തിരുവിതാംകൂർ ചരിത്രത്തിൽനിന്ന് അടത്തിയെടുത്തതാണെങ്കിലും ഒരു കഥകളിക്കുവേണ്ട സംഗതികളെല്ലാം ഗോവിന്ദപ്പിള്ളതന്നെ ഗദ്യരൂപത്തിൽ എഴുതി പ്രസ്തുത കവികളെ ഏല്പിച്ചിരുന്നു. ഈ ആട്ടക്കഥയിലെ ആദ്യത്തെ മൂന്നു ശ്ലോകങ്ങൾ ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടേതാണെന്നും, അദ്ദേഹം അവ പതിനഞ്ചു മിനിട്ടുകൊണ്ടു നിമ്മിച്ചതാണെന്നും മലയാളഭാഷാചരിത്രത്തിൽ പ്രസ്താവിച്ചുകാണുന്നു.[2] എട്ടുവീട്ടിൽ പിള്ളമാരെക്കുറിച്ച് ഈ ആട്ടക്കഥയിലുള്ള ഒരു പ്രസിദ്ധപദ്യമാണ് താഴെ ചേക്കുന്നതു്:

''മാത്താണ്ഡാലയ രാമനാമകുള–
ത്തൂരും കഴക്കൂട്ടവും
വെങ്ങാനൂരഥ ചെമ്പഴന്തി കുടമൺ
പള്ളിച്ചലെന്നിങ്ങനെ

---

കുഞ്ഞിരാമൻനായനാരാണ് (1861—1915). ചെങ്കളത്തു വലിയ കുഞ്ഞിരാമൻമേനോനെൻ്റ (1858—1936) പത്രാധിപത്യത്തിൽ കാളഹസ്തിയപ്പമുതലിയാരുടെ വിദ്യാവിലാസം അച്ചുക്കൂടത്തിൽനിന്ന് 1885 മുതൽ പുറപ്പെട്ടുകൊണ്ടിരുന്ന പത്രമാണ് 'കേരളപത്രിക'.

1. ഈ പേരിൽ 1882–ൽ സി. വി. രാമൻപിള്ള ഒരു പ്രതിവാരപത്രം നടത്തിയിരുന്നു (കേ. സാ. ച.—ഉള്ളൂർ, വാല്യം 5, പുറം 1016).

2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 446.

ചൊല്ലൊണ്ടീടുമൊരെട്ടു ദിക്കിലമരും
തത്രത്യരാം പിള്ളമാ–
രൊപ്പം വിക്രമവാരിരാശികളഹോ
ചെമ്മേ വളൎന്നീടിനാർ.''

ഇലത്തൂർ രാമസ്വാമിശാസ്ത്രികരം പലപ്പോഴും ഗോവിന്ദപ്പിള്ളയുടെ വസതിയിലെത്തി അദ്ദേഹവുമായി ചതുരംഗത്തിലും നർമ്മസംഭാഷണത്തിലും സാഹിത്യചൎച്ചയിലും ഏൎപ്പെട്ടുക പതിവായിരുന്നു. മിക്കവാറും അപ്പോഴൊക്കെ രാമക്കുറുപ്പുമുൻഷിയും അവിടെ ഉണ്ടായിരിക്കും. യഥാൎത്ഥത്തിൽ അദ്ദേഹമായിരുന്നു ഗോവിന്ദപ്പിള്ളയുടെ ആത്മസുഹൃത്തു്. രസികശിരോമണിയായ രാമക്കുറുപ്പ് മലയാളസാഹിത്യലോകത്തിനു് അപരിചിതനല്ല. കൊടുങ്ങല്ലൂർ രാജാക്കന്മാരുടെ അംഗരക്ഷകന്മാരും വീരശൂരപരാക്രമികളുമായിരുന്ന കിളിക്കോട്ടുപണിക്കന്മാരാണു് കുറുപ്പിന്റെ പൂൎവ്വികന്മാർ. പണ്ടു് കിളിക്കോട്ടുകാരുടെ ഒരു ശാഖ ആലപ്പുഴ കൈതവനക്കരയിൽ പിലാമ്പറമ്പു വീട്ടിൽ വന്നു പാൎക്കുകയും, ക്രമേണ ആ ശാഖയിലുള്ളവർ തിരുവിതാംകൂർസ്വദേശികളായിത്തീരുകയും ചെയ്തു. രാമക്കുറുപ്പ് ആ ശാഖയിൽപ്പെട്ട ആളാണു്. അദ്ദേഹത്തിന്റെ ശൈശവത്തിൽത്തന്നെ മാതാപിതാക്കന്മാർ അന്തരിച്ചുപോകയാൽ മാതുലൻ പപ്പുക്കുറുപ്പിന്റെ* സംരക്ഷണയിലാണു് അദ്ദേഹം പത്തുപന്ത്രണ്ടുവയസ്സുവരെ കഴിച്ചുകൂട്ടിയതു്. 1860–ൽ മാതുലൻ നിര്യാതനായതോടെ അനന്തരവൻ അശരണനായിബ്ഭവിച്ചു. ലക്ഷ്യമററ ഒരു ജീവിതമാണു് രാമക്കുറുപ്പിനു് അതിൽപ്പിന്നീടു കുറേക്കാലം നയിക്കേണ്ടിവന്നതു്. എങ്കിലും സഹജമായ വൈജ്ഞാനികതൃഷ്ണ അദ്ദേഹത്തെ കൈവെടിഞ്ഞില്ല. സ്വപരിശ്രമംകൊണ്ടു് ആ നിസ്സഹായൻ മാതൃഭാഷയിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം സമ്പാദിച്ചു. സരസ്വതീകടാക്ഷം സിദ്ധിച്ചിരുന്നതിനാൽ കുറുപ്പ് ബാല്യത്തിലേ

* ഇദ്ദേഹം നളചരിതം വാതിൽതിറപ്പാട്ടു തുടങ്ങി ചില കൃതികരം വിരചിച്ചിട്ടുണ്ടു്. (മ. ഭാ. ച.—പി. ഗോവിന്ദപ്പിള്ള; എൻ. ബി. എസ്. പതിപ്പു്, 1956, പുറം 456).

തന്നെ കവിതയും എഴുതിയിരുന്നു. തിരുവനന്തപുരത്തു കോളേജ്‌വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കവേ, ഫലിതമയമായ അദ്ദേഹത്തിന്റെ രസനയുടെ വ്യാപാരം ഒട്ടധികം സുഹൃത്തുക്കളെ അല്പകാലംകൊണ്ടു് അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തു. ജനനാൽത്തന്നെ നയനവൈകല്യം നേരിട്ടിരുന്ന കുറുപ്പ് ആകൃതിയിലും പ്രകൃതിയിലും ഒന്നുപോലെ ഒരു അസാധാരണവ്യക്തിയായിരുന്നു. അദ്ദേഹത്തിനു് അണുമാത്രം ആദരമുള്ള ഭാഷാകവികൾ സുദുർല്ലഭമായിരുന്നു. ഭാഷാകവികളിൽ 'മനുഷ്യരാശിയുടെ പുരോഹിത'നായ[1] എഴുത്തച്ഛനെ മാത്രമാണു് അദ്ദേഹം ബഹുമാനിച്ചിരുന്നതു്. 'അഹങ്കാരപങ്കില'ന്മാരെ എതിർക്കുക എന്നതു് തൻെറ കർത്തവ്യമായിക്കരുതിപ്പോന്ന കുറുപ്പിനു് പ്രതിയോഗിയെ ഫലിതമയമായ അധിക്ഷേപാസ്ത്രങ്ങൾകൊണ്ടു് മർമ്മവേധനംചെയ്യാൻ പ്രകൃത്യാ ഒരു പാടവം സിദ്ധിച്ചിരുന്നു. ''നിശിതവും നിർഭീകവും നിരങ്കുശവും നിരനുക്രോശവുമാണു് രാമക്കുറുപ്പിൻെറ ഫലിതം'' എന്നാണു് അദ്ദേഹത്തിൻെറ ശിഷ്യന്മാരിലൊരാളായ ഉള്ളൂർ പരമേശ്വരയ്യർ പ്രസ്താവിച്ചുകാണുന്നതു്.[2] സാധാരണമായി അധികംപേർക്കു രുചിക്കാത്ത കഥകളിയോടു് കുറുപ്പിനു വലിയ പ്രതിപത്തിയുണ്ടായിരുന്നു. ഒരു നൃത്യകലയെന്ന നിലയിൽ കഥകളിയിൽനിന്നു് ഉളവാകുന്ന രസം അനിർവ്വചനീയമാണെന്നും, അഭിനയവിഷയകമായോ സംഗീതവിഷയകമായോ നാടകങ്ങൾ കഥകളിയുടെ ശതാംശംപോലും യോഗ്യത അർഹിക്കുന്നില്ലെന്നും

1. അങ്ങനെയാണു് രാമക്കുറുപ്പ് തുഞ്ചത്തെഴുത്തച്ഛനെപ്പററി പറയാറുണ്ടായിരുന്നതു്.

2. കേ. സാ. ച.—വാല്യം 5, പുറം 858. ഉള്ളൂരിനുപുറമേ, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, കണ്ടത്തിൽ വറുഗീസുമാപ്പിള, മള്ളൂർ ഗോവിന്ദപ്പിള്ള, കയ്യാലം പരമേശ്വരൻപിള്ള, ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള എന്നിങ്ങനെ സാഹിത്യലോകത്തും ഉദ്യോഗസ്ഥലോകത്തും പേരെടുത്ത അനേകം വ്യക്തികൾ രാമക്കുറുപ്പിൻെറ ശിഷ്യഗണത്തിൽപ്പെടുന്നു.

അദ്ദേഹം പ്രസ്താവിച്ചുപോന്നിരുന്ന രാമക്കുറുപ്പ് ആട്ടത്തെപ്പററി എഴുതീട്ടുള്ള പദ്യമാണു താഴെ ചേക്കുന്നതു്:

''ആട്ടത്തിൽഗ്ഗോഷ്ഠിയുണ്ടെങ്കിലുമടി തുടയിൽ-
പ്പെട്ടു പൊട്ടിപ്പുറിച്ചാ-
ലൊട്ടേറെക്കാലമായാലഭിനയവിഷയേ
ചെററു സാമത്ഥ്യമുണ്ടാം;
ചാട്ടം നോട്ടം കലാശം തിരിവൊടു ചരിവും
ഹന്ത! താളത്തിൽ വേണം
പാട്ടും കൊട്ടും നിനച്ചാടണമതിനൊടു നേ-
രാകുമോ നാടകൗഘം?''

1875 മുതൽ ഏകദേശം 23 വഷം രാമക്കുറുപ്പ് തിരുവനന്തപുരം രാജകീയമഹാപാഠശാലയിൽ മലയാളപണ്ഡിതനായിരുന്നു. ''രാമക്കുറുപ്പുമുൻഷിയുടെ ഫലിതപരിപൂണ്ണമായ ആട്ടവും പാട്ടും സായിപ്പിനു് (കോളേജ്പ്രിൻസിപ്പൽ ഡോക്ടർ മിച്ചൽധ്വര)[1] ഒരുകാലത്തു് ദുസ്സഹമായിരുന്നുവെങ്കിലും, സ്വതന്ത്രമാനസനായ ആ പണ്ഡിതശ്രേഷ്ഠനെ യാതൊരുവിധത്തിലും ശാസിക്കുന്നതിനു് സായിപ്പിനു ധൈര്യമുണ്ടായില്ല.''[2] 'കേരളീയഭാഷാശാകുന്തള'ത്തെയും (1882), 'ജാനകീപരിണയ'ത്തെയും (1888) തുടന്നു് മലയാളസാഹിത്യത്തിൽ അനുദിനം പെരുകി വന്ന ക്ഷുദ്രനാടകകൃതികൾ കണ്ടു് 'സഹികെട്ടു്' രാമക്കുറുപ്പു രചിച്ചതാണു് സുപ്രസിദ്ധമായ 'ചക്കീചങ്കരം'

1. ഡോക്ടർ എ. സി. മിച്ചൽ കഴിവുററ ഒരു വിദ്യാഭ്യാസധുരന്ധരനായിരുന്നു. ഇദ്ദേഹമാണു് തിരുവിതാംകൂറിലെ ആദ്യത്തെ 'ഡയറക്ടർ അഫ് പബ്ലിക് ഇൻസ്ട്രക്ഷൻ'.

2. കേരളപാണിനി—പി. അനന്തൻപിള്ള, എം. ഏ. പുറം 9, ''അച്ചടക്കക്കാരനായ പ്രിൻസിപ്പലിനു് മുൻഷിയുടെ താമസിച്ചുവരുന്ന പതിവു് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരുദിവസം തടഞ്ഞുനിത്തി താമസത്തിനു കാരണം ചോദിച്ചു 'മഴപെയ്തു വഴിയെല്ലാം ചെളിയായിപ്പോയി; ഒരടി മുന്നോട്ടുവയ്ക്കുമ്പോൾ രണ്ടടി പിറകോട്ടു പോകും' എന്നായിരുന്നു മറുപടി. വദ്ധിച്ച ദേഷ്യത്തോടെ സായിപ്പു് 'എന്നാൽ പിന്നെ താനിവിടെ എങ്ങനെ എത്തി?' രാമക്കുറുപ്പു് ശാന്തമായി: 'അതോ, ഞാൻ തിരിഞ്ഞുനടന്നു.' '' (മാതൃഭൂമി ആഴ്ചപ്പതിപ്പു്, 1961 ആഗസ്റ്റ് 13).

നാടകം (1893).[1] കൊള്ളരുതാത്ത നാടകങ്ങരം എഴുതുന്ന കവികളെ തല്ലാനായി 'കുംഭാണ്ഡൻ' എന്ന ശിവപാഷദനെ കവി ഈ നാടകത്തിലൂടെ പ്രവേശിപ്പിക്കുകയും, 'വിദ്യാഭ്യാസംവിനാ നാടകമിനിയെഴുതിക്കൂട്ടുമോ നിങ്ങളെല്ലാം' എന്നു ചോദിച്ചുകൊണ്ടു് കുംഭാണ്ഡൻ കവികളെ അനുധാവനംചെയ്തു് 'നാടകമിനിമേൽ എഴുതുകയില്ലെന്നു്' അവരെക്കൊണ്ടു സത്യം ചെയ്യിക്കുകയും ചെയ്യുന്നു.

''പണ്ടത്തെക്കൃതി ഭാഷയാക്കിയവരെ–
 ത്തല്ലീടുവോനല്ല ഞാൻ;
വേണ്ടുന്നോരറിവോടു നാടകമെഴു–
 ത്തായാലടിക്കില്ല ഞാൻ;
വീണ്ടും വൈദുഷിയുണ്ടു തെററുമെഴുതി–
 പ്പോയെങ്കിലും പോട്ടെടാ;
വണ്ടിക്കാളകണക്കു വന്ന കവിമ–
 ണ്ടന്മാക്കു മണ്ടയ്ക്കുടി.''

എന്നു്, 'ഒരുമാതിരി എഴുതാവുന്ന കവികളെ' കുംഭാണ്ഡൻ ആശ്വാസിപ്പിക്കുന്നുണ്ടു്. കുറുപ്പിൻെറ 'വിദ്യ' കുറിക്കു പററുകയും, അതോടെ നാടകരചനയിൽനിന്നു പല കവികളും പിന്മാറുകയുംചെയ്തു. ''ഒരു ശുദ്ധീകരണോദ്ദേശത്തോടുകൂടി എഴുതി പ്രസിദ്ധീകരിച്ച മലയാളത്തിലെ ആദ്യത്തെ പരിഹാസകൃതി ചക്കീചങ്കരമാണു്. ഗർഭത്തിലിരുന്ന പല നാടകങ്ങളെയും അതു് അലസിപ്പിച്ചു.''[2] ഭാഷാപോഷണത്തിൽ ദൃഢവ്രതനായിരുന്ന മനോരമാ പത്രാധിപർ കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ[3]

1. ഇതിൻെറ ഒരു പുതിയ പതിപ്പു് 1948–ൽ ഡോക്ടർ എസ്. കെ. നായർ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

2. മലയാളസാഹിത്യചരിത്രം—പി. കെ. പരമേശ്വരൻനായർ, പുറം 147.

3. 1881–ൽ 'കേരളമിത്രം' എന്ന പേരിൽ ഒരു വാരിക പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയ ഇദ്ദേഹം 8 സംവത്സരം കഴിഞ്ഞു് 'മലയാളമനോരമക്കമ്പെനി' സ്ഥാപിക്കുകയും, തുടൎന്നു് 1890 മുതൽ മലയാളമനോരമ ആരംഭിക്കുകയും ചെയ്തു; 1891–ൽ 'ഭാഷാപോഷിണിസഭ' ഏൎപ്പെടുത്തുകയുണ്ടായി. രാമക്കുറുപ്പിനെപ്പോലെ 'ഘടദീപ'ങ്ങളായി വൎത്തിച്ചിരുന്ന പലരെയും സാഹിത്യരംഗത്തേക്കിറക്കിയതു് ഇദ്ദേഹ

(1858—1904) നിരന്തരനിർബ്ബന്ധംകൊണ്ടാണ് താൻ അങ്ങനെയൊരു നാടകം പ്രസിദ്ധപ്പെടുത്തിയതെന്നു കുറുപ്പ് പ്രസ്താവിച്ചുകാണുന്നു. ഏതായാലും ചക്കീചങ്കരം നാടകം മാത്രമാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ തൂലിക നമുക്കു സമ്മാനിച്ചിട്ടുള്ളതു്. ''പക്ഷേ, ചക്കീചങ്കരം ഒന്നുകൊണ്ടുതന്നെ അദ്ദേഹം കേരളീയരുടെ കൃതജ്ഞതാപൂർവ്വമായ സ്മരണത്തിനു് അവകാശിയായിട്ടുണ്ടു്.''* രാമക്കുറുപ്പിന്റെ പുത്രന്മാരിലൊരാളാണ് ഡോക്ടർ ആർ. അനന്തൻപിള്ള (റിട്ടയേഡ് ഡിപ്യൂട്ടി പബ്ലിക് ഹെല്ത്ത് ഡയറക്ടർ, മദ്രാസ്).

---

മാണ്. ദപ്പവിച്ഛേദം ആട്ടക്കഥ, എബ്രായിക്കുട്ടി നാടകം, കലഹിനീദമനകം നാടകം മുതലായവയാണ് മാപ്പിളയുടെ കൃതികൾ. 'അദ്ദേഹത്തിൽനിന്നു ഭാഷാസാഹിത്യത്തിനു ലഭിച്ചിട്ടുള്ള സാഹായ്യം അനന്തവും അപരിമേയവുമാകുന്നു.' (കേ. സാ. ച. വാല്യം 4, പുറം 444).

* കേ. സാ. ച —ഉള്ളൂർ, വാല്യം 5, പുറം 854. 'ചക്കീചങ്കരം' എന്ന പേരിൽ വേറെ ഒരു കൃതികൂടി സാഹിത്യലോകത്തു പ്രചരിച്ചിട്ടുണ്ടു്. അതിന്റെ കർത്താവ് ഇരുവനാട്ട് കെ. സി. നാരായണൻനമ്പിയാരാണ്. ''അന്തവും ചന്തവുമില്ലാതെ അനേകം ഭാഷാനാടകങ്ങൾ കേരളത്തിൽ എങ്ങും തലപൊക്കിത്തുടങ്ങിയപ്പോൾ ആ ദൂഷിച്ച സാഹിത്യത്തിനു് അവസാനമുണ്ടാക്കുന്നതിനുവേണ്ടി കവി രചിച്ചതാണ് ചക്കീചങ്കരം. പുളിച്ചിങ്ങോത്തു് അമ്മുണ്ണിയമ്മ എന്ന പേരിൽ കവി അതു് 1069 കന്നിയിൽ പ്രസിദ്ധീകരിച്ച പി. രാമക്കുറുപ്പ് അതേ ഉദ്ദേശത്തോടുകൂടി ഉണ്ടാക്കിയ ചക്കീചങ്കരത്തെ തെക്കനെന്നും ഇതിനെ വടക്കനെന്നും പറഞ്ഞുവരുന്നു.'' (കേ. സാ. ച. വാല്യം 5, പുറം 723).

# 5. വിശാഖോദയവും ഗോവിന്ദപ്പിള്ളയുടെ രാജിയും

ആയില്യംതിരുനാളിന്റെ ഭരണകാലത്തിന്റെ പൂർവ്വഭാഗം തികച്ചും ശോഭനമായിരുന്നുവെങ്കിലും ഉത്തരഭാഗം അതിൽനിന്നു തുലോം വ്യത്യസ്തമായിരുന്നു. സമാധാനപരമായ അന്തരീക്ഷമല്ല ഒടുവിലൊടുവിൽ നാട്ടിൽ നിലനിന്നിരുന്നതു്. ഭരണപരമായി പല കുഴപ്പങ്ങളും നേരിട്ടു. ഇതിനു മുഖ്യകാരണം മഹാരാജാവിനും യുവരാജാവിനും തമ്മിലുണ്ടായ അകൽച്ചയായിരുന്നു. യുവരാജാവായ വിശാഖംതിരുനാൾ മഹാരാജാവായ ആയില്യംതിരുനാളിന്റെ കനിഷ്ഠസഹോദരനാണു്. ബാല്യകാലത്തു് ഒന്നിച്ചു കളിച്ചുനടന്നിരുന്ന രണ്ടുപേരും ഗുരുക്കന്മാർ അഭിന്നരായിരുന്നു. ഇംഗ്ലീഷിനു രണ്ടുപേരുടേയും മുഖ്യഗുരു മാധവരായർതന്നെയായിരുന്നെങ്കിലും അനുജന്റെ ശിഷ്യത്വം കൂടുതൽകാലം നിലനിന്നു. സംസ്കൃതത്തിലും മലയാളത്തിലും ജ്യേഷ്ഠനോളം അനുജനും പാണ്ഡിത്യം നേടി. പക്ഷേ, സംഗീതത്തിൽ അനുജൻ പിന്നോക്കമായിരുന്നു. ഇംഗ്ലീഷുഭാഷയിലാകട്ടെ അദ്ദേഹം ജ്യേഷ്ഠനേക്കാൾ കൂടുതൽ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. അങ്ങനെ പൂർവ്വികനായ സ്വാതിതിരുനാളിന്റെ സംഗീതവാസന ആയില്യംതിരുനാളിനും, ആംഗലഭാഷാവശഗത വിശാഖംതിരുനാളിനുമാണു സിദ്ധിച്ചതു്. ജ്യേഷ്ഠനൊപ്പം അനുജനും ആദ്യകാലം മുതല്ക്കേ മലയാളഭാഷാപോഷണത്തിനു്, വിശേഷിച്ചും ഗദ്യശാഖയുടെ ഉന്നമനാത്ഥം യഥാവിധി യത്നിച്ചിരുന്നു. ''മലയാളഭാഷയിൽ ഗദ്യപുസ്തകങ്ങൾ വദ്ധിപ്പിക്കുന്നതിനു് അവിടത്തേക്കു പ്രത്യേകം താല്പര്യമുണ്ടായിരുന്നു. അതിലേക്കായി 3000 രൂപ അവിടുന്നു പലിശക്കിടുകയും ആ പലിശകൊണ്ടു മലയാളപുസ്തകങ്ങൾ ഇംഗ്ലീഷിൽനിന്നും തർജ്ജിമചെയ്യുണ്ടാക്കുന്നതിലേക്കുള്ള ജോലിയും മേൽ

വിചാരവും മദ്രാസ്സിൽ 'വർണ്ണാക്കുലർ ലിററേച്ചർ സൊസൈററി' എന്ന സംഘത്തിന്മേൽ സമർപ്പിക്കുകയും ചെയ്തു. ഈ സംഘത്തിൽനിന്നു് ഇതുവരെയായിട്ടു പ്രാകൃതഭൂമിശാസ്ത്രവും, അറബിക്കഥകളിൽനിന്നു മൂന്നു കഥകളും തർജ്ജിമ ചെയ്യിപ്പിച്ചിട്ടുള്ളതല്ലാതെ മററൊരു പുസ്തകവും തർജ്ജിമ ചെയ്തതായി കാണുന്നില്ലാ. സംവത്സരം ഇരുപതിനു മേലായി കാണുന്ന സ്ഥിതിക്കു് ഇരുപതു പുസ്തകത്തിൽ കുറയാതെ കാണേണ്ടതായിരുന്നു. ദായകന്റെ ഉദ്ദേശം സാധിപ്പിക്കാത്തതിന്റെ കാരണം എന്തെന്നറിയുന്നില്ല.''[1]

മഹാരാജാവായ ആയില്യംതിരുനാളും യുവരാജാവായ വിശാഖംതിരുനാളും പരസ്പരം അന്യാദൃശമായ സൗഭ്രാത്രമാണു് ആദ്യകാലങ്ങളിൽ പുലർത്തിപ്പോന്നിരുന്നതെങ്കിലും കാലക്രമേണ പരിപന്ഥികളായി പരിണമിക്കുകയും, അവർ തമ്മിലുണ്ടായിരുന്ന അകൽച്ച അന്നത്തെ ഉദ്യോഗസ്ഥന്മാരെയും നാട്ടുപ്രമാണികളെയും രണ്ടു ചേരികളാക്കി തിരിക്കുകയും ചെയ്തിരുന്നു. ഒരുകൂട്ടർ മഹാരാജാവിന്റെ പക്ഷത്തും മറുകൂട്ടർ യുവരാജാവിന്റെ പക്ഷത്തും ചേർന്നു. മഹാരാജാവും യുവരാജാവും തമ്മിൽ പിണങ്ങുന്നതിനു കാരണഭൂതൻ ദിവാൻ മാധവരായരായിരുന്നു. യഥാക്രമം ഗുരുവും ശിഷ്യനുമായ ദിവാൻജിയും മഹാരാജാവും ആദ്യകാലത്തു് വളരെ രമ്യമായിത്തന്നെ കഴിഞ്ഞുപോന്നിരുന്നു. ഭരണവിഷയകമായ പല പരിഷ്കാരങ്ങളും അക്കാലത്താണു നാട്ടിനു സിദ്ധിച്ചതു്. തിരുവിതാംകൂറിനെ നാട്ടുരാജ്യങ്ങളുടെ മുൻപന്തിയിലെത്തിക്കാൻ അവർക്കു സാധിച്ചു. ബ്രിട്ടീഷ് ഗവണ്മെന്റ് രണ്ടുപേരുടെയും ഭരണനൈപുണ്യത്തെ ശ്ലാഘിച്ചു് മഹാരാജാവിനു് ജി. സി. എസ്. ഐ. എന്ന സ്ഥാനവും, ദിവാൻജിക്കു് കെ. സി. എസ്. ഐ. എന്ന സ്ഥാനവും നല്കുകയുണ്ടായി.[2]

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 520.

2. രാജാകേശവദാസനു (1788—1799) ശേഷം ഇന്ത്യാഗവണ്മെന്റിൽനിന്നു് ആദ്യമായി രാജാ എന്ന ബിരുദം നേടിയതു് മാധവരായരാണു്. ആയില്യംതിരുനാളിന്റെ അനുമതിയോടുകൂടി 1869—ൽ മാധവരായർ ചീഫ് എഞ്ചിനീയർ ബാർട്ടനെക്കൊണ്ടു് പണികഴി

തിരുമനസ്സിലെ ആശയങ്ങരം പ്രവൃത്തിപഥത്തിലാക്കാൻ ദിവാൻജി അന്നു വേണ്ടതൊക്കെ ചെയ്തിരുന്നു. ''തിരുവിതാംകൂറിൽ നാട്ടുഭാഷാവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ അവിടത്തേക്കു് കനിഷ്ഠസഹോദരൻ വിശാഖംതിരുനാരം ഇളയതമ്പുരാനും, കേരളവമ്മ വലിയകോയിത്തമ്പുരാനും, മന്ത്രിപുംഗവൻ മാധവരായരും ഗണനീയമായ വിധത്തിൽ സഹായം നല്കിവന്നു.''[1] പക്ഷേ, ഒടുവിൽ ആ സ്ഥിതിയൊക്കെ മാറിപ്പോയി. പല കാരണങ്ങളാലും ദിവാൻജിക്കും മഹാരാജാവിനും തമ്മിൽ തീരെ സ്വരച്ചേർച്ചയില്ലാതായി. അവർ തമ്മിലുള്ള ഗുരുശിഷ്യബന്ധം പാടേ വിപാടനംചെയ്യപ്പെട്ടു. മഹാരാജാവിനോടു് ആലോചിക്കാതെ ദിവാൻ പലതും പ്രവത്തിച്ചു. തിരുമനസ്സിലേക്കു് അതു സഹിക്കാൻ കഴിഞ്ഞില്ല. വിശാഖംതിരുനാളും, അദ്ദേഹത്തിൻെറ 'ബഹിശ്ചരപ്രാണ'നായ കേരളവമ്മ വലിയകോയിത്തമ്പുരാനും മാധവരായർ ചെയ്യുന്നതെല്ലാം ശരിവച്ചതിനുപുറമെ അദ്ദേഹത്തിൻെറ പക്ഷത്തു ചേന്നു പ്രവത്തിച്ചുതുടങ്ങുകയും ചെയ്തു. ഇവർ മൂവരും തനിക്കെതിരായി തിരുവനന്തപുരത്തു സംഘടിച്ചു് പ്രവത്തനം നടത്തിയിരുന്ന പ്രബലമായ ഒരു ഉപജാപകസംഘത്തിൻെറ നേതാക്കന്മാരാണെന്നു മഹാരാജാവു വിശ്വസിച്ചു. അദ്ദേഹത്തിൻെറ നീരസം പ്രത്യക്ഷപ്പെട്ടതോടെ മാധവരായർ ഉദ്യോഗമൊഴിഞ്ഞു. അതു് 1872 മേയ് 11-ാംതീയതിയായിരുന്നു.[2]

മാധവരായർ ഉദ്യോഗമൊഴിഞ്ഞപ്പോരം 'നാട്ടുകാരനായ ഒരു രാജ്യതന്ത്രജ്ഞൻ' (A Native Statesman) എന്ന ശീഷ്കത്തിൽ അദ്ദേഹത്തിൻെറ അപദാനങ്ങളെ പ്രകീ

---

പ്പിച്ചതാണു് നമ്മുടെ ഹജ്ജൂർകച്ചേരി. അതിൻെറ സ്മാരകമായിട്ടത്രേ അദ്ദേഹത്തിൻെറ പ്രതിമ ഇന്നും കച്ചേരിക്കു് അഭിമുഖമായി നിലകൊള്ളുന്നതു്.

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 121.

2. തിരുവിതാംകൂർ വിട്ടതിനെത്തുടന്നു് മാധവരായർ ഇൻഡോറിലെ ദിവാനായും, അനന്തരം ബറോഡാ ദിവാൻ റീജൻറായും പ്രശസ്തസേവനം അനുഷ്ഠിക്കുകയുണ്ടായി.

ത്തിച്ചുകൊണ്ടു് വിശാഖംതിരുനാൾ കല്ക്കത്താ റിവ്യൂവിൽ എഴുതിയ ഇംഗ്ലീഷുലേഖനം[1] ആയില്യംതിരുനാളിനെ വല്ലാതെ ചൊടിപ്പിച്ചു. ഇളമുറയായ വിശാഖംതിരുനാളിന്റെയോ, 'ബ്രിട്ടീഷുകാരുടെ കണ്ണിലുണ്ണി'യായ മാധവരായരുടെയോ നേർക്കു് തന്റെ കോപം ഫലിക്കുകയില്ലെന്നു് മഹാരാജാവിനു് മുമ്പുതന്നെ നിശ്ചയമുണ്ടായിരുന്നു. പിന്നെയോ, വിശാഖംതിരുനാളിനു് എല്ലാക്കാര്യത്തിനും കൂട്ടുനിന്നുപോന്ന കേരളവർമ്മ വലിയകോയിത്തമ്പുരാന്റെനേർക്കാണു് അദ്ദേഹത്തിന്റെ 'വൈരനിര്യാതനാസക്തി അതിന്റെ പ്രചണ്ഡരൂപത്തിൽ' പാഞ്ഞുചെന്നതു്. തിരുമനസ്സിലേക്കു് വലിയകോയിത്തമ്പുരാനോടു് പണ്ടുണ്ടായിരുന്ന ആ 'ഉദാത്തമായ സൗഹാർദ്ദം[2] ഉല്ക്കടമായ വിദ്വേഷമായി' രൂപംകൊണ്ടു. അതിന്റെ ഫലമായി വലിയകോയിത്തമ്പുരാൻ ബന്ധനസ്ഥനായി. മാധവരായർക്കുശേഷം ദിവാനായിരുന്ന ശേഷയ്യാശാസ്ത്രിയുടെ (1872–1877) പേരിലും മഹാരാജാവിനു് അതൃപ്തി തോന്നിയെന്നും, അതു സംബന്ധിച്ചു് വലിയകൊട്ടാരത്തിൽ നടന്ന ചില രഹസ്യാലോചനകളെപ്പററി വിവരിച്ചുകൊണ്ടു് വലിയകോയിത്തമ്പുരാൻ ശാസ്ത്രിക്കു് അയച്ച കത്തു് തൃക്കൈയിലെത്തിയെന്നും, അതു വായിച്ചു് രോഷാകുലനായിത്തീർന്ന മഹാരാജാവു് രാജദ്രോഹക്കുററം ചുമത്തി

---

1. ഇതു് അന്നത്തെ മദ്രാസ് ഗവർണ്ണറുടെയും മററും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരുന്നു. ''ഇംഗ്ലീഷിൽ അക്കാലത്തു് വിശാഖത്തിനു തുല്യനായ ഒരു പണ്ഡിതൻ ഭാരതത്തിൽ യാതൊരു രാജകുടുംബത്തിലും ജീവിച്ചിരുന്നില്ല. ഇംഗ്ലീഷുഭാഷയിൽ ഉപന്യാസരചനയ്ക്കു് തിരുമനസ്സിലേക്കു് അത്ഭുതാവഹമായ പാടവമുണ്ടായിരുന്നു.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 127.)

2. ആയില്യംതിരുനാളും വിശാഖംതിരുനാളും കേരളവർമ്മയുടെ ഉററ ചങ്ങാതികളായിട്ടാണു കഴിഞ്ഞുകൂടിയിരുന്നതു്. യുവരാജാവായിരുന്ന കാലത്തു് ആയില്യംതിരുനാൾ കേരളവർമ്മയോടു ചേർന്നു് ചാട്ടം, മറിച്ചിൽ, ഗുസ്തിപിടുത്തം മുതലായ വിനോദങ്ങളിൽ ഏർപ്പെടുക പതിവായിരുന്നു. തന്റെ 'മൃഗയാസ്മരണ'കളിൽ വലിയകോയിത്തമ്പുരാൻ ആയില്യംതിരുനാളിനെ 'ഉത്തമസുഹൃത്താ'യിട്ടാണു് പരിഗണിച്ചിട്ടുള്ളതും.

മദ്രാസ് ഗവണ്മെന്റിന്റെ അനുമതിയോടുകൂടി കേരളവർമ്മ വലിയകോയിത്തമ്പുരാനെ ബന്ധനത്തിലാക്കിയെന്നുമാണ് പറയപ്പെടുന്നത്. ഈ സംഭവം നടന്നത് 1875-ലാണ്.

ആദ്യം ആലപ്പുഴക്കൊട്ടാരത്തിലാണ് ആയില്യം തിരുനാൾ കേരളവർമ്മവലിയകോയിത്തമ്പുരാനെ പാർപ്പിച്ചിരുന്നത്, "അവിടെ താമസിക്കുമ്പോളാണ് സാഹിത്യമാർഗ്ഗത്തിൽക്കൂടി ആ ഏകശാസകനെ (ആയില്യത്തെ) ഉപസർപ്പണംചെയ്ത് കാരുണ്യപ്രാർത്ഥനമൂലം അവിടത്തെ അശ്മഹൃദയത്തെ അലിയിച്ച് ബന്ധവിമോചനം സമ്പാദിക്കാമെന്നുള്ള പ്രത്യാശയിൽ 'ക്ഷമാപണസഹസ്രം' എന്ന കരുണമയമായ കാവ്യതല്ലജം രചിച്ച് കഥാനായകൻ മഹാരാജസന്നിധിയിലേക്ക് അയച്ചുകൊടുത്തത്."[1] ചിത്രശ്ലോകങ്ങൾ, മുദ്രാശ്ലോകങ്ങൾ, ശ്ലേഷപ്രയോഗങ്ങൾ, മുതലായവകൊണ്ട് ഉടനീളം വിഭൂഷിതമാണ് ആ സംസ്കൃതകാവ്യം. "ക്ഷമാപണസഹസ്രംപോലെ ഹൃദയദ്രവീകരണചണമായ ഒരു കാവ്യം ഇതരഭാഷകളിലില്ല."[2]

"ലക്ഷ്മീം ദദ്യാദ്ദയാലുസ്സരസിജനയനഃ
കാശ്യപീവല്ലഭോ മേ
ഭക്താഭീഷ്ടപ്രദായീ വിബുധസമുദയ-
സ്തൂയമാനാപദാനഃ
നാരീണാം പ്രീതിദാതാ മദനജനയിതാ
സംശ്രിതാഹീനഭോഗോ
ദേവസ്സന്താപഹാരീ സകലസുമനസാ-
മുത്തമഃ പൂരുഷാണാം."

എന്ന അതിലെ ശ്ലേഷാലങ്കാരയുക്തമായ പ്രഥമശ്ലോകം ശ്രീപത്മനാഭനേയും മഹാരാജാവിനേയും പരാമർശിക്കുന്നു. തനിക്കു തന്റെ 'ലക്ഷ്മി'യെ തിരിയെ കിട്ടണം എന്നാണ് കവി പ്രാർത്ഥിക്കുന്നത്. ബന്ധവിമോചനത്തിനുവേണ്ടി കാമാക്ഷീദേവിയോടു പ്രാർത്ഥിച്ചുകൊണ്ട് ആയിടെ

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 399.
2. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 417.

വലിയകോയിത്തമ്പുരാൻ രചിച്ച മറെറാരു കൃതിയാണ് 'ക്ഷമാപണാഷ്ടകം'. പക്ഷേ, ഇവകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടായില്ല. സ്വഗൃഹമായ ഹരിപ്പാട്ടുകൊട്ടാരത്തിലേക്കു മാറിത്താമസിക്കാനുള്ള അനുവാദം മാത്രം അദ്ദേഹത്തിനു കിട്ടിയിരുന്നു. ഒന്നുകൊണ്ടും ബന്ധനവിമുക്തനാകുവാൻ സാധിക്കുന്നില്ലെന്നു കണ്ടു് വലിയകോയിത്തമ്പുരാൻ അനന്തരകാലത്തു് 'മനസ്സചുട്ടെഴുതിയ' മറ്റൊരു സംസ്കൃതകവിതയാണ് 'യമപ്രണാമശതകം'. ദുഷ്ടനായ രാജാവിനെ സംഗ്രഹിക്കാൻ കവി ഇതിലൂടെ പ്രാത്ഥിക്കുന്നു. ആ പ്രാത്ഥന താമസിയാതെ സാധിതപ്രായമാവുകതന്നെ ചെയ്തു. അതിനുശേഷം അതായതു് 1894–ാമാണ്ടു് താൻ സ്വതന്ത്രനായിരിക്കുമ്പോരം വലിയകോയിത്തമ്പുരാൻ രചിച്ചതാണ് മലയാളഭാഷയിലെ മനോജ്ഞകാവ്യങ്ങളിലൊന്നായ 'മയൂരസന്ദേശം.' അതിനുള്ള പ്രത്യേകത ''സ്വാനുഭൂതികൊണ്ടുള്ള സ്വാദിഷ്ഠതയത്രേ.'' കവി ഒരു മയൂരത്തെ വിരഹാത്തയായ പ്രിയതമയുടെ സന്നിധിയിലേക്കു് സന്ദേശവും കൊടുത്തു് അയയ്ക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. ''അരിപ്പാട്ടുനിന്നു തിരുവനന്തപുരത്തേക്കുള്ള മാൎഗ്ഗവിവരണത്തിന്റെ തന്മയത്വം 1053–ാമാണ്ടിടയ്ക്കാണ് ആ സന്ദേശം കവി അയച്ചിരിക്കുന്നതായി സങ്കല്പിച്ചിട്ടുള്ളതു് എന്നനുസ്മരിപ്പിച്ചു് അന്നത്തെ സ്ഥിതിഗതികരം ഗ്രഹിച്ചു വായിക്കുന്നവക്കു വിശിഷ്യാ അനുഭവവേദ്യമായിരിക്കും.'' എന്നാണ് മഹാകവി ഉള്ളൂർ ഇതിനെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്.* സന്ദേശത്തിലെ,

''ലീലാരണ്യേ വിഹഗമൃഗയാ–
ലോലനായേകദാ ഞാൻ
നീലാപാങ്ഗേ! കമപി നിഹനി–
ച്ചീടിനേൻ നീഡജത്തെ;
മാലാന്നാരാൽ മരുവുമിണയെ–
ക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ
കാതരേ! ചൊല്ലിയില്ലേ?''

* കേ. സാ. ച., ഉള്ളൂർ—വാല്യം 4, പുറം 425.

എന്ന ശ്ലോകം ''ഏതു വൈകടികൻ ഏതു നികഷോപല ത്തിൽ മാററുരച്ചുനോക്കിയാലും പത്തരമാററു തങ്കമായി ത്തന്നെ പരിലസിക്കുന്നതാണ്.''*

മാധവരായരുടേയും കേരളവമ്മ വലിയകോയിത്ത മ്പുരാൻേറയും തിരോധാനംമൂലം യുവരാജാവായ വിശാ ഖംതിരുനാറം തനിക്കു വിധേയനായിത്തീരുമെന്നാണ് മഹാരാജാവായ ആയില്യംതിരുനാറം കരുതിയതെന്നു തോന്നുന്നു. പക്ഷേ, നേരെമറിച്ചാണു സംഭവിച്ചതു്. യുവരാജാവിനു് മഹാരാജാവിനോടുണ്ടായിരുന്ന വിദ്വേ ഷാഗ്നി അതുമൂലം ആളിക്കത്തുകയാണുചെയ്തതു്. അതോ ടെ എന്തു വന്നാലും ശരി, തമ്മിൽ കാണുകയില്ലെന്ന നി ബ്ബന്ധം രണ്ടുപേരും പാലിച്ചുതുടങ്ങുകയും ചെയ്തു. രാജ സഹോദരന്മാർ തമ്മിലുണ്ടായിരുന്ന ആ വിസ്വരത നാട്ടി ലെ കുഴപ്പങ്ങറം ഒന്നിനൊന്നു വദ്ധിക്കാനിടയാക്കിയെന്നു പറയേണ്ടതില്ലല്ലോ. 1879 ആയപ്പോറം സ്ഥിതിഗതി കറം പൂവ്വാധികം മോശമായി. ഉദ്യോഗസ്ഥന്മാരിൽ പലരും മഹാരാജാവിനു് എതിരായിരുന്നു. അദ്ദേഹത്തി ൻെറ പ്രീതിവിശ്വാസങ്ങറംക്കു പാത്രമായിരുന്ന ദിവാൻ പേഷ്ക്കാർ പി ശങ്കുണ്ണിമേനോനാകട്ടെ ആയിടെ സവ്വീ സിൽനിന്നു പിരിയുകയും ചെയ്തു.

സ്വാതിതിരുനാളിൻെറ കാലത്തു് (1829—1847) പത്തുരൂപാ ശമ്പളത്തിൽ തിരുവിതാംകൂർ സക്കാർസവ്വീ സിൽ പ്രവേശിച്ച പി. ശങ്കുണ്ണിമേനോൻ സദ്ഗുണങ്ങളു ടെ വിളനിലമെന്നു പേർ സമ്പാദിക്കുകയും ക്രമേണ തിരു വിതാംകൂറിലെ ഒരു ഡിവിഷൻപേഷ്ക്കാരായിത്തീരുകയും

* ''ഭാഷാപോഷിണിയിൽ ചേക്കുവാൻ അവിടത്തെ വി യോഗകാലത്തെ അനുസ്മരിച്ച് ഒരു സന്ദേശകാവ്യം രചിക്കണമെന്നു് അദ്ദേഹം (കണ്ടത്തിൽ വറുഗീസുമാപ്പിള) തമ്പുരാനോടു് അഭ്യത്ഥിച്ച തനുസരിച്ച് കൊല്ലവഷം 1069-ൽ 48 ദിവസംകൊണ്ടു് എഴുതി ത്തീർത്ത ഒരു കാവ്യമാണ് പ്രസ്തുത സന്ദേശം.'' (പദ്യസാഹിത്യചരി ത്രം—ടി. എം. ചുമ്മാർ, പുറം 182). 'മയൂരസന്ദേശ'ത്തിൻെറ ഒരു പുതിയ പതിപ്പ് 'കേരളഹൃദയം' എന്ന പേരിൽ ഡോക്ടർ പി. കെ. നാരായണപിള്ള ഇയ്യിടെ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

ചെയ്തു. അന്നു് നാലു ഡിവിഷൻപേഷ്കാർമാരാണു് തിരുവിതാംകൂറിലുണ്ടായിരുന്നതു്. നാലുപേരും മഹാരാജാവിനെ മുഖംകാണിക്കുക പതിവായിരുന്നു. ആയില്യംതിരുനാളിനു് മേനോന്റെപേരിൽ വലിയ പ്രതിപത്തിയും വിശ്വാസവുമാണുണ്ടായതു്. എന്നാൽ മാധവരായർക്കു ശേഷം ദിവാനായിരുന്ന ശേഷയ്യാശാസ്ത്രികളും, റസിഡന്റു് ജെ. സി. ഹാന്നിംഗ്ടൺ ധ്വരയും* മേനോനെപ്പറ്റി നല്ല അഭിപ്രായം ഉണ്ടായിരുന്നില്ല. മേനോൻ സമർത്ഥനും സത്യസന്ധനുമാണെന്നു് അറിയാമായിരുന്നെങ്കിലും ആരുടെയോ ഏഷണിമൂലം അവർ സംശയദൃഷ്ടിയോടെയാണു് അദ്ദേഹത്തെ വീക്ഷിച്ചുപോന്നതു്. മഹാരാജാവിനു് മേനോന്റെപേരിലുണ്ടായിരുന്ന പ്രീതിയും വിശ്വാസവുംമൂലം അസൂയ മുഴുത്ത ചില കുബുദ്ധികൾ അദ്ദേഹത്തിനെതിരായി അപവാദം പറഞ്ഞുപരത്തിയിരുന്നു. ''ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം പരത്തുവാനാളുകളുണ്ടസംഖ്യം'' എന്നല്ലേ കവിവാക്യം. റസിഡൻറ് ഹാനിംഗ്ടൺ മേനോന്റെ 'കൊള്ളരുതായ്ക'യെപ്പറ്റി ഒരിക്കൽ മഹാരാജാവിനെ അറിയിച്ചപ്പോൾ, റസിഡൻറ്, മേനോനെ അറിയാൻ തുടങ്ങിയിട്ടു് കുറച്ചുകാലമേ ആയിട്ടുള്ളുവെന്നും, എന്നാൽ തനിക്കു മേനോനെപ്പറ്റി വളരെക്കാലത്തെ അറിവുണ്ടെന്നും അതിനാൽ അദ്ദേഹത്തിന്റെപേരിലുള്ള അപവാദങ്ങൾ താൻ വിശ്വസിക്കുന്നില്ലെന്നുമാണു് തിരുമനസ്സുകൊണ്ടു മറുപടി പറഞ്ഞതു്. മേനോനു് വയസ്സായി, അതിനാൽ പെൻഷൻ കൊടുത്തു് അയയ്ക്കണമെന്നു് ഹാനിംഗ്ടൺ മറെറാരിക്കൽ നിർബ്ബന്ധിച്ചപ്പോൾ, കൊല്ലം പേഷ്കാർ രാമരായർ അവധി എടുത്തിരിക്കുന്നതിനാൽ ആ ഡിവിഷൻ ചാർജ്ജുകൂടി താൻ മേനോനു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നായിരുന്നു മഹാരാജാവി

* അന്നു് ഇദ്ദേഹമായിരുന്നു തിരുവിതാംകൂർ-കൊച്ചി റസിഡൻറ്. ജനറൽ കല്ലനുശേഷം റസിഡൻറുമാരായിരുന്നവർ മുറയ്ക്കു് മാറംട്ട്ബി, ഫിഷർ, നീവിൽ, ഗ്രീഗർ, നീവിൽ, ബല്ലാർഡ്, മിഞ്ചിൽ, ബല്ലാർഡ് (വീണ്ടും), ബ്ല്യൂഫീൽഡ്, മേജർ ഹെ, മാക്ഗ്രീഗർ, സളിവൻ, ഹാന്നിംഗ്ടൺ എന്നിവരായിരുന്നു.

ൻെറ മറുപടി. തന്റെപേരിൽ പലരും അപവാദം പരത്തുന്നതറിഞ്ഞു് ഖേദിച്ചു് മേനോൻ തിരുമനസ്സിലേക്കു് അയച്ചഒരു കത്തിനു് അദ്ദേഹം കൊടുത്ത മറുപടിയാണു് താഴെ ചേക്കുന്നതു്:

9th April, 1877

"My dear Peishcar,

I was quite delighted with your letter and its enclosure. Be assured that you shall always have my unqualified support, kindness and protaction, as I cannot have a more truly loyal, attached and devoted servant and more faithful dependent than yourself. I have arranged with the Dewan for the continuance of the Military guard of which you had written. With best wishes,

I remain,
Yours very sincerely
Sd/- Rama Varma."[1]

1877-ൽ ദിവാൻ ശേഷയ്യാശാസ്ത്രി പെൻഷൻപററിയപ്പോറം[2] ശങ്കുണ്ണിമേനോനെ പകരം നിയമിക്കണമെന്നു മഹാരാജാവു് ഉദ്ദേശിച്ചുവെങ്കിലും, താൻ എഴുതാൻ തുടങ്ങിയിരുന്ന തിരുവിതാംകൂർചരിത്രം മുഴപ്പിക്കുന്നതിനായി തനിക്കു് അവധി തരണമെന്നു് മേനോൻ അപേക്ഷിക്കുകയാണുചെയ്തതു്. ആ ഗ്രന്ഥം മുഴുവനാക്കി തിരുമനസ്സിലേക്കു് അടിയറവച്ചിട്ടു് പെൻഷൻപററണമെന്നായിരുന്നു മേനോൻെറ ആഗ്രഹം. അചിരേണ ആ ആഗ്രഹം നിറവേറുകയും ഉടനടി അദ്ദേഹം പെൻഷൻപററുകയുംചെയ്തു.[3] പിന്നീടു് അധികംനാറം അദ്ദേഹം ജീവിച്ചിരുന്നില്ല.

---

1. ദിവാൻപേഷ്കാർ പി. ശങ്കുണ്ണിമേനോൻ—ആർ. കളത്തു അയ്യർ, പുറം 286.

2. ഇദ്ദേഹം അനന്തരം പുതുക്കോട്ടദിവാനായി നിയമിക്കപ്പെട്ടു.

3. പാച്ചുമൂത്തതിൻെറ 'തിരുവിതാംകൂർചരിത്ര'ത്തെക്കാറം കൂടതൽ പ്രാമാണികവും സമഗ്രവുമായ ഗ്രന്ഥമാണു് ശങ്കുണ്ണിമേനോൻ ഇംഗ്ലീഷിൽ വിരചിച്ചിട്ടുള്ള ഈ ചരിത്രം. അദ്ദേഹത്തിൻെറ പുത്രനായ കെ. പി. പത്മനാഭമേനോനാണു് ഇംഗ്ലീഷിലുള്ള 'കേരളചരിത്ര'ത്തിൻെറ കത്താവു്.

മേനോൻ നിര്യാതനായ വിവരം അറിഞ്ഞപ്പോൾ തിരുമനസ്സുകൊണ്ടു് കല്പിച്ചതു് ഇങ്ങനെയായിരുന്നു:

"എന്റെ യാത്രയെല്ലാം മുൻകൂട്ടി വട്ടംകൂട്ടാൻ പോകുന്നതു് ശങ്കുണ്ണിമേനോനാണു്. ഇപ്പോൾ അടുത്തിരിക്കുന്ന എന്റെ ഈ അവസാനയാത്രയ്ക്കും[1] വട്ടംകൂട്ടാനായി മേനവൻ മുൻകൂട്ടി പോയിരിക്കുന്നു." അന്നു് തിരുമനസ്സുകൊണ്ടു കല്പിച്ചതനുസരിച്ചു് ഗോവിന്ദപ്പിള്ള, മേനോന്റെ പുത്രൻ കെ. പി. ശങ്കരമേനോനു് അയച്ച കത്തിന്റെ പകർപ്പാണു താഴെ ചേർക്കുന്നതു്:

Trivandrum,<br>18th March, 1880

"My dear Sir,

I am in receipt of your note of the 14th instant. His Highness the Maharaja was very sorry when His Highness received the telegram announcing the death of your venerable father. His Highness expressed that one of the most loyal faithful and efficient public servants of the State is gone.

The petition of Kunjunni Menon was duly received and submitted and arrangements for the performance of the funeral ceremonies on the 10th of this month made though Dewan, Veloo Pillay, Peishcar's death being taken as the Precedent. I am also in due receipt of your first note to His Highness which was duly laid before His Highness. Your petition was also received. I wait for a suitable oppertunity to submit the same.

Now as a friend, I deeply sympathi-e with you on this mournful event. We must console ourselves saying that it is the well of Pro.

I am<br>Yours sincerely<br>P. Govinda Pillai."[2]

---

1. തിരുമനസ്സുകൊണ്ടു കല്പിച്ചതു് യാഥാർത്ഥ്യമായിത്തന്നെ പരിണമിച്ചു.

2. ദിവാൻ പേഷ്കാർ പി. ശങ്കുണ്ണിമേനോൻ — ആർ. കുളത്തു അയ്യർ.

ദിവാൻ പേഷ്കാർ ശങ്കുണ്ണിമേനോന്റെ തിരോധാനം ആയില്യംതിരുനാളിൽ കനത്ത പ്രത്യാഘാതമാണ് ഏല്പിച്ചതു്. എന്തെന്നാൽ അതോടുകൂടി അദ്ദേഹത്തിന്റെ പാർശ്വവർത്തികളായിരുന്ന വിശ്വസ്തസേവകന്മാരുടെ എണ്ണം അംഗുലീപരിമിതമായിത്തീർന്നിരുന്നു. ആ പരിതഃസ്ഥിതികളിലാണ് വീണ്ടും ഒരു ദിവാൻപേഷ്കാരുദ്യോഗം ഒഴിവു വന്നതു്. അതിൽ ആരെ നിയമിക്കണമെന്നായി അദ്ദേഹത്തിന്റെ ചിന്ത. ഗത്യന്തരമില്ലാതെ ഒടുവിൽ തനിക്കു് ഏററവും വിശ്വസ്തനെന്നു ബോദ്ധ്യപ്പെട്ടിരുന്ന ഗോവിന്ദപ്പിള്ളയെത്തന്നെ ആ ഒഴിവിൽ നിയമിക്കാൻ അദ്ദേഹം തീർച്ചയാക്കി. ഗോവിന്ദപ്പിള്ളയെ കൊട്ടാരത്തിൽനിന്നു് അയയ്ക്കുന്നതിനു് തിരുമനസ്സിലേക്കു് ഇഷ്ടമില്ലായിരുന്നെങ്കിലും അപ്പോഴത്തെ സ്ഥിതിക്കു് അങ്ങനെ ചെയ്യാനേ അദ്ദേഹത്തിനു നിവൃത്തിയുണ്ടായിരുന്നുള്ളു. ആ വാർത്ത കൊട്ടാരത്തിലുള്ളവരെല്ലാം അറികയും ചെയ്തു. പക്ഷേ, അതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. അതിനുമുമ്പ് തിരുമനസ്സിലേക്കു് ആലസ്യം ബാധിച്ചു. അതു കുറേനാൾ നീണ്ടുനിന്നു. അശ്മഹൃദയനായ വിശാഖംതിരുനാളിനെപ്പോലും ആർദ്രഹൃദയനാക്കിത്തീർത്തക്കവിധം ആ ആലസ്യം ഒന്നിനൊന്നു വദ്ധിച്ചുവന്നു. 1880 മേയ് 30-ാംതീയതിയോടുകൂടി അതു മൂർച്ഛാവസ്ഥയിലെത്തുകയും, അന്നുതന്നെ ആയില്യംതിരുനാൾ മഹാരാജാവു നാടുനീങ്ങുകയും ചെയ്തു.

ആയില്യംതിരുനാൾ നാടുനീങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ചേരിയിൽപ്പെട്ടവക്കു ശനിദശയും, മറുകക്ഷിയിൽപ്പെട്ടവക്കു ശുക്രദശയും ഒരേ സമയത്തേററു. തിരുമനസ്സിലെ ആത്യന്തികവിയോഗം ഗോവിന്ദപ്പിള്ളയ്ക്കു മർമ്മോപഘാതകമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. തനിക്കു ചിരപരിചിതമായ ആ വലിയകൊട്ടാരം അന്നുമുതൽ നാഥനില്ലാത്ത ഗൃഹംപോലെയാണ് അദ്ദേഹത്തിനു് അനുഭവപ്പെട്ടതു്. ഇഷ്ടജനത്തിന്റെ സാന്നിദ്ധ്യാസാന്നിദ്ധ്യത്തെ ആസ്പദമാക്കിയാണല്ലോ ഒരു വസ്തു പ്രിയ

മായോ അപ്രിയമായോ തോന്നുന്നതു്. 'ക്കുനിന്മേൽ കുരു' എന്നപോലെ, അധികം താമസിയാതെ ഗോവിന്ദപ്പിള്ളയ്ക്കുന്നല്ല, ആയില്യംതിരുനാളിന്റെ സേവകവൃന്ദത്തിനാകമാനം ആശങ്കയും സംഭ്രമവും ജനിപ്പിച്ചുകൊണ്ടു്, നീതിനിഷ്ഠനെങ്കിലും നിർദ്ദയനും, അവരുടെ പ്രതിപക്ഷകക്ഷിയുടെ നേതാവുമായ വിശാഖംതിരുനാൾ സിംഹാസനാരൂഢനാവുകയും ചെയ്തു അതോടെ ഗോവിന്ദപ്പിള്ളയുടെ സ്ഥിതി ആകപ്പാടെ പരുങ്ങലിലായി.

ആയില്യംതിരുനാളും വിശാഖംതിരുനാളും ഒരേ ഞെട്ടിൽപ്പെട്ട അനേകം പുഷ്പങ്ങളുടെ കൂട്ടത്തിൽ* അവശേഷിച്ച സജാതീയങ്ങളായ രണ്ടു പുഷ്പങ്ങളായിരുന്നെങ്കിലും രണ്ടുപേരുടെയും സ്വഭാവങ്ങൾക്കുതമ്മിൽ പൊരുത്തം കുറവായിരുന്നു. ''ആയില്യംതിരുമനസ്സുകൊണ്ടു് സകല സുഖാനുഭവങ്ങളോടുംകൂടി ഉത്സാഹമായി ദിവസംകഴിച്ചു. രാജപദവിക്കനുകൂലമായുള്ള നയങ്ങളും സമ്പ്രദായങ്ങളും അവിടത്തേക്കു വശമായിരുന്നു. തിരുമനസ്സുകൊണ്ടു് ആരെയും മുഷിപ്പിക്കാറുണ്ടായിരുന്നില്ല. ഒരാളോടു തിരുവുള്ളക്കേടുണ്ടായിരുന്നാൽപ്പോലും അതിനെ മറച്ചു ലൗകികമായി പെരുമാറുവാൻ അവിടുത്തേക്കു പാടവമുണ്ടായിരുന്നു. വിശാഖംതിരുമനസ്സിലെ സ്വഭാവം ഇതിനു നേരേ വിപരീതമായിരുന്നു. ആ തിരുമേനിയിൽ രൂഢമൂലമായിരുന്ന കർത്തവ്യബോധം പരഹൃദയത്തിൽ താൽക്കാലികമായുണ്ടാകുന്ന സന്തോഷസന്താപങ്ങളെ അശേഷം വകവച്ചില്ല. എത്ര ഇഷ്ടമുള്ള ആളിലായാലും തെറ്റു കണ്ടാൽ അവിടുന്നു കോപിക്കും. മുഖംമുറിഞ്ഞു പറവാനും, കാരണമുണ്ടാ

---

* സ്വാതിതിരുനാളിന്റെ ജ്യേഷ്ഠസഹോദരി രുക്മിണീബായിത്തമ്പുരാട്ടിയുടെ പുത്രന്മാരായ ഇവർ ആകെ 5 പേരാണുണ്ടായിരുന്നതു്—ഉത്രംതിരുനാൾ, ഉത്രാടംതിരുനാൾ, നേരത്തെ തീപ്പെട്ടുപോയ ഒരാൾ, ആയില്യംതിരുനാൾ, വിശാഖംതിരുനാൾ. ആദ്യത്തെ രണ്ടുപേർ 'മുഗ്ദ്ധബുദ്ധി'കളായിപ്പോയി; മൂന്നാമൻ ശൈശവത്തിൽ തീപ്പെട്ടു. ''തന്നിമിത്തം വിദ്യാഭ്യാസത്തിനു് ഉത്തമാധികാരികളായി അവശേഷിച്ചതു് ആയില്യം തിരുമേനിയും വിശാഖം തിരുമേനിയും മാത്രമായിരുന്നു.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 126).

യാൽ അടുത്തവനെ അകററാനും അവിടത്തേക്കു തീരെ മടിയുണ്ടായിരുന്നില്ല.''*

വിശാഖംതിരുനാൾ 1880 ജൂൺ 11–ാംതീയതിയാണു മൂപ്പേററതു്. 'ശാതബുദ്ധിയും സതതോത്ഥായി'യുമായ അവിടത്തെ ''വാഴ്ചക്കാലം പ്രജാക്ഷേമകരങ്ങളായ ഭരണപരിഷ്ക്കാരങ്ങളെക്കൊണ്ടു നിബിഡീകരിക്കുവാൻ അവിടുന്നു രാവും പകലും പണിപ്പെട്ടു.'' ഗവൺമെൻറിൻെറ എല്ലാ മണ്ഡലങ്ങളിലും ഒന്നുപോലെ അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞു. ഭരണനിപുണനായ ഇലങ്കത്തു് എൻ. നാണുപിള്ളയായിരുന്നു വിശാഖംതിരുനാൾ രാജ്യഭാരമേറേറപ്പോൾ തിരുവിതാംകൂർ ദിവാനായിരുന്നതു്.

നാഗൻ നാരായണൻ എന്നു് കൊട്ടാരംരേഖകളിൽ കാണുന്ന എൻ. നാണുപിള്ള (1827—1886) ദക്ഷിണ തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കന്യാകുമാരിഡിസ്ട്രിക്ടിലെ) പ്രസിദ്ധപ്പെട്ട നെയ്യൂർ ഇലങ്കംവീട്ടിലെ അംഗമാണു്. തിരുവനന്തപുരത്തെ ഫ്രീസ്കൂളിൽ പഠിച്ചു് അവിടത്തെ ഏററവും ഉന്നതമായ 'പ്രൊഫിഷ്യൻറ്' എന്ന ബിരുദം അദ്ദേഹം 1846–ൽ കരസ്ഥമാക്കുകയുണ്ടായി. അനന്തരം 14 രൂപ ശമ്പളത്തിൽ തിരുവനന്തപുരത്തു റസിഡൻസിയിൽ ക്ലാർക്കായി പ്രവേശിച്ച നാണുപിള്ള തൻെറ കൃത്യനിഷ്ഠയും കാര്യശേഷിയുംമൂലം അന്നത്തെ റസിഡൻറായ കല്ലൻധ്വരയുടെ പ്രീതിസമ്പാദിച്ചു് അവിടത്തെ ആഫീസ്മാനേജരാകുകയും, അദ്ദേഹത്തിൻെറ സമ്മതത്തോടെ 1860–ൽ ഡിപ്യൂട്ടി ശിരസ്തദാരായി തിരുവിതാംകൂർ ഗവണ്മെൻറ്സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു. 1866–ൽ നാണുപിള്ള, ദിവാൻ മാധവരായരുടെ ശിപാശ്പ്രകാരം ഡിവിഷൻപേഷ്ക്കാരായി നിയമിക്കപ്പെട്ടു തിരുവിതാംകൂർ ഗവണ്മെൻറിനെ ബ്രിട്ടീഷ്ഗവണ്മെൻറിൻെറ ആക്ഷേപത്തിനു പാത്രമാക്കിത്തീർത്ത, അന്നത്തെ 'ചാന്നാർലഹള'മൂലം പ്രക്ഷുബ്ധമായിരുന്ന തെക്കൻഡിവിഷൻ നിയന്ത്രിക്കാനായി ആയില്യംതിരുനാൾ മഹാരാജാവും

* ''മൂന്നു മഹാരാജാക്കന്മാർ''—സദസ്യതിലകൻ, ടി. കെ. വേലുപ്പിള്ള, പുറം 37.

മാധവരായർദിവാനുംകൂടി നാണുപിള്ളയെ അവിടത്തെ പേഷ്കാരായി നിയമിക്കുകയും, നയജ്ഞനായ അദ്ദേഹം പ്രശസ്തമാംവണ്ണം ആ ഡിവിഷൻ കൈകാര്യംചെയ്ത് പ്രജകളുടെയും പ്രജാപാലന്റെയും അഭിനന്ദനം ആർജ്ജിക്കുകയുംചെയ്തു. 1877–ൽ ശേഷയ്യാശാസ്ത്രി പെൻഷൻപറ്റി പിരിഞ്ഞപ്പോൾ ആയില്യംതിരുനാൾ തന്റെ ആശ്രിതനും വിശ്വാസപാത്രവുമായിരുന്ന നാണുപിള്ളയെ ദിവാൻജിയായി നിയമിച്ചു. പൊതുമരാമത്തുപണികളിലും ജലസേചന പദ്ധതികളിലുമാണ് പുതിയ ദിവാൻ ഹൃദ്യമായി തന്റെ ശ്രദ്ധപതിപ്പിച്ചതു്. തിരുവിതാംകൂറിൽ പോക്കുവരവു പദ്ധതി ഏർപ്പെടുത്തിയതും അനേകം ആസ്പത്രികൾ സ്ഥാപിച്ചതും മററും അദ്ദേഹത്തിന്റെ ഭരണകാലത്താണ്. റവന്യൂവരുമാനം വർദ്ധിപ്പിക്കാൻ അദ്ദേഹം കൈക്കൊണ്ട നടപടികൾ ഫലപ്രദമായിരുന്നു. തിരുവിതാംകൂറിലേയും ബ്രിട്ടീഷിന്ത്യയിലെയും പത്രങ്ങൾ മാത്രമല്ല, ഗ്രേറ്റ്ബ്രിട്ടനിൽനിന്നു പ്രസിദ്ധംചെയ്തിരുന്ന പത്രങ്ങൾപോലും നാണുപിള്ളയുടെ ഭരണശേഷിയെപ്പററി പുകഴ്ത്തിയിരുന്നു. പക്ഷേ, ആയില്യംതിരുനാൾ നാടുനീങ്ങിയതിനുശേഷം അധികകാലം ദിവാനായി തുടരാൻ അദ്ദേഹത്തിനു സാധിച്ചില്ല. വിശാഖംതിരുനാളിന് നാണുപിള്ളയെപ്പററി ആദ്യകാലങ്ങളിൽ നല്ല അഭിപ്രായമാണുണ്ടായിരുന്നതെങ്കിലും അദ്ദേഹം ആയില്യംതിരുനാളിന്റെ സേവകനായിരുന്നതിനാലോ എന്തോ താൻ മൂപ്പേറ്റതോടുകൂടി നാണുപിള്ള ഉദ്യോഗം ഒഴിയണമെന്ന ആഗ്രഹമാണ് തമ്പുരാൻ പ്രകടിപ്പിച്ചതു്. അതനുസരിച്ച് നാണുപിള്ള 1880 ഒക്ടോബർ 11–ാംതീയതി ദിവാൻപദം സ്വയം ഒഴിയുകയും പകരം വിശാഖംതിരുനാൾ തന്റെ 'മനസ്സിനിണങ്ങിയ' രാമയ്യങ്കാരെ ദിവാനായി നിയമിക്കുകയുംചെയ്തു.*

---

* നാണുപിള്ള 1886 ആഗസ്റ്റ് 13–ാംതീയതി ചരമംപ്രാപിച്ചു. ഇദ്ദേഹത്തെ 'ഉത്തമമന്ത്രിസത്തമൻ' എന്നാണ് ഗോവിന്ദപ്പിള്ള വിശേഷിപ്പിച്ചുകാണുന്നതു് (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 534). 'തിരുവിതാംകൂറിന്റെ അഭിവൃദ്ധിവിവരണം' എന്ന പേരിൽ ഒരു ബൃഹദ്ഗ്രന്ഥം നാണുപിള്ള വിരചിച്ചിരു

ആണററമ്പിററം വി. രാമയ്യങ്കാർ മദ്രാസ് ഗവ ൎമ്മെന്റിൽ രജിസ്ട്രാർ ജനറലായിരുന്നു. മാധവരായർ ദിവാൻപദം ഒഴിഞ്ഞപ്പോരം ഇദ്ദേഹത്തെ ആ ഒഴിവിൽ നിയമിക്കണമെന്ന് അന്നു യുവരാജാവായിരുന്ന വിശാ ഖംതിരുനാരം ആയില്യംതിരുനാളിനോട്ട് ആവശ്യപ്പെട്ട വെങ്കിലും അദ്ദേഹം അതിന്നു വഴങ്ങാതെ ശേഷയ്യാശാസ്ത്രി യെയാണ് ദിവാനായി നിയമിച്ചതു്. ശേഷയ്യാശാസ്ത്രി പെൻഷൻപററിയപ്പോഴും രാമയ്യങ്കാരെ നിയമിക്കാൻ ആയില്യംതിരുനാരം തയ്യാറായില്ല. ഏതായാലും വിശാ ഖംതിരുനാളിന്നു് താൻ മൂപ്പേററപ്പോരം തന്റെ ഇഷ്ടാനു സരണം രാമയ്യങ്കാരെ ദിവാൻജിയായി നിയമിക്കാൻ സാധിച്ചു.

സമൎത്ഥനായ ദിവാൻ രാമയ്യങ്കാരുമായി ആലോചി ച്ച് വിശാഖംതിരുനാരം തന്റെ ഭരണകാലത്തു് തിരുവി താംകൂറിൽ പല പരിഷ്കാരങ്ങളും കൈവരുത്തുകയുണ്ടായി. പോലീസ്സൈന്യത്തെ പുനസ്സംഘടിപ്പിക്കുകയും, പോ ലീസിന്റെയും നീതിന്യായനിൎവ്വഹണത്തിന്റെയും പ്രവ ൎത്തനങ്ങരം വെവ്വേറാക്കുകയും ചെയ്യതു് അക്കാലത്താണ്. കൊച്ചിയുമായുള്ള അതിൎത്തിത്തൎക്കം തിരുവിതാംകൂറിന്നു ഗുണകരമായി അവസാനിപ്പിച്ചതും, വൎക്കല തുരപ്പിന്റെ (രണ്ടാമത്തേതു്) പണി പൂൎത്തിയാക്കിയതും, വെള്ളോല പ്രമാണങ്ങരംക്കു് കരണപ്പിഴ നിറുത്തലാക്കിയതും, സ്റ്റാമ്പു റഗുലേഷൻ ഏൎപ്പെടുത്തിയതും, പാവപ്പെട്ട ജനലക്ഷങ്ങരം ക്കുവേണ്ടി തിരുവിതാംകൂറിൽ മരച്ചീനി (കപ്പ) വൻതോ തിൽ കൃഷിചെയ്യിച്ചുതുടങ്ങിയതും, പ്രവൎത്തനം നിലച്ചു പോയിരുന്ന ടെക്സ്റ്റ്ബുക്കുകമ്മററി പുനരുദ്ധരിച്ചതും മറ്റും വിശാഖംതിരുനാളിന്റെ തെരുതെരെയുള്ള പരിഷ്കാരങ്ങ

നുവെന്നും, അതു പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് അദ്ദേഹം ചരമംപ്രാ പിച്ചുപോയി എന്നും അദ്ദേഹത്തിന്റെ ഭാഗിനേയനായ ശ്രീ കെ. ആർ. ഇലങ്കത്തു് പ്രസിദ്ധപ്പെടുത്തീട്ടുള്ള 'ദിവാൻ നാണുപിള്ള' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചുകാണുന്നു.

ളിൽപ്പെട്ടന്നു,* വിദ്യാവിഷയകമായ കാര്യങ്ങളിലും പണ്ഡിതന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നതിലും മറ്റും വിശാഖംതിരുനാളിനുണ്ടായിരുന്ന താൽപര്യം ആയില്യംതിരുനാളിൻേറതിനോടു തുല്യമോ അതിലും ഒരുപടി കൂടുതലോ ആയിരുന്നു. ഭാഷാപോഷണാൎത്ഥം ആയില്യംതിരുനാറം കൈക്കൊണ്ടിരുന്ന യത്നങ്ങളെ പൂരിപ്പിച്ചതും വിശാഖംതിരുനാളാണെന്നു പറയാം.

യുവരാജാവായിരുന്നകാലത്തു് വിശാഖംതിരുനാറം പല ഇംഗ്ലീഷുപുസ്തകങ്ങളും മലയാളത്തിലേക്കു വിവൎത്തനംചെയ്തിരുന്നു. അവയിലൊന്നാണു് മിസ്സസ് ഗ്ലാഡ്സ്റ്റൺ വിരചിച്ചിട്ടുള്ള 'ദി മാനേജ്മെൻ്റ് ഓഫ് സിക്ക്ഹോം' എന്ന ഗ്രന്ഥത്തിൻെറ പരിഭാഷയായ 'ദീനസംരക്ഷണം', മാണ്ഡറുടെ 'ട്രഷറി ഓഫ് ബയോഗ്രഫി' എന്ന ഗ്രന്ഥത്തിൽനിന്നു് അലക്സാണ്ടർ, ആൽഫ്രഡ്, ആക്കിമിഡീസ്, അരിസ്റ്റോട്ടിൽ, ബേക്കൺ എന്നു് അഞ്ചു മഹാന്മാരുടെ ചരിത്രം യുവരാജാവായിരുന്ന കാലത്തു് വിശാഖംതിരുനാറം പരിഭാഷപ്പെടുത്തിയിരുന്നു. മഹാരാജാവായതിൽപ്പിന്നീടു് അദ്ദേഹം ആ പരിഭാഷ ഒരു തിരുവെഴുത്തോടുകൂടി കേരളവൎമ്മ വലിയകോയിത്തമ്പുരാന്നു് അയച്ചുകൊടുക്കുകയുണ്ടായി. അതിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

---

* ''രാമവൎമ്മ വിശാഖംതിരുനാറം (1880—1885) ഭരണത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ ശ്രദ്ധിക്കുകയുണ്ടായി. പോലീസ്സൈന്യത്തെ പുനഃസംഘടിപ്പിച്ചതായിരുന്നു അദ്ദേഹത്തിൻെറ പരിഷ്കാരങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു്. പോലീസിൻെറയും നീതിന്യായനിൎവ്വഹണത്തിൻെറയും പ്രവൎത്തനങ്ങറം അദ്ദേഹം വെവ്വേറെ ആക്കി. സമ്പൂൎണ്ണമായ ഒരു ഭൂസൎവ്വേയും കണ്ടെഴുത്തും 1883 മേയിലെ രാജകീയവിളംബരംമൂലം പ്രസിദ്ധപ്പെടുത്തി. ദുൎവ്വഹമായ പല നികുതികളും റദ്ദാക്കി. കാൎഷികപ്രശ്നങ്ങറം സംഘടിപ്പിക്കുകയും, കരകൗശലപ്രവൎത്തനങ്ങറംക്കു പ്രോത്സാഹനം നല്കുകയും ചെയ്തു. വിദ്യാഭ്യാസസ്ഥാപനങ്ങറംക്കു ധനസഹായം നല്കയാൽ പ്രാഥമികവിദ്യാഭ്യാസത്തിനു വലിയ പുരോഗതിയുണ്ടായി. നാഞ്ചിനാട്ടെ ജലസേചനപദ്ധതി വികസിപ്പിച്ചു മെച്ചപ്പെടുത്തി ''
(കേരളചരിത്രം—ഏ. ശ്രീധരമേനോൻ, പുറം 417).

‘‘ഏതാനും വൎഷങ്ങൾക്കു മുമ്പിൽ മഹാന്മാരും സൽഗുണശാലികളുമായി എല്ലാക്കാലങ്ങളിലും എല്ലാ ദേശങ്ങളിലും ഉണ്ടായിരുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും സംക്ഷിപ്തങ്ങളായ ചരിത്രവിവരണങ്ങളെ മാണ്ഡർ ഇംഗ്ലീഷിൽ എഴുതീട്ടുള്ള ‘മഹച്ചരിതഭാണ്ഡാഗാരം’ എന്ന പുസ്തകത്തിൽനിന്നും മലയാളത്തിൽ സംഗ്രഹിച്ചെഴുതിയുണ്ടാക്കുന്നതിനു ഞാൻ ഉദ്യമിച്ചു. അപ്രകാരം ഒരു പുസ്തകം നമ്മുടെ പള്ളിക്കൂടങ്ങളിൽ പാഠത്തിനായി ഉപയോഗിക്കപ്പെട്ടാൽ നന്മയുടെയും മഹിമയുടെയും ദൃഷ്ടാന്തങ്ങളെ കാണിച്ചുകൊടുക്കുന്നതുകൊണ്ടു് നമ്മുടെ യുവജനങ്ങൾക്കു സ്വഭാവസിദ്ധമായി മനസ്സിലുണ്ടായിരിക്കാവുന്ന ശ്രേഷ്ഠങ്ങളും ധൎമ്മ്യങ്ങളുമായ വിചാരങ്ങളുടെ അങ്കുരങ്ങളെ പോഷിപ്പിക്കയാകുന്ന ഒരു വിശിഷ്ടഫലം സദാചാരപൎയ്യവസായിയായി ജനിക്കാനിടയുണ്ടെന്നു് എനിക്കു തോന്നി. എന്നാൽ എന്റെ ദേഹത്തിന്റെ അസ്വാസ്ഥ്യവും* മററു സംഗതികളും ഈ ഉദ്യമത്തിനു തക്കതായ അഭിവൃദ്ധിയുണ്ടാകുന്നതിൽ പ്രതിബന്ധകങ്ങളായിത്തീൎന്നു. ഞാൻ ആദ്യമായി എഴുതിയ ഏതാനും നക്കലുകളെ മാതിരി കാണിക്കാനായി ഇതോടുകൂടി അയക്കുന്നു. ഈ ഉദ്യമത്തെ തുടൎച്ചയായി നടത്തി സഫലമാക്കുന്നതിനു് അവിടെ ഏതെങ്കിലും മാൎഗ്ഗം ആലോചിച്ചാൽ കൊള്ളാം. അവിടെത്തന്നെ വഴി കാണിച്ചുകൊടുത്തും മേൽവിചാരം ഭരിച്ചും ബുദ്ധിയുള്ള ഒരു യുവാവിനെക്കൊണ്ടു് ഈ പ്രവൃത്തി നടത്തിക്കാൻ കഴിയുന്നതാണു്. ഇതു ശരിയായും വിവേ

* ‘‘വിശാഖംതിരുനാൾ രാമവൎമ്മമഹാരാജാവു് 1012-ാമാണ്ടു് ഇടവമാസം 8-ാംതീയതി ജനിച്ചു. അവിടുന്നു് രുക്മിണീബായി തമ്പുരാട്ടിയുടേയും പാലിയക്കര രാമവൎമ്മകോയിത്തമ്പുരാന്റേയും കനിഷ്ഠപുത്രനായിരുന്നു. ആ കൊല്ലം കൎക്കടകം 3-ാംതീയതി മാതാവു പരഗതിയെ പ്രാപിച്ചു. പണ്ഡിതനായ പിതാവു് ആ കുമാരന്റെ പോഷണത്തിൽ പ്രത്യേകം ശ്രദ്ധ പ്രകടിപ്പിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നു് അവിടത്തേക്കു ശൈശവംമുതല്ക്കുതന്നെ ഉണ്ടായിരുന്ന ശരീരദൌൎബ്ബല്യമായിരുന്നു.’’ —കേ. സാ. ച. വാല്യം 4, പുറം 125

കപൂർവ്വമായും നിവ്വഹിക്കപ്പെട്ടാൽ അപരിമിതമായ പ്രയോജനമുള്ളതായിരിക്കും.''

ഈ നിർദ്ദേശമനുസരിച്ച കേരളവമ്മ വലിയ കോയിത്തമ്പുരാൻ വേറെ ഒമ്പതുപേരുടെ ചരിത്രം കൂട്ടിച്ചേർത്തു് 'മഹച്ചരിതസംഗ്രഹം' എന്ന പേരിൽ വിശാഖംതിരുനാളിൻെറ പ്രസ്തുത പരിഭാഷ 1881–ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അനന്തരകാലത്തു് അതായതു് 1895–ൽ ആകെ 107 പേരുടെ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടു് അദ്ദേഹം ഗവമ്മെൻറ് ബുക്കു് കമ്മിററി പ്രസിഡണ്ടു് എന്ന നിലയിൽ 'മഹച്ചരിതസംഗ്രഹം' വീണ്ടും പ്രസിദ്ധപ്പെടുത്തി. അങ്ങനെ ഇന്നു മലയാളസാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠമായിരിക്കുന്ന 'മഹച്ചരിതസംഗ്രഹം' എന്ന ഗദ്യഗ്രന്ഥം വിശാഖംതിരുനാളിൻെറ 'മഹച്ചരിതഭാണ്ഡാഗാര'പരിഭാഷയിൽനിന്നു രൂപംകൊണ്ടതാണു്. മലയാളജീവചരിത്രസാഹിത്യത്തിൽ പ്രഥമമായ യത്നം ഇതാണെന്നു പറയാം. വിശാഖംതിരുനാൾ വെറും പദാനുപദതജ്ജമ ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെയുള്ള തജ്ജമ അരോചകമായ ഒരു സമ്പ്രദായമാണു് എന്ന അഭിപ്രായമത്രേ അദ്ദേഹത്തിനു് ഉണ്ടായിരുന്നതു്* ഇടയ്ക്കിടയ്ക്കു കാളിദാസാദികവീശ്വരന്മാരുടെയും മററും സൂക്തികൾ അവരുടെ കാവ്യങ്ങളുമായുള്ള നിത്യപരിചയംനിമിത്തം തമ്പുരാൻ സന്ദർഭോചിതം തൻെറ ഗ്രന്ഥത്തിൽ ഉദ്ധരിക്കുക പതിവായിരുന്നു. ആൽഫ്രഡിനെപ്പററിയുള്ള ഉപന്യാസത്തിൽനിന്നു് ഒരു ഭാഗം ഉദാഹരണാത്ഥം താഴെ ചേക്കുന്നു:

''....ഇപ്രകാരം സമുദ്രത്തിലും കരയ്ക്കും ആയിട്ടു താൻ കൂടിച്ചെന്നു അൻപത്താറു യുദ്ധങ്ങളെ ചെയ്തു് ശത്രുക്കളിൽ ഭയത്തെ ജനിപ്പിക്കയും രാജ്യത്തിനു ശാന്തസ്ഥിതിയെ ഉണ്ടാക്കുകയും ചെയ്തു. എന്നാൽ ആല്ഫ്രെ്ഡിൻെറ യുദ്ധ

* ഈ അഭിപ്രായംതന്നെയാണു് പില്ക്കാലത്തു് വിശ്വസാഹിത്യകാരനായ ജവഹർലാല് നെഹ്റുവിനും ഉണ്ടായിരുന്നതു്. ''നിങ്ങൾ വാക്കു മറക്കുകയും അതിൻെറ ജീവൻ ഇതരഭാഷയിലേക്കു് തജ്ജമചെയ്യുകയും വേണം'' എന്നാണു് നെഹ്റു വിവത്തകന്മാരെ ഉപദേശിച്ചതു്.

വിജയങ്ങരം അദ്ദേഹം രാജ്യത്തിലേക്കു ചെയ്ത ഉപകാരങ്ങളെ അപേക്ഷിച്ച് ഏററവും തുച്ഛങ്ങരം എന്നു തന്നെ പറയാം. അദ്ദേഹത്തിൻെറ രാജ്യഭാരത്തിൻെറ നിഷ്പക്ഷകൊണ്ടു ചൗര്യം എന്നുള്ളതു ശ്രുതമായിരുന്നു. രാജമാൎഗ്ഗങ്ങളിൽ സ്വൎണ്ണകങ്കണങ്ങളെ കെട്ടി തൂക്കിയിരുന്നു എന്നും അവയെ ആരും സ്പൃശിക്കപോലും ചെയ്തിട്ടില്ലെന്നും ഐതിഹ്യം ഉണ്ടു്.

> വാതോപി നാസ്രംസ യദംശുകാനി
> കോ ലംബയേ ദാഹരണായ ഹസ്തം

എന്നു രഘുവംശത്തിൽ കാൎത്തവീൎയ്യാൎജ്ജുനനെ ഉദ്ദേശിച്ചു കാളിദാസർ പറഞ്ഞിട്ടുള്ളതു് ആൽഫ്രെഡ്ഡിനു യോജിക്കുന്നതാകുന്നു. വൈദികപ്രധാനികരം, സ്ഥാനികന്മാർ, നഗരപ്രധാനികരം മുതലായവർ കൂടിയുള്ള അദ്ദേഹത്തിൻെറ ആലോചനസഭാ വൎഷംതോറും രണ്ടുതവണ ലണ്ഡൻ, ആക്സ്ഫോർഡ്, ഗ്ലൂസ്റ്റർ ഇതിൽ ഒരു സ്ഥലത്തിൽകൂടി രാജ്യഭാരത്തിൻെറ പരിഷ്കാരത്തിനു വേണ്ട കാൎയ്യങ്ങളെ ആലോചിച്ചു നിശ്ചയിക്കാറുണ്ടായിരുന്നു.... അദ്ദേഹം ഇരുപത്തിനാലു മണിക്കൂറായ ഒരു അഹോരാത്രത്തെ മൂന്നു സമഭാഗമായി വിഭജിച്ചു് ഒന്നിനെ ദൈവസേവയ്ക്കും, ഒന്നിനെ രാജ്യയോഗക്ഷേമത്തിന്റെ അന്വേഷണത്തിനും, ഒന്നിനെ വിശ്രമവിഹാരാദികരംക്കും ആയിട്ടു് ഉപയോഗിച്ചു. 'വിഭജ്യ നക്തന്ദിവമസ്തതന്ദ്രിണാ' എന്നുള്ള കിരാതാൎജ്ജുനീയശ്ലോകത്തെ ഇവിടെ ഉപയോഗപ്പെടുത്താം.''*

മലയാളഭാഷയിൽ ഇന്നു പ്രചുരപ്രചാരത്തിലുള്ള 'അക്ബർ' എന്ന ആഖ്യായിക, വിശാഖംതിരുനാളിന്റെ ഉപദേശപ്രകാരമാണു് കേരളവൎമ്മ വലിയകോയിത്തമ്പുരാൻ ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയതു്. അതി

---

* മഹച്ചരിതസംഗ്രഹം—പുറം 31. (1895-ൽ തിരുവനന്തപുരം സൎക്കാർ അച്ചുക്കൂടത്തിൽ മുദ്രണംചെയ്തതു്.) 'കിരാതാൎജ്ജുനീയം' സംസ്കൃതത്തിലെ പഞ്ചമഹാകാവ്യങ്ങളിൽ ഒന്നാണു്. എ. ഡി. 6-ാം നൂററാണ്ടിൻെറ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്ന ഭാരവിയാണു് ഇതിൻെറ കൎത്താവു്. 'ഭാരവേരൎത്ഥഗൗരവം' (അൎത്ഥഗൗരവം തികഞ്ഞ കൃതിയാണു് കിരാതാൎജ്ജുനീയം).

ന്റെ മൂലം 1872-ൽ ഡോക്ടർ വാൻലിംബർഗ്ഗ് ബ്രൌവർ ഡച്ചുഭാഷയിൽ വിരചിച്ച ഗ്രന്ഥമാണു്. അതു് 1877-ൽ ജർമ്മൻഭാഷയിലും, 1879-ൽ ഇംഗ്ലീഷിലും വിവർത്തനം ചെയ്യപ്പെട്ടു. ഇംഗ്ലീഷ് പരിഭാഷ വായിച്ചിട്ടു വിശാഖം തിരുനാൾ മഹാരാജാവു് ഒരു തിരുവെഴുത്തോടുകൂടി അതു് 1880-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്നു് അയച്ചു കൊടുക്കുകയുണ്ടായി. ആ എഴുത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

''ഇതോടുകൂടി അയക്കുന്ന അക്ബർ എന്ന പുസ്തകം ഇൻഡ്യയിലെ ഒരാഖ്യായികയാണു്. ആ മഹാനായ അക്ബർ ചക്രവർത്തിയുടെ* സ്വഭാവം ഈ കഥയിൽ എത്രയും സരസമായി വിവരിക്കപ്പെട്ടിട്ടുണ്ടു്. ഞാൻ അക്കാലത്തു ജീവിച്ചിരിക്കയും അദ്ദേഹത്തിന്റെ സന്നിധിയിൽ ഒരുദിവസമെങ്കിലും കഴിച്ചുകൂട്ടുകയും ചെയ്തില്ലല്ലോ എന്നു് എനിക്കു വ്യസനം തോന്നത്തക്കവണ്ണം അതു് എത്രയും ഹൃദയംഗമമായും ശ്രേഷ്ഠമായും ഇരിക്കുന്നു. മഹച്ചരിതസംഗ്രഹത്തിൽ അക്ബറുടെ ചരിത്രത്തെ ചേർത്തിട്ടില്ലെങ്കിൽ ഇൻഡ്യാചരിത്രത്തിൽനിന്നും അദ്ദേഹത്തിന്റെ ചരിത്രത്തെ സംബന്ധിച്ച സംഗതികളേയും ഈ പുസ്തകത്തിൽനിന്നും അദ്ദേഹത്തിന്റെ സ്വഭാവത്തെയും പ്രതിപാദിച്ചു് അതിനോടുകൂടി ചേർക്കേണ്ടതാണു്. ഈ ആഖ്യായിക മുഴുവനും തന്നെ ഭാഷാന്തരീകരിക്കത്തക്ക യോഗ്യതയുള്ളതാകുന്നു.''

ഈ കത്തനുസരിച്ചു കേരളവർമ്മ വലിയകോയിത്തമ്പുരാൻ പരിഭാഷപ്പെടുത്തിയതാണു്, മലയാളത്തിൽ പല നോവലുകൾക്കും മാതൃകയായിത്തീർന്നിട്ടുള്ള 'അക്ബർ'

---

* നമ്മുടെ മുഗൾചക്രവർത്തിമാരിൽ പ്രമുഖനായ അക്ബർ (1542—1605) ഹുമയൂണിന്റെ പുത്രനാണു്. ശത്രുഭയംമൂലം പിതാവു് സകുടുംബം പലായനംചെയ്തപ്പോൾ മാർഗ്ഗമദ്ധ്യേ അക്ബർ ഭൂജാതനായി. 14-ാമത്തെ വയസ്സിൽ അദ്ദേഹം രാജാവായിത്തീർന്ന രാജധർമ്മം ശരിക്കറിഞ്ഞു് പ്രവൃത്തിപഥത്തിലാക്കിയ അക്ബർ ഹിന്ദു-മുസ്ലീം മൈത്രിക്കുവേണ്ടി നിതരാം യത്നിച്ച ഒരു മഹാനാണു്.

(1894)[1] ഇതിലെ നായകൻ സിദ്ധരാമനും, നായിക ഇന്ദുവതിയുമാണു്. ചന്തുമേനോന്റെ[2] (1847–1899) 'ഇന്ദുലേഖ'യ്ക്കും (1889), സി. വി. രാമൻപിള്ളയുടെ[3] (1858–1922) 'മാർത്താണ്ഡവർമ്മ'യ്ക്കും (1891) കിട്ടിയ പ്രചാരം 'അക്ബർക്കു്'' കിട്ടുകയുണ്ടായില്ല. കാരണം വ്യക്തമാണല്ലോ. ''അസ്തപർവ്വതനിതംബത്തെ അഭിമുഖീകരിച്ചു ലംബമാനമായ അംബുജബന്ധുബിംബത്തിൽനിന്നും അംബരമദ്ധ്യത്തിൽ വിസൃമരങ്ങളായി ബന്ധൂകബന്ധുരങ്ങളായ കിരണകന്ദളങ്ങൾ ബദരീനാഥക്ഷേത്രത്തിന്റെയും ഹിമാലയമഹാഗിരിയുടെ തുംഗകളായ ശൃംഗപരമ്പരകളുടേയും അദഭ്രശുഭ്രകളായ ഹിമസംഹതികളിൽ പ്രതി

---

1. ഇതു് 1894–ലാണു് പ്രസിദ്ധീകൃതമായതെങ്കിലും ''ഞാൻ ഇതിനായി ഉദ്യോഗിച്ചിട്ടു് ഇപ്പോൾ 12 കൊല്ലത്തോളം ആയിരിക്കുന്നു'' എന്നു് ഇതിന്റെ അവതാരികയിൽ വലിയകോയിത്തമ്പുരാൻ പ്രസ്താവിച്ചുകാണുന്നു. ഇപ്പോൾ നിലവിലിരിക്കുന്നതു് സാഹിത്യപ്രവർത്തകസഹകരണസംഘം 1965-ൽ പ്രസിദ്ധപ്പെടുത്തിയ പതിപ്പാണു്. ഈ ആഖ്യായികയെ ഉപജീവിച്ചു് വി. എസ്. ആൻഡ്രൂ ഒരു സംഗീതനാടകം വിരചിച്ചിട്ടുണ്ടു്.

2. കോടതിഗുമസ്തനായി സർക്കാർസർവ്വീസിൽ പ്രവേശിച്ച ഒ. ചന്തുമേനോൻ തന്റെ സ്വഭാവനൈർമ്മല്യവും നീതിനിഷ്ഠയുംമൂലം പടിപടിയായി ഉയർന്നു് ഒടുവിൽ സബ്ജഡ്ജിയായി. 1898–ൽ ബ്രിട്ടീഷ്ഗവൺമെന്റ് ഇദ്ദേഹത്തിനു് റാവുബഹദൂർ എന്ന സ്ഥാനം നല്കുകയുണ്ടായി. ഇന്ദുലേഖയും ശാരദയുമാണു് ഇദ്ദേഹത്തിന്റെ മുഖ്യകൃതികൾ. താൻ ജീവിച്ചിരുന്ന കാലത്തെ സാമൂഹ്യവും സാംസ്കാരികവുമായ സ്ഥിതിഗതികളെ വിശകലനംചെയ്തു് തന്റെ കൃതികളിൽക്കൂടെ ഇദ്ദേഹം സാമൂഹ്യപരിഷ്കരണത്തിനു് ജനങ്ങൾക്കു് ഉത്തേജനം നല്കുകയുണ്ടായി.

3. മാർത്താണ്ഡവർമ്മ, ധർമ്മരാജാ തുടങ്ങിയ ചരിത്രാഖ്യായികകളും, കുറുപ്പില്ലാക്കളരി, പണ്ടത്തെപ്പാച്ചൻ മുതലായ പ്രഹസനങ്ങളുമാണു് ഇദ്ദേഹത്തിന്റെ കൃതികൾ. ബി. ഏ. പാസ്സായിട്ടു് ഹൈക്കോടതിയിൽ ഒരു ചെറിയ ഉദ്യോഗത്തിൽ പ്രവേശിച്ച ഇദ്ദേഹം അച്ചുക്കൂടം സൂപ്രണ്ടായിരിക്കെ പെൻഷൻപററി. പ്രതിഭാവിലാസംകൊണ്ടും പാത്രനിർമ്മാണചാതുരികൊണ്ടും അനുഗൃഹീതമായ വാഗ്വൈഭവംകൊണ്ടും മലയാളസാഹിത്യത്തിനു് സി. വി. നേടിക്കൊടുത്ത ഈടുവെപ്പുകൾ കാലത്തിന്റെ കൈകൾക്കു് മൂടിവെക്കുവാനോ, ദൂരെ വലിച്ചെറിയുവാനോ സാദ്ധ്യമല്ല.'' —എൻ. ഗോപാലപിള്ള.

ബിംബിച്ച പ്രകാശിച്ച'' എന്നിങ്ങനെയുള്ള സംസ്കൃതബഹുലവും സങ്കീണ്ണവുമായ ഭാഷാശൈലി സാധാരണക്കാരായ വായനക്കാക്ക് അരോചകമായിത്തോന്നിയേക്കാം.* നേരേമറിച്ച് ചന്തുമേനോൻെറ ഭാഷ ''അകൃത്രിമലളിതവും ലൗകികവ്യവഹാരത്തോട നന്നേ അടുത്തതും'' ആകുന്നു. സി. വി. രാമൻപിള്ളയുടെ ഗദ്യം ''സാമാന്യന്മാരായ വായനക്കാരുടെ മസ്തിഷ്കശക്തിയെ പരീക്ഷിക്കുന്നതാണെങ്കിലും'' ഭാവനാകുബേരനായ അദ്ദേഹത്തിൻെറ പാത്രസൃഷ്ടിചാതുര്യവും മററും എല്ലാപേരേയും എക്കാലവും ആകർഷിച്ചുപോരുന്നു.

സചേതസ്സും ഭാഷാപ്രണയിയുമായിരുന്ന വിശാഖം തിരുനാളിൻെറ പ്രീതിക്കു പാത്രമായിരുന്ന കവികളുടെയും പണ്ഡിതന്മാരുടെയും കൂട്ടത്തിൽ ഇലത്തൂർ രാമസ്വാമിശാസ്ത്രീകരം, പി. രാമക്കുറുപ്പ് (വിശാഖംതിരുനാരം യുവരാജാവായിരുന്നകാലത്ത് രാമക്കുറുപ്പ് അദ്ദേഹത്തെ സമീപിച്ചു തൻെറ വചോവിലാസത്താൽ തൃക്കൈയിൽനിന്ന് ഒരു സുവണ്ണാംഗുലീയം സമ്മാനംവാങ്ങിയിരുന്നു) എന്നിവക്കു പുറമേ കെ. ചിദംബരവാദ്ധ്യാർ, ടി. ഗണപതിശാസ്ത്രി, വെളുത്തേരി കേശവൻവൈദ്യൻ എന്നിവർ ഉരംപ്പെടുന്നു.

തിരുവനന്തപുരത്തു കരമന കെ. ചിദംബരവാദ്ധ്യാർ വിദ്യാത്ഥിയായിരുന്നകാലത്തുതന്നെ, ഷേക്സ്പീയർ കഥകളിൽ ലാംബ് എഴുതീട്ടുള്ള 'ഇഷ്ടംപോലെ' (As You Like It) എന്ന കഥ 'കാമാക്ഷീചരിതം' എന്ന പേരിൽ 1882-ൽ മലയാളത്തിലേക്കു വിവത്തനംചെയ്തിരുന്നു. അന്നുമുതൽ അദ്ദേഹം പല മഹാന്മാരുടെയും ശ്രദ്ധ

---

* 'അക്ബർ' നവീകരിച്ച് ഡോക്ടർ പി. കെ. നാരായണപിള്ള ഇയ്യിടെ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതിൻെറ മുഖവുരയിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: ''അക്ബറെപ്പോലെ വിശിഷ്ടമായ ഒരു കൃതി മലയാളവായനക്കാക്ക് നഷ്ടപ്രായമായിത്തീരുന്നതു് ഒരിക്കലും ആശാസ്യമല്ലല്ലോ. അതിനാൽ ഈ കൃതി സാധാരണക്കാക്കു കൂടുതൽ സുഗമവും ആസ്വാദ്യവും ആക്കിത്തീക്കുന്നതു് ഒരു കത്തവ്യമായി ഗണിച്ചുകൊണ്ടാണു് ഇതു നവീകരിക്കാൻ ഞാൻ ഉദ്യമിച്ചതു്.''

യിൽപെട്ടിരുന്നു. സംസ്കൃതം ഐച്ഛികമെടുത്തു ബി. ഏ. പാസ്സായ വാദ്ധ്യാർ കൊല്ലത്തും കോട്ടയത്തും ഡിവിഷൻ ശിരസ്തദാരായിരുന്നതിൽ പിന്നീടു കുറേക്കാലം ഹജൂരാഫീസിൽ ഹെഡ് ട്രാൻസ്ലേറ്ററുമായിരുന്നു. ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കു ഗദ്യഗ്രന്ഥങ്ങൾ തർജ്ജമചെയ്തു കാണാൻ ആഗ്രഹിച്ചിരുന്ന വിശാഖംതിരുനാളിന്റെയും, കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും മററും പ്രീതിക്കു പാത്രമായിരുന്ന വാദ്ധ്യാർ സർക്കാർ പാഠ്യപുസ്തക കമ്മിറ്റിയിൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ വിവർത്തനകൃതികളുടെകൂട്ടത്തിൽ വർഷകാലകഥ (Winter's Tale), സിംഹളനാദൻ (Cymbeline), ശരീരരക്ഷ (Sanitary Primer) മുതലായവ ഉൾപ്പെടുന്നു. 'ശരീരരക്ഷ' ദിവാൻ രാമയ്യങ്കാരുടെ ആജ്ഞയനുസരിച്ച് ഇംഗ്ലീഷിൽനിന്നു വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥമാണ്. ഭാഷാരാമായണചമ്പു ആദ്യമായി പ്രസിദ്ധീകരിച്ചതു് വാദ്ധ്യാരായിരുന്നു. സ്വാതിതിരുനാൾസംഗീതകൃതികളുടെ പ്രകാശനത്തിലും അദ്ദേഹം മുൻകൈയെടുത്തിരുന്നു.

ററി. ഗണപതിശാസ്ത്രി തിരുനൽവേലി സ്വദേശിയാണ്. ബാല്യത്തിൽ നിസ്സ്വനും നിസ്സഹായനുമായിരുന്ന അദ്ദേഹം സ്വപരിശ്രമംകൊണ്ടാണ് വിദ്യാഭ്യാസം നടത്തി പ്രശസ്തനായ ഒരു സംസ്കൃതപണ്ഡിതനായിത്തീന്നതു്. ആദ്യം തിരുവിതാംകൂർ ഹൈക്കോടതിയിൽ ഗുമസ്തനായി പ്രവേശിച്ച ശാസ്ത്രി അനന്തരകാലത്തു തിരുവനന്തപുരം സംസ്കൃതമഹാപാഠശാലയിൽ ഉപാദ്ധ്യായനായും പിന്നീട് അതിന്റെ പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. 1909-ൽ തിരുവനന്തപുരത്തു മാനുസ്ക്രിപ്റ്റ് ലൈബ്രറി (ഹസ്തലിഖിതഗ്രന്ഥശാല) സ്ഥാപിതമായപ്പോൾ അദ്ദേഹം അതിന്റെ ക്യൂറേറ്ററായി നിയമിക്കപ്പെട്ടു. അക്കാലത്തു ശാസ്ത്രി പ്രാചീനങ്ങളായ അനേകം അമൂല്യഗ്രന്ഥങ്ങൾ നിപുണമായി പരിശോധിച്ചു പണ്ഡിതോചിതമായ അവതാരികയോടുകൂടി പ്രസിദ്ധപ്പെടുത്തിയിരുന്നു. ഭാസന്റേതെന്നു പറയപ്പെടുന്ന പല നാടകങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ശാസ്ത്രിയുടെ പാണ്ഡി

ത്യം നേരിട്ടു മനസ്സിലാക്കി വിശാഖംതിരുനാറം അദ്ദേഹത്തിനു രത്നഖചിതമായ ഒരു മോതിരം സമ്മാനിക്കുകയുണ്ടായി. ജർമ്മനിയിലെ ട്യൂബിൻജൻ സർവ്വകലാശാലയിൽനിന്നു പി. എച്ച്. ഡി. ബിരുദവും, ലണ്ടൻ റോയൽ ഏഷ്യാററിക് സൊസൈററി മെമ്പർസ്ഥാനവും, വെയിൽസ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ചപ്പോറം അദ്ദേഹത്തിന്റെ പക്കൽനിന്നു് ഒരു കീർത്തിമുദ്രയും ശാസ്ത്രീക്കു ലഭിച്ചിരുന്നു. തുലാപുരുഷദാനകാവ്യം, സേതുയാത്രാവർണ്ണനം, മാധവീവസന്തീയം നാടകം, ഭാരതാനുവർണ്ണനം മുതലായവയാണു് ശാസ്ത്രീയുടെ കൃതികറം. ''ഏതു പ്രകാരത്തിൽ നോക്കിയാലും അദ്ദേഹം ക്യൂറേറ്ററായിരുന്നകാലത്തു ചെയ്തിട്ടുള്ള സംസ്കൃതസേവനം ആക്കും പുളകോൽഗമകാരിയായി, അന്യാദൃശമായ തേജസ്സോടുകൂടി എവിടെയും എല്ലാക്കാലത്തും പരിലസിക്കും. അത്തരത്തിലുള്ള ഒരു വിദ്യാവല്ലഭനെ ആ സേവനത്തിനു കിട്ടിയതു തിരുവിതാംകൂറിന്റെ ഭാഗ്യാതിരേകം കൊണ്ടുതന്നെയാണു്.''[1]

തിരുവനന്തപുരത്തു മണക്കാട്ടു് വെളുത്തേരി എന്ന കുടുംബത്തിലെ അംഗമാണു് കേശവൻവൈദ്യൻ. ഇദ്ദേഹത്തിന്റെ മുഖ്യഗുരു കുമ്മമ്പള്ളി രാമൻപിള്ള ആശാനാകുന്നു.[2] വൈദ്യൻ 'കുവലയാനന്ദം' തർജ്ജമചെയ്തു് 'അർത്ഥാ

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 5, പുറം 948.

2. തട്ടപുരയ്ക്കൽ ആശാൻ എന്ന പേരിൽ അറിയപ്പെടുന്ന ഇദ്ദേഹം (1845—1911) ''ഒരു കവി എന്നതിനെക്കാളധികം ഒരു സംസ്കൃതാദ്ധ്യാപകൻ എന്ന നിലയിലാണു് കേരളീയരുടെ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിട്ടുള്ളതു്.'' ശ്രീനാരായണഗുരുസ്വാമികളും (1856—1928) ഇദ്ദേഹത്തോടു കുറേക്കാലം സംസ്കൃതം പഠിക്കുകയുണ്ടായി. പ്രബോധചന്ദ്രോദയം ഭാഷാനാടകം, സുഭദ്രാഹരണം ഓട്ടന്തുള്ളൽ, കാദംബരീകഥാസാരം എന്നിവയാണു് ആശാന്റെ പ്രധാനകൃതികറം. ഗോവിന്ദപ്പിള്ള മലയാളഭാഷാചരിത്രം ഉണ്ടാക്കുന്ന വിവരം അറിഞ്ഞു് ആശാൻ അദ്ദേഹത്തിനു് അയച്ചുകൊടുത്ത രണ്ടു ശ്ലോകങ്ങറം താഴെ ചേർക്കുന്നു:

''ശ്രീമാനാശ്ലേഷജാതൻ നരപതിമകുടീഹീരനീരാജിതാംഘ്രീ—
രാമക്ഷോണീപതീന്ദ്രൻ ഗുണഗണമമിതം കണ്ടു സർവ്വാധികാരം
സാമോദം നല്കിയപ്പോറം നിജഭരണഗുണംകൊണ്ടു സന്തോഷമേകി—
ധീമാനിപ്പോറം ജനാനാമുപകൃതിപരനായ് ഭാതി ഗോവിന്ദനാമാ.''

ലങ്കാരം' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിലെ ചില ഉദാഹരണങ്ങളിൽ വിശാഖംതിരുനാളിന്റെ നാമധേയംകൂടി ഘടിപ്പിച്ചിരുന്നു. അർത്ഥാലങ്കാരത്തിലെ:

''വിശാഖക്ഷിതിനാഥൻെറ
വിഭ്രാജത്കീർത്തിമണ്ഡലം
അന്നത്തരുണിയെന്നോണം
ചെന്നെത്തുന്നു ഭൃഗംഗയിൽ''

എന്ന ശ്ലോകം ആ ഇനത്തിൽപ്പെടുന്നു. ഇതു് ഉപമാലങ്കാരത്തിനുള്ള ഉദാഹരണമാണു്. പണ്ഡിതപ്രിയനായ തമ്പുരാൻ വൈദ്യനെ വരുത്തി സംഭാഷണംനടത്തുകയും അദ്ദേഹത്തിൻെറ പാണ്ഡിത്യം നേരിട്ടു മനസ്സിലാക്കി ഒരു വീരശൃംഖല സമ്മാനിക്കുകയുമുണ്ടായി. തമ്പുരാൻെറ ഉപദേശപ്രകാരം വൈദ്യൻ അനന്തരകാലത്തു് അഷ്ടാംഗഹൃദയം പഠിക്കുകയും, അതിനുശേഷം കൊട്ടാരംവൈദ്യനായി നിയമിതനാവുകയുംചെയ്തു. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം നിരവധി കൃതികൾ വിരചിച്ചിട്ടുണ്ടു്. ബാലിസുഗ്രീവസംഭവം വഞ്ചിപ്പാട്ടു്, തിലോത്തമാവിജയം ആട്ടക്കഥ, പ്രസന്നരാഘവം നാടകം മുതലായവയാണു് അദ്ദേഹത്തിൻെറ ഭാഷാകൃതികൾ. അതിമനോഹരവും സുദീർഘവുമായ 'ബാലിസുഗ്രീവസംഭവം' വഞ്ചിപ്പാട്ടാണു് വൈദ്യൻെറ മുഖ്യകൃതി. അതിൽനിന്നു് ഒരു ഭാഗം താഴെച്ചേർക്കുന്നു:

''ഒരുത്തനെ പ്രഭുവായുമൊരുത്തനെബ്ഭൃത്യനായു-
മൊരുത്തനെസ്സർവ്വത്തിനും കർത്തനായും
പിറപ്പിച്ചു വളർത്തിസ്സംഹരിപ്പതും നീയല്ലയോ
മറപ്പൊരുളായതും നീ മതിയിലോർത്താൽ.

*　　　*　　　*

---

''കേരളഭാഷാചരിതം
ജയതി സദാ സുജനഭൂഷണാചരിതം
വിദ്വൽകീർത്തിപരീതം
ഗോവിന്ദകൃതം സതാമപി പരീതം.'' —മ. ഭാ. ച., എൻ. ബി. എസ്. പതിപ്പു്, 1956, പുറം 505.

എറുമ്പിൽത്തൊട്ടെണ്ണീക്കൂടാത്തുള്ള ജീവജാലങ്ങൾക്ക
പരൻപൂരുഷനാം ഭവാൻ പരമതാതൻ
ഹരൻതിരുവടിതാനും കരിമ്പുവില്ലൻ പിതാവും
നിരന്തനായീട്ടും നീയും നിനസ്സിലൊന്നേ.
അണ്ഡമിണ്ഡമെണ്ടും നിറഞ്ഞഖിലാണ്ഡവും കവിഞ്ഞു
തിങ്ങിവിങ്ങി വിളങ്ങീടും ഭഗവാനേ! നീ
ഇന്ദ്രിയമാനസശ്വാസസന്ദമനവിശ്രുദ്ധരാ—
മുന്നതയോഗികളുടെ ഹൃന്നളിനത്തിൽ
സാന്ദ്രമോദം പള്ളികൊണ്ടു സവ്വസിദ്ധികളും നല്കും
കാന്ദിശീകപരിത്രാണപരനേ! പോററി!''

മൂപ്പേററതിനുശേഷം വിശാഖംതിരുനാൾ ആദ്യമായി ചെയ്തതു് ആയില്യംതിരുനാളിൻെറ 'ദുശ്ചേഷ്ടിത'ങ്ങളിൽ അദ്ദേഹത്തിനു് അരു നിന്നിരുന്നവരെന്നു തനിക്കു തോന്നിയ ഉദ്യോഗസ്ഥന്മാരെയും സേവകന്മാരെയും തിരിഞ്ഞു തിരിഞ്ഞു് അകററുക എന്നതായിരുന്നു. അങ്ങനെ, വിശാഖംതിരുനാൾ രാജ്യഭാരമേറ്റതോടെ ആയില്യംതിരുനാളിൻെറ പ്രീതിയും വിശ്വാസവുമാർജ്ജിച്ചിരുന്ന പ്രമുഖരായ പല ഉദ്യോഗസ്ഥന്മാരും ഓരോരുത്തരായി പുറംതള്ളപ്പെട്ടു. രാജാകേശവദാസൻെറ* ദൗഹിത്രീപുത്രനും ബാല്യംമുതല്ക്കേ ആയില്യംതിരുനാളിൻെറ പ്രീതിക്കു

---

* രാജാകേശവദാസൻ (കേശവപിള്ള) അഥവാ വലിയ ദിവാൻജി (1788—1799) തിരുവിതാംകൂറിൽ ദിവാൻ എന്ന ഔദ്യോഗികനാമം സ്വീകരിച്ച ആദ്യത്തെ പ്രധാനമന്ത്രിയാണു്. 1795—ൽ തിരുവിതാംകൂറും ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പെനിയുമായി ചെയ്ത ഉടമ്പടിക്കു കൂടിയാലോചന നടത്തിയതും, കൃഷിയുടെയും വ്യവസായത്തിൻെറയും വികസനത്തിനു് പ്രത്യേകപദ്ധതികൾ ഏപ്പെടുത്തിയതും, വിഴിഞ്ഞം ഒരു ചെറിയ തുറമുഖമായി വികസിപ്പിച്ചതും, ആലപ്പുഴത്തുറമുഖം നിർമ്മിച്ചതും രാജാകേശവദാസനാണു്. ''മൈസൂർ ആക്രമണങ്ങളുടെ കാലത്തു് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പെനിയുമായും അയൽരാജ്യങ്ങളുമായും സങ്കീർണ്ണമായ പ്രശ്നങ്ങളിൽ കൂടിയാലോചനകൾ നടത്തേണ്ടിവന്നിട്ടുള്ളപ്പോഴെല്ലാം അദ്ദേഹം രാജ്യതന്ത്രജ്ഞനെന്നും നയകോവിദനെന്നുമുള്ള നിലയിൽ അസാധാരണമായ കഴിവുകൾ പ്രകടിപ്പിക്കുകയുണ്ടായി.'' —കേരളചരിത്രം; ഏ. ശ്രീധരമേനോൻ, പുറം 360.

പാത്രവുമായിരുന്ന ജനപ്പുരക്കാര്യക്കാർ നങ്കക്കോയിക്കൽ കേശവൻതമ്പിയുടെ സുവർണ്ണകാലം ഒന്നോടെ അസ്തമിച്ചു. ദിവാൻ നാണപ്പിള്ള ഉൾപ്പെടെ ചിലർ സ്വയമേവ സ്ഥാനം ഒഴിഞ്ഞു. അന്നത്തെ സ്ഥിതിയെപ്പററി സി.വി. രാമൻപിള്ളയുടെ 'പ്രേമാമൃത'ത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു:

> ''....ഒരു വൈശാഖശക്തി ഇളകി പ്രകാശിക്കുമ്പോൾ ഈവക ദുഷ്ടജന്തുക്കൾ ഹതന്മാരാകുന്നു. ആ കാലത്തെ രാജമഹിമ എങ്ങനെ പ്രത്യക്ഷപ്പെട്ടുവന്നു എന്നാൽ, തിരുവിതാംകൂർ ഗവണ്മെൻറു ഗസററിൽ 'മ. രാ. രാ. അനന്തകൃഷ്ണൻ പഞ്ചാപകേശൻ അവർകളെ കല്പനപ്രകാരം ചേർത്തല ദിവാൻപേഷ്കാരായി നിയമിച്ചിരിക്കുന്നു' എന്നു കാണുന്ന മാത്രയിൽ, നേരിട്ടുള്ള ഉത്തരവു കിട്ടാൻ പാക്കാതെ, (അതുവരെ) ആ സ്ഥലത്തെ സർവ്വസമ്രാട്ടായിരുന്ന പ്രതാപൻ അട്ടത്തുൺ എന്തെന്നുപോലും അന്വേഷിക്കാതെ, സ്വന്തം ഭാണ്ഡം കെട്ടി ഭവനം ചേർന്നുകൊള്ളേണ്ടതായിരുന്നു.''

ഗോവിന്ദപ്പിള്ളയുടെപേരിൽ വിശാഖംതിരുനാളിനു് വിശ്വാസവും പ്രീതിയും കുറഞ്ഞിരുന്നുവെങ്കിലും അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു പിരിച്ചയയ്ക്കുവാൻ തമ്പുരാൻ തയ്യാറായില്ല. പക്ഷേ, ഗോവിന്ദപ്പിള്ള വിശാഖംതിരുനാളിൻെറ 'നോട്ടപ്പുള്ളി'യായിത്തന്നെ കഴിഞ്ഞു. ബുദ്ധിമാനായ ഗോവിന്ദപ്പിള്ള അതു മനസ്സിലാക്കാതിരുന്നുമില്ല. പലപ്പോഴും തിരുമനസ്സിലെ നിശിതവിമർശനങ്ങൾക്കു് അദ്ദേഹം ശരവ്യനായിത്തീർന്നു. നാടുനീങ്ങിയ മഹാരാജാവിൻെറ അടുത്ത ആശ്രിതനെന്ന നിലയിൽ ഗോവിന്ദപ്പിള്ളയോടു വിശാഖംതിരുനാളിനു് അപ്രീതിക്കുള്ള കാരണങ്ങൾ, രാജസഹോദരന്മാർ തമ്മിൽ ദീർഘകാലം നിലനിന്ന ബദ്ധവൈരത്തിനിടയ്ക്കു് സ്വാഭാവികമായും കൂടെക്കൂടെ സംജാതമായിക്കൊണ്ടിരുന്നു. ആയില്യംതിരുനാളിൻെറ ചരമകാലത്തുണ്ടായ ഒരു സംഭവമാണു് ഗോവിന്ദ-

പ്പിള്ളയുടെപേരിൽ വിശാഖംതിരുനാളിന്റെ വിപ്രതിപത്തി വദ്ധിക്കാനിടയാക്കിയതെന്നു പറയപ്പെടുന്നു. തമ്മിൽ കാണുകയില്ലെന്നു ദൃഢപ്രതിജ്ഞചെയ്തിരുന്നുവെങ്കിലും, ജ്യേഷ്ഠൻ ആസന്നമരണനായിബ്ഭവിച്ചപ്പോൾ ഒരു അന്തശ്ചോദനയ്ക്കു വശംവദനായി അനുജൻ അദ്ദേഹത്തെ കാണാനായി പെട്ടെന്നു കൊട്ടാരത്തിൽ ചെല്ലുകയുണ്ടായി. കല്പനയില്ലാതെ ആരെയും അകത്തു കടത്തിവിടരുതെന്ന രാജാജ്ഞ പാലിക്കാനായി അപ്പോൾ ഗോവിന്ദപ്പിള്ളതന്നെ തിരുമനസ്സിലെ ശയനാഗാരത്തിന്റെ ദൌവാരികനായി നിലയുറപ്പിച്ചിരുന്നു. ഇളമുറ ആഗതനായിരിക്കുന്ന വിവരം അദ്ദേഹം അകത്തറിയിച്ചപ്പോൾ ''പോകാൻ പറ, എനിക്കു് ആരെയും കാണേണ്ട'' എന്ന മറുപടിയാണു കിട്ടിയതു്. അതിനാൽ ഗോവിന്ദപ്പിള്ള യുവരാജാവിനെ അകത്തേക്കു നയിച്ചില്ല. പക്ഷേ, അദ്ദേഹമാകട്ടെ, അതു വകവയ്ക്കാതെ ഉടനടി തിരുമുമ്പിൽ പ്രവേശിച്ചു. പരസ്പരം കണ്ടപ്പോൾ പൂർവ്വവിരോധമെല്ലാം മറന്നു് ആ രാജസഹോദരന്മാർ തമ്മിൽ സ്നേഹം പകരുകയും, ബാല്യകാലത്തെന്നപോലെ എത്രയും മമതയോടെ പെരുമാറുകയുമാണു ചെയ്തതു്. ഒരു നിമിഷം മുമ്പുവരെ ബദ്ധശത്രുക്കളായിരുന്ന അവർ അപ്പോൾ ഒന്നായി; നിരപരാധിയായ ഗോവിന്ദപ്പിള്ളയാകട്ടെ, യുവരാജാവിൻെറ മുൻപിൽ അപരാധിയുമായി. തൻെറ ജ്യേഷ്ഠനെ അദ്ദേഹത്തിൻെറ അന്ത്യകാലത്തു് ഒരുനോക്കു കാണാൻ തന്നെ തടസ്സപ്പെടുത്തിയ ഗോവിന്ദപ്പിള്ളയെ ഒരു പാഠം പഠിപ്പിക്കണമെന്നു വിശാഖംതിരുനാൾ അന്നു തീരുമാനിച്ചിരുന്നിരിക്കണം. സമയോചിതം പെരുമാറി, തൻെറപേരിൽ മഹാരാജാവിനുണ്ടായിരുന്ന നീരസവും തെറ്റിദ്ധാരണയും അകററി അദ്ദേഹത്തിൻെറ തിരുവുള്ളം സമ്പാദിക്കാൻ ഗോവിന്ദപ്പിള്ളയ്ക്കു കഴിയുമായിരുന്നു. ആ പരിതഃസ്ഥിതിയിൽ ആരും അങ്ങനെതന്നെ ചെയ്യുമായിരുന്നു. പക്ഷേ, ഗോവിന്ദപ്പിള്ള അതിനു് ഉദ്യുക്തനായില്ല. ധനമോ, പ്രതാപമോ, പ്രൗഢിയോ അല്ല, കേവലം സ്വാതന്ത്ര്യമാണു് അദ്ദേഹം

കാംക്ഷിച്ചതു്.[1] എങ്ങനെയെങ്കിലും രാജസന്നിധിയിൽനിന്നു്, ശ്വാസംമുട്ടുന്ന ആ അന്തരീക്ഷത്തിൽനിന്നു്[2], പിന്മാറി തൻെറ 'കുപ്പപ്പാട്ടിൽ' സ്വസ്ഥമായിരുന്നു തൂലികകൊണ്ടു ജീവിതശേഷം നയിക്കാനാണു് ഗോവിന്ദപ്പിള്ള ആഗ്രഹിച്ചതു്. അതിനു വേണ്ട അവസരവും അദ്ദേഹത്തിനു് അവിളംബം ലബ്ധമായി.

ഒരിക്കൽ തപാൽവഴി തിരുമനസ്സിലേക്കു് 'അടിയന്തിരം'കെട്ടി വന്ന ഒരു കവർ ഗോവിന്ദപ്പിള്ള പൊട്ടിക്കുകയുണ്ടായി. അതറിഞ്ഞു ക്രുദ്ധനായി തിരുമനസ്സുകൊണ്ടു ഗോവിന്ദപ്പിള്ളയെ വിളിച്ചു് പരസ്യമായി വാഗ്ദണ്ഡം ഏല്പിച്ചു. അപ്രകാരമുള്ള അർജൻ്റു് കവറുകൾ താൻ മുമ്പും പൊട്ടിക്കാറുണ്ടായിരുന്നു എന്നും, നാടുനീങ്ങിയ മഹാരാജാവുതിരുമേനി അതിലേക്കു തന്നെ അനുവദിച്ചിരുന്നു എന്നും മററുമുള്ള ഗോവിന്ദപ്പിള്ളയുടെ സമാധാനങ്ങൾ തിരുമുമ്പിൽ കേവലം വനരോദനമായി പരിണമിച്ചു. അത്യുക്തിയുടെയോ, അളീകത്തിൻെറയോ നിഴലാട്ടംപോലും അതിലില്ലായിരുന്നു. എങ്കിലും തിരുമനസ്സിലെ കോപാഗ്നിയെ ശമിപ്പിക്കാൻ അതു പര്യാപ്തമായില്ല. തൻ്റെ അഭിമാനത്തിനു് അങ്ങനെ കടുത്ത ക്ഷതം പററുകയാൽ ഗോവിന്ദപ്പിള്ള കൊട്ടാരത്തിൽനിന്നും ഉടനെ അപ്രത്യക്ഷനായി, തൻെറ രാജിക്കത്തു സമർപ്പിക്കുകയാണു ചെയ്തതു്. ആ കത്തു കിട്ടിയപ്പോൾ തിരുമനസ്സുകൊണ്ടു സാനുശയനായി ഭവിച്ചു; തൻ്റെ അവിമൃശ്യകാരിതയെ അദ്ദേഹം സ്വയം പഴിച്ചു. ആയില്യംതിരുനാൾ അന്തരിച്ചിട്ടു് അധികംനാൾ ചെന്നിരുന്നില്ല; സമാധാനപരമായ ഒരന്ത

1. ''അസ്വാധീനം പരം ദുഃഖം സ്വാധീനം പരമം സുഖം
സ്വർണ്ണപഞ്ജരസംസ്ഥോഽപി ശുകഃ കോടരമിച്ഛതി''
(സ്വാതന്ത്ര്യമുണ്ടെങ്കിലേ സുഖമുള്ളു—സ്വർണ്ണക്കൂട്ടിലടച്ചിരുന്നാലും ശുകം—കിളി, കോടരം—മരപ്പൊത്തു്, തന്നെ ആഗ്രഹിക്കുന്നു.)

2. ''രാജസേവാ മനുഷ്യാണാമസിധാരാവലേഹനം
പഞ്ചാനനപരിഷ്വങ്ഗം വ്യാളീവദനചുംബനം.''
(അസിധാരയെ—വാൾത്തലയെ, അവലേഹനംചെയ്യുന്നതു്—നക്കുന്നതുപോലെയും, വ്യാളിയുടെ—സർപ്പത്തിൻെറ, വദനം—മുഖം, ചുംബിക്കുന്നതുപോലെയുമാണു് മനുഷ്യർക്കു രാജസേവ.)

രീക്ഷമല്ല നാട്ടിൽ നിലവിലിരുന്നതു്. ഉദ്യോഗസ്ഥന്മാരാണെങ്കിൽ ഏറിയകൂറും പുതിയവർ; ചിലർ പാരദേശികന്മാരും. ആ പരിതസ്ഥിതിയിലാണു് പരിചയസമ്പന്നനും, വിശ്വസ്തനും, സ്വന്തം നാട്ടുകാരനുമായ ഒരുദ്യോഗസ്ഥൻെറ സേവനംകൂടി തൻെറ മുൻകോപം ഹേതുവായി തനിക്കു നഷ്ടപ്പെടാൻപോകുന്നതെന്നു് അദ്ദേഹത്തിനു മനസ്സിലായി.

''അസഹായഃസ്സമർത്ഥോഽപി
സീദത്യേവ നരാധിപഃ'' എന്നാണല്ലോ അഭിജ്ഞവാക്യം.[1] മഹാരാജാവു് അതിനാൽ ഗോവിന്ദപ്പിള്ളയെ വരുത്തി അനുനയവാക്കുകൾകൊണ്ടു് രാജി പിൻവലിപ്പിക്കാൻ ശ്രമിച്ചു. ''ഞാനും ദിവാനും[2] ഇവിടത്തെ രാജ്യകാര്യങ്ങളിൽ പഴക്കമുള്ളവരല്ല. ഈ അവസരത്തിൽ ഗോവിന്ദൻകൂടി ഉദ്യോഗമൊഴിയുകയാണെങ്കിൽ കാറും കോളും നിറഞ്ഞ കായലിൻെറ നടുവിൽ പങ്കായക്കാരനില്ലാതെ അകപ്പെട്ടുപോയ 'വഞ്ചി'യുടെ സ്ഥിതിയിലാകും നമ്മുടെ രാജ്യം. അതിനാൽ ഗോവിന്ദൻ രാജി പിൻവലിക്കൂ'' എന്നായിരുന്നു കല്പിച്ചതു്. ഗോവിന്ദപ്പിള്ളയ്ക്കു മറുപടി പറയാൻ അദ്ദേഹം സമയവും അനുവദിച്ചു. പക്ഷേ, തിരുമനസ്സുകൊണ്ടു നേരിട്ടു കല്പിച്ച അനുരഞ്ജകമായ ആ വാക്കുകൾപോലും, വ്രണിതഹൃദയനും സ്വതന്ത്രബുദ്ധിയുമായ ഗോവിന്ദപ്പിള്ളയുടെ ദൃഢനിശ്ചയത്തെ ഇളക്കാൻ കഴിഞ്ഞില്ല. ഗോവിന്ദപ്പിള്ള വീട്ടിലെത്തി വീണ്ടും തൻെറ രാജിക്കത്തു സമർപ്പിക്കുകയാണു ചെയ്തതു്: ''തൃപ്പാദസേവകൊണ്ടു് അടിയൻ തൃപ്തിപ്പെട്ടു. തിരുമനസ്സുകൊണ്ടു ദയവായി അടിയൻെറ രാജി സ്വീകരിച്ചനുഗ്രഹിക്കണം'' എന്നായിരുന്നു വീണ്ടും അദ്ദേഹം ബോധിപ്പിച്ചതു്. അങ്ങനെ ഗോവിന്ദപ്പിള്ള വിശാഖംതിരുനാളിൻെറ അപ്രീതി

1. രാജാവു് എത്ര സമർത്ഥനായിരുന്നാലും സഹായിക്കാനാളില്ലെങ്കിൽ പരാജയപ്പെടുകയേ ചെയ്യുകയുള്ളൂ.

2. ആണറബിൾ വി. രാമയ്യങ്കാർ ആയിരുന്നു അന്നത്തെ ദിവാൻ.

സമ്പാദിച്ചുകൊണ്ടു് 1881 ആരംഭത്തോടുകൂടി ഉദ്യോഗത്തിൽനിന്നും പിരിഞ്ഞു.[1]

നാടുവാഴുന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഇഷ്ടത്തിനു വിരുദ്ധമായി ഗോവിന്ദപ്പിള്ള പ്രവർത്തിച്ചതു് അക്ഷന്തവ്യമായ അപരാധമായിട്ടാണു് അന്നു സകലമാനപേരും കരുതിയതെന്നു തോന്നുന്നു. പക്ഷേ, സ്വാതന്ത്ര്യം മനുഷ്യൻെറ ജന്മാവകാശമാണെന്നു്[2] നാം കരുതിപ്പോരുന്ന ഇന്നാണെങ്കിൽ ഗോവിന്ദപ്പിള്ളയുടെ പ്രവൃത്തിയുടെ ഔചിത്യത്തെപ്പറ്റി ആരും ചോദ്യംചെയ്യുമെന്നു തോന്നുന്നില്ല. ഓക്കാപ്പുറത്തുള്ള ഒരടിയായിരുന്നില്ലെങ്കിലും ഉദ്യോഗം രാജികൊടുത്തതിൻെറ ഫലം അദ്ദേഹം അടുത്തുതന്നെ അനുഭവിച്ചറിഞ്ഞു. ''മംഗലാംഗനകരം ധാത്രികരം വേത്രികരം കിങ്കരാവലികൾ''ളുള്ള രാജഗൃഹത്തിൽ കാഞ്ഞൊരു

---

1. ഗോവിന്ദപ്പിള്ളയെ വിശാഖംതിരുനാരം സ്ഥാനഭ്രഷ്ടനാക്കുകയാണു ചെയ്തതെന്നു് ശ്രീ ഏ. ഡി. ഹരിശർമ്മ പ്രസ്താവിച്ചുകാണുന്നു (മാതൃഭൂമി ആഴ്ചപ്പതിപ്പു്, 1959 ഡിസംബർ 6). എന്നാൽ ''....അനന്തരം ഇദ്ദേഹം 1056—ാമാണ്ടു് വേല രാജിവച്ചു. ആയില്യം തിരുനാരം മഹാരാജാവു തിരുമനസ്സിലെ തൃപ്പാദങ്ങളെ ഭക്തിപുരസ്സരം ആശ്രയിച്ചു ചുമതല ഉദ്യോഗം വഹിച്ചുവന്ന പല മാന്യന്മാരും വിശാഖംതിരുനാരം തിരുമനസ്സിലെ സിംഹാസനാരോഹണത്തോടുകൂടി രാജിവച്ചു പിരിയുന്നതിനിടയായി. നമ്മുടെ കഥാനായകനും ഈ അവസ്ഥയെത്തന്നെ പ്രാപിച്ചു'' എന്നാണു് ശ്രീ ചിറയിങ്കീഴു് എൻ. പരമേശ്വരൻപിള്ളയും (നമ്മുടെ മഹാന്മാർ—1912, പുറം 5), ''1056—ൽ ഗോവിന്ദപ്പിള്ള സർവ്വാധി ഉദ്യോഗം രാജിവയ്ക്കേണ്ടിവന്നു'' എന്നാണു് ശ്രീ പി. കെ. പരമേശ്വരൻനായരും (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള—ഒരു ജീവചരിത്രവീക്ഷണം—1952, പുറം 3), ''ഉദ്യോഗത്തിൽനിന്നും ഗോവിന്ദപ്പിള്ളയെ വിശാഖംതിരുനാരം പിരിച്ചയച്ചു എന്നു് ആരും ഒരിടത്തും തീർത്തു പറഞ്ഞിട്ടില്ല. ഞാൻ കണ്ടിട്ടുള്ള ചില രേഖകളിൽ രാജികൊടുത്തു എന്നുതന്നെയാണു് പറഞ്ഞിട്ടുള്ളതു്'' എന്നാണു് ശ്രീ പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണനും (നമ്മുടെ സാഹിത്യകാരന്മാർ—12—ാംഭാഗം, 1962, പുറം 106) പ്രസ്താവിച്ചുകാണുന്നതു്. മഹാകവി ഉള്ളൂരാകട്ടെ, ''വിശാഖംതിരുനാരം മഹാരാജാവു് സിംഹാസനാരൂഢനായതോടുകൂടി സർവ്വാധിയുദ്യോഗത്തിൽനിന്നു പിരിയേണ്ടിവന്നു'' എന്നു മാത്രമേ പ്രസ്താവിക്കുന്നുള്ളു.

—കേ. സാ. ച. വാല്യം 4, പുറം 176.

2. "Freedom is our birth-right."

കാലം ജീവിച്ചുപോന്ന ഗോവിന്ദപ്പിള്ളയ്ക്കു് അതിനു കടകവിരുദ്ധമായ ഒരു ജീവിതമാണു് പില്ക്കാലത്തു നയിക്കേണ്ടിവന്നതു്. ആയിടെയൊന്നുംതന്നെ അദ്ദേഹത്തിനു കടിശ്ശീകശമ്പളമോ അട്ടത്തുണോ അനുവദിച്ചുകിട്ടുകയുണ്ടായില്ല.[1] ആയില്യംതിരുനാൾ മഹാരാജാവു് മുൻകൈയെടുത്തു് ഗോവിന്ദപ്പിള്ളയ്ക്കുവേണ്ടി നടത്തിയ ദത്തുമൂലം അർഹമായിത്തീർന്നിരുന്ന സ്വത്തൊന്നും അദ്ദേഹത്തിനു് ഉതകുകയുണ്ടായില്ല. അതെല്ലാം അദ്ദേഹത്തിന്റെ ധനാർജ്ജനവിഷയകമായ ഔദാസീന്യംമൂലം കുടുംബത്തിലെ മററു ചില അംഗങ്ങളുടെ കൈയിലകപ്പെട്ടുപോയിരുന്നു. ദത്തു് മുഖ്യമായും ഏതൊരാൾക്കു ഗുണകരമാകാൻവേണ്ടി നടത്തപ്പെട്ടുവോ ആ ആൾക്കു പ്രയോജകീഭവിച്ചില്ല എന്നതാണു പരമാർത്ഥം. വിധിവിലാസമെന്നല്ലാതെ എന്താണു പറയുക? ഉത്തമർണ്ണന്മാർ ശല്യപ്പെടുത്തുകയാൽ സിവിൽ വാറണ്ടിനുപോലും അദ്ദേഹം വിധേയനായിത്തീർന്നു. നല്ലകാലത്തു ചുററും കൂടാറുണ്ടായിരുന്ന 'മിത്ര'ങ്ങളാരും ആ പൊല്ലാക്കാലത്തേക്കു് അദ്ദേഹത്തിനു് ഉപകരിച്ചില്ല. ''സുഖത്തിലുണ്ടാം സഖിമാരനേകം ഖഗങ്ങൾ മാവിൽ പെരുകും വസന്തേ'' എന്നല്ലേ കവിവാക്യം.[2] അഭിമാനിയായ ഗോവിന്ദപ്പിള്ളയാകട്ടെ, തറവാട്ടുസ്വത്തു പിടിച്ചെടുക്കാനോ, അങ്ങനെ തന്റെ ബന്ധുക്കളോടും മററും കലഹിക്കാനോ അഥവാ അനൃജുവായ വല്ല മാർഗ്ഗത്തുടെയും സ്വത്തുകാരനായിത്തീരാനോ സന്നദ്ധനായതു

1. 1890 ഫെബ്രുവരി 1-ാംനു-യിലെ 'നസ്രാണിദീപിക'യിൽ ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: ''സ്വസ്ഥരായിരിക്കുന്ന പത്മനാഭപിള്ളജഡ്ജിയവർകൾക്കും രാമമേനവൻജഡ്ജിയവർകൾക്കും അട്ടത്തുൺ വച്ചപ്പോൾ, ഉദ്യോഗംവിട്ട തീയതിമുതൽ ഉള്ള കടിശ്ശിക അഞ്ഞൂറും അറുന്നൂറും രൂപാവരെ സർക്കാരിൽനിന്നു കൊടുത്തു. സ്വന്തസമയത്തെ അശേഷം പരോപകാരാർത്ഥമായി വ്യയംചെയ്തുകൊണ്ടിരിക്കുന്ന ഗോവിന്ദപ്പിള്ളയവർകൾക്കു് അട്ടത്തുൺകുടിശ്ശിക 3,000 രൂപയുള്ളതു് ദയാലുവായ ദിവാൻജിസ്വാമി അവർകൾ കൊടുത്തതായി അറിയുന്നില്ല.''

2. cf. In times of prosperity friends will be plenty; in times of adversity, not one amongst twenty.

മില്ല.[1] ക്രമാതീതമായ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടും ഗോവിന്ദപ്പിള്ള നിഷ്ക്രിയനോ നിരാശനോ ആയിത്തീർന്നില്ലെന്നതു പ്രസ്താവയോഗ്യമാണ്. പക്ഷേ, തന്നോട് അനന്യാദൃശമായ കാരുണ്യത്തോടും സ്നേഹത്തോടുംകൂടി വർത്തിക്കുകയും തന്റെ അതുവരെയുള്ള ശ്രേയസ്സിനെല്ലാം നിദാനീഭൂതനാവുകയും ചെയ്തിരുന്ന ആ ആയില്യംതിരുനാളിന്റെ അത്യന്താഭാവം ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവാണ് അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഏല്പിച്ചിരുന്നത്. എത്രനാൾ ചെന്നിട്ടും ആ അനിഷ്ടസംഭവം വിസ്മരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തിരുമനസ്സുകൊണ്ടു വാഴ്ച തുടർന്നിരുന്നുവെങ്കിൽ താൻ ദിവാൻപേഷ്കാരല്ലാ[2] തിരുവിതാംകൂർ ദിവാൻതന്നെയാകുമായിരുന്നു എന്നു് ഗോവിന്ദപ്പിള്ളയ്ക്കു് ഉറപ്പുണ്ടായിരുന്നു. പക്ഷേ, എന്തുചെയ്യാം, തന്റെ ഹതവിധി അതിനൊന്നിനും സംഗതി വരുത്തിയില്ല. 'കൊതിച്ചതു വരാ വിധിച്ചതേ വരൂ' (cf. Man proposed God disposes) എന്നല്ലേ ചൊല്ല്. ഏതായാലും വിധിയെ പഴിച്ചുകൊണ്ടു്[3] അജ്ഞരെപ്പോലെ നിരുത്സാഹിയായിക്കഴിയുന്നതിനു പകരം ഗോവിന്ദപ്പിള്ള തനിക്കു പണ്ടേ ഇഷ്ടപ്പെട്ടിരുന്ന ആ സാഹിത്യപ്രവൎത്തനത്തിൽ തന്നെ ആകണ്ഠം നിമഗ്നനാകുകയാണുചെയ്തതു്.

ഉദ്യോഗം രാജികൊടുത്തതുമുതൽ ഗോവിന്ദപ്പിള്ള കേരളവിലാസം അച്ചുക്കൂടത്തിന്റെയും അവിടെനിന്നുള്ള പ്രസിദ്ധീകരണങ്ങളുടെയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചുതുടങ്ങി. 'കേരളചന്ദ്രിക' ശൈശവത്തിൽത്തന്നെ വിച്ഛിന്നമായിപ്പോയിരുന്നു. അതിനു പകരമായിട്ടാ

1. ഗോവിന്ദപ്പിള്ളയുടെ വിഷമതകൾ കണ്ടു് കൃപ തോന്നിയ വിശാഖംതിരുനാൾ അദ്ദേഹത്തിനു പ്രതിമാസം 40 രൂപാ തുകൈ ച്ചെലവായി അനുവദിച്ചുകൊടുക്കുകയുണ്ടായി.

2. ദിവാൻപേഷ്കാർമാർ ആയിരുന്നതിൽ പിന്നീടാണു് മാധവരായർ, നാണുപിള്ള മുതലായവർ ദിവാൻജിമാർ ആയതു്.

3. cf. ''വിഷമാം ഹി ദശാം പ്രാപ്യ ദൈവം ഗർഹയതേ നരഃ''
''കഴിഞ്ഞ കാര്യങ്ങളിൽ നഴഞ്ഞു ചിത്തം
കഴഞ്ഞു വാഴുന്നതു മൗഢ്യമത്രേ.''

യിരിക്കാം. 1881 മാൎച്ച്മുതല്ക്ക് 'വിദ്യാവിലാസിനി' എന്നൊരു മാസിക അവിടെനിന്നും പുറപ്പെട്ടുതുടങ്ങിയതു്.[1] മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസിക ഇതാണെന്നു പറയപ്പെടുന്നു. വിശാഖംതിരുനാൾ മഹാരാജാവിൻെറയും കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെയും ദിവാൻ രാമയ്യങ്കാരുടെയും ആശിസ്സുകളോടുകൂടി ഗോവിന്ദപ്പിള്ളയുടെയും മററും നേതൃത്വത്തിലാണു് അതു പ്രസിദ്ധീകരിച്ചുതുടങ്ങിയതു്. മാസിക നടത്താനായി മലയാളം പള്ളിക്കൂടങ്ങളുടെ മേലദ്ധ്യക്ഷനായ രാമരായർ ഉൾപ്പെടെ പതിന്നാലു 'സഭാസദന്മാർ' ഉള്ള ഒരു സഭ ഏൎപ്പെടുത്തിയിരുന്നു. ആ 'സഭാസദന്മാ'രിൽ ഒരാളാണു് ഗോവിന്ദപ്പിള്ള.[2]

---

1. 'വിദ്യാവിലാസിനി' എന്ന പേരിൽ ഒരു മാസിക 1898–ൽ കരുവാ എം. കൃഷ്ണനാശാൻ തൻെറ സ്യാലനായ കൊല്ലം പെരിനാട്ട് ചന്തിരഴിയത്തു് എസ്. പത്മനാഭനാശാൻെറ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ചിരുന്നു. —കേ. സാ. ച.—വാല്യം 5, പുറം 789.

2. ''വിദ്യാവിലാസിനിസഭയുടെ പ്രവൎത്തകരിൽ ഒരു വിശിഷ്ടവ്യക്തിയാണു് സൎവ്വാധി ഗോവിന്ദപ്പിള്ള അവർകൾ. വിദ്യാവിലാസിനിയുടെ പ്രവൎത്തനത്തിൽ ഗോവിന്ദപ്പിള്ള അവർകളും മുൻകൈയെടുത്തിരുന്നു.'' (വിദ്യാവിലാസിനിയെക്കുറിച്ച് വിദ്വാൻ ശ്രീവരാഹം ഇ. വി. പിള്ള 1135 ഇടവം 24–ാംനു-യിലെ 'മലയാളരാജ്യം' ചിത്രവാരികയിൽ എഴുതിയിരുന്ന ലേഖനത്തിൽനിന്നു്.) ''വിദ്യാവിലാസിനി' വിശാഖംതിരുനാൾ മഹാരാജാവിൻെറയും കേരളവൎമ്മ വലിയകോയിത്തമ്പുരാൻെറയും മററു ചില വിദ്വാന്മാരുടെയും സഹകരണത്തോടുകൂടിയാണു പുറപ്പെട്ടതു്. ഗോവിന്ദപ്പിള്ളയായിരുന്നു അതിൻെറ പ്രധാനഭാരവാഹി.'' (നമ്മുടെ സാഹിത്യകാരന്മാർ—പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ, 12–ാംഭാഗം, പുറം 136.) ''കേരളത്തിലെ ഒന്നാമത്തെ സാഹിത്യമാസികയെന്നു പറഞ്ഞുവരുന്ന വിദ്യാവിലാസിനി പ്രസ്തുത പ്രസ്സിൽ(കേരളവിലാസം)നിന്നുമാണു് ആരംഭിച്ചതു്. 1056 മീനമാസം(1881)മുതല്ക്കായിരുന്നു മാസികയുടെ തുടക്കം. 1055 മുതൽ 1060 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന വിശാഖംതിരുനാൾ മഹാരാജാവിൻെറ പ്രേരണ ഇതിൻെറ ഉൽപത്തിക്കു് പ്രധാനനിദാനമായിരുന്നു. സൎവ്വാധികാൎയ്യക്കാർ പി. ഗോവിന്ദപ്പിള്ള തുടങ്ങിയവരാണു് പ്രവൎത്തകന്മാരായിരുന്നതു്.'' (ഭാഷാഗദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ, പുറം 545.)

'വിദ്യാവിലാസിനി' പത്രാധിപരുടെ ഒരു പ്രസ്താവന ആ മാസികയുടെ 3–ാംലക്കത്തിൽ ചേർത്തു(1881 മേ 15)കാണുന്നുണ്ടു്. അതു ചുവടേ പകർത്തുന്നു:

''നമ്മുടെ രാജ്യാഭിവൃദ്ധിക്കു നിദാനമായിരിക്കുന്ന സ്വഭാഷാവിദ്യാഭ്യാസം സാധാരണമായി എല്ലാ ജനങ്ങൾക്കും ലഭിക്കുന്നതിനു ബുദ്ധിവൈദഗ്ദ്ധ്യമേറിയ നമ്മുടെ മന്ത്രിപുംഗവനായിരിക്കുന്ന ബഹുമാനപ്പെട്ട വി. രാമയ്യങ്കാർസ്വാമി അവർകൾ മലയാംപള്ളിക്കൂടങ്ങളുടെ അദ്ധ്യക്ഷനാകുന്ന രാമരായർ അവർകളൊടു ജനവിനൊദിനി മുതലായ പത്രികകളെ അനുസരിച്ചു മലയാളത്തിൽ ഒരു പത്രത്തെ പുറപ്പെടുവിക്കുന്നതിനു പറഞ്ഞതിൽ വിദ്യാവിലാസിനി എന്ന ഒരു പത്രികയെ രാമരായർ അവർകൾ തന്റെ സ്നേഹിതന്മാരുടെ സഹായത്തൊടുകൂടി ഉണ്ടാക്കി അച്ചടിപ്പിച്ചു– എന്നാൽ ൟ പത്രികയെ ക്രമമായി നടത്തിക്കൊണ്ടുപോകുന്നതിനും മറ്റും ഒരു സഭാ ആവശ്യമെന്നു കണ്ടു ഡൈറക്ടർ അദ്ദേഹം തിരുവനന്തപുരത്തെ വിദ്വജ്ജനങ്ങളെ ക്ഷണിക്കുകയും അപ്രകാരം വളരെ ആളുകൾ കോട്ടയ്ക്കകത്തു മലയാളം പെൺപള്ളിക്കൂടത്തിൽ മീനമാസം ൯൬- വൈയ്യിട്ടു് ൪ । മണിക്കു വന്നുചെരുകയും ചെയ്തു. അനന്തരം തൽക്കാലത്തെക്കു ബി–എ– രാജാരാമാരായരവർകളെ സഭാനെതാവായും ബി–എ– നീലകണ്ഠഅയ്യർ അവർകളെ സെക്രട്ടറിയായും നിശ്ചയിച്ചു–ഉടനെ എസ്– രാമാരായർ അവർകൾ– പി–ആർ–കൃഷ്ണയ്യൻ ബി–എ–രാമൻ മെനൊൻ ബി–എ– സി–കൃഷ്ണപിള്ള ബി–എ– എന്നിവർ ഇങ്ങനെയുള്ള ഒരു പത്രികയുടെ ആവശ്യകതയെക്കുറിച്ചു പ്രസംഗിക്കുകയും അവസാനത്തിൽ വിദ്യാവിലാസിനീ–എന്ന ഒരു സഭാ ഏർപ്പെടുത്തപ്പെടുകയും ചെയ്തു– ൟ സഭയിൽ ൪൦ സഭാസദന്മാരുണ്ടു– പത്രികയെ സംബന്ധിച്ച സകല കാര്യങ്ങളും സഭാസാമാജികന്മാരാൽത്തന്നെ നടത്തപ്പെടും–

'സഭാസദന്മാർ'

൧– രാമാരായർ ൨– ശ്രീനിവാസയ്യങ്കാർ ൩– സി–കൃഷ്ണപിള്ള ബി– ഏ– ൪– പി– ഗൊവിന്ദ

പ്പിള്ള ബി—എ—൭— ആർ— നീലകണ്ഠയ്യൻ ബി— എ—
൮— രാമൻമെനൊൻ ബി— എ— ൯— ഹരിഹരസുബ്ബ
യ്യൻ ൰— പി— പപ്പുപിള്ള— ൺ— നാരായണൻതമ്പി—
൰൦— സി— വി— രാമൻപിള്ള ബി— എ— ൰൧— വി—
ഐ— കേശവപിള്ള ബി— എ— ൰൨— നാണുപിള്ള
൰൩— ജെ— വക്കി— ൰൪— ടി— രാമസ്വാമിഅയ്യർ

.... .... .... ഞം പത്രികയുടെ പ്രധാന താങ്ങലായിരിക്കുന്ന നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ നിരവധി വൈദുഷ്യാദിഗ്ഗുണങ്ങളുടെ ഉല്ക്കൃഷ്ടത്തെപ്പററി സദൃശമായ ഒരു സ്തുതി ചെയ്യുകൊള്ളുന്നതിനു ചാതുൎയ്യാഭാവം നിമിത്തം തിരുമനസ്സിലെ അമിതങ്ങളായ ഗ്ഗുണഫലങ്ങളുടെ ആസ്വാദനംകൊണ്ടു തൃപ്തന്മാരായിരിക്കുന്ന ഞം പത്രികക്കാർ നിൎവ്യാജമായ വന്ദനത്തെയും കൃതജ്ഞതയെയും തന്നെ തൃപ്പാദപൎയ്യന്ത ഭൂമിയിൽ ഉപഹാരസ്വരൂപമായി വിക്ഷേപിച്ചു വിരമിച്ചുകൊള്ളുന്നു—........'' വിശാഖംതിരുനാറം മഹാരാജാവും, കേരളവൎമ്മ വലിയകോയിത്തമ്പുരാനും മാസികയ്ക്കു ലേഖനങ്ങറം അയച്ചുകൊടുക്കുക പതിവായിരുന്നു. വലിയകോയിത്തമ്പുരാൻെറ 'കേരളീയഭാഷാശാകുന്തള'[1]വും, വെള്ളത്തേരി കേശവൻവൈദ്യൻെറ 'അൎത്ഥാലങ്കാര'വും, 'നിലമ്പൂർ മാനവിക്രമ ഇളയരാജാവിൻെറ ഉത്തരരാമചരിതം ഗദ്യനാടകവും (ആദ്യഭാഗം) മററും ആദ്യമായി പ്രസിദ്ധീകൃതമായതു് ഈ മാസികയിലൂടെയാണു്.[2]

---

1. ഇതു് 1881 മേമാസംമുതൽ വിദ്യാവിലാസിനിയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി; 1882 അവസാനത്തോടുകൂടി പുസ്തകരൂപമായി.

2. കൂടുതൽ വിവരങ്ങറംക്കു് 1135 ഇടവം 24—ാംനു-യിലെ 'മലയാളരാജ്യം' ചിത്രവാരികയിൽ വിദ്വാൻ ശ്രീവരാഹം ഇ. വി. പിള്ള എഴുതീട്ടുള്ള ലേഖനം നോക്കുക.

# 6. മലയാളഭാഷാചരിത്രത്തിൻെറ പ്രസിദ്ധീകരണം

മലയാളഭാഷയിൽ വിവിധവിഷയങ്ങളെ പുരസ്സരിച്ചുള്ള ഗദ്യഗ്രന്ഥങ്ങൾ, പ്രത്യേകിച്ചും ശാസ്ത്രഗ്രന്ഥങ്ങൾ തീരെ പരിമിതമാണെന്നുള്ള സംഗതി ഗോവിന്ദപ്പിള്ളയുടെ ശ്രദ്ധയ്ക്കു നേരത്തേതന്നെ വിഷയീഭവിച്ചിരുന്നു. നമ്മുടെ ഭാഷയുടെ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥവും നമുക്കില്ലെന്നതു് ഒരു കുറവല്ലേ? നമുക്കുള്ളതു് ഒരു ക്ഷുദ്രഭാഷയല്ല ''സഹ്യപർവ്വതത്തിൻെറ അടിയുറപ്പും, പശ്ചിമസമുദ്രത്തിൻെറ ഗാംഭീര്യവും, ഗോകർണ്ണക്ഷേത്രത്തിൻെറ നിർവൃതികരത്വവും, കന്യാകുമാരിയുടെ പ്രസന്നതയും, പേരാർ—പെരിയാർ—പമ്പകളുടെ പരിശുദ്ധിയും, ഇളന്നീരിൻെറ മാധുര്യവും ചന്ദനൈലാലവംഗാദികളുടെ സൗരഭ്യവും, സംസ്കൃതത്തിൻെറ പ്രൗഢിയും, തമിഴിൻെറ അഴകും മലയാണ്മ[1]യ്ക്കുണ്ടു്.'' വിപുലവും വിശിഷ്ടവുമായ ഒരു സാഹിത്യസമ്പത്താണു് അനേകശതാബ്ദങ്ങൾകൊണ്ടു് അനേകം മഹാന്മാർ നടത്തിയ 'ശ്രമദാന'ത്തിൻെറ ഫലമായി നമുക്കു കൈവന്നിട്ടുള്ളതു്.[2] ആ മഹാന്മാരെയും അവരുടെ

---

1. മലനാട്ടിനെ ആളുന്നവരുടെ ഭാഷ അഥവാ മലനാട്ടിലെ ജനങ്ങളുടെ (മലയാളികളുടെ) ഭാഷ എന്ന അർത്ഥത്തിൽ മലയാളത്തിനു് മലയാണ്മ (മലയാഴ്മ, മലയായ്മ എന്നു രൂപഭേദം) എന്ന പേർ സിദ്ധിച്ചു.

2. ''രാമചരിതാദിഗാനതല്ലജങ്ങളോ, 'ഉഭയകവീശ്വര'ന്മാരായ ആ നിരണംകവികളുടെ 'ഭാവനയിൽ കതിർന്ന വിസ്മയാവഹമായ' ഗീതാവലികളോ, കേരളീയകവികളുടെ കുലപതിയായ തുഞ്ചൻെറ ഭക്തിമധുരങ്ങളായ കിളിമൊഴികളോ, ഭാഷാകവികളുടെ ജന്മശത്രുവായ ഉദ്ദണ്ഡകേസരിയുടെ മദഗർജ്ജിതം മുഴുവൻ ഒരൊററ ശ്ലോകത്തിലെ 'വചഃപ്രസരം'കൊണ്ടു മന്ദീഭവിപ്പിച്ചു് അദ്ദേഹത്തിനു പുളകോദ്ഗമം ഉളവാക്കിയ പുനത്തിൻെറയും മററും 'മധുമദമണമോലുന്ന' ചമ്പൂപ്രബന്ധങ്ങളോ, വാക്ചിത്രചാതുരിയാൽ ആരെയും ആനന്ദസാഗരത്തിലാറാടിക്കുന്ന ചെറുശ്ശേരിയുടെ 'മധുരകോമളകാന്തപദ'ങ്ങളുടെ

ഗ്രന്ഥങ്ങളെയുംകുറിച്ചു പില്ക്കാലത്തെ ജനതയ്ക്കു് അറിവുനല്കാനുതകുന്ന ഒരു ഭാഷാചരിത്രം അത്യന്താപേക്ഷിതമല്ലേ? അതിനാൽ ആദ്യമായി അത്തരത്തിലുള്ളൊരു ഗ്രന്ഥം വിരചിക്കണമെന്ന മോഹമാണു് ഭാഷാപ്രണയിയായ ഗോവിന്ദപ്പിള്ളയിൽ അങ്കുരിച്ചിരുന്നതു്. തന്റെ ഇംഗ്ലീഷുവിദ്യാഭ്യാസമത്രേ അദ്ദേഹത്തെ അത്യധികം തിരക്കുള്ള ഉദ്യോഗകാലത്തുപോലും അക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരുന്നതു്. നമ്മുടെ പുരാതനകവികളിൽ ചിലരുടെ കാലം, ജനനസ്ഥലം മുതലായവയെപ്പററിയുള്ള വിവരങ്ങൾ അവരുടെ കൃതികളിൽനിന്നുതന്നെ കണ്ടുപിടിക്കാമെങ്കിലും ജീവചരിത്രപരമായ വസ്തുതകളെല്ലാം ക്രോഡീകരിച്ചു് ഇംഗ്ലീഷുഭാഷയിലുള്ള രീതിയിൽ ഒരു ജീവചരിത്രഗ്രന്ഥം എഴുതിവയ്ക്കുക എന്ന ഏർപ്പാടു് നമ്മുടെ പൂർവ്വികരുടെയിടയിൽ അപൂർവ്വമായിരുന്നു. പേരിനുപോലും ഒരു ഭാഷാചരിത്രം അതുവരെ മലയാളഭാഷയിലുണ്ടായിരുന്നില്ലതാനും. ആ സ്ഥിതിക്കു് അങ്ങനെയുള്ളൊരു ഗ്രന്ഥം വിരചിക്കുക എത്രയോ ദുഷ്കരമായ കൃത്യമാണു്? എന്തെല്ലാം സംഗതികൾ അതിൽ അടങ്ങിയിരിക്കണം? അറിവിൽ പെട്ടതും പെടാത്തതും അഥവാ പ്രകാശിതങ്ങളും അപ്രകാശിതങ്ങളുമായ എത്രയെത്ര ഗ്രന്ഥങ്ങൾ ഭാഷാചരിത്രകാരൻ പഠിച്ചിരിക്കണം? ഓരോ ഗ്രന്ഥത്തിനുമുള്ള ബാഹ്യവും ആന്തരവും അഥവാ ശാബ്ദികവും ആർത്ഥികവുമായ അഴകു ഗ്രഹിച്ചിരുന്നാൽ മാത്രമേ അതിനെ അതി

---

ങ്ങിയ കൃഷ്ണഗാഥയോ, ജനകീയമഹാകവിയായ കുഞ്ചന്റെ ഹാസ്യരസപ്രധാനങ്ങളായ തുള്ളൽപ്പാട്ടുകളോ, സുകുമാരകലാകോവിദന്മാരായ ഉണ്ണായി, കോട്ടയം, തമ്പി മുതലായവരുടെ സ്വാരസ്യനിഷ്യന്ദികളായ നാട്യപ്രബന്ധങ്ങളോ, കേരളകാളിദാസനെന്നും കേരളപാണിനിയെന്നുമുള്ള അപരാഭിധാനങ്ങളാൽ യഥാക്രമം വിഖ്യാതരായ കേരളവർമ്മയുടെയും, ഏ. ആർ. രാജരാജവർമ്മയുടെയും പ്രശസ്തങ്ങളായ ഗദ്യപദ്യകൃതികളോ, സരസഗദ്യകാരന്മാരായ സി. വി., ചന്തുമേനോൻപ്രഭൃതികളുടെയും, ആധുനികമലയാളസാഹിത്യത്തിലെ ത്രിമൂർത്തികളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മഹാകവികളുടെയും കൃതികളോ ഏറെക്കുറെ വായിച്ചിട്ടില്ലാത്തവരാണു് മലയാളത്തിനു് അയിത്തമോ അവശതയോ കല്പിക്കുന്നതെന്നു പറയാം.”

ന്റെ അവസ്ഥാനുസരണം വിലമതിക്കുകയും, സ്ഥാലീ പുലാകന്യായേന അതിൽനിന്നു സമുചിതഭാഗങ്ങൾ ഉദ്ധരിക്കുകയും, അങ്ങനെ ജോർജ്ജ് സെയന്റ്സ്ബറി അഭിപ്രായപ്പെടുന്നതുപോലെ ''പ്രതിപാദ്യങ്ങളായ ഗ്രന്ഥങ്ങൾ നേരിട്ടു വായിക്കാൻ വായനക്കാരനു പ്രചോദനവും സഹായവുംകൂടി നല്കു''ന്നതരത്തിലുള്ള ഒരു ഭാഷാചരിത്രം വിരചിക്കുകയുംചെയ്യാൻ കഴിയുകയുള്ളു. അതിനാൽ വിപുലമായ ഒരു ഗവേഷണമാണ് ഭാഷാചരിത്രരചനയ്ക്കായി ഗോവിന്ദപ്പിള്ളയ്ക്ക് അന്നു നടത്തേണ്ടിയിരുന്നത്. അതിലേക്കു വിവിധഭാഷാപരിജ്ഞാനം അത്യന്താപേക്ഷിതമായിരുന്നതിൽ ഗോവിന്ദപ്പിള്ള തമിഴ്, തെലുങ്ക്, കർണ്ണാടകം മുതലായ ഭാഷകൾകൂടി വശമാക്കുകയും, വട്ടെഴുത്ത്, കോലെഴുത്ത് മുതലായവ വായിക്കാനുള്ള കഴിവു സമ്പാദിക്കുകയുംചെയ്തു. കൊട്ടാരം ഉദ്യോഗസ്ഥനായിരുന്നകാലത്തു കൃത്യാന്തരപരതന്ത്രനായിരുന്നെങ്കിലും ആ ഭാഷാഭക്തൻ കേവലം അധികാരഭ്രമമോഹിയും സുഖലോലുപനുമായിക്കഴിയാതെ, ബഹുഗ്രന്ഥനിബിഡിതമായ വലിയകൊട്ടാരം ഗ്രന്ഥപ്പുര തന്റെ സ്വാധീനത്തിലായതു മഹാഭാഗ്യമെന്നോർത്ത് തന്റെ വിശ്രമവേളകൾ തരിമ്പും പാഴാക്കാതെ അവിടെയുള്ള നിരവധി ഗ്രന്ഥങ്ങൾ വായിച്ച്, ഭാഷാചരിത്രത്തിലേക്ക് ആവശ്യമുള്ള കുറുക്കുകൾ തയ്യാറാക്കുകയായിരുന്നു എന്ന വസ്തുത ഏറ്റവുംകാലം കഴിഞ്ഞാണ് ഭാഷാഭിമാനികൾ മനസ്സിലാക്കിയത്. മലയാളസാഹിത്യത്തിലെ മലയാളിയായ ആദ്യത്തെ ഗവേഷകൻ ഗോവിന്ദപ്പിള്ളയാണെന്നു പറയാം.* കൊ

---

* ''മലയാളഭാഷാസാഹിത്യസാമ്രാജ്യത്തിൽ ആദ്യമായി ഒരു സർവ്വേ ആരംഭിക്കുകയും, അന്നുവരെ അജ്ഞാതമായിരുന്ന പലതും കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഗ്രന്ഥപ്പുരകളിൽനിന്നു പുറത്തുകൊണ്ടുവരികയും, അവയെല്ലാം പില്ക്കാലത്ത് അനന്തരഗാമികൾക്കു മാർഗ്ഗദർശകമായിത്തീരുമാറു മുദ്രണംചെയ്തു പ്രകാശിപ്പിക്കുകയുംചെയ്തതു് ആ ഗവേഷകകുശലന്റെ നിസ്വാർത്ഥയത്നം ഒന്നുകൊണ്ടു മാത്രമാണല്ലോ. അക്കാരണത്താൽത്തന്നെ പി. ഗോവിന്ദപ്പിള്ള സമസ്തകേരളീയരുടേയും അഭിനന്ദനങ്ങൾക്കു പാത്രമായിത്തീർന്നിരിക്കുന്നു. കേരളീയർ അദ്ദേഹത്തെ 'ഭാഷാചരിത്രകാരൻ' എന്ന ബിരുദംകൊണ്ടു

ട്ടാരം ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹത്തിനു സർക്കാർ രേഖകൾ ഒന്നൊഴിയാതെ പരിശോധിക്കുന്നതിനും തന്റെ സ്വാധീനശക്തിമൂലം കേരളത്തിലുടനീളമുള്ള ഗ്രന്ഥപ്പുരകളിലെ ഗ്രന്ഥങ്ങളും മററും വരുത്തി നോക്കുന്നതിനും സാധിച്ചിരുന്നു. വിപുലവും നിപുണവുമായ ഒരു ഗവേഷണം നടത്തി അന്നു സഞ്ചയിച്ചിരുന്ന കുറിപ്പുകളാണ് അനന്തര കാലത്തു താനെഴുതാനാരംഭിച്ച ഭാഷാചരിത്രത്തിലേക്ക് അദ്ദേഹത്തിനു ബീജാങ്കുരമായിബ്ഭവിച്ച് 'മലയാള ഭാഷാചരിത്ര'മായി രൂപംകൊണ്ടതു്.

1881 ജൂലായ് 10-ാംതീയതിയാണ് ഗോവിന്ദപ്പിള്ള തന്റെ ഭാഷാചരിത്രത്തിന്റെ ഒന്നാംപതിപ്പു പ്രസിദ്ധപ്പെടുത്തിയതു്. അതിന്റെ മുഖവുരയിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:

> ''നമ്മുടെ സ്വഭാഷയാകുന്ന മലയാളത്തിന്റെ ഉൽപത്തികാലത്തിലെ അതിനുണ്ടായിരുന്ന അനവരത വിഘ്നങ്ങളാലും പിന്നീടു അപ്പപ്പൊളുണ്ടായിരുന്ന പ്രത്യൂഹവ്യൂഹങ്ങളാലും ആണ് അധികകാലതാമസമായിട്ടും, അല്പമെ പരിഷ്കാരസ്ഥിതിയെ പ്രാപിക്കാൻ ഇടയായുള്ളു എന്നതു അറിയാതെയും മലയാളഭാഷയിലുള്ള ഗ്രന്ഥങ്ങളുടെ പരിപൂൎണ്ണജ്ഞാനമില്ലാതെയും ചില ആളുകൾ, ഈ ഭാഷയെ നിസ്സാരമായി ഗണിച്ചുവരുന്നതിനെ തെററന്നു പ്രത്യക്ഷമായി കാണിക്കുന്നതിനും, ആദികാലത്തെ മലയാളഭാഷയുടെ സ്വരൂപം എന്തായിരുന്നു എന്നും, ഏതെല്ലാം അവസ്ഥകളിൽനിന്നാണു ക്രമെണ ഇപ്പൊഴത്തെ ഈ സ്വരൂപത്തെ, ഇതു അവലംബിച്ചിരിക്കുന്നതെന്നും, അറിയാത്തതിനാലുണ്ടാകുന്ന മൗഢ്യത്താൽ നാനാവിധമായ വാചകരീതിയെയും മററും അനുസരിച്ചിരിക്കാൻ ഇടയുള്ളതിനെ തിരുത്തുന്നതിനും, മുമ്പിൽ പറഞ്ഞ അനവരതവിഘ്നങ്ങൾ എന്തെല്ലാമായിരുന്നു എന്നും അവ എങ്ങനെ തീൎന്നു എന്നും ഇട

ബഹുമാനിച്ചുപോരുന്നതു സർവ്വഥാ ഉചിതംതന്നെ.'' —ഭാഷാഗദ്യ സാഹിത്യചരിത്രം; ടി. എം. ചുമ്മാർ, പുറം 427, 428.

ക്കിടയ്ക്കു സംഭവിച്ച പ്രത്യൂഹവ്യൂഹങ്ങളെ എതിൎത്തു നിന്നു ഇപ്പോൾ മലയാളത്തിന്നു അലങ്കാരമായിത്തീൎന്നിരിക്കുന്ന കവിപുംഗവന്മാർ ആരെല്ലാമായിരുന്നു എന്നും അറിയുന്നതിനുള്ള ആവശ്യത്താലും ഇനിയെങ്കിലും ൟ ഭാഷയുടെ ന്യൂനതകളെ അറിഞ്ഞു് അവയെ തീൎക്കുന്നതിനും, വിസ്മരണസാഗരത്തിൽ മഗ്നങ്ങളായിപ്പോയ കവിതകളെ വീണ്ടും ഉദ്ധരണം ചെയ്യുന്നതിനും ഇപ്പോഴുള്ളവതന്നെ മറവിയിൽ അകപ്പെട്ടുപൊകാതിരിക്കുന്നതിനും നവീനകവിതകൾ നിൎമ്മിക്കുന്നതിന്നു അത്യുത്സാഹം ജനിപ്പിക്കുന്നതിനും ഏവമാദികളാൽ നമ്മുടെ ഭാഷയെ ഒന്നു നന്നാക്കണമെന്നുള്ള ആഗ്രഹത്താലുമാണ, ഞാൻ, വളരെ പഴമപരിചയമുള്ള ആളുകളുടെയും അനേക വിദ്വാന്മാരുടെയും സഹായത്തൊടുകൂടി 'മലയാളഭാഷാചരിത്ര'മെന്ന ൟ പുസ്തകത്തെ ഉണ്ടാക്കിയിരിക്കുന്നത—

എന്നാൽ ഇങ്ങനെ ഒരു പുസ്തകം എഴുതിയുണ്ടാക്കാൻ ശ്രമിക്കെണ്ടത പുരാതനപ്രബന്ധാദികളിൽ പരിപൂൎണ്ണ ജ്ഞാനമുള്ള വയൊധികന്മാരായ വിദ്വാന്മാരുടെ കടമയാകുന്നു— അങ്ങനെയുള്ളവരിൽ ആരും ൟ വിഷയത്തിൽ ഇതുവരെ പ്രവെശിക്കാത്തതിനെയും ഇങ്ങനെ ഒരു പുസ്തകം ഉണ്ടാകുന്നതിനാലുള്ള മെൽ വിവരിച്ച അത്യാവശ്യങ്ങളെക്കൊണ്ട എന്റെ അല്പമായ അറിവിൽ കിട്ടിയിടത്തൊളമുള്ള വിവരങ്ങൾ എഴുതിയിരിക്കുന്നു— ഇതിന്റെ നിജസ്ഥിതികൾ വളരെ പഴക്കംകൊണ്ട അറിവാനുള്ളതും സ്വല്പദിവസത്തിനിടയിൽ എഴുതിത്തീൎന്നതുമാകയാൽ നെരായവ വെളിപ്പെടാതെയൊ അത്യന്തം അപെക്ഷണീയങ്ങളായുള്ളവ ചെൎക്കപ്പെടാതെയോ ഉപെക്ഷണീയങ്ങളായുള്ളവ ചെൎക്കപ്പെട്ടൊ ചില സ്ഥലങ്ങൾ പരസ്പരവിരുദ്ധമായൊ യുക്തിക്കു ചെരാതെയൊ മറ്റൊ കണ്ടാൽ അവകളെ സജ്ജനങ്ങൾ പൊറുത്തു സൂക്ഷ്മാവസ്ഥകളെയും വെണ്ട വിവരങ്ങളെയും തിരുത്തപ്പെട

ത്തുന്നതായാൽ അവയെ വിനയാന്വിതം സ്വീകരിച്ച ഇതിൻെറ രണ്ടാംപതിപ്പിലെങ്കിലും നിരാക്ഷേപമായ നിലയിൽ അച്ചടിപ്പിച്ചുകൊള്ളാവുന്നതാകുന്നു–''

ഭാഷാചരിത്രത്തിൻെറ അച്ചടി അന്നു തിരുവനന്തപുരത്തുണ്ടായിരുന്ന 'കേരളവിലാസം' പ്രസ്സിൽത്തന്നെയാണ ഗോവിന്ദപ്പിള്ള നിർവ്വഹിച്ചതു്. അച്ചടിയിൽ ചിഹ്നങ്ങൾ ഒന്നുംതന്നെ ഉപയോഗിച്ചിട്ടില്ല. പൂർണ്ണവിരാമത്തിന പകരം ഹ്രസ്വരേഖയാണു് ഉപയോഗിച്ചിട്ടുള്ളതു്; ദീർഘാക്ഷരങ്ങളും കെട്ടുപുള്ളി(ഃ)കളും ഉപയോഗിച്ചിട്ടില്ല.

പതിന്നാലദ്ധ്യായവും ഡെമ്മി എട്ടിലൊന്നു വലിപ്പത്തിൽ 168 പുറങ്ങളുമുള്ള ഒരു ചെറിയ പുസ്തകമായിരുന്നു ഗോവിന്ദപ്പിള്ള ആദ്യം പ്രസിദ്ധപ്പെടുത്തിയതു്. മലയാളഭാഷാഗ്രന്ഥസമുച്ചയചരിത്രം എന്നായിരുന്നു അതിൻെറ പൂർണ്ണമായ പേരു്. 1–ാം അദ്ധ്യായത്തിൽ ''മലയാളഭാഷയുടെ ഉത്ഭവവും കൊല്ലവർഷം ആരംഭംവരെ അതിന്റെ സ്ഥിതിയും'' (പുറം 1 മുതൽ 19 വരെ); 2–ാം അദ്ധ്യായത്തിൽ ''മലയാളം പ്രത്യേകം ഒരു ഭാഷയായ വിവരവും അതിൽ ആദ്യം കൊല്ലവർഷം 1 മുതൽ 600–ാമാണ്ടുവരെ ഉണ്ടായിട്ടുള്ള കവികളും'' (26–ാം പുറം വരെ); 3–ാം അദ്ധ്യായത്തിൽ ''കൊല്ലം 600 മുതൽ 700 വരെ'' (എഴുത്തച്ഛൻ) (58–ാം പുറം വരെ); 4–ാം അദ്ധ്യായത്തിൽ ''കൊല്ലം 700 മുതൽ 850–ാമാണ്ടുവരെ'' (66–ാം പുറംവരെ); 5–ാം അദ്ധ്യായത്തിൽ ''കൊല്ലം 850 മുതൽ 950 വരെ'' (82–ാം പുറം വരെ); 6–ാം അദ്ധ്യായത്തിൽ ''1000–ാമാണ്ടു വരെ'' (കാർത്തികതിരുനാൾ വലിയതമ്പുരാനും അശ്വതിതിരുനാൾ തമ്പുരാനും) (87–ാം പുറം വരെ); 7–ാം അദ്ധ്യായത്തിൽ "കൊല്ലം 1000 വരെ" (കുഞ്ചൻനമ്പിയാർ) (104–ാം പുറം വരെ); 8–ാം അദ്ധ്യായത്തിൽ ''1000–ാമാണ്ടുവരെ'' (തുടർച്ച) (117–ാം പുറം വരെ); 9–ാം അദ്ധ്യായത്തിൽ ''1000–ാമാണ്ടുവരെ'' (തുടർച്ച) (121–ാം പുറം വരെ); 10–ാം അദ്ധ്യായത്തിൽ ''1000–ാമാണ്ടു മുതൽ 1036–ാമാണ്ടു വരെ'' (134–ാം പുറം വരെ); 11–ാം അദ്ധ്യായത്തിൽ

''1036–ാമാണ്ടു മുതൽ 1041–ാമാണ്ടുവരെ'' (142–ാം പുറം വരെ); 12–ാം അദ്ധ്യായത്തിൽ ''ഇപ്പോഴുള്ള ഗ്രന്ഥകർത്താക്കന്മാർ'' (152–ാം പുറംവരെ); 13–ാം അദ്ധ്യായത്തിൽ ''ഇപ്പോഴുള്ള ഗ്രന്ഥകാരന്മാർ'' (തുടച്ച്) (164–ാം പുറം വരെ); 14–ാം അദ്ധ്യായത്തിൽ ''പലവക കുറിപ്പുകൾ'' (168–ാം പുറം വരെ) എന്നിവ അടങ്ങിയിരിക്കുന്നു. ''മിഷ്യൻസഭക്കാരുണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങൾ—നേറ്റീവ്സ് ഈയിടെ ഉണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങൾ—മലയാളപ്പത്രികകൾ'' എന്നിവയോടുകൂടിയാണ് ഗോവിന്ദപ്പിള്ളയുടെ ഈ പുസ്തകം അവസാനിക്കുന്നതു്.

ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്രം' പുറത്തു വന്നതോടുകൂടി, മലയാളത്തിൽ നാളതുവരെ പ്രസിദ്ധീകൃതമായിരുന്ന ഗ്രന്ഥങ്ങളെയും അവയുടെ കർത്താക്കളെയും, കൂടാതെ പ്രസാധനാർഹങ്ങളെങ്കിലും അപ്രസാധിതങ്ങളായി കോവിലകങ്ങളിലെയും പുരാതനഗൃഹങ്ങളിലെയും ഗ്രന്ഥാഗാരങ്ങളിൽ ഒളിഞ്ഞുകിടന്നിരുന്ന നിരവധി താളിയോലഗ്രന്ഥങ്ങളേയും കൈയെഴുത്തുപ്രതികളേയും ചെപ്പേടുകളേയും മററുംകുറിച്ചു കേരളീയർക്കറിയാനിടയായി. മലയാളഭാഷയ്ക്കുണ്ടായിരുന്ന ഒരു വലിയ കുറവു്, അതായതു് ഒരു ഭാഷാചരിത്രത്തിൻെറ അഭാവം, അങ്ങനെ ഏറെക്കുറെ പരിഹരിക്കപ്പെട്ടതിനാൽ ഭാഷാപ്രണയികൾ ഒന്നടങ്കം ഗോവിന്ദപ്പിള്ളയെ അനുമോദിച്ചു. തൻെറ 'മലയാളഭാഷാചരിത്ര'ത്തിൽ ''അപൂർണ്ണതകളും ന്യൂനതകളും* വളരെയുണ്ടെന്നു കാലാന്തരംകൊണ്ടു പലവിധത്തിലുള്ള അന്വേഷണങ്ങളാൽ'' ബോദ്ധ്യപ്പെട്ട ഗോവിന്ദപ്പിള്ള ആ ഗ്രന്ഥം പില്ക്കാലത്തു പരിഷ്കരിച്ചു രണ്ടു

* ''ഭാഷാചരിത്രസംബന്ധമായി ഇദംപ്രഥമമായി ഉണ്ടായ ഒരു കൃതിയാകകൊണ്ടു് ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്ര' ത്തിൽ ചില പ്രമാദങ്ങളെല്ലാം വന്നുപോയിട്ടുണ്ടെന്നുള്ളതു സമ്മതിക്കണം. പല കൃതികളുടേയും കാലം, കർത്തൃത്വം മുതലായവ തെററായി രേഖപ്പെടുത്തിപ്പോയിട്ടുണ്ടു്. മററു ചില ന്യൂനതകളും അതിൽ കടന്നുകൂടിയിട്ടില്ലെന്നില്ല. അതൊക്കെ വാസ്തവംതന്നെ. എന്നുവരികിലും....''—ഭാഷാഗദ്യസാഹിത്യചരിത്രം, ടി.എം. ചുമ്മാർ, പുറം 427.

വാല്യമായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഒന്നാംവാല്യം 1889 മദ്ധ്യത്തിലും, രണ്ടാംവാല്യം 1889 ഒടുവിലുമായി പുറത്തുവന്നു. ഒന്നാംവാല്യത്തിന്റെ അവതാരികയിൽ (1889 ജൂൺ 11) ഗ്രന്ഥകൎത്താവ് ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു:

''ൟ ഭാഷാചരിത്രം ഒന്നാമത അച്ചടിപ്പിച്ചകാലത്ത ഈ മാതിരി വേറെ ഒരു പുസ്തകം മലയാളഭാഷയിൽ ഇല്ലാഞ്ഞു— ഇപ്പൊൾ എട്ടുവൎഷംവരെ ആയിട്ടും ൟ വിധത്തിൽ ഒരു പുസ്തകം ഉണ്ടാക്കുന്നതിന്ന വെറെ ആരും ശ്രമിക്കയും ചെയ്തിട്ടില്ല—ഇത വളരെ ദുഃഖപ്രദമായ സംഗതിതന്നെ ആകുന്നു— അതിനുള്ള ഹെതുക്കൾ എന്തെല്ലാമെന്നു ആലൊചിക്കുന്നപക്ഷം ൧–ാമത മഹാരാജാക്കന്മാരുടെയും ധനവാന്മാരായ പ്രഭുക്കളുടെയും ദ്രവ്യമുഖെന സഹായം ഇല്ലായ്ക— ൨–ാമത, പ്രായെണ ദരിദ്രന്മാരായ വിദ്വാന്മാൎക്ക ഇക്കാലങ്ങളിൽ വിദ്യ അൎത്ഥകരില്ലായ്കയാൽ വൃത്തിയ്ക്ക അവിദ്യാപഥം അവലംബമായിത്തീൎന്നിരിക്കുന്നത— ൩–ാമത മലയാളഭാഷയുടെ യൊഗ്യതയും മാധുൎയ്യവും ഇത്രമാത്രം ഉണ്ടെന്നുള്ള പരമാൎത്ഥത്തിന്റെ ലെശംപൊലും അറിയാതെയും ഭാഷാകവികൾ ഏതു കാലത്ത എവിടെ ആരെല്ലാമുണ്ടായിരുന്നു എന്ന അന്വെഷിക്കാതെ തന്റെ തന്റെ ജനനസ്ഥലത്തുണ്ടാകുന്ന വല്ല ചില പുസ്തകങ്ങളെയൊ ഗ്രന്ഥങ്ങളെയൊ മാത്രം സ്വല്പനെരം നൊക്കി വായിക്കുന്നതുതന്നെ ജ്ഞാനവിഷയത്തിലെയ്ക്കു ഏറിപ്പൊയിരിക്കുമെന്നുള്ള മൗഢ്യത്തെ നിരാകരിപ്പാൻ സംഗതിയുണ്ടാകാതെയും ഇരിക്ക — ൪–ാമത (അത മഹാകഷ്ടമായിട്ടുള്ളതുംതന്നെ) വിദ്വാനായ ഒരു കാരണവൻ തറവാട്ടിൽ സമ്പാദിച്ചുവയ്ക്കുന്ന ഗ്രന്ഥങ്ങളെ മൂഢന്മാരായ അനന്തരവര വായുഭഗവാനെപ്പൊലും ഗ്രന്ഥപ്പുരയിൽ കടത്താതെ ഭദ്രമായി നൊക്കി ഒരു പന്ത്രണ്ടു വൎഷത്തിനകത്തെങ്കിലും ഒരിക്കൽ തിരിഞ്ഞുനൊക്കുകയൊ സാക്ഷാൽ ദെവെന്ദ്രൻതന്നെ വന്നു യാചിച്ചാലും ഒരു ഗ്രന്ഥം പകൎത്താൻ വെളിയിൽ കാട്ടുകയൊ അവരുതന്നെ സ്വല്പമെങ്കിലും ഉപയൊഗിക്കയൊ ചെയ്യാതെ ചൊനലിനും ചിതലിനും പാററാൎക്കും എലികൾക്കും ചിലന്തികൾക്കും

പുഴക്കാരക്കും ഇരിപ്പിടമാക്കിക്കല്പിക്ക — ഇത്യാദികരം തന്നെ ഹെതുക്കളായി പ്രത്യക്ഷപ്പെടുന്നു.

''ആദ്യം ഞാൻ അച്ചടിപ്പിച്ച പുസ്തകത്തിൽ അപൂൎണ്ണതകളും ന്യൂനതകളും വളരെയുണ്ടെന്നു കാലാന്തരംകൊണ്ടു പലവിധത്തിലുള്ള അന്വെഷണങ്ങളാൽ എനിക്കു ബൊദ്ധ്യപ്പെട്ടതുനിമിത്തം കഴിയുംവിധം ഠരം പുസ്തകം പൂരിപ്പിച്ച് അച്ചടിപ്പിക്കുന്നതിനായിട്ടു കെരളത്തിലെ വിദ്വാന്മാൎക്കും പ്രഭുക്കന്മാൎക്കും ഉദ്യൊഗസ്ഥന്മാൎക്കുമായി അനെകം നൊട്ടീസയച്ചിരുന്നു. താഴെ പെരു കാണുന്നവർ മാത്രം ഭാഷാഭിമാനം ഹെതുവായിട്ടു മറുപടികരം അയച്ചുതന്നതു എനിക്കു വളരെ സഹായമായിത്തീൎന്നു....

''ഏതായാലും കിട്ടിയിടത്തൊളം സഹായത്തിന്റെ മാഹാത്മ്യം നിമിത്തം രണ്ടാം അച്ചടിപ്പിനു ഞാൻ ആരംഭിച്ചു. ഇത്തവണ പുസ്തകം വളരെ വലുതായിവന്നിരിക്കുന്നു. അബദ്ധങ്ങളും വളരെ കുറവുവന്നിരിക്കുന്നു. എങ്കിലും ഇനിമെൽ ഠരം പുസ്തകത്തിനു വളരെ പരിഷ്കാരങ്ങരം വരാവുന്നതും അതിനു മഹാമനസ്സന്മാരായ വിദ്വജ്ജനങ്ങളുടെ സഹായം അപെക്ഷിതമായിരിക്കുന്നതും ആകുന്നു.

''പ്രമാണഗ്രന്ഥങ്ങളായ വ്യാകരണം, അലങ്കാരം, തൎക്കം, ഭാഷാചരിത്രം മുതലായവ മലയാളഭാഷയിലില്ലാതിരുന്നതുകൊണ്ടു വ്യവഹാരങ്ങരംക്കുള്ള വിഘ്നങ്ങളിൽ ഏകദെശാംശത്തിനെ നിവൎത്തിപ്പിക്കുന്നതിനു ഠരം ഭാഷാചരിത്രമുഖെന കെരളീയന്മാരായ വിദ്യാഭിലാഷുകന്മാരുടെ ശുശ്രൂഷക്കു ഞാൻ അൎഹനാകണമെന്ന ആഗ്രഹത്തൊടുകൂടെ പുറപ്പെട്ടിരിക്കുന്നു ഉത്തമമായ ഒരു വ്യാകരണമാകുന്നു ഇനി ആവശ്യപ്പെടുന്നതു്. ഗുണ്ടെട്ട് മുതലായവരുടെ വ്യാകരണങ്ങരംക്കു കെരളീയവിദ്വാന്മാരുടെ അനുവാദം ഇനിമെലും സിദ്ധിപ്പാൻ പ്രയാസമാണു്. മാത്തൻ ഗീവറുഗീസ്സ നാട്ടുപാദ്രിയുടെ വ്യാകരണം വിദ്വാന്മാൎക്കാവശ്യമില്ല; മൂഢന്മാൎക്കു ദുർഗ്രാഹ്യം; മദ്ധ്യസ്ഥന്മാൎക്കു മതിയാകുന്നില്ല. നെടുങ്ങാടി ചുരുങ്ങിപ്പൊയതിനാലും, ഗ്ദ്യൈകരൂപമായതിനാലും നല്ല സന്തൊഷപ്രദമാകുന്നില്ല. വെറെയുള്ള വ്യാകരണങ്ങരം സായിപ്പന്മാൎക്കു എളുപ്പത്തിൽ മലയാളഭാഷാ

ജ്ഞാനം എങ്ങനെയായാൽ വരുമൊ എന്നുമാത്രം ആകുന്നു പ്രധാനമായി ദീക്ഷിക്കുന്നതു്. അതിനാൽ ഒരു ശുദ്ധകെരളവ്യാകരണവും മററു മുൻപറഞ്ഞ പുസ്തകങ്ങളും ഀ ഭാഷയുടെ പുഷ്ടിക്കു അത്യാവശ്യങ്ങളാകുന്നു....

''ഭാഷാചരിത്രം ഒന്നാംവല്യത്തിൻെറ രണ്ടാംപതിപ്പായ ഀ ഗ്രന്ഥം പുസ്തകത്തിൻെറ ഗുണദൊഷവിവെചനം ചെയ്യുന്നതിനു കഴിവുള്ള വിദ്വജ്ജനസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു. ഇതിലുണ്ടാകാവുന്ന പിഴകളെയും ചെർക്കേണ്ടതായി ഉണ്ടായിരിക്കാവുന്ന ഭാഗങ്ങളെയും കുറിച്ചു എനിക്കു ആരെങ്കിലും എഴുതിയയച്ചുതരുന്നപക്ഷം നന്ദിയൊടുകൂടി സ്വീകരിച്ചു ആദരപൂർവ്വം മെലാൽ ഉള്ള പതിപ്പുകളിൽ അതനുസരിച്ചു പ്രവർത്തിക്കുന്നതാകുന്നു....

1064–മാണ്ടു്
ഇടവമാസം 30–ാനു- പി. ഗോവിന്ദപ്പിള്ള, ബി. ഏ.''

1889–ൽ ഗോവിന്ദപ്പിള്ള പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷാചരിത്രം 452 പുറങ്ങളുള്ള ഒരു വലിയ പുസ്തകമാണു്. ഈ പുതിയ പതിപ്പിൽ അനേകം ഭേദഗതികളും തിരുത്തുകളും കാണാനുണ്ടു്. അതു് അടിമുടി പരിഷ്കരിച്ചതാണെന്നുതന്നെ പറയാം. കാലഘട്ടങ്ങൾ ഏതാണ്ടു സാകല്യേന മാറ്റിയിട്ടുണ്ടു്.* 'കൊല്ലവർഷാരംഭം

* ഗോവിന്ദപ്പിള്ള ഘട്ടവിഭജനം നടത്തിയിരിക്കുന്നതു് താഴെ പറയുംപ്രകാരമാണു്: ആദിമലയാളം ബി. സി. 600 മുതൽ ഏ. ഡി. 800 വരെ; മദ്ധ്യമലയാളം ഏ. ഡി. 800 മുതൽ 1500 വരെ; നവീന മലയാളം 1500 മുതൽ. (മ. ഭാ. ച.—വാല്യം 1, അദ്ധ്യായങ്ങൾ 1 മുതൽ 3 വരെ.) ഈ ഘട്ടവിഭജനം പിില്ക്കാലത്തെ പല പണ്ഡിതന്മാർക്കും ശരിയാണെന്നു തോന്നിയിട്ടില്ല. ഏ. ഡി. 825 മുതൽ 1325 വരെ ആദ്യഘട്ടം; 1325 മുതൽ 1625 വരെ മദ്ധ്യഘട്ടം; 1625 മുതൽ ആധുനികഘട്ടം എന്നാണ് കേരളപാണിനി (ഏ. ആർ. രാജരാജവർമ്മ) തരംതിരിച്ചിരിക്കുന്നതു്. (കേരളപാണിനീയം, എൻ. ബി. എസ്. പതിപ്പ്, 1968, പുറം 71.) ഏ. ഡി. 1525 വരെ പ്രാചീന സാഹിത്യകാലമെന്നും, അതിനുമേൽ നവീനസാഹിത്യകാലമെന്നും, അതിൽത്തന്നെ 1875 മുതൽ അദ്യതനസാഹിത്യകാലമെന്നും ഉള്ളൂർ (കേ. സാ. ച.—വാല്യം 1, പുറം 76).

വരെ' എന്ന ഒന്നാംപതിപ്പിലെ 1–ാം അദ്ധ്യായം പുതിയ പതിപ്പിൽ 1–ം, 2–ം, 3–ം, 4–ം അദ്ധ്യായങ്ങളായി*; 'വർഷാരംഭം മുതൽ 600–ാമാണ്ടുവരെ' എന്ന 2–ാമദ്ധ്യായം പുതിയ പതിപ്പിൽ 5–ം, 6–ം, 7–ം അദ്ധ്യായങ്ങളായി; 600 മുതൽ 700 വരെ എന്ന കാലഘട്ടം ഭേദപ്പെടുത്തിയിട്ടില്ല. പക്ഷേ, അതു പുതിയ പതിപ്പിൽ 8–ാമദ്ധ്യായമായി. 700 മുതൽ 800 വരെ 9–ാമദ്ധ്യായം; 800 മുതൽ 900 വരെ 10–ാമദ്ധ്യായം; ഇത്രയും ചേർന്നതാണ് 1–ാം വാല്യം. 11 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ ഉൾക്കൊണ്ടതാണ് 2–ാംവാല്യം. അവ യഥാക്രമം 900 മുതൽ 1000 (പൂർവ്വാർദ്ധം) വരെയും, 900 മുതൽ 1000 (ഉത്തരാർദ്ധം) വരെയും, 1000 മുതൽ 1100 (കവികൾ i ) വരെയും, 1000 മുതൽ 1100 (കവികൾ ii ) വരെയും, 1000 മുതൽ 1100 (ഗദ്യകാരന്മാർ i ) വരെയും, 1000 മുതൽ 1100 (ഗദ്യകാരന്മാർ ii ) വരെയും ഉൾക്കൊള്ളുന്നു. യുവസാഹിത്യകാരന്മാരുൾപ്പെടെയുള്ള എല്ലാ ഗ്രന്ഥകാരന്മാരെയും പററി ശേഖരിക്കാൻ കഴിഞ്ഞിടത്തോളമുള്ള വിവരങ്ങൾ ഗോവിന്ദപ്പിള്ള പുതിയ പതിപ്പിൽ ചേർത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രതീക്ഷയനുസരിച്ചുതന്നെ അന്നത്തെ ചില യുവകവികൾ പില്ക്കാലത്തെ മഹാകവികളായിത്തീരുകയുംചെയ്തു.

അതിനു മകുടോദാഹരണമാണ് മഹാകവി കെ. സി. കേശവപിള്ള(1868—1913)യുടെ ചരിത്രം. കേശവപിള്ളയെക്കുറിച്ചു മലയാളഭാഷാചരിത്രത്തിൽ കാണുന്നതിലൊരുഭാഗമാണു താഴെ ചേർക്കുന്നതു്: ''....നല്ല വാസനാകവിയാണ്. കവിതകളിൽനിന്നും സംസ്കൃതഗ്രന്ഥങ്ങൾ, സിദ്ധാന്തകൗമുദി, ശേഖരം ആദിയായി, വളരെ വായിച്ചിട്ടുണ്ടെന്നു പൂർണ്ണമായി അനുമാനിക്കേണ്ടിയിരിക്കുന്നു.

* ''കൊല്ലത്തിൽ 'തരളാംഗ'ത്തെക്കൂട്ടുമ്പോൾ കലിവത്സരം കൊല്ലത്തിൽ ശരജംകൂട്ടി ക്രിസ്താബ്ദം കണ്ടുകൊള്ളണം. 'തരളാംഗം' 3926–ം, 'ശരജം' 825–ം ആകുന്നു.'' (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 105.) കൊല്ലവർഷത്തോടു് യഥാക്രമം 3926, 825 ഇവ കൂട്ടുമ്പോൾ കലിവർഷവും ക്രിസ്തുവർഷവും കിട്ടും.

കവിതയിൽ പദമോഷണമില്ലാതെ സ്വകീയമായും നൂതനമായും ചില വാശ്ധാടികളെ പ്രദർശിപ്പിക്കുന്നു. ഇപ്പൊഠം ചെറുപ്പമാകയാൽ ഇനിമെൽ വളരെ ഖ്യാതി സമ്പാദിക്കുന്നയാളാണ്. ഇങ്ങിനെയുള്ള വാസനാകവികളെ മഹാരാജാക്കന്മാർ വരുത്തി രാജഗൃഹങ്ങളിൽ ആശ്രിതകൊടിയിൽ ചേൎത്തു പാൎപ്പിക്കയും, ഓരൊ സദ്വിഷയങ്ങളെക്കുറിച്ചു കവിതകഠം ആനന്ദമായി ഉണ്ടാക്കാൻ പ്രൊത്സാഹിപ്പിക്കയും ചെയ്‌വാനുള്ളതാകുന്നു.''[1] ആട്ടക്കഥകഠം, സംഗീതനാടകങ്ങഠം തുടങ്ങിയ നിരവധി കൃതികളുടെ കത്താവായ കെ. സി. കേശവപിള്ള സരസഗായകകവിമണി എന്ന ബിരുദത്താലാണ് ഇന്നു കേരളമെങ്ങും വിദിതനായിരിക്കുന്നതു്. ദ്വിതീയാക്ഷരപ്രാസവാദത്തിൽ നിരത്ഥകപദപ്രയോഗത്തെ എതിൎത്തുകൊണ്ടു കേശവപിള്ള ഏ. ആർ. രാജരാജവമ്മയുടെ[2] പക്ഷത്താണു നിലകൊണ്ടതു്. ആ വാദഗതി തെളിയിക്കാൻ അദ്ദേഹം രചിച്ചതാണ് 'കേശവീയം' എന്ന മഹാകാവ്യം. അതോടെ അദ്ദേഹം മഹാകവിയായിത്തീരുകയും ചെയ്തു. മലയാളഭാഷാചരിത്രം രചിക്കുന്നതറിഞ്ഞു കേശവപിള്ള ഗോവിന്ദപ്പിള്ളക്കു് അയച്ചുകൊടുത്ത പദ്യങ്ങളാണ് താഴെ ചേക്കുന്നതു്:

''ചൊല്ലെഴുമുള്ളം മലയാളഭാഷയി–
ലുളളായിട്ടും ചരിത്രങ്ങളെ–
ട്ടികെങ്ങും വഴിപോൽ പരത്തുവതി–
നത്യൽക്കണ്ഠയും യത്നവും

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 495.

2. പ്രൊഫസ്സർ ഏ. ആർ. രാജരാജവമ്മ (1863—1918) കേരളവമ്മ വലിയകോയിത്തമ്പുരാന്റെ ഭാഗിനേയനും ശിഷ്യനുമാണ്. 1896–ൽ 'കേരളപാണിനീയം' എന്ന ശാസ്ത്രഗ്രന്ഥം രചിച്ചതോടെ അദ്ദേഹം 'കേരളപാണിനി' എന്ന പേരിൽ സുവിദിതനായിത്തീൎന്നു. കേരളപാണിനീയത്തിനു പുറമേ, ഭാഷാഭൂഷണം, സാഹിത്യസാഹ്യം മുതലായ ഗ്രന്ഥങ്ങളും, മലയാളശാകുന്തളം, ഭാഷാകുമാരസംഭവം മുതലായ കൃതികളും അദ്ദേഹം വിരചിച്ചിട്ടുണ്ടു്. പണ്ഡിതശ്രേഷ്ഠനായ തമ്പുരാനോടു മലയാളികഠക്കുള്ള കടപ്പാട് 'തീൎത്താൽ തീരാത്തതാണ്.'

കല്ലോണ്ട ന്യജനോപകാരപരനായ്
വിഖ്യാതനാം നിങ്ങൾ ത–
ന്നൽക്കഷ്ണങ്ങൾ നിനച്ചു പാരമനു–
മോദിക്കുന്നു ഞങ്ങൾ സദാ.''

''മലയാളികൾ സൽഗ്ഗുണങ്ങളുള്ളോർ
പലയാളുകളെങ്കിലും നിനച്ചാൽ
മലയാളഗ്ഗുണങ്ങൾ ചൊൽവതല്ലോ
മലയാളിജനത്തിനുള്ള വേലാ.''

''ഇക്കേരളത്തിലുളവായൊരു സൽക്കവീന്ദ്ര–
ന്മാക്കുള്ള നൽസുകൃതമൊന്നൊരുമിച്ചു ചേൻറു
കൈക്കൊണ്ട മാനുഷമതാകിയ ദേഹമാകു–
ന്നിക്കണ്ട നിങ്ങളിതി ഞങ്ങൾ നിനച്ചിടുന്നു.''[1]

മലയാളഭാഷാചരിത്രത്തിന്റെ 1–ാംപതിപ്പിൽ പറ്റി പ്പോയിട്ടുള്ള പിഴകളിൽ പലതും ഗോവിന്ദപ്പിള്ള 2–ാം പതിപ്പിൽ തിരുത്തിയിട്ടുണ്ട്. ഉദാഹരണത്തിനു്, കുഞ്ചൻ നമ്പ്യാർ 910–ാമാണ്ടിടയ്ക്കാണു ജനിച്ചതെന്നു് 1–ാംപതി പ്പിൽ പ്രസ്താവിച്ചിരുന്നു. അതു് 880–ാമാണ്ടിടയ്ക്കാണെന്നു് 2–ാംപതിപ്പിൽ തിരുത്തിയിരിക്കുന്നു.[2] ''ആകക്കൂടി കേര ളസാഹിത്യചരിത്രകാരന്മാരുടെ മാഗ്ഗദശിയായ ഗോവി ന്ദപ്പിള്ള സവ്വാധികാര്യക്കാർ കുഞ്ചനനമ്പ്യാരുടെ ജീവിത കാലം 880 മുതൽ 945 വരെയാണെന്നു് രേഖപ്പെടുത്തിയി ട്ടുള്ള വസ്തുത ആധുനികഗവേഷകദൃഷ്ട്യാ പരിശോധിക്കു മ്പോഴും സാധുവാണെന്നു സ്ഥാപിക്കത്തക്കതാണ്' എന്ന ത്രേ മഹാകവി ഉള്ളൂർ പ്രസ്താവിച്ചുകാണുന്നതു്.[3] നമ്പ്യാ രുടെ നാല്പതോളം കൃതികൾ മാത്രമേ മലയാളഭാഷാച രിത്രം ആദ്യമായി രചിച്ചകാലത്തു് ഗോവിന്ദപ്പിള്ളയ്ക്കു കിട്ടിയിരുന്നുള്ളു രണ്ടാംപതിപ്പിന്റെ കാലമായപ്പോൾ അവ എഴുപതോളമായി. ''ആട്ടക്കഥ കൊട്ടാരക്കരത്തമ്പു രാനും കിളിപ്പാട്ടു് എഴുത്തച്ഛനും ആദ്യം നിമ്മിച്ചിട്ടുള്ളതു

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 497.
2. മ. ഭാ. ച.—എൻ.ബി.എസ്.പതിപ്പു്, 1956, പുറം 337.
3. കേ. സാ. ച.—വാല്യം 3, പുറം 373.

പോലെ തുള്ളൽക്കഥകളുടെ പ്രഥമകത്താവായ നമ്പിയാർ എഴുപതു കഥകറുവരെ ഉണ്ടാക്കീട്ടുണ്ടു'''[1] എന്നാണു് രണ്ടാംപതിപ്പിൽ ഗോവിന്ദപ്പിള്ള പറഞ്ഞിരിക്കുന്നതു്. 'ശംബരവധം', 'പാലാഴിമഥനം' എന്നിങ്ങനെ രണ്ടു് ആട്ടക്കഥകറു നമ്പ്യാർ വിരചിച്ചിട്ടുണ്ടെന്നു് ഗോവിന്ദപ്പിള്ള 1-ാംപതിപ്പിൽ അഭിപ്രായപ്പെട്ടിരുന്നു. രണ്ടാംപതിപ്പായപ്പോറു 'പാലാഴിമഥനം' നമ്പ്യാരുടെ കൃതിയല്ല; രവീശ്വരത്തുപണിക്കരുടെ കൃതിയാണെന്നു് അദ്ദേഹം തിരുത്തുകയുണ്ടായി. രണ്ടാംപതിപ്പിൽ ഗോവിന്ദപ്പിള്ള പ്രസ്താവിച്ചിരിക്കുന്നതു് ഇപ്രകാരമാണു്: ''നമ്പിയാരുടെ ആട്ടക്കഥകറു അത്ര നന്നായിട്ടു വിദ്വാന്മാർ വിചാരിക്കുന്നില്ലാ. അധികം ഉപയോഗപ്പെടുത്തിയും കാണുന്നില്ലാ. അവയിൽ ശംബരവധംമാത്രം അച്ചടിച്ചിട്ടുണ്ടു് ശേഷം കഥകറു തുള്ളൽരീതിയായിപ്പോയതിനാൽ ഉപേക്ഷിച്ചു എന്നു പറയുന്നു. പാലാഴിമഥനം നമ്പിയാരുടേതെന്നു് ഈ പുസ്തകം ആദ്യം അച്ചടിച്ചപ്പോറു പറഞ്ഞിരുന്നതു തെറ്റാണു്. അതിന്റെ കത്താവു രവീശ്വരത്തുപണിക്കരത്രെ.''[2] പാലാഴിമഥനത്തെപ്പററി ഗോവിന്ദപ്പിള്ള പുറപ്പെടുവിച്ചിരിക്കുന്ന ഈ അഭിപ്രായം ഉള്ളൂർ പരമേശ്വരയ്യരും മറ്റും സ്വീകരിച്ചുകാണുന്നില്ല.[3] ''നമ്പിയാരുടേതെന്നു നിശ്ചയമുള്ള ആട്ടക്കഥകളിൽ ഭാരതം എട്ടു ദിവസത്തെ കഥകളും, ശംബരവധവും, രാസക്രീഡയും, പാലാഴിമഥനവും, ബാണയുദ്ധവും മാത്രമേ നമുക്കു് ഇതുവരെ ലഭിച്ചിട്ടുള്ളുവെന്നു പറഞ്ഞുവല്ലോ. പ്രസ്തുത കൃതികളുടെ പ്രാദുർഭാവത്തിന്റെ പൗർവ്വാപര്യവും ഇക്കണക്കിനു

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 343. ''നമ്പിയാർ ആകക്കൂടി 64 തുള്ളലുകറു രചിച്ചതായി ഐതിഹ്യമുണ്ടെങ്കിലും അവയിൽ നാല്പതോ നാല്പത്തഞ്ചോ തുള്ളലുകളിലധികം നമുക്കു കിട്ടീട്ടുള്ളതായി തോന്നുന്നില്ല.'' —കേ. സാ. ച.; 3, 412.

2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 356.

3. പാലാഴിമഥനം എന്ന പേരിൽ നമ്പ്യാരെക്കൂടാതെ വേറെയും ചില കവികറു ആട്ടക്കഥ വിരചിച്ചിട്ടുണ്ടു്. —സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 640.

തന്നെയായിരിക്കാം. ഭാരതത്തിനു താരതമ്യേന ഗുണം കുറയും. പാലാഴിമഥനത്തിൽ മാത്രമേ കവിയുടെ സംസ്കൃതപാണ്ഡിത്യം സ്വല്പമെങ്കിലും പ്രകാശിക്കുന്നുള്ളു. രാസക്രീഡയിലെ ഭാഷയ്ക്കു രാമണീയകം കൂടും. ശ്ലോകങ്ങളെ അപേക്ഷിച്ചു പദങ്ങളാണ് പ്രായേണ ആസ്വാദ്യങ്ങളായി കാണുന്നതു്. പി. ഗോവിന്ദപ്പിള്ള 'ശംബരവധം ഒഴികെയുള്ള നമ്പിയാരുടെ ആട്ടക്കഥകൾ തുള്ളൽരീതിയിലായിപ്പോയതിനാൽ ഉപേക്ഷിച്ചു എന്നു പറയുന്നു' എന്നു പ്രസ്താവിച്ചിരിക്കുന്നതു വിശ്വസിക്കുവാൻ നിവ്വാഹമില്ല." എന്നാണ് മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ പറഞ്ഞുകാണുന്നതു്.[1] പക്ഷേ, അദ്ദേഹം ഈ പ്രസംഗം ഉപസംഹരിക്കുന്നതു് ഇങ്ങനെയാണ്: "അഭിനയത്തിനു യോജിച്ച വിധത്തിലല്ല അദ്ദേഹത്തിന്റെ (നമ്പ്യാരുടെ) കഥാഘടന എന്നുള്ളതാണ് പ്രധാന വൈകല്യം. രസങ്ങൾക്കു വൈവിദ്ധ്യം വരുത്തുവാൻ അദ്ദേഹം തീരെ ശ്രദ്ധിച്ചിട്ടില്ല. തന്റെ ഭാഷ പാമരന്മാക്കുകൂടി സുഗ്രഹമാകണം എന്നുള്ള ആഗ്രഹംകൊണ്ടു് ശബ്ദാത്ഥാലങ്കാരങ്ങളെ സംബന്ധിച്ചു് അദ്ദേഹം വളരെ ഉദാസീനനായും കാണപ്പെടുന്നു. ഒരു നൃത്യപ്രബന്ധകാരൻ എന്ന നിലയിൽ നമ്പിയാക്കു ഭാഷാസാഹിത്യത്തിൽ യാതൊരു സ്ഥാനവും കല്പിക്കാവുന്നതല്ലെന്നു ചുരുക്കത്തിൽ പറയാം."[2] 'കേദാരവ്രതം' കിളിപ്പാട്ടു് കോഴിക്കോട്ടു് ശക്തൻതമ്പുരാന്റെ[3]

1. കേ. സാ. ച.—വാല്യം 3, പുറം 395.

2. കേ. സാ. ച.—വാല്യം 3, പുറം 395.

3. "കേരളീയസംസ്കൃതകവികളുടെ ഇടയിൽ സമാരാധ്യമായ സ്ഥാനത്തെ അലങ്കരിക്കുന്ന ഒരു പുണ്യപുരുഷനാണ് കോഴിക്കോട്ടു് മാനവേദരാജാവു്. അദ്ദേഹം കൊല്ലം എട്ടാംശതകത്തിന്റെ ചതുത്ഥപാദത്തിൽ ജനിച്ചു. കൊല്ലം 819-ൽ പൂവ്വഭാരതചമ്പുവും 829-ൽ കൃഷ്ണഗീതിയും നിമ്മിച്ചു. കൃഷ്ണഗീതിക്കു കൃഷ്ണനാട്ടം എന്ന പേരിലാണ് പ്രസിദ്ധി അധികം ക്രി. പി. 1658—ാം വഷം ഫെബ്രുവരി 15—ാംതീയതിക്കു തുല്യമായ കൊല്ലം 833-ൽ അദ്ദേഹവും പരഗതിയെ പ്രാപിച്ചു." (കേ. സാ. ച.—3—ാംവാല്യം, പുറം 1). "ശുകസന്ദേശവ്യാഖ്യാനം ഉണ്ടാക്കിയിട്ടുള്ളതു് ഈ മാനവേദൻ തമ്പുരാനാണെ

കൃതിയാണെന്നത്രേ ഗോവിന്ദപ്പിള്ള 1-ാംപതിപ്പിൽ പ്രസ്താവിച്ചിരുന്നതു്; ആ വിവരം തെററാണെന്നും, അതു് 'കടിയംകുളത്തു ശൂപ്പൻമേനോ'ന്റെ കൃതിയെന്നു് പൂർണ്ണമായി തെളിഞ്ഞിരിക്കുന്നുവെന്നും അദ്ദേഹം രണ്ടാംപതിപ്പിൽ പറയുന്നു.[1] വിദ്വാൻ കോയിത്തമ്പുരാന്റെ[2] കൃതികളെപ്പററി വിവരിക്കുന്നകൂട്ടത്തിൽ ഭാഷാചരിത്രത്തിന്റെ 2-ാംപതിപ്പിൽ ഗോവിന്ദപ്പിള്ള ഇപ്രകാരം പ്രസ്താവിക്കുന്നു: ''ഈ പുസ്തകം ആദ്യം അച്ചടിച്ച സമയം 'കംസവധം' ഈ കോയിത്തമ്പുരാന്റെ കവിതയെന്നു പറഞ്ഞിരുന്നതു് അബദ്ധമാണു്. അവിടത്തെ യോഗ്യതയും കവിതാചാതുര്യവും അസാധാരണമായിട്ടുള്ളവയാണു്. അതിനു് ഉചിതമായ ഒരു പ്രസംഗം ഇവിടെ ചെയ്തിട്ടില്ല.''[3] പ്രസ്തുത കംസവധം ആട്ടക്കഥ 974-ാമാണ്ടു് ചരമംപ്രാപിച്ച രവിവർമ്മൻകോയിത്തമ്പുരാന്റെ കൃതിയാണെന്നു് ഗോവിന്ദപ്പിള്ള 2-ാംപതിപ്പിൽത്തന്നെ അന്യത്ര തിരുത്തീട്ടുണ്ടു്. രവിവർമ്മൻകോയിത്തമ്പുരാനെക്കുറിച്ചു് പ്രസ്താവിക്കുന്നിടത്തു് അദ്ദേഹം ഇങ്ങനെ പറയുന്നു: ''രവിവർമ്മൻകോയിത്തമ്പുരാൻ ഉദ്ദേശം കൊല്ലം 900-ൽ ജനി

ന്നു ചിലർ അഭിപ്രായപ്പെടുന്നതു് അബദ്ധമാണെന്നു് ഇതിനുമുമ്പു ലക്ഷ്യപ്പെടുത്തീട്ടുണ്ടു്.'' —മ. ഭാ. ച., പുറം 303.

1. മ. ഭാ. ച.—എൻ. ബി. എസ്സ്. പതിപ്പു്, 1956, പുറം 303. ഈ കിളിപ്പാട്ടു് 'കേദാരമാഹാത്മ്യം' എന്ന പേരിലാണു് ഇന്നു് അറിയപ്പെടുന്നതു്. അതിന്റെ കർത്താവു് 'കടിയങ്കുളത്തു ശൂപ്പൻമേനോൻ' അല്ല, 'കടിയംകുളം ശൂപ്പമേനോൻ' (19-ാംശതകം) ആകുന്നു. കേദാരവ്രതത്തിന്റെ മാഹാത്മ്യമാണു് ഇതിൽ വിവരിക്കുന്നതു്.

2. 'കരീന്ദ്രൻ' തമ്പുരാൻ എന്നറിയപ്പെടുന്ന കിളിമാനൂർ വിദ്വാൻ രാജരാജവർമ്മ കോയിത്തമ്പുരാൻ (1812—1846) സ്വാതിതിരുനാളിന്റെ സമകാലികനാണു്. രാവണവിജയം ആട്ടക്കഥയത്രേ ഇദ്ദേഹത്തിന്റെ മുഖ്യകൃതി. ''സംഗീതമാധുര്യംകൊണ്ടും സാഹിത്യസൗഭഗംകൊണ്ടും അഭിനയൗചിത്യംകൊണ്ടും അതിനെ അതിശയിക്കുന്ന കഥകൾ ചുരുക്കമാണു്.''

3. മ. ഭാ. ച.—എൻ. ബി. എസ്സ്. പതിപ്പു്, 1956, പുറം 426.

ച്ചു.[1] തിരുവനന്തപുരത്തു പള്ളിക്കെട്ടു കഴിച്ചു താമസിച്ചു. വിദ്വാൻ അശ്വതിതിരുനാൾതമ്പുരാന്റെ പിതാവാണ്. 'രുഗ്മിണീസ്വയംവരം', 'കംസവധം' ഇങ്ങനെ രണ്ട് ആട്ടക്കഥകൾ ഉണ്ടാക്കീട്ടുണ്ട്.[2] അതിൽ കംസവധം അച്ചടിച്ചിട്ടുണ്ട്. ഈ പുസ്തകം ആദ്യം അച്ചടിച്ച സമയം കംസവധം വിദ്വാൻ കോയിത്തമ്പുരാന്റെ കവനമെന്നു പറഞ്ഞിരുന്നതു തെററാകുന്നു....''[3]

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഗോവിന്ദപ്പിള്ളയുടെ ഗ്രന്ഥം ഒരു പുതിയ പ്രസ്ഥാനത്തെയാണല്ലോ സൂചിപ്പിച്ചതു്. അതിനു മുൻപു് ഭാഷയിൽ അങ്ങനെയുള്ളൊരു ഗ്രന്ഥമില്ലാതിരുന്നതിനാൽ സദൃശങ്ങളായ ഇംഗ്ലീഷ്ഗ്രന്ഥങ്ങളെയാണ് അദ്ദേഹം മാതൃകയാക്കിയതു്. ഗ്രന്ഥകാരന്മാരെയും ഗ്രന്ഥങ്ങളെയുംകുറിച്ചുള്ള വസ്തുതകളും, ദേശചരിത്രവും, ഗ്രന്ഥങ്ങളിലെ സദാചാരവാക്യങ്ങൾ, രസനിഷ്യന്ദികളായ ഭാഗങ്ങൾ എന്നിവയും ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ അടങ്ങിയിരിക്കുന്നു. 'മലയാളഭാഷാചരിത്ര'മെന്ന പേരാണ് തന്റെ ഗ്രന്ഥത്തിനു് അദ്ദേഹം കല്പിച്ചിരിക്കുന്നതെങ്കിലും ഡോക്ടർ കെ. എം. ജോർജ്ജ് പ്രസ്താവിക്കുന്നതുപോലെ അതൊരു മലയാളസാഹിത്യചരിത്രമാണ്.[4] കേരളീയകവികൾ സംസ്കൃത

1. '910–ാമാണ്ടിടയ്ക്കു്' എന്നു് ഉള്ളൂർ. (കേ. സാ. ച. —വാല്യം 3, പുറം 279). ഈ തമ്പുരാന്റെ ചരമം 974–ൽ ആണെന്നു ഗോവിന്ദപ്പിള്ള പറഞ്ഞിരിക്കുന്നതിനോടു് ഉള്ളൂർ യോജിക്കുന്നുണ്ട്.

2. ഈ അഭിപ്രായം മഹാകവി ഉള്ളൂർ അപ്പാടെ സ്വീകരിക്കുന്നില്ല. അദ്ദേഹം ഇങ്ങനെ പറയുന്നു: ''കംസവധത്തിനു പുറമേ, രുക്മിണീസ്വയംവരം എന്നൊരാട്ടക്കഥകൂടി രവിവർമ്മകോയിത്തമ്പുരാൻ രചിച്ചിട്ടുള്ളതായി ചിലർ പറയുന്നു. ആ ആട്ടക്കഥ ആരും കണ്ടിട്ടില്ല. അങ്ങനെയൊരു കൃതി അദ്ദേഹം രചിച്ചിരിക്കുമോ എന്നും സംശയിക്കേണ്ടതുണ്ട്. അതു പരമാർത്ഥമാണെങ്കിൽ അദ്ദേഹത്തിന്റെ പുത്രനായ അശ്വതിതിരുനാൾതമ്പുരാൻ അതേ പേരിൽ മറെറാരു ആട്ടക്കഥ നിർമ്മിക്കുവാൻ ഇടയില്ലല്ലോ.'' —കേ. സാ. ച.; 3, 280.

3. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 372.

4. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 22. ''സാഹിത്യഭണ്ഡാഗാരത്തിലുള്ള സമ്പത്തുകൾ ഏതെല്ലാമെന്നും എത്രത്തോ

ഭാഷയിൽ രചിച്ചിട്ടുള്ള കൃതികളെക്കുറിച്ചും ഗ്രന്ഥകാരൻ പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലെ പ്രഥമഗണനീയരായ മഹാകവികളുടെ കൂട്ടത്തിൽപ്പെടുന്ന ശങ്കരാചാര്യർ[1] (8-ാം ശതകം), ലക്ഷ്മീദാസൻ[2] (14-ാം ശതകം) മുതലായവർ സംസ്കൃതഭാഷയിൽ മാത്രമേ ഗ്രന്ഥങ്ങൾ വിരചിച്ചിട്ടുള്ളു. അവരെപ്പററിയുള്ള വിവരങ്ങൾ കേവലം അക്കാരണത്താൽ ഭാഷാചരിത്രത്തിൽ ചേർക്കാതിരുന്നാൽ സാഹിത്യസാമ്രാജ്യത്തിൽ കേരളത്തിനുള്ള യഥാർത്ഥസ്ഥാനം അനുവാചകർ ഗ്രഹിച്ചില്ലെന്നുവരും. അതിനാൽ കേരളീയപണ്ഡിതന്മാർ ഉഭയഭാഷകളിലും നിർമ്മിച്ചിട്ടുള്ള പ്രധാന ഗ്രന്ഥങ്ങളെപ്പററിയും ഗോവിന്ദപ്പിള്ള സംക്ഷിപ്തമായി തൻെറ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. വിസ്തീർണ്ണമായ

---

ളുമെന്നും ആരുടേതെല്ലാമെന്നും തിട്ടപ്പെടുത്തുകയും അവ ഓരോന്നിൻെറയും ഏകദേശമായ ഒരു മൂല്യം നിർണ്ണയിക്കുകയും ചെയ്ത് ഭാഷയുടെയും സാഹിത്യത്തിൻെറയും അഭിവൃദ്ധിയുടെ ശരിയായ നില ചൂണ്ടിക്കാണിക്കുന്ന കൃതികൾക്കാണ് സാഹിത്യചരിത്രഗ്രന്ഥങ്ങൾ എന്നു പറയുന്നത്.'' —ഭാഷാഗദ്യസാഹിത്യചരിത്രം; ടി. എം. ചുമ്മാർ, പുറം 426.

1. 'ഉപനിഷത്തത്ത്വങ്ങളെ സൂക്ഷ്മമായുപഗ്രഥിച്ച് അദ്വൈതസിദ്ധാന്തം ആവിഷ്കരിക്കുകയും അതു പ്രചരിപ്പിക്കുകയും ചെയ്ത'' ഒരു കേരളീയനായ ഇദ്ദേഹം സംസ്കൃതത്തിൽ 33 മൂലഗ്രന്ഥങ്ങളും 64 സ്തോത്രകൃതികളും വിരചിച്ചിട്ടുണ്ട്. ''ശങ്കരാചാര്യരെപ്പോലെയുള്ള ഒരു സർവ്വതന്ത്രസ്വതന്ത്രൻെറ, പദവാക്യപ്രമാണപാരീണൻെറ, പരമതത്ത്വപ്രവക്താവിൻെറ—ജനനിയായിത്തീരാനുള്ള യോഗം നമ്മുടെ ജന്മഭൂമിയായ കേരളത്തിനാണല്ലോ സിദ്ധിച്ചതു്. ആ സ്മരണ നമ്മുടെ ഹൃദയത്തെ വികസിപ്പിക്കും; ശിരസ്സിനെ ഉന്നമിപ്പിക്കും; ശരീരത്തെ കോൾമയിർക്കൊള്ളിക്കും; കണ്ണുകളിൽ ആനന്ദബാഷ്പം നിറയ്ക്കും; നമ്മെ അഭിജാതന്മാരും ആത്മവീര്യവാന്മാരുമാക്കും.''

—കേ. സാ. ച.; വാല്യം 1, പുറം 91.

2. കേരളത്തിലുണ്ടായ ആദ്യത്തെ സന്ദേശകാവ്യമായ 'ശുകസന്ദേശ'ത്തിൻെറ കർത്താവ്. ചരിത്രദൃഷ്ട്യാ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കൃതിയാണ് ശുകസന്ദേശം. ലക്ഷ്മീദാസനെ ഗോവിന്ദപ്പിള്ള 'കരിങ്ങപ്പള്ളിനമ്പൂരി' എന്നും പരാമർശിച്ചുകാണുന്നുണ്ട്.'' (മ. ഭാ. ച.— പുറം 202). 'കരിങ്ങമ്പള്ളി' എന്നാണ് കേരളസാഹിത്യചരിത്രത്തിൽ കാണുന്നതു് (വാല്യം 1, പുറം 142).

ഈ പന്ഥാവിലൂടെയാണല്ലോ പശ്ചാൽകാലികന്മാരായ ഉള്ളൂർ പരമേശ്വരയ്യരും മററും സഞ്ചരിച്ചതും.[1]

ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ മലയാളഭാഷയുടെ ഉൽപത്തിയെപ്പററി കുറഞ്ഞൊന്നു വിചിന്തനം ചെയ്തിട്ടുണ്ട്; പഴയ പാട്ടുകൾ, ഗ്രന്ഥവരികൾ മുതലായവയെക്കുറിച്ചു വിവരിച്ചിട്ടുള്ളതു കൂടാതെ നിരവധി ഐതിഹ്യങ്ങളും ചേർത്തിട്ടുണ്ട്.

മലയാളഭാഷയുടെ ഉൽപത്തിയെപ്പററി പ്രതിപാദിക്കുമ്പോൾ ഗോവിന്ദപ്പിള്ള തന്റെ ഗ്രന്ഥത്തിൽ പൂർവ്വസൂരികളായ കാൽഡ്വെല്ലിന്റെയും[2] മററും അഭിപ്രായങ്ങൾ

---

1. ഇതിനെപ്പററി ശ്രീ വടക്കുംകൂർ രാജരാജവർമ്മ പ്രസ്താവിക്കുന്നതു് ഇങ്ങനെയാണ്: ''ഭാഷാഭിമാനികളിൽ അഗ്രേസരനും പരിശ്രമശീലനും ആയിരുന്ന സർവ്വാധികാര്യക്കാർ ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ സംസ്കൃതകവിജനസംബന്ധമായ വിവരണത്തിനു സ്ഥാനം കൊടുത്തിട്ടുണ്ട്. എന്നാൽ അതു തൃപ്തികരമായിട്ടില്ല. ഗവേഷണം ശൈശവദശയിൽ വർത്തിച്ചിരുന്ന കാലത്താണ് ഗോവിന്ദപ്പിള്ള ഭാഷാചരിത്രം എഴുതിയതു്. അതാണ് അതിനു കാരണം. ഇന്നത്തേപ്പോലെ ഗവേഷണത്തിനു സൗകര്യങ്ങൾ അന്ന് ഇല്ലായിരുന്നു. ഗോവിന്ദപ്പിള്ള ആദ്യമായി വെട്ടിയിട്ട ആ വഴിയുടെ കേടുപാടുകൾ എല്ലാം നീക്കി അതു സ്വച്ഛതരവും സഞ്ചാരയോഗ്യവും ആക്കുന്നതിനു പലരും ശ്രമിച്ചിട്ടുണ്ട്. അവരിൽ മുഖ്യനാണ് ഉള്ളൂർ. അദ്ദേഹം ഗോവിന്ദപ്പിള്ള കാണിച്ചുകൊടുത്ത വഴിയെ ആദരിക്കുകയും അതിൽക്കൂടി കഴിയുന്നതുപോലെ മുമ്പോട്ടുപോയി ലക്ഷ്യസ്ഥാനത്തു് എത്തിച്ചേരുകയും ചെയ്തു.'' —ഉള്ളൂർ മഹാകവി; പുറം 172.

2. അയർലണ്ടുകാരനായ ഡോക്ടർ കാൽഡ്വെൽ (1814—1891) അനേകകാലം ഇന്ത്യയിൽ താമസിച്ച് ഭാരതീയഭാഷകൾ പഠിച്ചു; ഏററവും അധികം വ്യുൽപത്തിയാർജ്ജിച്ചതു് തമിഴിലായിരുന്നു. ശാസ്ത്രീയമാംവിധം ആദ്യമായി ഒരു ദ്രാവിഡഭാഷാവ്യാകരണം നിർമ്മിച്ചതു് അദ്ദേഹമാണ്. കാൽഡ്വെൽ 1875-ൽ പ്രസിദ്ധപ്പെടുത്തിയ 'A Comparative Grammer of the Dravidian Languags' എന്ന ഈ ഗ്രന്ഥമാണ് ഇന്നും വിദ്യാർത്ഥികൾ ഉപയോഗിച്ചുപോരുന്ന ആധികാരികഗ്രന്ഥം. അതിൽ മലയാളഭാഷയെപ്പററി പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: ''മലയാളവും തമിഴും തമ്മിൽ ആദ്യമുണ്ടായിരുന്ന വ്യത്യാസം അല്പം മാത്രമായിരുന്നുവെങ്കിലും, അതു ക്രമേണ വർദ്ധിച്ചുവന്നതിനാൽ, ഇന്ന് അതിനെ വെറും ഒരു ഭാഷാഭേദമായിട്ടല്ല, ഒരു സഹോദരീഭാഷയായിത്തന്നെ ഗണിക്കേണ്ടതാണ് എന്ന അഭിപ്രായത്തെ ചോദ്യംചെയ്യാൻ നിവൃത്തിയില്ല. എന്നാൽ ആരംഭ

ഉദ്ധരിച്ച വിശകലനം ചെയ്യുന്നുണ്ട്. അദ്ദേഹം ഇങ്ങനെ പറയുന്നു: ''ദ്രാവിഡഭാഷകളിൽ അധികനിപുണനും ഇതര ഭാഷാന്വേഷണത്തിൽ അധികസമർത്ഥനുമായ ഡാക്ടർ കാൽഡ്വെൽസായ്പു മലയാളം ആദ്യത്തിൽ തമിഴിൽനിന്നു് ഉത്ഭവിച്ചെന്നും കാലാന്തരംകൊണ്ടു സംസ്കൃതപദങ്ങളുടെ ആധിക്യത വർദ്ധിക്കയാൽ ഇപ്പോൾ ഒരു പ്രത്യേക ഭാഷയായിത്തീർന്നിരിക്കുന്നു എന്നും പറയുന്നു. എന്നാൽ മലയാളഭാഷയെ പഠിച്ചു് എത്രയോ അറിവുള്ള ഡാക്ടർ ഗുണ്ടർട്ടുസായ്പു് മലയാളവും തമിഴും ഏതോ ഒരു ദ്രാവിഡ ഭാഷയുടെ ശാഖകൾ എന്നു വിചാരിക്കുന്നതല്ലാതെ മലയാളം തമിഴിൽനിന്നു് ഉത്ഭവിച്ചതായി വിചാരിക്കുവാൻ ഒരിക്കലും ഇടയില്ലെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്.''* കോവുണ്ണി നെടുങ്ങാടിയേപ്പററി ഗോവിന്ദപ്പിള്ള ഇപ്രകാരം പ്രസ്താവിക്കുന്നു: ''അദ്ദേഹത്തിൻെറ........കെരളകൗമുദിയിൽ ഇപ്രകാരം കാണുന്നു....ഠരം കെരളത്തെ പരശുരാമനൊടു നീർകൊണ്ടു കുടികൊണ്ടവരായ നമ്പൂരിമാർ ആര്യാവർത്തത്തിലെ ആര്യബ്രാഹ്മണരും, ശൂദ്രാദികൾ അയൽ ദെശങ്ങളിലെ തമിഴരും ആകുന്നു. ആര്യബ്രാഹ്മണരുടെ പൂർവ്വഭാഷ സംസ്കൃതവും മററുള്ളവരുടെതു തമിഴും ആയിരുന്നു. ഠരം കാണുന്ന ആര്യ എഴുത്തും ആര്യന്മാരാൽ ഉണ്ടായതുതന്നെ മററവരുടെ വട്ടെഴുത്തുമുതലായതു് ഇപ്പൊൾ ചില പെട്ടിഓല പ്രമാണങ്ങളിൽ മാത്രം ശെഷിച്ചുപോയി. മേല്പറഞ്ഞ ഇരുകൂട്ടക്കാരുടെയും ഭാഷകൾ തമ്മിൽ കലർന്നുതന്നെ നമ്മുടെ ഠരം മണിപ്രവാളം ഉണ്ടായി. എ

---

ത്തിൽ ഒരു സഹോദരിയായിട്ടല്ല പുത്രിയായിത്തന്നെ അതിനെ ഗണിക്കേണ്ടതാണെന്നാണു് എൻെറ അഭിപ്രായം'' (പുറം 24). ഇതിനു മറുപടിയായി കേരളസാഹിത്യചരിത്രത്തിൽ ഉള്ളൂർ പറയുന്നതു നോക്കുക: ''മലയാളത്തിനും തമിഴിനും തമ്മിലുള്ള ചാർച്ച സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിൻെറ പുത്രിയെന്നോ കനിഷ്ഠസഹോദരിയെന്നോ അല്ല പറയേണ്ടതെന്നും, അങ്ങനെ ഒരു സംബന്ധം കല്പിക്കുകയാണെങ്കിൽ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ ആണു വേണ്ടതെന്നും ഈ ചർച്ചയിൽനിന്നു വിശദമാകുന്നതാണു്'' (വാല്യം 1, പുറം 33).

* മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 55.

ന്നാൽ ആര്യന്മാർ തങ്ങളുടെ സംസ്കൃതത്തെ മററുള്ളവരിൽ പ്രകാശിപ്പിക്കാത്തതു നിമിത്തം മണിപ്രവാളം മദ്ധ്യകേരളത്തിലൊഴികെ പ്രബലപ്പെടാതെ ഏറിയകാലത്തോളം ഇവിടെ പ്രത്യേകം തെക്കഭാഗങ്ങളിൽ തമിഴുതന്നെ നടപ്പായിരുന്നു എന്നതിനു പല പുരാതനരേഖകളും കല്പിച്ചുണ്ടാക്കിയ രാമചരിതം[1] എന്ന ഗ്രന്ഥവുംതന്നെ സാക്ഷികളാകുന്നു.''[2]

''സംസ്കൃതഹിമഗിരിഗളിതാ
ദ്രാവിഡവാണീകളിന്ദജാമിളിതാ
കേരളഭാഷാഗംഗാ
വിഹരതു മെ ഹൃത്സരസ്സ്വദാസംഗാ'' എന്ന

കോവുണ്ണിയുടെ ''കൗമുദീമംഗളപദ്യത്തിന്റെ ഭാവാൎത്ഥത്തെ പരാമൎശിച്ചു'' ഗോവിന്ദപ്പിള്ള ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. നെടുങ്ങാടിതന്നെ 'ആര്യദ്രാവിഡവാഗ്ജാതാ കേരളീയൊക്തികന്യകാ' എന്നു് അന്യത്ര പ്രസ്താവിച്ചുകാണുന്നതിനാൽ ഭാഷയുടെ ഉൽപത്തിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ അഭിപ്രായം വ്യക്തമല്ല. അതായിരിക്കണം ഗോവിന്ദപ്പിള്ള കൗമുദീമംഗളപദ്യത്തെപ്പറ്റി തന്റെ ഗ്രന്ഥത്തിൽ പരാമൎശിക്കാത്തതെന്നു തോന്നുന്നു. ഇതുസംബന്ധിച്ചു് 'സാഹിത്യചരിത്രം പ്രസ്ഥാന

1. എ. ഡി. 12–ാംശതകത്തോടുകൂടി ഉണ്ടായതെന്നു ഗണിക്കപ്പെട്ടുപോരുന്ന ഈ ഗ്രന്ഥം മലയാളഭാഷയുടെ ആദിരൂപം പ്രതിഫലിപ്പിക്കുന്നു: ''പാട്ടുസാഹിത്യത്തിന്റെ സൎവ്വലക്ഷണങ്ങളും തികഞ്ഞ'' ഈ കൃതിയിൽ 1814 പാട്ടുകൾ അടങ്ങിയിരിക്കുന്നു. 'രാമചരിത'ത്തെപ്പററി ഗോവിന്ദപ്പിള്ള ഇങ്ങനെ പറയുന്നു: ''രാമചരിതം മലയാളത്തിൻെറ പൂൎവ്വാകൃതിക്കു് ഒരു ലക്ഷ്യമാകുന്നു. ഈ ഗ്രന്ഥം ഇപ്പോഴം മലയാളത്തിലുള്ള എല്ലാം ഗ്രന്ഥങ്ങളെക്കാളും തുലോം പഴക്കമുള്ളതാകുന്നു ...'' (മ. ഭാ. ച.—എൻ. ബി. എസ് പതിപ്പു്, 1956, പുറം 133). ''ഒരുകാലത്തു് പാണ്ടിത്തമിഴിനു ഈ മലയാളത്തെ വല്ലാതെ സ്വാധീനപ്പെടുത്തിയിരുന്നു ... 'രാമചരിതം' തുടങ്ങി പില്ക്കാലത്തുണ്ടായ ചില കൃതികളുടെ കാലത്തും ഈ തമിഴ്പ്രഭാവം വൎദ്ധിച്ചുതന്നെ ഇരുന്നു. ഈ കാഴ്ചകണ്ടു ഭ്രമിച്ച ചിലരാണു് മലയാളം തമിഴിൽനിന്നുല്പന്നമായ ഒരു ഭാഷയാണെന്നു് ധരിച്ചുവശായതു്'' (പദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ, പുറം 2).

2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 56.

ങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങ നെയാണു്: ''മലയാളം സംസ്കൃതജന്യമാണെന്ന അഭി പ്രായത്തിന്റെ അവതാരകൻ കോവുണ്ണിനെടുങ്ങാടിയാ ണെന്നാണു് പൊതുവിലുള്ള ധാരണ. കാരണം 'കേരള കൗമുദി' എന്ന വ്യാകരണത്തിന്റെ പ്രാരംഭത്തിൽ ഇങ്ങ നെയൊരു പദ്യശകലമുണ്ടു്: 'സംസ്കൃതഹിമഗിരി....' അ ലങ്കാരഭാഷയിൽ അദ്ദേഹം ആമുഖമായി ഇങ്ങനെയൊന്നു പറഞ്ഞുവെന്നല്ലാതെ, ഇതിൽ അദ്ദേഹത്തിനുതന്നെ വേ ണ്ടത്ര ഉറപ്പുണ്ടായിരുന്നുവെന്നു തോന്നുന്നില്ല.''[1] മലയാള ഭാഷയുടെ ഉൽപത്തിയെ സംബന്ധിച്ചിടത്തോളം ഗോവി ന്ദപ്പിള്ള ഗുണ്ടർട്ടിന്റെ അഭിപ്രായത്തോടാണു ചേർന്നു നി ല്ക്കുന്നതു്. അദ്ദേഹം അതിനെപ്പററി പൊതുവേ ഇങ്ങനെ പറയുന്നു: ''ദ്രാവിഡഭാഷകൾ അത്രയും ഒരേ ഭാഷയാ യിരുന്നതു് കാലക്രമത്തിൽ വേർപിരിഞ്ഞിട്ടുള്ളവയാ കുന്നു.''[2]

---

1. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 34 ''....അ ക്കാലംവരെ ഉണ്ടായിട്ടുള്ള മലയാളവ്യാകരണഗ്രന്ഥങ്ങളിൽ ഏതുകൊ ണ്ടും കേരളകൗമുദി പ്രഥമസ്ഥാനമർഹിക്കുന്നു. ഒരു ന്യൂനത സംഭവിച്ചി ട്ടുള്ളതു് മലയാളഭാഷയുടെ പിതൃത്വം സംസ്കൃതത്തിനു നല്കിയെന്നുള്ള താണു്'' (ഭാഷാഗദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ, പുറം 380).

2. മ. ഭാ: ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 38. മലയാളഭാഷയുടെ ഉൽപത്തിയെപ്പററി ഏ. ആർ. രാജരാജവർമ്മ പറ യുന്നതു് ഇങ്ങനെയാണു്: ''മലൈനാടായ മലയാളത്തിലെ ആദിമ നിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു. എ ന്നാൽ എല്ലാക്കാലത്തും ഗ്രന്ഥഭാഷ അല്ലെങ്കിൽ വരമൊഴി, നാടോടി ബ്ഭാഷ അല്ലെങ്കിൽ വായ്മൊഴി എന്നു് ഒരു വ്യത്യാസം എല്ലാ ജീവദ്ഭാഷകളിലും ഉള്ളതുപോലെ ഈ തമിഴിലും ഉണ്ടായിരുന്നു. ഗ്രന്ഥഭാഷയ്ക്കു് 'ചെന്തമിഴ്' എന്നും നാടോടിബ്ഭാഷയ്ക്കു് 'കൊടുന്ത മിഴ്' എന്നും ആണു് തമിഴ്ഗ്രന്ഥകാരന്മാർ പേരിട്ടിരിക്കുന്നതു്. പലവക കൊടുന്തമിഴുകൾ ഉണ്ടായിരുന്നതിൽ ഒന്നാണു് നമ്മുടെ മല യാളമായിത്തീർന്നതു്. ഇപ്പോഴത്തെ നിലയിൽ സംസ്കൃതത്തിന്റെ മണിയം പലതും മലയാളഭാഷയിൽ കയറി ഫലിച്ചിട്ടുണ്ടെങ്കിലും അസ്ഥിവാരവും മേൽപ്പുരയും ഇന്നും തമിഴ് പ്രതിഷ്ഠിച്ചിട്ടുള്ളതുതന്നെ യാണു്. വിശേഷവിധികളൊന്നും ഉള്ളിലേക്കു തട്ടീട്ടില്ല. മരംകൊ ണ്ടുള്ള നിര കളഞ്ഞു് ആ സ്ഥാനത്തു് ഇട്ടിക പടുത്തു ചുമരു കെട്ടുക,

കൊല്ലവർഷാരംഭത്തിനു വളരെ മുമ്പുതന്നെ മലയാളത്തിൽ പാട്ടുകൾ ഉണ്ടായിരുന്നുവെന്നു ഗോവിന്ദപ്പിള്ള പറയുന്നു. (എല്ലാ ഭാഷകളിലും ആദ്യമുണ്ടാവുക പാട്ടുകളാണല്ലോ.) അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ 'തോററംപാട്ടു'*കളിൽ പലതും അന്നുണ്ടായിട്ടുള്ളവയാണു്. ആവക പാട്ടുകളെ അക്കാലത്തുള്ളവർ ദിവ്യൗഷധമായി സങ്കല്പിച്ചു പോന്നിരുന്നതിനാൽ എഴുതിയിടാൻ സമ്മതിച്ചിരുന്നില്ല. ആരെങ്കിലും അവ എഴുതിയെടുക്കുകയാണെങ്കിൽ ദൈവവിരോധം നിമിത്തം അവക്കു ഗ്രഹപ്പിഴ നേരിടുമെന്നായിരുന്നു അക്കാലത്തെ വിശ്വാസം. ഈ മൂഢവിശ്വാസം നിമിത്തമാണു് പഴയ പാട്ടുകളിൽ പലതും നമുക്കു നഷ്ടീഭവിച്ചതു്. പുരാതനകാലത്തെ കേരളീയരുടെ ആചാരമര്യാദകളേയും, ഉപജീവനമാർഗ്ഗങ്ങളേയും, സംസ്കാരവിശേഷങ്ങളേയും മററും തെളിച്ചുകാട്ടുന്ന ചില്ലുകളാണു് തോററംപാട്ടു്, ഞാററുപാട്ടു്, സർപ്പപ്പാട്ടു് മുതലായവ. മഹാകവി ഉള്ളൂരിൻെറ അഭിപ്രായത്തിൽ ഈ പാട്ടുകളിലെ ''സാഹിത്യത്തിനു് പണ്ഡിതദൃഷ്ടിയിൽ യാതൊരു മെച്ചവുമില്ല; അതിലെ സംഗീതം അങ്ങനെയൊരു പേർ അർഹിക്കുന്നുമില്ല. എങ്കിലും ആ ഗാനപ്രപഞ്ചത്തിനുമുണ്ടു് ശൈശവമധുരമായ ഒരു സൗന്ദര്യം. അതു് സഹൃദയന്മാരെ അന്ത

---

വാതായനങ്ങൾ പണിഞ്ഞു് ഇരുട്ടും മുട്ടും തീർക്കുക—ഇത്രയൊക്കെയേ സംസ്കൃതവർത്തകനു തൻെറ മലയാളഗൃഹത്തിൽ പരിഷ്കാരംചെയ്യുവാൻ സാധിച്ചിട്ടുള്ളു.'' (കേരളപാണിനീയം—എൻ. ബി. എസ്. പതിപ്പു്, 1968, പുറം 35). ''മലയാളം ദ്രാവിഡഗോത്രത്തിൽനിന്നും പിരിഞ്ഞു് മലനാട്ടിൽ പ്രത്യേകങ്ങളായ പരിതഃസ്ഥിതികളിൽ വളർന്നിട്ടുള്ളതാണെന്നുള്ള മി. (ആററൂർ) പിഷാരടിയുടെ സിദ്ധാന്തം നമുക്കു സ്വീകാര്യമാണു്'' എന്നത്രേ പിള്ളാലത്തു് ഇതുസംബന്ധിച്ചു ഗവേഷണംനടത്തിയ ഡോക്ടർ കെ. ഗോദവർമ്മ പ്രസ്താവിച്ചുകാണുന്നതു് (കേരളഭാഷാവിജ്ഞാനീയം—പുറം 136).

* ''ഭദ്രകാളിയുടെ അപദാനങ്ങളെ വാഴ്ത്തി തപോരാ ഉപജീവനം കഴിക്കുക എന്നുള്ളതാണു് വേലന്മാരുടെ ഒരവാന്തരവിഭാഗക്കാരായ മണ്ണാന്മാരുടെ കുലമര്യാദ. ദാരുകവധവും ചിലപ്പതികാരത്തിലെ കണ്ണകിയുടെ കഥയുമാണു് അവരുടെ പാട്ടുകളിൽ വർണ്ണിക്കുന്നതു്. തോററം (അവതാരം) എന്നു് അത്തരം പാട്ടുകൾക്കു പേർപറയുന്നു.''
—കേ. സാ. ച.; ഉള്ളൂർ, വാല്യം 1, പുറം 200.

രാന്തരാ രസിപ്പിക്കുന്നു; ഗാനരസികന്മാരെ ആകർഷിക്കുന്നു; ഓലയുടെയും നാരായത്തിൻെറയും ഒത്താശകൂടാതെ നാടെങ്ങും പ്രചരിക്കുന്നു.''[1] പഴയ പാട്ടുകളിൽ ചിലതു സംഭരിച്ചു പ്രസിദ്ധം ചെയ്തതിനു് സി. പി. ഗോവിന്ദപ്പിള്ള[2] (1877—1939), ഡോക്ടർ ചേലനാട്ടു് അച്യുതമേനോൻ[3] (1894—1952) എന്നിവരോടു മലയാളികാം കടപ്പെട്ടിരിക്കുന്നു.[4] ഇക്കൂട്ടത്തിൽ കിട്ടിയിട്ടുള്ളിടത്തോളം പഴയപാട്ടുകാം പരിശോധിച്ചുനോക്കുമ്പോഴാണു് തമിഴിൻെറയും സംസ്കൃതത്തിൻെറയും പിടിയിലമരുന്നതിനു മുമ്പുള്ള യഥാൎത്ഥമലയാളശൈലിയുടെ ആ പ്രാചീനരൂപം—തനിരൂപം—നമുക്കു വ്യക്തമാകുന്നതു്. ''...മേൽ ചർച്ചചെയ്യപ്പെട്ട പാട്ടുകളുടെ നിഷ്കൃഷ്ടമായ കാലഗണന അസാദ്ധ്യമാണു്. കാരണം പ്രാചീനകാലങ്ങളിൽത്തുടങ്ങി പല കാലഘട്ടങ്ങളിലൂടെ വാഗ്രൂപമായി ഒഴുകിവന്നിട്ടുള്ളവയാണു് ഈ പാട്ടുകാം''(സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 120).

---

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 1, പുറം 175.

2. ചിറയിൻകീഴ് സ്വദേശിയായ ഗോവിന്ദപ്പിള്ള ഒരു പത്രപ്രവൎത്തകനായി ജീവിതരംഗത്തു പ്രവേശിച്ചു. പിന്നീടു് ഇംഗ്ലീഷ് സ്കൂാം മലയാളമുൻഷിയായിത്തീൎന്നു. കേരളത്തിലെ നാടോടിപ്പാട്ടുകാം സമാഹരിച്ചു് മലയാളത്തിലെ പഴയ പാട്ടുകാം എന്ന പേരിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു് ഇദ്ദേഹമാണു്. പ്രധാന കൃതികാം മാലതി, കൃഷ്ണകാന്തൻെറ പത്രിക, ചന്ദ്രസേനൻ എന്നിവയാണു്.

3. വള്ളുവനാട്ടു താലൂക്കിൽപ്പെട്ട ചേലനാട്ടുതറവാട്ടിലെ അംഗമായ മേനോൻ 'എഴുത്തച്ഛനും കാലവും' എന്ന പ്രബന്ധം സമൎപ്പിച്ചു് ഇംഗ്ലണ്ടിൽനിന്നു് പി. എച്ച്. ഡി. ബിരുദം നേടി, മദ്രാസ് സൎവ്വകലാശാലയിൽ മലയാളത്തിൻെറ മേധാവിയായിരുന്നു. വടക്കൻപാട്ടുകാം സമാഹരിച്ചു പ്രസിദ്ധംചെയ്തതുകൂടാതെ ഇദ്ദേഹം കേരളത്തിലെ കാളിപൂജ, പ്രദക്ഷിണം മുതലായ പല ഗ്രന്ഥങ്ങളും വിരചിച്ചിട്ടുണ്ടു്.

4. തോററംപാട്ടുകളെപ്പററി ഗവേഷണംനടത്തി വിലപ്പെട്ട അനേകം ലേഖനങ്ങാം പ്രസിദ്ധംചെയ്ത ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായരും, ഈയിടെ 'കേരളത്തിലെ നാടൻപാട്ടുകാം' എന്ന പേരിൽ എണ്ണൂറോളം ഗാനങ്ങാം സംഭരിച്ചു പ്രസിദ്ധപ്പെടുത്തിയ കിളിമാനൂർ എൻ. വിശ്വംഭരനും നമ്മുടെ കൃതജ്ഞതയൎഹിക്കുന്നു.

ഗോവിന്ദപ്പിള്ളയുടെ അഭിപ്രായത്തിൽ ഏററവും പുരാതനമായ മലയാളഗദ്യം പ്രധാനമായും ഗ്രന്ഥവരികളാണ് ഉൾക്കൊള്ളുന്നതു്. ക്ഷേത്രങ്ങളിലും കോവിലകങ്ങളിലും മററും അപ്പപ്പോൾ നടക്കുന്ന സംഭവങ്ങൾ എഴുതിവയ്ക്കുന്ന പതിവുണ്ടായിരുന്നു. അങ്ങനെ അവിടെയുള്ള ഗ്രന്ഥപ്പുരകളിൽ സൂക്ഷിച്ചിരിക്കുന്ന ഓലക്കരണങ്ങളാണ "ഗ്രന്ഥവരികൾ". രാജവംശങ്ങളുടെ ചരിത്രവും അതതുരാജവംശങ്ങൾ ഭരണംനടത്തിപ്പോന്ന രാജ്യങ്ങളിലെ രാഷ്ട്രീയസംഭവങ്ങളുമാണ് ഇവയിൽ പലതിന്റേയും ഉള്ളടക്കം. തിരുവനന്തപുരത്തെ മതിലകം ഗ്രന്ഥവരിയും കോഴിക്കോട്ടെ സാമൂതിരിമതിലകത്തെ ഗ്രന്ഥവരിയും ഇക്കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഭരണാധികാരികൾ ഏർപ്പെടുത്തിയ മാഗധന്മാരും പ്രശസ്തിരചയിതാക്കളുമാണ് ഈ ഗ്രന്ഥവരികൾ എഴുതീട്ടുള്ളതു്. ഇവ ചരിത്രപരമായ പല കാര്യങ്ങളും ഉൾക്കൊള്ളുന്നുണ്ടെങ്കിലും അപ്പാടെ വിശ്വാസയോഗ്യമല്ല. പതിനൊന്നാംശതകം അവസാനിക്കുന്നതുവരെ ഗ്രന്ഥവരിയായ മലയാളഗദ്യം എല്ലാ കോവിലുകളിലും എഴുതിവയ്ക്കുക പതിവുണ്ടായിരുന്നുവെന്നു ഗോവിന്ദപ്പിള്ള പറയുന്നു. പക്ഷേ, അവയെല്ലാം അതേ രീതിയിൽ ഇന്നു ലഭ്യമല്ല. വിദേശാക്രമണംമൂലം പല ക്ഷേത്രങ്ങളും പാഠശാലകളും, അവയിലെ ഗ്രന്ഥങ്ങളും പലപ്പോഴും നാശമടഞ്ഞിട്ടുണ്ടു്. ഗോവിന്ദപ്പിള്ള അതിനെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു:

"963-മാണ്ടു ടിപ്പു തനിക്കു വിരോധികളായിരുന്ന ഹിന്ദുക്കളോടും മാപ്പിളമാരോടും പ്രതികാരം ചെയ്യുന്നതിനു തുനിഞ്ഞു് നിർദ്ദയന്മാരും അപരിഷ്കൃതന്മാരുമായ ജനങ്ങളുടെ ഒരു സംഘത്തോടുകൂടി മലയാളത്തിൽ കടന്നു. തന്റെ മതത്തിൽ എത്രയും പ്രതിപത്തിയുണ്ടായിരുന്ന അവൻ വളരെ തലമുറയാൽ ആർജ്ജിക്കപ്പെട്ടിട്ടുള്ള അനവധി ദ്രവ്യങ്ങളുടെ നിധാനങ്ങളായ അനേകം പ്രാചീനക്ഷേത്രങ്ങളെയും, അനേകം നാളായിട്ടു വളരെ പ്രയാസപ്പെട്ടു താളിയോലയിലെഴുതിയ മലയാളഗ്രന്ഥങ്ങൾ ഇരിപ്പുള്ള പാഠശാലകളെയും, അനേകം ഗൃഹസ്ഥന്മാരായ നമ്പൂരിമാ

രുടെ ഇല്ലങ്ങളെയും നശിപ്പിക്കയും അവരെ പിടിച്ചു മരണത്തെക്കാരം ഭയങ്കരമായിരിക്കുന്ന മതത്തിൽ ചേക്കയും ചെയ്തു. അപ്പോരം വടക്കുനിന്നും ഓടിപ്പോവാനിടയുണ്ടായ നംപൂരിമാർ, ഗൃഹസ്ഥന്മാർ, നായന്മാർ മുതലായവർ സകലതും ഉപേക്ഷിച്ചു തിരുവിതാംകൂർസംസ്ഥാനത്തേക്കു ചെന്നു രക്ഷയെപ്രാപിച്ചു.''[1]

പി. ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ നിരവധി ഐതിഹ്യങ്ങരം അടങ്ങിയിരിക്കുന്നു. ഐതിഹ്യപ്രകാരം, പഴം തിന്നു കവിയായവരാണ് ആവാട്ടുറ അയ്യപ്പിള്ള ആശാൻ,[2] കണ്ണശ്ശപ്പണിക്കർ,[3] വാസു

---

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956. പുറം 325, 326. ''കൊല്ലം 976—ലേതായി (എ. ഡി. 1801) തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിൽനിന്നു കണ്ടെടുത്ത ഒരു രേഖയിൽ ഒരു 'ശാസ്ത്രബാഹ്യൻ' നശിപ്പിച്ച ആ ക്ഷേത്രം (രാമവർമ്മ) ശക്തൻതമ്പുരാൻ (കൊച്ചി) (1790—1805) രണ്ടാമതു പണിയിച്ചതായി കാണുന്നു. ടിപ്പുസുൽത്താനാണ് ഈ ശാസ്ത്രബാഹ്യൻ.'' (കേരളചരിത്രം—എ. ശ്രീധരമേനോൻ, പുറം 64).

2. രാമകഥപ്പാട്ടിൻെറ കർത്താവ് (14–ാംശതകം). രാമകഥപ്പാട്ടിനെപ്പററി ഗോവിന്ദപ്പിള്ള ഇങ്ങനെ പ്രസ്താവിക്കുന്നു: ''....ഗ്രന്ഥം വളരെ വലുതാണ്. അച്ചടിപ്പിക്കുന്നപക്ഷം ഏകദേശം എഴുത്തച്ഛൻെറ രാമായണത്തോളം വലിപ്പം കാണും. ഇതിൽ സംസ്കൃതപദങ്ങരം അപൂർവ്വമായിട്ടേ ചേർത്തിട്ടുള്ളു. പ്രയോഗം അത്രയും തമിഴനുസരിച്ചാണ് '' (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 138).

3. നിരണംകവികളിൽ പ്രമുഖനായ 'കരുണേശൻ' (15–ാംശതകം പൂർവ്വാർദ്ധം) കണ്ണശ്ശപ്പണിക്കരും എഴുത്തച്ഛനും തമ്മിൽ നടന്ന സംവാദം ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിൽ ചേർത്തിട്ടുണ്ടെങ്കിലും (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 180.) രണ്ടു പേരും രണ്ടു കാലഘട്ടത്തിൽ ജീവിച്ചിരുന്നവരാകയാൽ ഈ കഥയ്ക്ക് അടിസ്ഥാനമില്ലെന്നു പറഞ്ഞുകാണുന്നു. എഴുത്തച്ഛൻെറ കാലം 1525—1625 എന്നാണ് ഗോവിന്ദപ്പിള്ള രേഖപ്പെടുത്തിയിട്ടുള്ളതു് (മ. ഭാ. ച.—പുറം 219). 16–ാംശതകത്തിൻെറ ഉത്തരാർദ്ധത്തിനും 17–ാംശതകത്തിൻെറ പൂർവ്വാർദ്ധത്തിനുമിടയ്ക്കാണ് എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്ന് ഇന്നു തീരുമാനിക്കപ്പെട്ടിരിക്കുന്നു. കരുണേശൻെറ പിൻഗാമികളായ മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, രാമപ്പണിക്കർ ഈ മൂന്നുപേരെയാണ് കണ്ണശ്ശപ്പണിക്കന്മാർ എന്ന പദംകൊണ്ടു നിർദ്ദേശിക്കുന്നതു്.

ഭട്ടതിരി[1] മുതലായവർ. നാടെങ്ങും പ്രചരിച്ചുപോയ ഏതാദൃശകഥകൾ, വിശ്വാസയോഗ്യമല്ലെങ്കിലും, ഭാഷാചരിത്രത്തിൽ ചേർത്തതിനു് ഗോവിന്ദപ്പിള്ളയെ അപലപിക്കാൻ നിവൃത്തിയില്ലല്ലോ. പശ്ചാൽക്കാലികപണ്ഡിന്മാരും ഈ വിഷയത്തിലദ്ദേഹത്തെ അനുകരിക്കുകയാണു ചെയ്യുന്നതു്. ഐതിഹ്യങ്ങളെല്ലാം ഒന്നടങ്കം അടിസ്ഥാനരഹിതമാണെന്നു തീർത്തുപറയാൻ ആർക്കും സാദ്ധ്യമല്ല. "'ഉണ്ണായിവാരിയർ[2] കാർത്തികതിരുനാൾ തിരുമനസ്സിലെയും കുഞ്ചൻനമ്പ്യാരുടെയും സമകാലികനാണെന്ന വസ്തുത സുസ്ഥാപിതവും സുസമ്മതവുമാകുന്നു. 'കാതിലോല, നല്ലതാളി', 'കരി കലക്കിയ കുളം, കളഭം കലക്കിയ കുളം' എന്നും മററും പല ഐതിഹ്യങ്ങളും കുഞ്ചനെയും ഉണ്ണായിയെയും സംബന്ധിച്ചു പ്രസിദ്ധമായി പറഞ്ഞു

---

1. യമകകാവ്യമായ 'യുധിഷ്ഠിരവിജയ'ത്തിന്റെ കർത്താവു് (9–ാംശതകം). ''വാസുഭട്ടതിരിയുടെ കാലം ഏകദേശം കൊല്ലവർഷാരംഭത്തിലോ അതിനല്പം പിന്നെയോ തന്നെയായിരിക്കണം'' (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 146). ''കുലശേഖര ആഴ്വാരുടെ സുഹൃത്തും മഹാവിദ്വാനുമായി രവി എന്നൊരു നമ്പൂരിയുണ്ടായിരുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ രവിയുടെ പുത്രനാണു് വാസുഭട്ടതിരി എന്നൂഹിക്കുന്നതിൽ അസാംഗത്യമില്ല. അപ്പോൾ ആഴ്വാർതന്നെയാണു് ഭട്ടതിരിയുടെയും പുരസ്കർത്താവു് എന്നു വന്നുകൂടുന്നു.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 1, പുറം 116).

2. പ്രസിദ്ധപ്പെട്ട നളചരിതം ആട്ടക്കഥയുടെയും (ഇതിനു് ഒരു പുതിയ വ്യാഖ്യാനം ഇപ്പോൾ ഇളങ്കുളം ശ്രീ കുഞ്ഞൻപിള്ള പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്). ഗിരിജാകല്യാണത്തിന്റെയും കർത്താവായ ഇദ്ദേഹം കൊല്ലം 915-ാമാണ്ടിടയ്ക്കു് ജനിച്ചുവെന്നും, 940–ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തെത്തി കാർത്തികതിരുനാൾ മഹാരാജാവിനെ കണ്ടു താമസിച്ചുവെന്നും ഗോവിന്ദപ്പിള്ള പ്രസ്താവിച്ചുകാണുന്നു. (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 374). ഉള്ളൂർ പരമേശ്വരയ്യരുടെ അഭിപ്രായത്തിൽ ഉണ്ണായിയുടെ കാലം 850–നും 930_നുമിടയ്ക്കാണു്. ഉണ്ണായിയുടെ പുരസ്കർത്താവു് കാർത്തികതിരുനാൾ മഹാരാജാവു് (എ. ഡി. 1758—'98) ആണെന്നു തെളിഞ്ഞിട്ടുള്ള സ്ഥിതിക്കു് അദ്ദേഹത്തിന്റെ ജീവിതകാലം 18–ാംശതകത്തിന്റെ ഉത്തരാർദ്ധമാണെന്നു കല്പിക്കേണ്ടിയിരിക്കുന്നു.

വരാറുണ്ട്.[1] അവ വൃദ്ധമുഖപരമ്പരയെ ആശ്രയിച്ചു നില നിന്നുവരുന്നു. അവ അടിസ്ഥാനരഹിതങ്ങളെന്നു വിചാരിക്കുവാൻ കുറെയേറെ ക്ലേശിക്കണം.''[2] നവീനങ്ങളായ ശാസ്ത്രീയതത്ത്വങ്ങൾ പ്രതിപാദിച്ച് ഐതിഹ്യങ്ങളിൽ പലതും സാധൂകരിക്കാൻ ഗോവിന്ദപ്പിള്ള ശ്രമിച്ചിട്ടുണ്ട്. 'പറച്ചി പെറ്റ പന്തിരുകുല'ത്തെ[3]പ്പറ്റി വിവരിക്കുമ്പോൾ അദ്ദേഹം ഇങ്ങനെ പറയുന്നു: ''നാറാണത്തുഭ്രാന്തന്റെ പ്രവൃത്തി ദിവസംതോറും ഒരു കല്ലിനെ പ്രയാസപ്പെട്ട് ഒരു കുന്നിന്മേൽ ഉരുട്ടിക്കൊണ്ടു പോകയും, മുകളിൽ എത്താറാകുമ്പോൾ കൈവിട്ടുംവച്ച് കൈകൊട്ടിച്ചിരിക്കയും ആയിരുന്നു. ഒരു ശൂദ്രന്റെ ശ്രാദ്ധം ഊട്ടിയതിനെ താൻ ഉണ്ണിയായി നിവർത്തിച്ചു എന്നും ഒരിക്കൽ മദ്യപാനം ചെയ്യുന്ന

---

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 347 നോക്കുക. ഗോവിന്ദപ്പിള്ള അതിൽ ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: ''ഒരുദിവസം (കുഞ്ചൻനമ്പിയാർ) ഉണ്ണായിവാര്യരുമായി (കാർത്തികതിരുനാൾ) മഹാരാജാവിനെ കാണാൻ പോയപ്പോൾ 'എവിടെയായിരുന്നു കളി' എന്നു രണ്ടുപേരോടും മഹാരാജാവു ചോദിച്ചു. ശ്രീവരാഹത്തു കളത്തിൽ കളഭംകലക്കിയ സ്ഥലത്തായിരുന്നു എന്നു നമ്പിയാരും, കരി കലക്കിയ സ്ഥലത്തായിരുന്നു എന്നു വാര്യരും അറിയിച്ചു. ഇതിൽനിന്നും രണ്ടു കവികളുടെയും യോഗ്യത നിശ്ചയിക്കാമെന്നു മഹാരാജാവ് അവിടത്തെ ഭാഗിനേയനോട് (അശ്വതി തിരുനാൾ തമ്പുരാനോട്) കല്പിച്ചതായി ഒരു കിംവദന്തി ഉണ്ട്.''

2. കേരളസംസ്കൃതസാഹിത്യചരിത്രം — വടക്കുംകൂർ രാജരാജവർമ്മ, വാല്യം 3, പുറം 410.

3. 'പറച്ചി പെററ പന്തിരുകുലത്തെ'പ്പററിയുള്ള ഐതിഹ്യത്തിന് മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 71–74 നോക്കുക. അവരെപ്പററിയുള്ള ശ്ലോകം താഴെ ചേർക്കുന്നു:

''മേഴത്തോളഗ്നിഹോത്രീ, രജക, നുളിയന്നൂർ
    തച്ചനും, പിന്നെ വള്ളോൻ,
വായില്ലാക്കുന്നിലപ്പൻ, വടുതല മരുവും
    നായർ, കാരയ്ക്കലമ്മ,
ചെമ്മേ കേളുപ്പുകുററൻ, പെരിയ തിരുവര-
    ങ്കത്തെഴും പാണനാരും,
നേരേ നാരായണഭ്രാന്തനു, മുടനകവൂർ
    ചാത്തനും, പാക്കനാരും.'' —ഇവരെല്ലാം

ജ്യോതിശ്ശാസ്ത്രജ്ഞനായ വരരുചിയുടെ പുത്രന്മാരാണ്.

ത്തു കണ്ടു് ആക്ഷേപിച്ചതിനു് ഓട്ടു് ഉരുക്കുന്നതിനെ ചൂടോടെ കുടിച്ചു എന്നും മററും കേൾവിയുണ്ടു്. ലോഹങ്ങൾ ഉരുകുമ്പോൾ സ്വല്പനേരത്തേക്കു വെള്ളത്തിൻെറ ശൈത്യമുണ്ടെന്നും, അപ്പോൾ അതു സ്പൃശ്നക്ഷമമായിരിക്കുമെന്നും ഇംഗ്ലീഷ്ശാസ്ത്രജ്ഞന്മാർ ഈയിടെ പറയുന്നതും ഈ സന്ദർഭത്തിൽ ആലോചനീയമാകുന്നു. ഗണിതത്തിനാവശ്യമുള്ള 'ജ്യാവു്' ഉണ്ടാക്കിയതു് ഈ മഹാനാണെന്നു പറയുന്നു ''[1] പരമ്പരയാ ദേശംതോറും പറഞ്ഞുകേട്ടറിവുള്ളതും, രേഖകൾ കൊണ്ടു തെളിയിക്കാൻ നിവൃത്തിയില്ലാത്തതുമായ ഈ ഐതിഹ്യങ്ങൾ ഗോവിന്ദപ്പിള്ള അക്കാലത്തു സംഭരിച്ചു് തൻെറ ഗ്രന്ഥത്തിൽ ചേർത്തിരുന്നില്ലെങ്കിൽ അവയിൽ ഭൂരിപക്ഷവും ഇന്നു് കാലോദരദരിയിൽ തിരോഹിതങ്ങളാകുമായിരുന്നു എന്ന കാര്യം നിർവ്വിവാദമാണു്. പില്ക്കാലത്തുണ്ടായ ഗ്രന്ഥങ്ങളിൽ കാണുന്ന ഐതിഹ്യങ്ങളിൽ ഭൂരിഭാഗവും ഗോവിന്ദപ്പിള്ള പണ്ടു സമാഹരിച്ചു് തൻെറ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരുന്നവയാണു്. ''ഐതിഹ്യത്തിനു് 'പാരമ്പര്യോപദേശം' എന്നാണു് അമരസിംഹൻ അർത്ഥം കൊടുത്തിട്ടുള്ളതു്. പൂർവ്വന്മാർ പരമ്പരയായി പറഞ്ഞുപോന്നിട്ടുള്ള ഒരുതരം കഥകളത്രേ ഐതിഹ്യങ്ങൾ. അവ നാനാജനങ്ങളേയും നാനാവിഷയങ്ങളേയും സംബന്ധിച്ചുള്ളവയുമാണു്. അവയിൽ സത്യത്തിൻെറ ശതമാനം എത്രയുണ്ടെന്നു നിർണ്ണയിക്കുക അത്ര എളുപ്പമല്ല. എങ്കിലും സത്യത്തിൻെറ ചില കിരണകന്ദളങ്ങൾ അവയിൽക്കൂടി സൂക്ഷ്മദൃക്കുകൾക്കു കാണുവാൻ കഴിയുന്നതാണു്.''[2]

ഗോവിന്ദപ്പിള്ള മലയാളഭാഷാചരിത്രം 1–ാംപതിപ്പു് പ്രസിദ്ധപ്പെടുത്തുന്ന കാലത്തു് (1881) പേർപറയ

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 74. ''ഇളയതായ നാറാണത്തു ഭ്രാന്തനാണത്രേ കേരളത്തിൽ താന്ത്രികമതം അഭിവൃദ്ധിപ്പെടുത്തിയതു്.'' (കേ. സാ. ച.—ഉള്ളൂർ, വാല്യം 1, പുറം 80.)

2. ഭാഷാഗദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ, പുറം 464. ''ഐതിഹ്യങ്ങൾ ചരിത്രപഠിതാക്കൾക്കു് പ്രയോജനപ്പെടുന്ന ചില തെളിവുകളോ രേഖകളോ ആണെന്നു പറയാവുന്നതുതന്നെ.''

ത്തക്കവണ്ണം കേരളത്തിലുണ്ടായിരുന്ന പത്രങ്ങൾ ആറെണ്ണമായിരുന്നു. അവ കേരളോപകാരി[1], സത്യനാദകാഹളം[2], മലയാളമിത്രം[3], പശ്ചിമതാരക, കേരളമിത്രം, വിദ്യാവിലാസിനി എന്നിവയാണ്. ഇവയിൽ ഭൂരിപക്ഷവും മതപരമായ കാര്യങ്ങൾ പ്രതിപാദിക്കാനാണ് വിനിയോഗിച്ചിരുന്നത്. (ഭരണപരമായ വിമർശനം അക്കാലത്ത് പത്രങ്ങൾക്ക് നിഷേധിക്കപ്പെട്ടിരുന്നു.) മലയാള ഭാഷാചരിത്രം 2-ാം പതിപ്പ് പ്രസിദ്ധപ്പെടുത്തുന്ന കാലത്ത് (1889) ഉണ്ടായിരുന്ന പ്രമുഖപത്രങ്ങൾ കേരളമിത്രം, കേരളപത്രിക, നസ്രാണിദീപിക, കേരളനന്ദിനി, വിദ്യാവിനോദിനി എന്നിവയായിരുന്നു. കേരളമിത്രം എന്ന സപ്തദൈനികപത്രം 1881 ജനുവരി മുതൽ ശനിയാഴ്ച തോറും പുറപ്പെട്ടുകൊണ്ടിരുന്നു. 1864-ാമാണ്ടിടയ്ക്ക് കൊച്ചിയിൽനിന്ന് പശ്ചിമതാരക എന്ന വാരിക പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ദേവജി ഭീമജി എന്ന ഗുജറാത്തി വണിക്പ്രവരനായിരുന്നു കേരളമിത്രം നടത്തിയിരുന്നത്.[4] അതിന്റെ ആദ്യത്തെ പത്രാധിപർ കണ്ടത്തിൽ വറുഗീസുമാപ്പിളയായിരുന്നു. യഥാർത്ഥ പത്രപ്രവർത്തനത്തിന് ഒരു മാതൃക സൃഷ്ടിച്ചത് ആ പത്രമായിരുന്നു. ''ഞാൻ കുട്ടിക്കാലത്തു നിയമേന വായിച്ചുവന്ന വർത്തമാനക്കടലാസ്സ് കേരളമിത്രമായിരുന്നു,'' എന്ന് ഉള്ളൂർ പരമേശ്വ

1. ഇതു് 1874-ൽ മംഗലാപുരത്തുനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു.

2. ഇതു് കുന്നമ്മാവിൽനിന്നു് 1876 മുതൽ പുറപ്പെട്ടുകൊണ്ടിരുന്നു. 1901-ൽ ഇതിന്റെ പേർ 'സത്യനാദ'മെന്നായി. മതപരമായ കാര്യങ്ങൾക്കാണു് ഇതിൽ പ്രാധാന്യം നല്കിയിരുന്നതു്. ''സത്യനാദകാഹളമാണു് നാളതുവരെ നിന്നുപോരുന്ന കേരളത്തിലെ ഭാഷാവൃത്താന്തപത്രങ്ങളിൽ അത്യന്തം പുരാതനമായിട്ടുള്ളതു്''

—കേ. സാ. ച.; വാല്യം 4, പുറം 267.

3. ഇതു കോട്ടയം സി. എം. എസ്. പ്രസ്സിൽനിന്നു് 1878 മുതൽ കുറേക്കാലം പ്രകാശിപ്പിച്ചിരുന്നു.

—കേ. സാ. ച.; വാല്യം 4, പുറം 267 നോക്കുക.

4. കേരളമിത്രം എന്ന വാരികകൊണ്ടു് ദേവജി ഭീമജി ഭാഷയെ സമർത്ഥമായി പോഷിപ്പിച്ചിരുന്നു. അദ്ദേഹം 1894-ൽ നിര്യാതനായി.

രയ്യർ പ്രസ്താവിച്ചുകാണുന്നു.* കേരളപത്രിക 1885-ൽ കോഴിക്കോട്ടനിന്നു് സി. കുഞ്ഞിരാമമേനോന്റെ ആധിപത്യത്തിൽ പുറപ്പെട്ടു; നസ്രാണിദീപികയാകട്ടെ 1887-ൽ മാന്നാനത്തുനിന്നും പ്രസിദ്ധീകൃതമായി. ടി. ജെ. പൈലിയായിരുന്നു ആദ്യപത്രാധിപർ; ഇപ്പോഠം ഇതു ദീപിക എന്ന പേരിൽ കോട്ടയത്തുനിന്നു പുറപ്പെടുന്നു. കേരളനന്ദിനി 1889-ാമാണ്ടു് തൃശ്ശൂരിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. ആദ്യകാലത്തു് അതിൻെറ പത്രാധിപർ ചാത്തുക്കുട്ടിമന്നാടിയാരായിരുന്നു. വിദ്യാവിനോദിനി എന്ന സാഹിത്യമാസിക 1890-ലാണു് ഉടലെടുത്തതു്. സി. പി. അച്യുതമേനോനായിരുന്നു അതിൻെറ സ്ഥാപകൻ.

1889-ൽ 'മലയാളഭാഷാചരിത്ര'ത്തിൻെറ 2-ാംപതിപ്പു് 1-ാംവാല്യം കണ്ടപ്പോഠം കേരളമിത്രം പ്രസ്താവിച്ചിരുന്നതിലൊരു ഭാഗമാണു് താഴെ ഉദ്ധരിക്കുന്നതു്:

''....ഇതിന്റെ കത്താവായ തിരുവനന്തപുരത്തു കൊട്ടാരം സവ്വാധികാര്യക്കാരായിരുന്ന പി. ഗോവിന്ദപ്പിള്ള ബി. ഏ അവർകളുടെ നാമധേയം ഞങ്ങളുടെ വായനക്കാരിൽ അധികംപേക്കും അശ്രുതപൂവ്വമാണെന്നു് ഒരുനാളും വിചാരിച്ചുകൂടാ. ഇംഗ്ലീഷുഭാഷയുടെ ആക്രമണം ഹേതുവായിട്ടു്, വേണ്ടപോലെ പരിചരിക്കപ്പെടാതെ ബഹുദയനീയയായ അവസ്ഥയെ പ്രാപിച്ചിരിക്കുന്ന മലയാളഭാഷയെ ഉദ്ധരിക്കുന്നതിനുവേണ്ടി മഹത്തുക്കളായ ഓരോ പരിശ്രമങ്ങഠം ഓരോ കാലങ്ങളിലായി ചെയ്യുന്ന, സ്വദേശസ്നേഹമുള്ളവരായി, മാനനീയന്മാരായി, വിദ്വാന്മാരായി, അലംകൃതനിജജന്മഭൂമികളായിരിക്കുന്ന ജനങ്ങളുടെ ശേഖരത്തിൽ ഗോവിന്ദപ്പിള്ള അവർകളെ ഭവിഷ്യസന്തതികഠം ഗണിക്കുമെന്നുള്ളതിനു സംശയമുണ്ടാകുവാൻ പാടുള്ളതല്ല. ഏകദേശം എട്ടു വത്സരങ്ങഠംക്കുമുമ്പു് മേൽപ്പറഞ്ഞ പുസ്തകത്തിൻെറ ഒന്നാംപതിപ്പു പ്രസിദ്ധീകരിച്ച സമയം എന്നുതന്നെയല്ല, അതിന്റെ ശേഷം ഇതുവരെയും, ഗോവിന്ദപ്പിള്ള അവർകളുടേതായിട്ടല്ലാതെ മലയാളഭാഷയുടെ

* കേ. സാ. ച.—വാല്യം 4, പുറം 264.

ചരിത്രത്തെ വർണ്ണിക്കുന്നതായ യാതൊരു പുസ്തകവും ഉണ്ടായിട്ടില്ല. ഗോവിന്ദപ്പിള്ള അവർകളുടെ പ്രയത്നത്തിനു മലയാളികരം സകലരും കൃതജ്ഞതയുള്ളവരാകേണ്ടതാണ്. തങ്ങളുടെ ഭാഷയുടെ ചരിത്രത്തെക്കുറിച്ചു സാധാരണേന മലയാളികരംക്കു തക്കതായ യാതൊരു അറിവും ഇല്ലാതിരിക്കെ തദർത്ഥം വളരെ പരിശ്രമിച്ച് ഇത്രമേൽ സാധിച്ചിരിക്കുന്നതിനെ ഓർത്താൽ മനോമാത്രേണ അല്ലാതെ ദ്രവ്യമുഖേന അദ്ദേഹത്തെ സഹായിക്കേണ്ടതു് ഏററവും ഉപയുക്തമായിരിക്കുന്നു. മഹാരാജാക്കന്മാർ ഈ വിഷയത്തിൽ മൗനം ദീക്ഷിച്ചാൽ പിന്നെ ആക്കാണു് ഉത്സാഹം തോന്നുന്നതു്?....''*

'മലയാളഭാഷാചരിത്ര'ത്തിന്റെ 2-ാംപതിപ്പ് ഒന്നും രണ്ടും വാല്യങ്ങരം കൈപ്പററിക്കൊണ്ടു് 1890 മാർച്ചിൽ 'വിദ്യാവിനോദിനി' പുറപ്പെട്ടുവിച്ചിരുന്ന അഭിപ്രായമാണു താഴെ ചേർക്കുന്നതു്:

''പി. ഗോവിന്ദപ്പിള്ള ബി. ഏ. അവർകരം എട്ടാമ്പതുകൊല്ലം മുമ്പ് കേരളീയഗ്രന്ഥകർത്താക്കന്മാരേയും ഗ്രന്ഥസമുച്ചയത്തേയും കുറിച്ച് ഒരു ചെറിയ പുസ്തകം ഉണ്ടാക്കിയിരുന്നതിനെ പരിഷ്കരിച്ചു വിസ്താരമാക്കി ഇയ്യിടെ രണ്ടു പുസ്തകമായി പ്രസിദ്ധംചെയ്തതിനെക്കുറിച്ച് ഞങ്ങരം വളരെ സന്തോഷിക്കുന്നു. ഈജാതിയിൽ യാതൊരു പുസ്തകവും ഇതിനുമുമ്പില്ലായിരുന്നതിനാലും സാവകാശമായി എഴുതിയതല്ലായിരുന്നതിനാലും ഇദ്ദേഹം ആദ്യം ഉണ്ടാക്കിയ പുസ്തകത്തിൽ വളരെ ന്യൂനതകളുണ്ടായിരുന്നു. അതിൽ പല സംഗതികരം വിട്ടുപോകയും അബദ്ധമായും അടിസ്ഥാനമില്ലാത്തതായുമുള്ള പല സംഗതികളെ ചേർക്കുകയും കവികളെയും അവരുടെ കൃതികളെയുംകുറിച്ച് വളരെ ആലോചനകൂടാതെ ഓരോ അഭിപ്രായങ്ങരം പറയുകയും ചെയ്തിട്ടുണ്ടായിരുന്നു. പല പ്രകാരത്തിലുള്ള യത്നങ്ങളും അന്വേഷണങ്ങളും ചെയ്തു് ഈവക ന്യൂനതകളെ കഴിയുന്നിടത്തോളം പരിഹരിച്ചാകുന്നു ഈ പുസ്തകം രണ്ടാമതു പ്രസി

* മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 551.

ദ്ധംചെയ്തിരിക്കുന്നതു്. ആ ന്യൂനതകളൊന്നും ഇതിലി ല്ലെന്നു പറയാൻ പാടില്ല. എന്നാൽ മലയാളകവിതകളെ മുഴുവൻ തിരഞ്ഞെടുത്തു ശേഖരിക്കുന്നതിനും കവികളുടെ ജീവകാലത്തെയും ജീവചരിത്രത്തെയും കുറിച്ചു വേണ്ട അറിവു സമ്പാദിക്കുന്നതിനുമുള്ള പ്രയാസത്തെ എന്നല്ല, അസാദ്ധ്യതയെക്കൂടെ വിചാരിക്കുമ്പോഴം അതിനെക്കു റിച്ചു് അത്ര അത്ഭുതപ്പെടുവാനില്ല. ഇത്രത്തോളം സാധി ച്ചതിനെക്കുറിച്ചാണു് അത്ഭുതപ്പെടേണ്ടതു്.

ഈ പുസ്തകത്തെക്കുറിച്ചു് സവിസ്തരമായി പ്രസ്താവി ക്കുന്നതിനു് ഇവിടെ സ്ഥലമില്ല. ഇതിൽ എന്തു ദോഷമു ണ്ടെങ്കിലും ഇങ്ങനെ ഒരു ഗ്രന്ഥമുണ്ടാക്കുന്നതിനു വേണ്ട സാമഗ്രികളുടെ ദുർല്ലഭതയെ വിചാരിക്കുമ്പോഴം ഈവിധ ത്തിലൊന്നു കെട്ടിയുണ്ടാക്കീട്ടുള്ളതുതന്നെ ആ ദോഷ ത്തിൻെറ നിവാരണത്തെക്കാളധികം ചെയ്യുന്നുണ്ടു്. ജല ശൂന്യമായും ശിലാമയമായുമുള്ള മരുഭൂമിയിൽ ധാന്യസമൃ ദ്ധിയുണ്ടാകാത്തതു കൃഷകൻെറ ദോഷമാണെന്നു പറവാൻ പാടില്ലല്ലോ. എന്നാൽ ഈ പുസ്തകത്തിൽ നിവാര്യങ്ങളാ യ ചില ദോഷങ്ങളുണ്ടു്. അവയിൽ ചിലതിനെമാത്രം ഇ വിടെ പറയാം. ഓരോ കവികളേയും കവിതകളേയുംകുറി ച്ചു പറഞ്ഞിരിക്കുന്നതു് അതാതിൻെറ താരതമ്യംപോലെ ആയിട്ടില്ല. യോഗ്യരായ ചില മഹാകവികളെക്കുറിച്ചു് വളരെ ചുരുക്കമായും അശ്രദ്ധയോടുകൂടിയും ചില കവി ദേശ്യന്മാരെക്കുറിച്ചു് വിസ്താരമായും ശ്രദ്ധോന്മാദത്തോടു കൂടിയും പറഞ്ഞിട്ടുള്ളതിനു പുറമേ വിശേഷമായ ചില കൃതികളെ നിസ്സാരമായും നിസ്സാരമായതിനെ വിശേഷ മായും പറഞ്ഞുകാണുന്നുണ്ടു്. മലയാളത്തിൽ ഇപ്പോഴുള്ള കവികളിൽ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനോടു തുല്യ നായിട്ടു് മററാരുമില്ലെന്നു നിസ്സംശയമാണു്; എന്നാൽ ഈ പുസ്തകം വായിക്കുന്നവക്കു വളരെ മോശമായ ചില കവിതക്കാർക്കുടെ അദ്ദേഹത്തെക്കാഠം മേലെയാണെന്നു തോന്നും. കുഞ്ചൻനമ്പ്യാരുടെ പതിന്നാലുവൃത്തം വളരെ നിസ്സാരവും നളചരിതംകിളിപ്പാട്ടു് വളരെ മോശവുമാ ണത്രെ. കവിതയെന്നു പറയുവാൻതന്നെ പാടില്ലാത്ത

ചില കൃതികളെ സാരസ്യാദിഗുണങ്ങളോടുകൂടിയവയാ ണെന്നും പറഞ്ഞുകാണുന്നു. ഇതെല്ലാം നോക്കുമ്പോൾ ഗ്രന്ഥകർത്താവിനു കവിതയുടെ ഗുണാഗുണഗ്രഹണശക്തി കുറെ കുറവല്ലേ എന്നു സംശയിക്കേണ്ടിവരുന്നു. ചെടികൾ വൃക്ഷങ്ങളെക്കാൾ വലിയതാണെന്നും കാക്കയ്ക്ക് അരയന്ന ത്തെക്കാൾ അധികം ഭംഗിയുണ്ടെന്നും തോന്നത്തക്കവണ്ണം ഒരു ഉദ്യാനത്തിന്റെ ചിത്രമെഴുതിയാൽ ചിത്രകാരൻ ഉദാ സീനനെന്നോ വാസന കുറഞ്ഞവനെന്നോ വിചാരിക്കേ ണ്ടതല്ലേ? പിന്നെ മലയാളഭാഷാചരിത്രത്തിൽ സംസ്കൃത കവികളെയും അവരുടെ കൃതികളെയും കുറിച്ച് ഇത്ര വിസ്താരമായി പറയുന്നതു് ആവശ്യമാണെന്നു തോന്നു ന്നില്ല.

ബഹുശ്രമസിദ്ധമായ ഈ പുസ്തകത്തെക്കുറിച്ച് ദോഷം പറയുന്നതിനു് ഞങ്ങൾക്കു വളരെ വൈമനസ്യമുണ്ടെ ങ്കിലും, ഇന്ന സമ്പ്രദായത്തിലുള്ള ദോഷങ്ങളാണു് ഇതി ലുള്ളതെന്നു കാണിക്കുന്നതു് ഉപകാരമായിരിക്കുമെന്നു വി ചാരിച്ച് ഇത്രമാത്രം പറഞ്ഞതാണു്. എന്നാൽ ഈവക ദോഷങ്ങൾ പല ദിക്കിലും കാണ്മാനുണ്ടെങ്കിലും, ഗ്രന്ഥ കർത്താവിന്റെ ഈ പരിശ്രമം വളരെ ശ്ലാഘനീയമായിട്ടു ള്ളതാണെന്നും, മലയാളികളെല്ലാം അദ്ദേഹത്തിന്റെപേ രിൽ കൃതജ്ഞരായിരിക്കേണ്ടതാണെന്നും പറയുന്നതിൽ ഞങ്ങൾ ഒട്ടുംതന്നെ സംശയിക്കുന്നില്ല. ഇങ്ങനെ ഒരു പുസ്തകം നല്ലവണ്ണം തൃപ്തികരമാകണമെങ്കിൽ പലരും കൂടി യത്നിക്കാതെ സാധിക്കുന്നതല്ല. തിരുവിതാംകൂർ, കൊച്ചി, മലയാളജില്ല ഇവിടങ്ങളിലെല്ലാം രണ്ടോ മൂന്നോ ആളുകൾ കൂടി അതാതുദിക്കിലുള്ള ഗ്രന്ഥകാരന്മാരെയും ഗ്രന്ഥങ്ങളെയും കുറിച്ച് ഓരോ പുസ്തകമെഴുതിയാൽ ഒരാൾ ക്കു് അതുകളെയെല്ലാം അതാതിന്റെ താരതമ്യംപോലെ കൂട്ടിച്ചേർത്തു കഴിയുന്നിടത്തോളം സമ്പൂർണ്ണമായും വിശ്വാസ യോഗ്യമായും തൃപ്തികരമായുമുള്ള ഒരു പുസ്തകം ഉണ്ടാക്കാ വുന്നതാണു്.''  —വിദ്യാവിനോദിനി 1065 മീനം വാല്യം 1, ലക്കം 6.

'മലയാളഭാഷാചരിത്ര'ത്തിൻെറ രണ്ടാംപതിപ്പ് പ്രസിദ്ധപ്പെടുത്താൻ ഗോവിന്ദപ്പിള്ളയെ പല പണ്ഡിതന്മാരും സഹായിച്ചിരുന്നു. അക്കാര്യം അതിൻെറ അവതാരികയിൽ അദ്ദേഹം അനുസ്മരിച്ചിട്ടുണ്ട്. സഹായിച്ചവരുടെ കൂട്ടത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ചാത്തുക്കുട്ടി മന്നാടിയാർ, രാമക്കുറുപ്പ്* എന്നിവർക്കു പുറമേ കടത്തനാട്ട് ഉദയവർമ്മതമ്പുരാൻ, കോട്ടയത്ത് അനിഴംനാൾ തമ്പുരാൻ, പാലക്കാട്ട വിദ്വാൻ കോമ്പിയച്ചൻ, പരവൂർ കേശവനാശാൻ എന്നിവർ ഉൾപ്പെടുന്നു.

പല ഗ്രന്ഥങ്ങളുടേയും കർത്താവും കാരയിതാവും പ്രസാധകനുമായിരുന്ന കടത്തനാട്ട് ഉദയവർത്തതമ്പുരാൻ ആയഞ്ചേരികോവിലകത്തെ അംഗമാണ്. ഇദ്ദേഹം 1890-ൽ ഒരു അച്ചുകൂടം സ്ഥാപിക്കുകയും, 'ജനരഞ്ജിനി' എന്ന മാസിക അവിടെനിന്നു പുറപ്പെടുവിച്ചുതുടങ്ങുകയും

---

* 'മലയാളഭാഷാചരിത്രം' കണ്ടിട്ട് രാമക്കുറുപ്പ് ഗോവിന്ദപ്പിള്ളയ്ക്ക് അയച്ച രസകരമായ കത്ത് താഴെ പകർത്തുന്നു: After carefully going through your book I have found that your enter-prising spirit accompanied by patient labour has secured very fair success in your landable undertaking and the want for a History of Our Language and Literature certainly supplied at least for the present. I have nothing more to say than this—in connection with your present occupation—that while many a very intelligent and comparatively young gentle man, like yourself now in power in honarable and lucrative situations in the service of our Govern-ment may leave much behind them for their relations, you can leave behind you for your ourself more than this officers after a certain critical and unpleasant hour in human life. A few thousand Rs. in the Savings Bank may again be very badly used by the hevis of a hard-working, frugal and honest public servant, when his anxiety and solicitude for the safety or good use of his money is burnt or buried with him. Your Savings Banks will chiefly be the capacious mental store houses of posterity, your savings such as these nead not fear bankrepley or abuse and this I think must be certainly considered a superior felicity worth any well and intelligent man's aspirations. —മ. ഭാ. ച.; എൻ. ബി. എസ്. പതിപ്പ്, 1956, പുറം 546.

ചെയ്തു. കുറേക്കാലം കഴിഞ്ഞപ്പോാം 'ജനരഞ്ജിനി'യുടെ സ്ഥാനത്തു് 'കവനോദയം' പുറപ്പെടുവിച്ചുതുടങ്ങി. പതിനാറു സംവത്സരത്തിനിടയ്ക്കു തമ്പുരാൻ ഭാരതചമ്പു[1] ചന്ദ്രോത്സവം[2] മുതലായി നാല്പതോളം കൃതികാം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 'ഉത്തരകേരളത്തിലെ ഭോജനായിരുന്ന' ആ തമ്പുരാനെപ്പററി ഗോവിന്ദപ്പിള്ള ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: ''....അവിടുന്നു് ഉത്തരകേരളത്തിൽ വിദ്വജ്ജനങ്ങാംക്കു് ഒരാശ്രയമായിട്ടുള്ള പ്രഭുവും ഒരു രസികശിരോമണിയായ കവിയും ആണു്. ഇംഗ്ലീഷുഭാഷയിലും നല്ല പാണ്ഡിത്യം ഉണ്ടു്. അനേകം ഭാഷാശ്ലോകങ്ങളും 'രസികഭൂഷണം' എന്ന പേരോടുകൂടി ഒരു ഭാണവും, 'വൃത്തരത്നാവലി' എന്നൊരു പദ്യഗ്രന്ഥവും അവിടുന്നു രചിച്ചിട്ടുണ്ടു്....''[3]

കോട്ടയത്തു് അനിഴംനാാം കേരളവൎമ്മ തമ്പുരാനെക്കുറിച്ചു മലയാളഭാഷാചരിത്രത്തിൽ കാണുന്നതു് ഇപ്രകാരമാണു്: ''വടക്കൻകോട്ടയത്തു രാജാക്കന്മാർ എല്ലാവരും ടിപ്പുവിൻെറ പടക്കാലത്തു തിരുവിതാംകൂർ സംസ്ഥാനത്തു വന്നു താമസിച്ചിരുന്നു. പടകഴിഞ്ഞു രാജ്യത്തു സമാധാനം ഉണ്ടായതിൻെറ ശേഷം അതിൽ ഒരു വഴിക്കാർമാത്രം തിരെയ്യ കോട്ടയത്തേക്കു പോയി. മററുശാഖക്കാർ തിരുവിതാംകോട്ടു സംസ്ഥാനത്തുതന്നെ താമസി

1. ''ചമ്പൂസാമ്രാജ്യത്തിൽ യുവരാജപദത്തിൽ അഭിഷിക്തമായിരിക്കുന്ന കൃതി ഭാരതചമ്പുവാകുന്നു. 'സരസ്വതീപ്രാണസദൃശനും' 'ദിഗന്തരലബ്ധകീർത്തി'യുമായ അനന്തഭട്ടമഹാകവിയാണു് അതിന്റെ കർത്താവു്.'' (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 491.) ഈ ചമ്പു ചുനക്കര ഉണ്ണിക്കൃഷ്ണവാര്യർ പരിഭാഷപ്പെടുത്തീട്ടുണ്ടു്.

2. 16-ാം ശതകത്തിലെ മനോജ്ഞമായ ഒരു മണിപ്രവാളകാവ്യം. ഇതിനു് ചന്ദ്രികാമഹോത്സവമെന്നും മേദിനീചന്ദ്രികോത്സവമെന്നും പേരുണ്ടു്. ഇതു് ഇയ്യിടെ സവ്യാഖ്യാനം ശ്രീ ഇളംകുളം കുഞ്ഞൻപിള്ള പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ചന്ദ്രോത്സവത്തിൻെറ കാലം 1500—നടുത്തായിരിക്കണമെന്നു വിചാരിക്കാൻ ന്യായമുണ്ടു് എന്നാണു് അദ്ദേഹം അതിൻെറ പ്രസ്താവനയിൽ പറയുന്നതു്.

3. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 473. 'വൃത്തരത്നാവലി എന്നല്ല സദ്‌വൃത്തമാല' എന്നാണു് കേരളസാഹിത്യചരിത്രത്തിൽ കാണുന്നതു്.

ച്ചു. അനിഴംതിരുനാൾ തമ്പുരാൻ ഈ ശാഖയിൽ ജനിച്ച ആളാണു്....''[1] തന്റെ പൂർവ്വികനായ 'പുരളീശ'ന്റെ 'കിമ്മീരവധ'ത്തെ അനുകരിച്ചു് ഈ തമ്പുരാൻ 1878–ൽ ഒരു ആട്ടക്കഥ വിരചിച്ചു. അതാണു് 'ദൂതവാക്യം' ആട്ടക്കഥ.

വിവിധശാസ്ത്രങ്ങളിൽ ആർജ്ജിച്ച വിജ്ഞാനംമൂലം 'വിദ്വാൻ' എന്ന ബഹുമതിപ്പേർ കരസ്ഥമാക്കിയിരുന്ന പാലക്കാട്ടു കോമ്പിഅച്ചൻ തന്റെ വൈദഗ്ദ്ധ്യത്തിനു തക്കവണ്ണം അധികം കൃതികൾ വിരചിച്ചിട്ടില്ല. ശ്രീകൃഷ്ണജയന്തീമാഹാത്മ്യം കിളിപ്പാട്ടും, നീലാസുരവധം, സിംഹാവതാരം എന്ന രണ്ടു് ആട്ടക്കഥകളുമാണു് അദ്ദേഹത്തിന്റെ മുഖ്യകൃതികൾ. അവയിൽനിന്നു ചില ഭാഗങ്ങൾ ഗോവിന്ദപ്പിള്ള മലയാളഭാഷാചരിത്രത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.[2] മലയാളഭാഷാചരിത്രം ആവർത്തിച്ചു് അച്ചടിപ്പിക്കാൻ പോകുന്നവിവരം അറിഞ്ഞപ്പോൾ ഇദ്ദേഹം ഗോവിന്ദപ്പിള്ളയ്ക്കു് അയച്ചുകൊടുത്ത ശ്ലോകമാണു് താഴെ ചേർക്കുന്നതു്:

''ഗോവിന്ദപ്പിള്ളതാനീവിധമതിസരസം പു–
സ്തകം തീർപ്പതിന്നായ്
ഭാവിക്കുന്നെന്നു കേൾക്കുന്നളവിലിഹ മമ
പ്രീതി തിങ്ങുന്നു ചിത്തേ
ഗോവിന്നെപ്പോളിവന്താൻ മമ വിഷയമതാ–
യീട്ടമെന്നോർത്തു ചിത്തേ
ഗോവിന്ദം പ്രാർത്ഥയേഹം ചിരമവനിതലേ
വാഴ്ക ഗോവിന്ദസൂരി.''[3]

പരവൂർ കേശവനാശാൻ 1891–ൽ കേരളഭൂഷണക്കമ്പനി ഏർപ്പെടുത്തുകയും അതിന്റെ വകയായി 'സുജനാ

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 485.
2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 476—479.
3. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 480.

നന്ദിനി'[1] എന്ന വൃത്താന്തപത്രം പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചെയ്തു. ഇദ്ദേഹം, മഹാകവി കെ. സി. കേശവപിള്ളയുടെ ഗുരുവാണ്.

''ചൊല്ലൊണ്ണും വൈദ്യശാസ്ത്രം ഗണിതവുമതുപോൽ
സാഹിതീതന്ത്രവുംകൊ–
ണ്ടേപ്പേക്കും മോദമേകും മമ ഗുരു വിലസീ–
ടുന്നു വീ. കേശവാഖ്യാൻ''

എന്നാണ് കെ. സി. കേശവപിള്ള ആശാനെ അനുസ്മരിക്കുന്നതു്. ആയുർവ്വേദവൈദ്യസമ്പ്രദായത്തെക്കുറിച്ചു് ഉണ്ടായിട്ടുള്ള എണ്ണപ്പെട്ട ഗ്രന്ഥങ്ങളിലൊന്നാണ് ആശാന്റെ 'ശരച്ചന്ദ്രിക'. ഗോവിന്ദപ്പിള്ള ഇദ്ദേഹത്തെപ്പറ്റി മലയാളഭാഷാചരിത്രത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: ''കൊല്ലം പരവൂർ പുത്തൻവീട്ടിൽ കേശവനാശാന് ഇപ്പോൾ 32 വയസ്സു പ്രായമുണ്ട്. ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ ശിഷ്യനാണ് ഒരു വിദ്വാനും നല്ല ഭാഷാകവിയുമാണ്. പതിവ്രതാധമ്മം കിളിപ്പാട്ട്, കല്യാണസൗഗന്ധികം ഗദ്യപദ്യസമ്മിളിതമായ ഒരമ്മാനപ്പാട്ട്, പതാളരാവണവധം ആട്ടക്കഥ ഇവയാകുന്നു പ്രധാന കവിതകൾ....''[2]

1. ''മലയാളമനോരമയുടെ ആവിർഭാവത്തിനുശേഷം മലയാളത്തിൽ പല പത്രങ്ങളും ആരംഭിച്ചുതുടങ്ങി. കൊല്ലം പരവൂർ സ്വദേശിയായ കേശവനാശാൻ 1066–ൽ 'കേരളഭൂഷണക്കമ്പനി ക്ലിപ്തം' എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർചെയ്തു. 1067 മുതൽ അതിൽനിന്നു സുജനാനന്ദിനി എന്നൊരു വൃത്താന്തപത്രവും ആരംഭിച്ചു. ഈഴവസമുദായത്തിന്റെ അവശതകൾ പരിഹരിക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. അതോടൊപ്പം മലയാളമനോരമയെ അനുകരിച്ചു് കവിതാപംക്തി മുതലായ ഭാഷാപോഷണവിഷയങ്ങളും ചേർത്തുവന്നു. നല്ലൊരു കവിയും ഗദ്യകാരനും വിമർശകനുമായിരുന്ന ആശാൻ സുജനാനന്ദിനിയിൽ വാദപ്രതിവാദങ്ങൾക്കും വിമർശനങ്ങൾക്കും നല്ലൊരു സ്ഥാനംതന്നെ നല്കുകയുണ്ടായി. മൂലൂരും, സി. എസ്. പോററിയുമായി ആരംഭിച്ച 'പണിക്കർ'വാദത്തിന്റെ രംഗഭൂവായിരുന്നു, കുറച്ചുകാലം സുജനാനന്ദിനി.'' —ഭാഷാഗദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ, പുറം 537, 538.

2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 506. 'പാതാളരാവണവധം' എന്നല്ല, 'പാതാളരാമായണം' എന്നാണ് ഉള്ളൂർ പ്രസ്താവിച്ചുകാണുന്നതു്. (കേ. സാ. ച.—വാല്യം 4, പുറം 471 നോക്കുക.)

# 7. ജീവിതവിരാമം

ഗോവിന്ദപ്പിള്ളയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന സംവത്സരമായിരുന്നു 1881. അദ്ദേഹം സർവ്വാധികാര്യക്കാരുദ്യോഗം രാജികൊടുത്തതും, മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയായ 'വിദ്യാവിലാസിനി'യുടെ സൂത്രധാരനായിത്തീർന്നതും, മലയാളഭാഷാചരിത്രം വിരചിച്ചതും മററും ആ സംവത്സരത്തിലാണ്. ഭാഷാചരിത്രത്തിനു പുറമേ പല ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്താൻ പരിശ്രമിയായ ഗോവിന്ദപ്പിള്ളയ്ക്കു സാധിച്ചിരുന്നു. അക്കൂട്ടത്തിൽ ചില പ്രാചീനഗ്രന്ഥങ്ങളും, ആയില്യംതിരുനാളിന്റെയും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും അനന്തപുരത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാന്റെ*യും മററും കൃതികളും, ഗോവിന്ദപ്പിള്ളയുടെ സ്വന്തം കൃതികളും ഉൾപ്പെടുന്നു. 1881 ഉത്തരാർദ്ധത്തിലാണ് ഗോവിന്ദപ്പിള്ള ആയില്യംതിരുനാളിന്റെ 'ഭാഷാശാകുന്തള'വും, 'മീനകേതനചരിത'വും കേരളവർമ്മയുടെ പുരസ്കൃത്യതത്തിൽ കേരളവിലാസം പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തിയതു്. 'ഭാഷാശാകുന്തള'

---

* ഇദ്ദേഹം കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ജ്യേഷ്ഠസഹോദരനാണ് (1837–1913). ചെറുണ്ണി എന്നായിരുന്നു ഓമനപ്പേർ. കേരളവർമ്മയോടൊപ്പം ഇദ്ദേഹവും ബഹുമുഖമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. പക്ഷേ, 19–ാമത്തെ വയസ്സുമുതൽ കുടുംബഭരണത്തിൽ വ്യാപൃതനാവുകയാൽ തമ്പുരാനു സാഹിത്യസേവനത്തിനുള്ള സൗകര്യം ഏററവും വിരളമായിരുന്നു. ഇദ്ദേഹത്തിന്റെ കൃതികളിൽ മുഖ്യം സർവ്വജ്ഞവിജയം ആട്ടക്കഥയാണ്. അതു ഗോവിന്ദപ്പിള്ള ഒരു അവതാരികയോടുകൂടി പ്രത്യേകപുസ്തകമായി പ്രസിദ്ധപ്പെടുത്തിയിരുന്നു. ഈ തമ്പുരാനെപ്പററി ഗോവിന്ദപ്പിള്ള മലയാളഭാഷാചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: ''ഈ കോയിത്തമ്പുരാന്റെ പാണ്ഡിത്യം അനിർവ്വചനീയമായിരിക്കുന്നു. ശിഷ്യസമ്പത്തും വളരെ ഉള്ളതാകുന്നു. ഇപ്പോൾ പരപ്പനാട്ടുരാജാ എന്ന സ്ഥാനവും മൂപ്പുമുറയ്ക്കു് അവിടുത്തേക്കാണ്'' —മ. ഭാ. ച.; എൻ.ബി.എസ്. പതിപ്പ്, 1956, പുറം 471.

ത്തിനു് ഗോവിന്ദപ്പിള്ള വിരചിച്ച മുഖവുര താഴെ പകൎത്തുന്നു:

"ൟ ഭാഷാശാകുന്തളം ആയില്യംതിരുനാൾ തിരുവവതാരംചെയ്തരുളിയ വലിയതമ്പുരാൻതിരുമനസ്സുകൊണ്ടു പരിഭാഷപ്പെടുത്തിയതാണ- യുവരാജാവായിട്ടു ഭജനപ്പുരയിൽ എഴുന്നെള്ളിയിരുന്ന സമയമാണ[1] ൟ പരിശ്രമം അവിടുന്നു ചെയ്തത- അന്നു മുതൽ ൧൦൩൦-ാമാണ്ടു വൃശ്ചികമാസംവരെയും ഇത വെളിപ്പെടാതെ കിടന്നിരുന്നു- വിദ്വജ്ജനശിരൊരത്നമായിരിക്കുന്ന ചങ്ങനാശെരിൽ പൂയംതിരുനാൾ വലിയകൊയിത്തമ്പുരാൻ തിരുമനസ്സിലെ കാരണം ഇത ഇപ്പൊൾ അച്ചിട്ടു പ്രസിദ്ധമാക്കുന്നതിനു സംഗതി വന്നിരിക്കുന്നു- കൊയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു വലിയകൊട്ടാരംവക ഗ്രന്ഥങ്ങൾ പരിശൊധന ചെയ്യുന്ന സമയം ൟ ഗദ്യം കണ്ടുകിട്ടുന്നതിനിട വന്നു- ഇത്ര വിശെഷമായിരിക്കുന്ന ഗദ്യപാഠം പരൊപകാരാൎത്ഥമായി വെളിപ്പെടുത്തെണ്ടതാവശ്യമെന്നു കണ്ടു വിവരം തിരുമനസ്സറിയിച്ചു ഏതെങ്കിലും ഒരു പ്രൈവററു അച്ചുക്കൂടത്തിൽ കൊടുത്തു പ്രസിദ്ധംചെയ്യുന്നതിനു അനുവാദം വാങ്ങി- ഇങ്ങിനെ അനുവാദം സിദ്ധിച്ചിരിക്കുന്നതിനാൽ കെരളവിലാസം അച്ചുക്കൂടക്കാൎക്കു അച്ചടിക്കുന്നതിനു മനസ്സുണ്ടൊ എന്നു ഞങ്ങളൊടു ചൊദിക്കയാൽ ഞങ്ങൾ അതിനെ വന്ദനാപൂൎവ്വം സ്വീകരിച്ചു ഗ്രന്ഥകൎത്താവിന്റെ ഒരു ചരിത്രത്തൊടും പടത്തൊടും കൂടി പ്രസിദ്ധംചെയ്യണമെന്നു വിചാരിച്ചു പടം കൊത്തിതീൎന്നു- ചരിത്രം എഴുതിയതിൽ ൨൦ കൊല്ലത്തിനിടക്കു[2] നടന്നിട്ടുള്ള വിവിധങ്ങളായിരിക്കുന്ന കാൎയ്യങ്ങളെ ചുരുക്കമൊയെങ്കിലും പ്രസ്താവിക്കുന്നതായിരുന്നാൽ പുസ്തകം ഇതിൽ രണ്ടിരട്ടി വരുമെന്നു കണ്ടു ആ ചരി

---

1. അതായതു് 1860-നു മുമ്പു്.

2. ഈ 20 കൊല്ലം 1860 മുതൽ 1880 വരെയ്ക്കുമുള്ള ആയില്യം തിരുനാളിന്റെ ഭരണകാലമാണു്.

ത്രം പ്രത്യേകം പ്രസിദ്ധപ്പെടുത്താമെന്നു നിശ്ചയിച്ച്[1] ഇപ്പോൾ ൧൦ പുസ്തകം പടത്തോടുകൂടി അച്ചുക്കൂടം ഉടമസ്ഥൻ പി-കൃഷ്ണപിള്ളയുടെ ചിലവിന്മെൽ അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്തുകൊള്ളുന്നു-

എന്നു പ്രസിദ്ധകൻ
പി. ഗൊവിന്ദപ്പിള്ള''[2]

കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'വിദ്യാവിലാസിനി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'മഹച്ചരിതസംഗ്രഹ'ത്തിൽനിന്നു് പത്തുപേരുടെ ചരിത്രംമാത്രം തിരഞ്ഞെടുത്തു് ഗോവിന്ദപ്പിള്ള 1883-ൽ ഒരു പ്രത്യേക പുസ്തകമായി അച്ചടിപ്പിച്ചിരുന്നു. അതു് അക്കാലത്തു് പാഠപുസ്തകമാവുകയും ചെയ്തിരുന്നു. കേരളവിലാസം മുദ്രാലയംവഴി ഗോവിന്ദപ്പിള്ള പ്രസിദ്ധപ്പെടുത്തിയിരുന്ന പത്രങ്ങളും ഗ്രന്ഥങ്ങളുമെല്ലാം അവയുടെ മുദ്രണവൈശിഷ്ട്യത്താലും മററും അനേകംപേരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരുന്നു. ഇന്നത്തെ പത്രപ്രവർത്തകർക്കും പ്രസിദ്ധീകരണശാലക്കാർക്കും അവ മാതൃകയാണെന്നു പറയപ്പെടുന്നുണ്ടു്.

ഗോവിന്ദപ്പിള്ളയുടെ സ്വന്തം കൃതികളിൽ പ്രധാനപ്പെട്ടതു് 'റോമൻചരിത്ര'മാണു്. 1885 ഒക്ടോബർ 15-ാനു-

1. 'മലയാളഭാഷാചരിത്ര'ത്തിലും ഇതിനെപ്പററി പ്രസ്താവമുണ്ടു്. ആയില്യംതിരുനാളിനെക്കുറിച്ചു വിവരിക്കുന്ന ഭാഗത്തു് കീഴ്ക്കുറിപ്പിൽ ഗോവിന്ദപ്പിള്ള ഇങ്ങനെ പറയുന്നു: ''അവിടുത്തെ ജനനകാലംമുതൽ ഇതുവരെയുള്ള കാലത്തെ ചരിത്രം അത്രയും മലയാളത്തിൽ എഴുതി ഉണ്ടാക്കീട്ടുള്ളതു് എത്രയും വേഗത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.'' (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 517.)

2. ഈ 'മുഖവുര' ഗോവിന്ദപ്പിള്ള 1057-ൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'ഭാഷാശാകുന്തള'ത്തിൽനിന്നു് ഉദ്ധരിച്ചതാണു്. 'കൊട്ടാരം സർവ്വാധികാര്യമായിരുന്ന പി. ഗൊവിന്ദപ്പിള്ള ബി. എ. പ്രസിദ്ധം ചെയ്യുന്നത' എന്നു് അതിൻെറ ടൈറ്റിലിൽ കാണുന്നുണ്ടു്. ഇപ്പോൾ നിലവിലിരിക്കുന്നതു് എൻ. ബി. എസ്. വകയായി ശ്രീ ഏ. ഡി. ഹരിശർമ്മ 1961-ൽ പ്രസിദ്ധപ്പെടുത്തിയ പതിപ്പാണു്. അതിലെ മുഖവുരയും മുകളിൽ ഉദ്ധരിച്ച മുഖവുരയും തമ്മിൽ അല്പം വ്യത്യാസം കാണുന്നുണ്ടു്.

യാണു് അദ്ദേഹം അതു പ്രസിദ്ധപ്പെടുത്തിയതു്. 180 വശങ്ങളുള്ള ഈ ഗ്രന്ഥത്തിൽ ആകെ 16 അദ്ധ്യായങ്ങളുണ്ടു്. 'റോംപട്ടണം സ്ഥാപിച്ചതുമുതൽ ജനസമുദായരാജ്യഭരണാരംഭംവരെ' (ക്രിസ്തുവിനു് മുൻ 753 മുതൽ 509 വരെ) ഉള്ള സംഗതികൾ തുടങ്ങി 'കമ്മൊഡസ്സിന്റെ രാജ്യഭാരം'വരെ (ഏ. ഡി. 180 മുതൽ 192 വരെ) ഉള്ള സംഗതികൾ ഇതിൽ അടങ്ങിയിരിക്കുന്നു. ''മലയാംപള്ളിക്കൂടങ്ങളിലെ വിദ്യാൎത്ഥികൾക്കു റൊമൻരാജ്യത്തിന്റെ ഉല്പത്തിയെയും വൎദ്ധനയെയും അധൊഗതിയെയുംകുറിച്ചു ചുരുക്കമായും വിശദമായും ഒരു അറിവു കൊടുക്കണമെന്നുള്ള ഉദ്ദെശ്യത്തൊടുകൂടി ഞാൻ ഈ റൊമൻചരിത്രം എഴുതി ഉണ്ടാക്കിരിക്കുന്നു. ഈ മഹാരാജ്യം വളരെ പുരാതനമായിട്ടുള്ളതാണെന്നു ഭാഗവതം പഞ്ചമസ്കന്ധത്തിൽ അതിനെ രുമാരാജ്യമെന്ന പെരൊടുകൂടി വൎണ്ണിച്ചിരിക്കകൊണ്ടു നിശ്ചയിക്കാം. നമ്മുടെ പുരാണങ്ങളിൽ കാണുന്നതുപൊലെ റൊമിന്റെ ആദ്യകാലത്തെ ചരിത്രത്തിൽ അതിമാനുഷമായ കഥകൾ വളരെ ഉള്ള ഇംഗ്ലീഷുറൊമൻ ചരിത്രമെഴുത്തുകാരിൽ ചിലർ അവ വിശ്വാസയൊഗ്യമല്ലെന്നു വച്ചു തള്ളിയിരിക്കുന്നു. എന്നാൽ ബാലന്മാൎക്കു ഈവക കഥകൾ പ്രത്യെകം വിനൊദകരങ്ങളാകകൊണ്ടും അവയിൽനിന്നു ആദ്യകാലത്തെ റൊമന്മാരുടെ മതവിഷയമായും രാജ്യതന്ത്രവിഷയമായും വളരെ സാരങ്ങൾ ഗ്രഹിക്കാവുന്നതാകകൊണ്ടും ഞാൻ അവയെ തീരെ ഉപെക്ഷിച്ചിട്ടില്ല....'' എന്നാണു് മുഖവുരയിൽ ഗോവിന്ദപ്പിള്ള പ്രസ്താവിച്ചുകാണുന്നതു്. ബാലന്മാൎക്കു സുഗ്രഹമാംവണ്ണം, കഥ പറയുന്ന രീതിയിൽ, വിരചിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽനിന്നു് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:

''സ്വല്പദിവസം കഴിഞ്ഞതിന്റെ ശെഷം സീസ്സർ ഈജിപ്ടിൽ എത്തി. അദ്ദെഹത്തിന്റെ ശത്രുവിന്റെ അവസാനസ്ഥിതി കണ്ടു നെത്രത്തിൽ അശ്രുജലധി ഉണ്ടായി. ഈജിപ്ടിലെ രാജാവു് താൻ വിചാരിച്ചിരുന്നതു സിദ്ധിക്കാഞ്ഞിട്ടു അദ്ദെഹത്തിനും സഹൊദരി സൗന്ദൎയ്യവതിയായ ക്ലിയൊപാട്രാക്കും തമ്മിലുള്ള തൎക്കം

തീക്കുന്നതിലെക്കു സീസ്സറുടെ മാദ്ധ്യസ്ഥത്തെ അപെക്ഷിച്ചു. സീസർ ക്ലിയൊപാട്രാക്കനുകൂലമായി വിധിച്ചു. ഈ തീരുമാനംകാരണം അലക്സാംഡ്രിയായിലെ ജനങ്ങളുമായി യുദ്ധത്തിന്നിടവന്നു. അതിൽ സീസരും സൈന്യവും വലിയ വൈഷമ്യസ്ഥിതിയിലായിരുന്നു. അദ്ദെഹം കൊട്ടാരത്തിൽ കയറി ഒളിച്ചിരുന്നു. പട്ടണവാസികം കൊട്ടാരത്തിൽ തീവച്ചസമയം സമുദ്രത്തിൽ ചാടി നീന്തി കപ്പലിൽ കയറി. അനന്തരം കൂടുതൽ സൈന്യങ്ങളെ വരുത്തി യുദ്ധം ആരംഭിച്ചതിൽ അലക്സാംഡ്രിയ കീഴടങ്ങി. രാജാവ ലഹളയിൽ നൈയിൽനദിയിൽ മുങ്ങി മരിച്ചുപൊകയാൽ ക്ലിയൊപാട്രായെ രാജ്ഞിയായിട്ടു എല്ലാവരും സമ്മതിച്ചു. സീസ്സർ 9 മാസം സകല വിചാരങ്ങളും ത്യജിച്ചിട്ടു അവളുടെ കൊട്ടാരത്തിലെ ഉത്സാഹാനുഭവത്തിനായി അവിടെ താമസിച്ചു. ഒടുവിൽ മിത്രഡാററീസിൻെറ മകൻ ഫ്ന്നസസ്സ രാജ്യം വലുതാക്കണമെന്നുള്ള ഉദ്ദെശ്യത്തൊടുകൂടി ഒരു റൊമൻസൈന്യത്തെ തൊല്പിച്ചതായി കെട്ടിട്ടു ബീ. സി. 47–ൽ സീസർ ഫ്ാബസിലെക്കു പ്രയാണംചെയ്തു് സ്സീലാ എന്ന സ്ഥലത്തു വച്ചു ഫ്ന്നസസിനെ അശെഷം തൊല്പിച്ചു. ഈ സമയത്താണു ഞാൻ വന്നു, കണ്ടു, ജയിച്ചു എന്ന ചുരുക്കമായ വാചകത്തിൽ റൊമിലേക്കു അദ്ദെഹം എഴുതി അയച്ചത.''* ഇതുപോലുള്ളൊരു ഗ്രന്ഥമാണു് ഗോവിന്ദപ്പിള്ളയുടെ 'ഗ്രീസുചരിത്രം.' 1885–ാമാണ്ടിടയ്ക്കു വിരചിതമായ ആ ഗ്രന്ഥത്തിൽ അദ്ദേഹം ഗ്രീക്കുകാരുടെ ചരിത്രം പ്രതിപാദിക്കുന്നു. ഇവ കൂടാതെ ബീജഗണിതം സംബന്ധിച്ച ഒരു ലഘുഗ്രന്ഥവും, തിരുവിതാംകൂർ ചരിത്രവിഷയകമായ ഒരു ഇംഗ്ലീഷ്പുസ്തകവും (A Hand Book of Travencore) അദ്ദേഹം ആയിടെ രചിച്ചിരുന്നു. 'മലയാളഭാഷാചരിത്ര'ത്തിൽ വിശാഖംതിരുനാളിനെക്കുറിച്ചുള്ള ഭാഗത്തു് ''1055–ാമാണ്ടു മിഥുനമാസത്തിൽ അവിടുത്തേക്കു മൂപ്പുവച്ചു് രാജ്യഭാരം ആരംഭിക്കയും, 1060–ൽ അവസാനിക്കയുംചെയ്തു. ഈ അഞ്ചുവഷം

* 'റൊമൻചരിത്രം'—പി. ഗൊവിന്ദപ്പിള്ള, ബി. ഏ. (സെൻറ് ജോസഫ് പ്രസ്സ്, തിരുവനന്തപുരം, 1885.) പുറം 137.

രാജ്യഭാരത്തിൽ ഉൾപ്പെട്ട സംഗതികൾ എല്ലാവർക്കും അറിയാവുന്നതിനാലും അവയുടെ ഗുണദോഷങ്ങളെക്കുറിച്ച് ഇപ്പോൾ അച്ചടിപ്പിക്കാൻപോകുന്ന തിരുവിതാംകൂർചരിത്രത്തിൽ സവിസ്തരം പറഞ്ഞിട്ടുള്ളതുകൊണ്ടും ഇവിടെ പ്രസ്താവിക്കുന്നില്ലാ.''[1] എന്നു ഗോവിന്ദപ്പിള്ള പ്രസ്താവിച്ചുകാണുന്നുണ്ട്. ആ ചരിത്രമാണ് ഈ (Hand Book) എന്നു തോന്നുന്നു.

1889-ലാണല്ലോ ഗോവിന്ദപ്പിള്ള മലയാളഭാഷാചരിത്രത്തിന്റെ രണ്ടാംപതിപ്പു പ്രസിദ്ധപ്പെടുത്തിയത്. അതിനു മുമ്പുതന്നെ 'വിദ്യാവിലാസിനി'യുടെ പ്രസിദ്ധീകരണം നിലച്ചുപോയിരുന്നു. തന്മൂലമായിരുന്നിരിക്കണം, ഗോവിന്ദപ്പിള്ളയുടെ ശ്രദ്ധ 1890-ാമാണ്ടായപ്പോൾ മറ്റൊരു വിഷയത്തിലേക്കു തിരിഞ്ഞത്. തന്റെ പ്രായാധിക്യം അവഗണിച്ച് അദ്ദേഹം ആയിടെ വക്കീൽപരീക്ഷയ്ക്കു പഠിച്ചുതുടങ്ങുകയും, 1891-ൽ ഒന്നാം ഗ്രേഡിൽ തന്നെ ആ പരീക്ഷ പാസ്സാവുകയും ചെയ്തു.[2] അനന്തരം കുറേക്കാലം ഗോവിന്ദപ്പിള്ള തിരുവനന്തപുരത്ത് ഹൈക്കോടതിവക്കീലായി പ്രാക്ടീസുചെയ്തിരുന്നു. അക്കാലത്താണ് അദ്ദേഹം തിരുവിതാംകൂറിലെ ഹൈക്കോടതി

---

1. മ. ഭാ. ച.—എൻ.ബി.എസ്. പതിപ്പ്, 1956, പുറം 520.

2. ''ഇദ്ദേഹത്തിന്റെ വക്കീൽപരീക്ഷാഭ്യസനരീതി അത്ഭുതകരമായ ഒരു പുതിയ മാർഗ്ഗത്തിലായിരുന്നതിനാൽ, അതിനെ അനുകരിക്കുന്നതിനു വല്ലവരും ഒരുമ്പെടുന്നു എങ്കിൽ അവരുടെ ആവശ്യത്തിനായി അതിനെ ചുവടെ കുറിക്കുന്നു. അച്ചടിച്ചിട്ടുള്ള ലാറിപ്പോർട്ടുകളും മറ്റും ഓരോന്നിൽനിന്നു തുണ്ടുതുണ്ടായി വെട്ടി എടുത്തു, പ്രധാനഭാഗങ്ങളെ ശേഖരിച്ചു താൻ സദാ ഇരിക്കുന്ന വലിയ ഹാളിനകത്തുള്ള നാലു ചുവരുകളിന്മേലും പതിച്ചിട്ടുണ്ടായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും ലാത്തുകയും ചുവരിൽ ഒട്ടിച്ചിട്ടുള്ള തുണ്ടുകളിൽ അപ്പോഴപ്പോൾ നോക്കി ഏകാഗ്രചിത്തനായി കാര്യം ഗ്രഹിക്കയും ചെയ്യുക പതിവായിരുന്നു. കുറച്ചുദിവസംകൊണ്ട് ഇദ്ദേഹം പരീക്ഷയ്ക്ക് ആവശ്യമുള്ളതും താൻ അറിഞ്ഞിരിക്കാനുള്ളതുമായ നിയമസംബന്ധമായ സകല സംഗതികളേയും നിഷ്പ്രയാസം മനസ്സിലാക്കി വക്കീൽപരീക്ഷയിൽ ജയിച്ചതിന്റെശേഷം, കുറച്ചുദിവസം ഹൈക്കോടതിവക്കീലായി പ്രാക്ടീസുചെയ്തു.'' —നമ്മുടെ മഹാന്മാർ; ചിറയിൻകീഴ്, എൻ. പരമേശ്വരൻപിള്ള, പുറം 8.

വിധികളും റഗുലേഷനും വക്കീലന്മാരുടെയും കക്ഷികളു ടെയും ഉപയോഗത്തിനായി ക്രോഡീകരിച്ചു പ്രസിദ്ധ പ്പെടുത്തിയത്തു്.[1] ആയിടയ്ക്കു വിപുലമായ തോതിൽ ഒരു ഇംഗ്ലീഷ്—മലയാളനിഘണ്ടു വിരചിക്കുന്നതിനും അദ്ദേ ഹം ശ്രമംനടത്തിയിരുന്നു. മലയാളഭാഷാചരിത്രത്തിൻെറ രണ്ടാം പതിപ്പു് പ്രസിദ്ധപ്പെടുത്തിയപ്പോഠം അതിൽ അനുബന്ധമായി ചേർത്തിരുന്ന ഒരു നോട്ടീസിൽ അതി നെപ്പററി അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

''മലയാളം—ഇംഗ്ലീഷ് നിഘണ്ടുക്കഠം മിസ്റ്റർ ബെയി ലി സായ്പു് ഉണ്ടാക്കിയതായും ഡാക്ടർ ഗുണ്ടർട്ട്സായ്പു് ഉണ്ടാക്കിയതായും രണ്ടു പുസ്തകം മലയാളത്തിലുണ്ടു്. അവ നല്ലതും അത്യന്തം ഉപയൊഗമുള്ളതുംതന്നെ. ഇംഗ്ലീഷ്— മലയാളനിഘണ്ടുക്കളും ഇപ്പൊഠം രണ്ടുണ്ടു്. ഒന്നു മിസ്റ്റർ ബെയിലിസായ്പു് ഉണ്ടാക്കിയതും മററതു മംഗലാപുരത്തു പ്രസിദ്ധംചെയ്തതായി ഒരു ചെറിയ പുസ്തകവും ആകുന്നു.[2] അവയിൽ എല്ലാ ഇംഗ്ലീഷ്വാക്കുകളും അടങ്ങിയിട്ടില്ല. ശാസ്ത്രസംബന്ധമായ വാക്കുകഠം ഒട്ടുംതന്നെ ചെർത്തിട്ടില്ല. അതിനാൽ അവ അത്ര മതിയാകുന്നില്ല. വെബ്സ്റ്റർസാ യിപ്പിൻെറ ഇംഗ്ലീഷ്നിഘണ്ടുവിൽ ചെർത്തിട്ടുള്ള ഇംഗ്ലീ ഷുവാക്കുകഠംക്കു് അത്രയും മലയാളഅർത്ഥത്തൊടുകൂടി ഒരു ഇംഗ്ലീഷ്—മലയാളനിഘണ്ടു ഞാൻ ഇപ്പൊഠം തയ്യാർചെ യ്യാൻ പൊകുന്നു. പുസ്തകത്തിൻെറ വില മുൻകൂട്ടി പേർ രജിസ്റ്റർചെയ്യുന്നവർക്കു് 15 ഉറുപ്പികയായിരിക്കും. അതു് ആവശ്യമുള്ളവർ പേർ മാത്രം മുൻകൂട്ടി എഴുതി അയച്ചുതര ണമെന്നു് അപെക്ഷിക്കുന്നു.''

1. എക്സ് ചീഫ് മിനിസ്റ്റർ ശ്രീ സി. കേശവൻ തൻെറ 'ജീവി തസമര'ത്തിലൂടെ ആത്മകഥാകഥനം നടത്തുമ്പോഠം പണ്ടത്തെ വക്കീൽപ്പരീക്ഷയെപ്പററി അനുസ്മരിക്കുന്ന ഘട്ടത്തിൽ 'സർവ്വാധി ഗോവിന്ദപ്പിള്ള'യുടെ ഒരു നിയമസംഹിതയെപ്പററി പരാമർശിച്ചുകാ ണുന്നുണ്ടു്. അതു് ഈ ഗ്രന്ഥമാണെന്നു തോന്നുന്നു.

2. റവ: ബെഞ്ചമിൻ ബെയിലി(1791—1871)യുടെ പുസ്തകം ഇപ്പോഴും നിലവിലുണ്ടു്. മറേറതു്, അതായതു് Muller വിരചിച്ച തു് ഇന്നു ലഭ്യമല്ല.

മലയാളഭാഷാചരിത്രം (പരിഷ്കരിച്ച പതിപ്പ്) 1889-ൽ പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ രണ്ടാം വാല്യത്തിൽ ചേർത്തിരുന്ന മുഖവുരയിൽ ഗോവിന്ദപ്പിള്ള ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: ''മലയാളഭാഷാചരിത്രത്തിന്റെ ഉത്തരാദ്ധം ഇപ്പോൾ അച്ചടിച്ചു തീൎന്നിരിക്കുന്നു. ആകപ്പാടെ രണ്ടാം അച്ചടിയായ ഈ പുസ്തകം ആദ്യം ഞാനുണ്ടാക്കിയ ചെറിയ പുസ്തകത്തിനെക്കാൾ സവിസ്തരമായും ഉപയുക്തമായുംതന്നെ ഇരിക്കുമെന്നാണ് എന്റെ മോഹം. പ്രത്യദ്ധ്യായം ഓരോ സംഗതിവിവരണപത്രവും ഒരു അകാരാദി സംഗതിസൂചകപത്രവുംകൂടെ ചേർത്താൽ നന്നായിരിക്കുമെന്നു ചില വിദ്വാന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതിനെ കൃതജ്ഞതാപൂർവ്വം ഞാനും അഭിനന്ദിക്കുന്നു. ദൈവഗത്യാ ഇനിയും ഈ പുസ്തകം മൂന്നാമത്തും അച്ചടിപ്പിക്കുന്നതിനു സംഗതി വന്നാൽ, അന്ന് ഈവകയായും മറ്റുമുള്ള ന്യൂനതകളെ പരിഹരിക്കാമെന്നാഗ്രഹിക്കുന്നു. അതുവരെയ്ക്കും, ''ഗച്ഛതഃ സ്ഖലനം ന ദോഷായ'' എന്നുള്ള ന്യായത്തിന്മേൽ വിദ്വാന്മാർ എല്ലാ ന്യൂനതകളേയും സഹൃദയാപുരസ്സരം ക്ഷമിക്കണമെന്ന് അഭ്യൎത്ഥിക്കുന്നു.'' ഗോവിന്ദപ്പിള്ളയുടെ ഈ അഭ്യൎത്ഥന ശരിക്കും സ്വീകരിച്ചുകൊണ്ടുള്ള ഒരു മറുപടിയാണ് സഹൃദയാഗ്രണിയും അന്നത്തെ സാഹിത്യസമ്രാട്ടുമായ കേരളവൎമ്മ വലിയകോയിത്തമ്പുരാനിൽനിന്നും പത്രദ്വാരാ അദ്ദേഹത്തിനു ലഭിച്ചതു്. അതു് ഇങ്ങനെയായിരുന്നു:

''ഒരു ദേശത്തിന്റേയും അതിലെ ജനങ്ങളുടേയും ഉൽക്കൎഷമോ അപകൎഷമോ അവ്യഭിചാരേണ നിൎണ്ണയിക്കപ്പെടാവുന്നതു തദ്ദേശഭാഷയുടെ സ്ഥിതികൊണ്ടാകുന്നു ഏതൊരു ദേശത്തിലെ ഭാഷ അപരിഷ്കൃതമായും പുഷ്ടിയില്ലാതെയും ഇരിക്കുന്നോ, ആ ദേശവും അതിലെ ജനങ്ങളും അധോഗതിയിലാകുന്നു എന്നുള്ളതു നിൎവ്വിവാദമാണ്. പ്രത്യുത, ഭാഷയ്ക്കു പരിഷ്കാരവും അഭിവൃദ്ധിയും ഉണ്ടായിവന്നുകൊണ്ടിരിക്കുന്ന ദേശവും തദ്ദേശീയജനങ്ങളും ഉത്തരോത്തരം ഉൽക്കൎഷത്തെ പ്രാപിച്ചുവരികയാണെന്നു നിരാക്ഷേപമായി തീൎച്ചപ്പെടുത്താം.

''നമ്മുടെ ദേശമായ കേരളത്തിലെ മലയാളഭാഷയ്ക്കു് ഏതാനും വർഷശതങ്ങൾക്കിപ്പുറം ഉണ്ടായിവന്നുകൊണ്ടിരിക്കുന്ന പരിഷ്കാരവും പുഷ്ടിയും, ഈ ദേശത്തിനും തദ്വാസികളായ മലയാളികൾക്കും പൂർവ്വകാലങ്ങളിൽ ഇതരദേശങ്ങളേയും അവയിലെ ജനങ്ങളേയും അപേക്ഷിച്ചുണ്ടായിരുന്ന അപകർഷം ക്രമേണ തീർന്നുവരുന്നു എന്നും കേരളവും കേരളീയന്മാരും മററു പരിഷ്കൃതരാജ്യങ്ങളേയും ജാതികളേയും പോലെതന്നെ ഉന്നതസ്ഥിതിയിലായിവരുന്നു എന്നും ഉള്ളതിനെ പ്രത്യക്ഷീകരിക്കുന്നു.

''ഇപ്രകാരം നമുക്കുണ്ടായിവരുന്ന ഔന്നത്യത്തിനു ഹേതുഭൂതന്മാർ ജനസാമാന്യത്തിനു് അറിയാൻ വയ്യാതിരുന്ന ഇതരഭാഷകളെ അഭ്യസിച്ചു് അവയിലെ ഗ്രന്ഥങ്ങളിലുള്ള നാനാപ്രമേയങ്ങളെ സ്വഭാഷയിൽ ഓരോകാലത്തുണ്ടാക്കിച്ചേർത്തിട്ടുള്ള മഹാത്മാക്കളായ രാമാനുജൻ എഴുത്തച്ഛൻ മുതലായവർ ആണെന്നുള്ളതിൽ ആരും വിസംവദിക്കുന്നതല്ല. അവരുടെ ഒരു ചരിത്രത്തോടുകൂടി സ്വഭാഷയ്ക്കു തത്തൽക്കാലങ്ങളിൽ ഉണ്ടായിവന്ന അഭിവൃദ്ധിയേയും കാണിച്ചു് തദുദാഹരണങ്ങളായി അവരുടെ കൃതികളിൽ നിന്നും രസവത്തരങ്ങളായ ഭാഗങ്ങളേയും ചേർത്തു 'മലയാളഭാഷാചരിത്രം' എന്ന ഈ പുസ്തകത്തെ നിർമ്മിച്ചിരിക്കുന്ന ഗോവിന്ദപ്പിള്ളയുടെ സ്വദേശസ്നേഹത്തേയും പരോപകാരപരതയേയും എത്ര ശ്ലാഘിച്ചാലും പര്യാപ്തമായിരിക്കയില്ല.

''ഇതിൽ ഈ ഗ്രന്ഥകർത്താവിനു് എത്രമാത്രം ശ്രമം ഉണ്ടായിട്ടുണ്ടെന്നുള്ളതു് ഈ പുസ്തകത്തെ വായിച്ചുനോക്കുന്നവർക്കെല്ലാം സ്പഷ്ടമായി അറിയാവുന്നതാണു്. യാതൊരു സ്വരൂപജ്ഞാനവും ഇല്ലാതെ കേവലം അന്ധകാരമയമായിക്കിടന്ന സ്വഭാഷാചരിത്രത്തെ ഇത്രത്തോളം സൂക്ഷ്മമായി അറിഞ്ഞു വിശദമാക്കി ഇങ്ങനെ പുസ്തകത്തെ രചിച്ചു നമുക്കു തന്നിരിക്കുന്ന ഇയാളെക്കുറിച്ചു നാം എത്ര കൃതജ്ഞതയുള്ളവരായിരിക്കണം!

ധരിച്ചു സാരം മലയാളഭാഷാ—
ചരിത്രമുണ്ടാക്കിയ സൂരിതൻെറ
പരിശ്രമം വിസ്മരണീയമല്ലി—
ദ്ധരിത്രിയിൽ വാഴുമൊരുത്തരാലും.

''ഈയാൾ ഈ പരിശ്രമത്തെ ആരംഭിച്ചിട്ട് ഇപ്പോൾ പത്തുകൊല്ലത്തോളം ആയിരിക്കുന്നു. ഇതിനിടയിൽ സ ദ്വ്യവസായശീലനായ ഈയാൾ ആദായമുള്ളതായ വേറെ ഏതെങ്കിലും ഒരു തൊഴിലിൽ പ്രവേശിച്ചിരുന്നുവെങ്കിൽ, എത്ര സമ്പന്നനാകുമായിരുന്നു! അതിന്നിച്ഛിക്കാതെ സ്വ ദേശാഭിമാനം ഒന്നിനാൽ മാത്രം പ്രേരിതനായി ഈ സ്വഭാ ഷാചരിത്രത്തെ നിർമ്മിക്കാൻ ഉദ്ദേശിച്ചതു കേരളീയന്മാ രുടെ ഭാഗ്യവിശേഷം എന്നേ പറയാനുള്ളു.

''മലയാളദേശത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ഓരോ ഗ്രന്ഥകാരന്മാരെക്കുറിച്ചും മററുമുള്ള അറിവിനെ സമ്പാദിക്കുന്നതിലും, അതിനെയെല്ലാം ക്രമപ്പെത്തി എഴു തിച്ചേർത്ത് ഇങ്ങനെ ഒരു പുസ്തകമായി അച്ചടിപ്പിക്കുന്ന തിലും, ഈയാൾക്കുണ്ടായിട്ടുള്ള മഹാശ്രമം കൂടാതെ ഈ വകയ്ക്ക് എത്ര ദ്രവ്യവ്യയം ഉണ്ടായിരിക്കണമെന്നുംകൂടി എല്ലാവരും ആലോചിക്കേണ്ടതാണ്. സ്വാത്ഥനിരഭിലാ ഷനായി ഇപ്രകാരം പരോപകാരപ്രവൃത്തനായ ഈ ഗുണ വാന് മലയാളത്തിലെ ധനവാന്മാരെല്ലാവരും കഴിയുന്ന ദ്രവ്യസഹായം ചെയ്കയും, ദ്രവ്യപുഷ്ടി ഇല്ലെങ്കിലും കാല ക്ഷേപംകഴിച്ചു വല്ലതും മിച്ചം വരുത്താൻ നിർവ്വാഹമുള്ള കുടുംബങ്ങളെല്ലാം ഈ പുസ്തകത്തിൻെറ ഒരു പ്രതിയെങ്കി ലും വിലകൊടുത്തു വാങ്ങിക്കയും ചെയ്യാതിരുന്നാൽ അതു വലുതായ ഒരു കൃതഘ്നതയും മഹാ കഷ്ടവും ആണ്.

പൂർവ്വാചാര്യചരിത്രസംഗ്രഹയുതം സ്വാദിഷ്ഠ—
സത്സാഹിതീ—
സാരാഭ്യുദ്ധൃതഭൂരിസൂക്തിഭരിതം സാരസ്യസമ്പൂരിതം
പ്രത്യക്ഷീകൃതകേരളീയഭണിതിപ്രാഗത്ഭ്യമത്യത്ഭുതം
സർവ്വേ കേരളവാസിനസ്സഹൃദയാഃ ക്രീതന്ത്വിദംപുസ്തകം.

''മലയാളകുടുംബങ്ങളെല്ലാം ഈശ്വരാംശോത്ഭൂതന്മാരായ സ്വദേശപുരാണകവികളുടെ പവിത്രതരങ്ങളായ ചരിത്രങ്ങളും അവരുടെ അമൃതമധുരങ്ങളായ സാഹിത്യങ്ങളിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള സാരാംശങ്ങളും അടങ്ങിയിരിക്കുന്ന ഈ പുസ്തകത്തെ രാമായണം, ഭാരതം, ഭാഗവതം മുതലായ ഗ്രന്ഥങ്ങളെപ്പോലെ അവശ്യം സംഗ്രഹിക്കാനുള്ളതാണെന്നു പറയുന്നതിനു ഞാൻ ഒട്ടും സംശയിക്കുന്നില്ല.

''അഭിജ്ഞന്മാരും നിർമ്മത്സരന്മാരുമായ സകലജനങ്ങളും ഈ പുസ്തകത്തെ യഥോചിതമായി ആദരിക്കയും അഭിനന്ദിക്കുകയും ചെയ്യാതിരിക്കയില്ലെന്നുള്ളതിന് ഈ നാട്ടിലെ വർത്തമാനപ്പത്രങ്ങളുടെ നേതാക്കന്മാരായ പണ്ഡിതന്മാരും ഗുണദോഷവിവേചനസമർത്ഥന്മാരായ മററനേകം യോഗ്യന്മാരും ഐകകണ്ഠ്യേന ഇതിനെ നിഷ്പക്ഷപാതമായി പ്രശംസിച്ച് എഴുതീട്ടുള്ള സർട്ടിഫിക്കററുകൾതന്നെ ലക്ഷ്യമായിരിക്കുന്നു.

''രണ്ടാംപതിപ്പായ ഈ പുസ്തകത്തിൽ ആദ്യത്തേതിലേക്കാൾ അനേകം പരിഷ്കാരങ്ങളേയും കഴിയുന്ന പൗഷ്കല്യത്തേയും വരുത്തീട്ടുണ്ടെങ്കിലും, ഇദംപ്രഥമമായ ഇത്തരം ഒരു ഉദ്യമത്തിൽ സംഭവ്യങ്ങളായ ചില സ്ഖലിതങ്ങളും ന്യൂനതകളും ഇതിൽ ഉണ്ടായിക്കാണുന്നവയെ മൂന്നാംപതിപ്പിൽ പരിഹരിക്കാവുന്നതാകകൊണ്ടു് ഇതിനെ വായിക്കുന്ന വിദ്വജ്ജനങ്ങൾ സൗജന്യത്തോടെ അവയെയെല്ലാം കുറിച്ചെടുത്തു ഗ്രന്ഥകർത്താവിനയച്ചുകൊടുത്താൽ നന്നായിരിക്കും. അങ്ങനെ ചെയ്യാതെ ചില വിദ്വന്മന്യന്മാർ പുസ്തകരചയിതാവിനു സാഹായ്യംചെയ്യുന്നതിനുള്ള വൈമുഖ്യംനിമിത്തം ഈ അത്യന്തം ശ്ലാഘനീയമായ പുസ്തകത്തിൽ ദോഷപ്രഖ്യാപനംചെയ്‌വാൻ ഉദ്യോഗിക്കുന്നുണ്ടെങ്കിൽ, അതുകൊണ്ടു കേവലം അവരുടെ പുരോഭാഗിത്വം പ്രത്യക്ഷീഭവിക്കുന്നതല്ലാതെ ഇതിൻെറ മഹിമയ്ക്കു് അണുമാത്രം കുറവുവരുന്നതല്ല.''* ഇതിനെത്തുടൎന്നു പല പണ്ഡി

* നസ്രാണിദീപിക, 1065, മകരം 20 (1890 ഫെബ്രുവരി 1).

തന്മാരിൽനിന്നും തനിക്കു കിട്ടിയ നിർദ്ദേശങ്ങൾ അവയർഹിക്കുന്നവിധത്തിൽ പരിഗണിച്ചും, തനിക്കാവശ്യമെന്നു തോന്നിയ പരിഷ്കാരങ്ങൾ കൈവരുത്തിയും മലയാളഭാഷാചരിത്രത്തിന്റെ ഒരു മൂന്നാംപതിപ്പു തയ്യാറാക്കാൻ 1890-നു ശേഷം ഗോവിന്ദപ്പിള്ള യത്നം തുടങ്ങി.

അങ്ങനെ 1890-നുശേഷം മുഖ്യമായും രണ്ടു കർമ്മപദ്ധതികളാണു് ഗോവിന്ദപ്പിള്ളയ്ക്കുണ്ടായിരുന്നതു്. ഒന്നു്, മലയാളഭാഷാചരിത്രം വീണ്ടും പരിഷ്കരിച്ചു് അതിന്റെ ഒരു മൂന്നാംപതിപ്പു പ്രസിദ്ധപ്പെടുത്തുക. രണ്ടു്, വിപുലമായ തോതിൽ ഒരു ഇംഗ്ലീഷ്-മലയാളനിഘണ്ടു വിരചിക്കുക. രണ്ടു വമ്പിച്ച പ്രയത്നങ്ങൾ. ഈ ജോലിത്തിരക്കിന്നിടയിലും ഗോവിന്ദപ്പിള്ള അപ്പപ്പോൾ താൻ കണ്ടെടുത്ത ചില പ്രാചീനകൃതികൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ''മലയാളസാഹിത്യചരിത്രത്തിൽ നൂററാണ്ടുകളോളം നീണ്ടുനിന്ന മധുരമണിപ്രവാളപ്രസ്ഥാനത്തിന്റെ മൂലഭണ്ഡാഗാരമായ ചമ്പൂപ്രബന്ധങ്ങളുടെ പ്രാതിനിധ്യംവഹിപ്പാനർഹതയുള്ളതെന്നു സർവ്വസമ്മതം നേടിയ'' ഭാഷാനൈഷധം ചമ്പു 1893-ാമാണ്ടിടയ്ക്കു ഗോവിന്ദപ്പിള്ള കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പുരസ്കർത്തൃത്വത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.[1] അതുപോലെ 1895-ാമാണ്ടിടയ്ക്കു പ്രാചീനകൃതിയായ ഒരു ദക്ഷയാഗം കിളിപ്പാട്ടു് ഗോവിന്ദപ്പിള്ള കണ്ടുപിടിച്ചു പ്രസിദ്ധംചെയ്തിരുന്നു.[2] ഇങ്ങനെ പല വഴികളിൽക്കൂടിയുള്ള നിരന്തരമായ പരിശ്രമം ക്രമേണ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിനു രക്തസമ്മർദ്ദരോഗം പിടി

1. ''ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള സാർവ്വാധികാര്യക്കാർ ഭാഷാനൈഷധചമ്പു പ്രസിദ്ധപ്പെടുത്തി കാലം കുറേക്കഴിഞ്ഞു. കേരളീയഭാഷാചമ്പുക്കളിൽ ഇദംപ്രഥമമായി മുദ്രാലയപ്രകാശനം ലഭിക്കുവാൻ യോഗമുണ്ടായതു് ആ പ്രബന്ധത്തിനായിരുന്നു.'' (1934-ൽ പാട്ടത്തിൽ പത്മനാഭമേനോൻ 'പ്രാഞ്ജലി' എന്ന വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഭാഷാനൈഷധചമ്പുവിന്റെ ആമുഖത്തിൽനിന്നു്.)

2. കേ. ഭാ. സാ. ച.—ആർ. നാരായണപ്പണിക്കർ, വാല്യം 5, പുറം 633.

പെട്ടകയുണ്ടായി. ഇടയ്ക്കിടയ്ക്കു സ്വസ്ഥനായിരിക്കുകയും വീണ്ടും പ്രവൃത്തിനിരതനാവുകയും ചെയ്തുകൊണ്ടിരുന്ന ഗോവിന്ദപ്പിള്ളയ്ക്കു് ആ രോഗത്തിൽനിന്നു വിമുക്തനാവാൻ കഴിഞ്ഞില്ല. 1897 ഫെബ്രുവരി 13-ാംനു- (1072 കുംഭം 3)[1] വൈകുന്നേരം $5\frac{1}{2}$ മണിയോടുകൂടി രോഗം മൂർച്ഛാവസ്ഥയിലെത്തുകയും ഉടൻ അദ്ദേഹം ഇഹലോകവാസംവെടിയുകയുംചെയ്യുകയാണുണ്ടായതു്. അന്നും അദ്ദേഹം പതിവുപോലെ വൈകുന്നേരം 4 മണിക്കു് റോഡരുകിൽ നിന്നുകൊണ്ടു് മഹാരാജാവുതിരുമേനിയെ[2] മുഖംകാണിച്ചിരുന്നു. ജ്യോതിർവ്വിശാരദനുംകൂടിയായിരുന്ന ഗോവിന്ദപ്പിള്ള തന്റെ ചരമദിനം കണക്കാക്കിയിരുന്നുവെന്നാണു് അറിവു്. നിര്യാണംപ്രാപിക്കുന്നതിനു രണ്ടുമൂന്നു ദിവസം മുമ്പു് അദ്ദേഹം താൻ ചരമം അടയുന്നതോടെ തന്റെ കുഞ്ഞുങ്ങൾക്കു് അടുത്തൂൺ പതിച്ചുകൊടുക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു മഹാരാജാവുതിരുമനസ്സിലേക്കു് ഒരു അപേക്ഷ തയ്യാറാക്കിയിരുന്നു.

അങ്ങനെ നാലു വ്യാഴവട്ടക്കാലത്തെ സംഭവബഹുലമായ ആ ജീവിതം പര്യവസാനിച്ചു. ആ ഹ്രസ്വകാലത്തിനിടയിൽ അദ്ധ്യാപകൻ, രാജസേവകൻ, പത്രപ്രവർത്തകൻ, അഭിഭാഷകൻ തുടങ്ങിയ പല നിലകളിലും ഗോവിന്ദപ്പിള്ള പ്രവർത്തിച്ചിരുന്നു; പക്ഷേ, ആ നിലകളിലൊന്നുമല്ല, പ്രത്യുത, ആദ്യത്തെ മലയാളഭാഷാചരിത്രത്തിന്റെ നിർമ്മാതാവു് എന്ന നിലയിലാണു് ഇന്നു് അദ്ദേഹം കേരളമൊട്ടുക്കു് അറിയപ്പെടുന്നതു്. മലയാളസാഹിത്യചരിത്രത്തിൽ ഒരുകാലവും മായാത്തവിധത്തിലുള്ള തന്റെ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. കേരളഭാഷാസാഹിത്യചരിത്രത്തിൽ ആർ. നാരായണപ്പണിക്കർ

1. കേരളസാഹിത്യചരിത്രത്തിൽ ഉള്ളൂർ 1072 കുംഭം 23-ാംനു- എന്നു പ്രസ്താവിച്ചുകാണുന്നു. അതു ശരിയല്ല.

2. ശ്രീമൂലംതിരുനാൾ രാമവർമ്മ (1885—1924). വിശാഖംതിരുനാൾ ഗോവിന്ദപ്പിള്ളയ്ക്കു പ്രതിമാസം തുക്കൈച്ചെലവായി അനുവദിച്ചുകൊടുത്തിരുന്ന 40 രൂപ ഇദ്ദേഹം 70 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു.

പ്രസ്താവിക്കുന്നതുപോലെ "നമ്മുടെ ഭാഷയ്ക്കുവേണ്ടി ഗ്രന്ഥകർത്തൃസാമ്യം, പി. ഗോവിന്ദപ്പിള്ളയും ചെയ്തിട്ടുള്ളിടത്തോളം ഉപകാരം അടുത്തകാലത്ത് ആരും ചെയ്തിട്ടില്ല."[1] ക്ലേശസഹിഷ്ണുതയും സ്ഥിരപരിശ്രമവുമായിരുന്നു അദ്ദേഹത്തിൻെറ വിജയഹേതു. "പരോപകാരപ്രവണമായിരുന്നു അദ്ദേഹത്തിൻെറ മനോഗതി. സത്യം, ദയ, ദാക്ഷിണ്യം ഈ ഗുണങ്ങൾ അദ്ദേഹത്തെ സർവ്വക്കും ആദരണീയനാക്കി. അദ്ദേഹത്തിൻ്റെ അപ്രാപ്തകാലചരമത്തിൽ അന്നത്തെ കാലികപ്രസിദ്ധീകരണങ്ങൾ ജാതിചിന്തകൂടാതെ അനുശോചനം രേഖപ്പെടുത്തി. സഹൃദയലോകം ആകമാനം, തങ്ങളുടെ കുടുംബത്തിൽ ഒരാൾ നഷ്ടപ്പെട്ടപോലെ അദ്ദേഹത്തിൻെറ ദേഹവിയോഗത്തിൽ സന്തപിച്ചു".[2] 1897 ഫെബ്രുവരി 27–ാംനു-യിലെ 'മലയാളമനോരമ' ആ ചരമവാർത്ത താഴെക്കാണുംപ്രകാരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി:

"ഒരു മഹച്ചരമം
കഴിഞ്ഞുപോയ
പി. ഗോവിന്ദപിള്ള സർവ്വാധികാര്യക്കാർ

ഈ കുംഭമാസം 3–ാംനു- വൈകുന്നേരം അഞ്ചരമണിക്ക് ക്ഷിപ്രസന്നിരോഗത്താൽ പരലോകപ്രാപ്തനായ ഭാഷാചരിത്രകർത്താവ് പി. ഗോവിന്ദപ്പിള്ള ബി. ഏ. അവർകൾ 1055–ാമാണ്ടു നാടുനീങ്ങിയ ആയില്യംതിരുനാൾ തമ്പുരാൻതിരുമനസ്സിലെ സർവ്വാധികാര്യക്കാരും ഒരു സേവകനും ആയിരുന്നു. ഇദ്ദേഹത്തെക്കുറിച്ചു വിശാഖംതിരുനാൾ തിരുമനസ്സിലേക്കു സംഗതിവശാൽ അതൃപ്തി ഉണ്ടായിരുന്നതുകൊണ്ടു് അവിടത്തേക്കു തിരുമുപ്പു കിട്ടിയ ഉടനേ ഉദ്യോഗത്തിൽനിന്നു് ഒഴിച്ചു കാലംമുതൽ ഇദ്ദേഹം വിദ്യാവിഷയമായ പരിശ്രമങ്ങൾ തുടങ്ങുകയാണു ചെയ്തതു്. സ്വന്തമായി ഒരച്ചുക്കൂടം ഏർപ്പെടുത്തി അതിൽ

1. കേ. ഭാ. സാ. ച.—ആർ. നാരായണപ്പണിക്കർ, വാല്യം 5, പുറം 927.

2. 'നമ്മുടെ സാഹിത്യകാരന്മാർ'—പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ, 12–ാം ഭാഗം, പുറം 140.

നിന്നു് ആദ്യം അല്പകാലത്തേക്കു് ഒരു ഇംഗ്ലീഷ് പത്രവും, അനന്തരം അതിലധികം കാലത്തേക്കു് കേരളചന്ദ്രിക എന്ന ഒരു മലയാളപത്രവും നടത്തിക്കൊണ്ടിരുന്നു. ഇതിനിടയ്ക്കു് ഇംഗ്ലീഷിലും മലയാളത്തിലും പല പുസ്തകങ്ങളും ഉണ്ടാക്കുകയും ഉണ്ടാക്കിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തകൂട്ടത്തിൽ ഭാഷാചരിത്രം ഒന്നിനു മാത്രമേ ശരിയായ പ്രസിദ്ധിയും പ്രചാരവും ഉണ്ടായുള്ളൂ. ഇതിനെ സംബന്ധിച്ചിടത്തോളം ഗോവിന്ദപ്പിള്ള അവർകളുടെ ഓർമ്മ മലയാളഭാഷ ഉള്ള കാലത്തോളം നിലനില്ക്കുകയും ചെയ്യും. ഉദ്യോഗം ഒഴിഞ്ഞു് അധികകാലതാമസംകൂടാതെതന്നെ ഇദ്ദേഹത്തിനു് ഒരു അച്ചുക്കൂടം പതിച്ചുകിട്ടി. കേരളവിലാസം എന്ന പേരോടുകൂടി നടന്നുവന്ന ഇദ്ദേഹത്തിൻെറ വക അച്ചുക്കൂടമാണു് ഇപ്പോൾ ''ശ്രീമൂലരാജവൈജയന്തിക്കമ്പനി''വകയായി അനുജൻ കൃഷ്ണപിള്ള അവർകൾ നടത്തിവരുന്നതു്. പ്രകൃത്യാ വളരെ ബുദ്ധിശക്തിയും നല്ല ഉത്സാഹവുമുള്ള ഒരാളായിരുന്നതുകൊണ്ടു് മദ്ധ്യപ്രായം കഴിഞ്ഞതിൻെറശേഷവും ഇദ്ദേഹം തന്നത്താൻ പഠിച്ചു പരീക്ഷ ജയിച്ചു് ഒരു ഹൈക്കോർട്ടുവക്കീലായിത്തീർന്നു. ഈ പുതിയ പ്രവൃത്തിയിൽ പറയത്തക്ക പ്രസിദ്ധി ഉണ്ടായിക്കാണുന്നതിനു മുൻപിൽ നാല്പത്തെട്ടാമത്തെ വയസ്സിൽ നിനച്ചിരിയാതെ ദേഹവിയോഗംചെയ്ത ഗോവിന്ദപ്പിള്ള അവർകളെക്കുറിച്ചു വ്യസനിക്കാത്തവർ കേരളീയരിൽ അധികംപേർ ഉണ്ടായിരിക്കയില്ല.''*

---

* നെയ്യാററിങ്കര വിളപ്പിൽ മല്ലൂർവീട്ടിൽ പാർവ്വതിയമ്മയായിരുന്നു ഗോവിന്ദപ്പിള്ളയുടെ സഹധർമ്മിണി. അദ്ദേഹത്തിനു മൂന്നു പുത്രന്മാർ മാത്രമാണു് ഉണ്ടായിരുന്നതു്. അവരിലാരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ആദ്യത്തെ പുത്രൻ അല്പായുസ്സായിരുന്നു. രണ്ടാമൻ—ബാരിസ്റ്റർ ജി. പി. പിള്ള—ജഡ്ജിയായിരിക്കവേ പരഗതിപ്രാപിച്ചു. മൂന്നാമൻ തിരുവനന്തപുരത്തു പുത്തൻചന്ത റോസ്കോട്ടേജിൽ ജി. കൃഷ്ണപിള്ള വെറ്ററിനറി ഡോക്ടർ ആയിരുന്നു. ഒരു പൊതുക്കാര്യപ്രസക്തനും ജനസമ്മതനുമായിരുന്ന അദ്ദേഹം ചരമംപ്രാപിച്ചിട്ടു് അധികംകാലം കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിൻെറ പുത്രന്മാരിലൊരാളാണു് തിരുവനന്തപുരത്തു് ഇപ്പോൾ അഡ്വക്കേററായി പ്രാക്ടീസ് ചെയ്യുന്ന ശ്രീ കെ. ഹൃഷീകേശൻനായർ.

## 8. ഉപസംഹാരം

ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്രം' പ്രസിദ്ധീകൃതമായിട്ട് ഇപ്പോൾ ഒരു ശതാബ്ദമാകാറായിരിക്കുന്നു. ഗവേഷണം, മുദ്രണം മുതലായവ സംബന്ധിച്ചിടത്തോളം ഇന്നത്തെപ്പോലെയുള്ള സൗകര്യങ്ങളൊന്നും അദ്ദേഹത്തിന്റെകാലത്തു് ഉണ്ടായിരുന്നില്ലെന്നു് ആ ഗ്രന്ഥത്തിലെ ഏതു ഭാഗവും വ്യക്തമാക്കുന്നുണ്ടു്. എങ്കിലും അദ്ദേഹം അതിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ ''സാഹിത്യചരിത്രത്തിന്റെ തിമിരഭരിതങ്ങളായ അനേകം ഭാഗങ്ങളിൽ പ്രകാശവീചീനിചയം വിതറിയിരിക്കുന്നതായി സഹൃദയന്മാർക്കു് അനുഭവപ്പെട്ടുകൊണ്ടിരിക്കുകതന്നെചെയ്യും.'' ഗോവിന്ദപ്പിള്ള ചരമംപ്രാപിക്കുന്നതിനു് ഒരു സംവത്സരംമുമ്പു്, അതായതു് 1896-ൽ മലയാളഭാഷാചരിത്രത്തിന്റെ 2-ാംപതിപ്പു്, 1-ാംവാല്യത്തിന്റെ ഒരു പുതിയ പതിപ്പ് (3-ാംപതിപ്പ്) അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ഒരാളായ എം. സി. നാരായണപിള്ള* പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആ പതിപ്പ് നാരായണപിള്ള പരിശോധിച്ചതും പരിഷ്കരിച്ചതുമായിരുന്നു. അതു് അദ്ദേഹം അച്ചടിപ്പിച്ചതു് തിരുവനന്തപുരത്തുള്ള 'ശ്രീമൂലരാജ

---

* ഇദ്ദേഹം പ്രസിദ്ധകഥകളിനടനായ ബ്രഹ്മസ്വം കുഞ്ഞൻപിള്ളയുടെ പുത്രനാണു്. മലയാളഭാഷാചരിത്രത്തിൽ ഇദ്ദേഹത്തെപ്പറ്റി ഗോവിന്ദപ്പിള്ള ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: ''എം. സി. നാരായണപിള്ള ബി. ഏ., മുദ്രാരാക്ഷസം സംസ്കൃതനാടകം മലയാളത്തിൽ ഗദ്യമായി തർജ്ജമചെയ്തിട്ടുണ്ടു്. കഴിഞ്ഞവഷത്തിൽ എഫ്. ഏ. പരീക്ഷയ്ക്കു് ഈ പുസ്തകം നിശ്ചയിച്ചിരുന്നു. 'കേരളീസുഗുണബോധിനി' എന്ന മലയാളപത്രവും കുറേനാൾ നടത്തീട്ടുണ്ടു്. സ്വാതിതിരുനാൾ മഹാരാജാവിനെക്കുറിച്ചു് ഒരു പ്രസംഗവും ഉണ്ടാക്കീട്ടുണ്ടു്.'' (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 536.) 'ഉപന്യാസമാല' എന്ന ഗദ്യഗ്രന്ഥമാണു് ഇദ്ദേഹത്തിന്റെ മുഖ്യകൃതി. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയെ കുറേക്കാലം ഇദ്ദേഹം സംസ്കൃതം പഠിപ്പിച്ചിരുന്നു.

വൈജയന്തിക്കമ്പനി'വക പ്രസ്സിലായിരുന്നു. ഗോവിന്ദപ്പിള്ള അന്തരിച്ച് രണ്ടു സംവത്സരം കഴിഞ്ഞപ്പോൾ മലയാളഭാഷാചരിത്രത്തിന്റെ 4-ാംപതിപ്പ് പരവൂർ കേരളഭൂഷണം പ്രസ്സിൽനിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ പിന്നീട് ആ ഗ്രന്ഥത്തിന്റെ പല പതിപ്പുകളും പുറത്തുവന്നിട്ടുണ്ട്; 1956-ലും, 1960-ലും ഓരോ പുതിയ പതിപ്പ് കോട്ടയം സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇപ്പോൾ നിലവിലിരിക്കുന്നത് അവർ 1960-ൽ പ്രസിദ്ധീകരിച്ചതും, ശ്രീ ഏ. ഡി. ഹരിശർമ്മ എഡിററുചെയ്തതുമായ പതിപ്പാണ്. കെട്ടിലും മട്ടിലും അതു മുൻപതിപ്പുകളെ അതിശയിക്കുന്നുണ്ട്.

ഭാഷാചരിത്രരചനയിൽ തനിക്കു നേരിട്ട 'പ്രത്യൂഹവ്യൂഹ'ങ്ങളെയും പ്രോത്സാഹക്കുറവിനെയും കഷ്ടപ്പാടുകളെയും* ഗ്രന്ഥം സൂക്ഷിക്കുന്ന കാര്യത്തിൽ അന്നത്തെ ജനങ്ങൾക്കുണ്ടായിരുന്ന മനോഭാവത്തെയുംപററി ഗോവിന്ദപ്പിള്ള തന്റെ ഗ്രന്ഥത്തിന്റെ അവതാരികയിലും, ഗ്രന്ഥ

* കേരളീയസംസ്കൃതസാഹിത്യചരിത്രം എഴുതുന്നതിൽ തനിക്കു നേരിട്ട ക്ലേശങ്ങളെപ്പററി ശ്രീ വടക്കുംകൂർ രാജരാജവർമ്മ പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: "അപൂർണ്ണങ്ങളും അപപാഠപ്രചുരങ്ങളും ജീർണ്ണങ്ങളും അലബ്ധമാതൃകാന്തരങ്ങളുമായ പല ഗ്രന്ഥങ്ങളുമായി എനിക്കു കൈകാര്യംചെയ്യേണ്ടിവന്നിട്ടുണ്ട്". തന്നിമിത്തം ചില സന്ദർഭങ്ങളിൽ അപപാഠം കൈക്കൊള്ളുന്നതിനും, നിരൂപണം അപൂർണ്ണവും ശിഥിലവും ആകുന്നതിനും ഇടയായിട്ടുണ്ടെന്നു സമ്മതിക്കണം. പഴകിദ്രവിച്ച് പൊടിപടലം പടൻപിടിച്ച് ദുർഗ്രഹങ്ങളായിരിക്കുന്ന താളിയോലഗ്രന്ഥങ്ങളോട് ഇടപെടുമ്പോൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് 'ശത്രോരപി മാസ്തു' (ഒരു ശത്രുവിനുകൂടി സംഭവിക്കരുതേ) എന്നു പ്രാർത്ഥിക്കേണ്ടതരത്തിലുള്ള ഒന്നാണ്." ഗവേഷണസൗകര്യങ്ങൾ വേണ്ടുവോളമുള്ള ഇക്കാലത്തുപോലും വടക്കുംകൂറിനെപ്പോലെയുള്ള ഒരു പണ്ഡിതനു് സംസ്കൃതസാഹിത്യചരിത്രനിർമ്മാണത്തിനു് ഇത്രയും വൈഷമ്യം നേരിട്ടെങ്കിൽ, ഗ്രന്ഥങ്ങളെപ്പററിയോ ഗ്രന്ഥകാരന്മാരെപ്പററിയോ യാതൊരു വിവരവുമില്ലാതിരുന്ന ഒരു കാലത്തു് ഗോവിന്ദപ്പിള്ള ആദ്യമായി ഒരു മലയാളഭാഷാചരിത്രം വിരചിപ്പാൻ എന്തുമാത്രം ക്ലേശിച്ചിരുന്നിരിക്കണമെന്നു നമുക്കു് ഊഹിക്കാമല്ലോ.

ശരീരത്തിൽത്തന്നെ പല ഭാഗത്തും കുറഞ്ഞൊന്നു വിസ്തരിച്ചുകാണുന്നുണ്ടു്: ''ഒന്നും നമ്മുടെ ആളുകൾ അന്നു് എഴുതിയിടുന്ന പതിവില്ലായിരുന്നതിനാൽ അവ ഇപ്പോൾ ആ കാലത്തു നടപ്പുണ്ടായിരുന്ന സ്വരൂപത്തിൽ കാണാൻ പ്രയാസമാണെ''ന്നും, ''മഹാന്മാരായ കേരളീയപണ്ഡിതന്മാർ സ്വഭാഷാപുഷ്ടിക്കായി ചെയ്തിട്ടുള്ള ശ്ലാഘ്യങ്ങളായ ശ്രമങ്ങളുടെ സ്വാദുഫലങ്ങളായ അനേകം ഗ്രന്ഥങ്ങൾ ഇപ്പോൾ ഉള്ളവരുടെ അനാദരമോ ഉദാസീനതയോനിമിത്തം ലുപ്തപ്രായങ്ങളായിരിക്കുന്നു''[1] എന്നും അദ്ദേഹം പറയുന്നു. പലവുരു അപേക്ഷിച്ചിട്ടും ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരുന്നവരിൽ ചിലർ അവ ഒന്നു പകർത്താൻ കൊടുക്കുകയോ, മററു ചിലർ വെളിയിൽ കാണിക്കുകയോ ചെയ്യുകയുണ്ടായിട്ടില്ല. 'കാണജന്മമര്യാദ' എന്നതിനെപ്പററി ഗോവിന്ദപ്പിള്ള ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: ''മലയാളത്തിലെ വസ്തു—അനുഭവക്രമം അറിയുന്നതിനും അതിനെപ്പററിയുള്ള തക്കങ്ങൾ തീർക്കുന്നതിനും അതിൻെറ നടപടിക്രമം അടങ്ങിയതായി ഗദ്യത്തിൽ കാണജന്മമര്യാദ എന്നൊരോ അദ്ധ്യായം കോഴിക്കോട്ടു മുതലായ കേരളോല്പത്തികളിൽ ഉണ്ടെന്നു് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ ഭാഗം ഏകദേശം കൊല്ലം ആറാമതോ ഏഴാമതോ ശതവഷത്തിൽ ഒരു പദ്യഗ്രന്ഥമായിത്തീൎന്നു. ഈ ഗ്രന്ഥം ഇപ്പോൾ അല്പം അപൂർവ്വമാണു്. കൊച്ചീസംസ്ഥാനത്തു് ഒരു പുരാതനഗൃഹത്തിൽ ഉള്ളതായി അറിയുന്നു. പ്രാണൻ പോയാലും വെളിയിൽ എടുക്കുന്നതല്ല.''[2] ''വാല്മീകിരാമായണം കിളിപ്പാട്ടു്[3] ചിററൂർ എഴുവത്തു കിട്ടപ്പമേനവൻെറ കൈവശം ഉള്ളതായി അറിഞ്ഞു് അതിൽ അല്പം പകർത്തിക്കിട്ടണമെന്നു് അപേക്ഷിച്ചതിനു മറുപടിപോലും കിട്ടാത്തതിനാൽ കവിതയുടെ മാതിരി കാണിക്കാൻ

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 312.

2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 169.

3. വാല്മീകിരാമായണം കിളിപ്പാട്ടായി തജ്ജമചെയ്തതു് കോട്ടയം കേരളവമ്മ (1645—1696) ആകുന്നു. അതിനാൽ, അതിനു് കേരളവമ്മരാമായണം എന്നും പേരുണ്ടു്.

ഇവിടെ ചേക്കുന്നതിന്നിടയില്ലാതെ തീന്നിരിക്കുന്നതുകൊണ്ടു വ്യസനിക്കുന്നു''[1] എന്നാണു ഗോവിന്ദപ്പിള്ള മററൊരിടത്തു പ്രസ്താവിച്ചുകാണുന്നതു്. ''അക്ഷരാനഭിജ്ഞത്വവുമജ്ഞത്വവും മൂഢത്വവും''മൂലം ഗ്രന്ഥങ്ങൾ വെളിയിലെടുക്കാതെ, ആരേയും കാണിക്കാതെ, യാതൊരുവിധത്തിലും ഉപയോഗിക്കാതെ, കൈവശംവച്ചുകൊണ്ടിരിക്കുന്നവരെ സംബന്ധിച്ചു് ഗോവിന്ദപ്പിള്ള ഇങ്ങനെ പറയുന്നു: ''അവ കൈവശംവച്ചിരിക്കുന്നവർ അച്ചടിപ്പിച്ചു പരസ്യമാക്കാതെ വച്ചുകൊണ്ടിരിക്കുന്നതു കേവലം മൗഢ്യം എന്നല്ലാതെ മറെറാന്നും പറവാനില്ല. കാലക്രമത്തിൽ വെള്ളുറുമ്പിനോ അല്ലെങ്കിൽ അഗ്നിക്കോ ഇരയായിത്തീരാൻ കൊള്ളാം.''[2]

ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽനിന്നു് ആയില്യംതിരുനാൾ മഹാരാജാവിന്നു് കേരളവമ്മ വലിയകോയിത്തമ്പുരാനോടും വിശാഖംതിരുനാളിനോടും മറ്റും തോന്നിയിരുന്ന വിദ്വേഷത്തെയോ, വിശാഖംതിരുനാളിന്നു തൻെറപേരിലുണ്ടായിരുന്ന നീരസത്തെയോ തൻെറ ഉദ്യോഗജീവിതത്തിന്നു ഭരതവാക്യംചൊല്ലാനിടയാക്കിയ പരിതസ്ഥിതികളെയോകുറിച്ചു വിശദമായി ഒന്നും ഗ്രഹിക്കാൻ സാദ്ധ്യമല്ല. കേരളവമ്മ വലിയകോയിത്തമ്പുരാനെ 1875 ആഗസ്റ്റ് 4-ാംനു-യാണു് ആയില്യംതിരുനാൾ മഹാരാജാവു ബന്ധനസ്ഥനാക്കി ആലപ്പുഴക്കൊട്ടാരത്തിൽ പാപ്പിച്ചതു്. ഗോവിന്ദപ്പിള്ള അന്നും കൊട്ടാരമുദ്യോഗസ്ഥൻതന്നെയായിരുന്നെങ്കിലും, രാജകുടുംബകാര്യങ്ങൾ അവയുടെ വിശദാംശങ്ങൾസഹിതം അദ്ദേഹത്തിന്നു സുജ്ഞാതമായിരുന്നെങ്കിലും, ''ആനന്ദമയനായി കഴിഞ്ഞിരുന്ന കേരളവമ്മയെ ആതങ്കമയനാക്കി''ത്തീത്ത ആ സംഭവം സാന്ദർഭികമായിപ്പോലും അദ്ദേഹം തൻെറ ഭാഷാചരിത്രത്തിൽ പ്രതിപാദിച്ചുകാണുന്നില്ല. കേരളവമ്മയെപ്പറ്റി വിവരിക്കുന്ന ഭാഗത്തു പ്രസ്തുതസംഭവം സംബന്ധിച്ചു ഗോവിന്ദപ്പിള്ള ഇത്രമാത്രമേ സൂചിപ്പിച്ചുകാണുന്നുള്ളു: ''തൻെറ

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 288.
2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 352.

ഗുരുനാഥനായ മാതുലൻ ഏതാനും ഉണ്ടാക്കി ഇട്ടിരുന്ന സോമവാരമാഹാത്മ്യം പൂരിപ്പിക്കാൻ 1050–ാമാണ്ടു് ഒടുവിലാണു് ആരംഭിച്ചതു്. യമുനയിൽ തോണി മുങ്ങി ചന്ദ്രാംഗദൻ പാതാളത്തിൽ എത്തിയതിന്റെശേഷം സീമന്തിനി 'വിധവത വഹിച്ചു' എന്ന കഥകൊണ്ടു ഖണ്ഡകം അവസാനിപ്പിച്ചിരുന്നു. അതിന്റെ ശേഷം അവിടുത്തേക്കു തന്റെ പ്രേയസിയായ മഹാരാജ്ഞിയുമായി വിയോഗത്തിനിടയാകയും, മഹാരാജ്ഞി ഏകദേശം അഞ്ചുവർഷത്തോളം 'വിധവത വഹിക്ക'യും ചെയ്തു. 1055–ാമാണ്ടിന്റെ മദ്ധ്യത്തിൽ തന്റെ കുടുംബവാസമായ അനന്തപുരത്തു കൊട്ടാരത്തിൽ താമസിക്കുന്നസമയം, യദൃച്ഛയാ മുൻപിൽ എഴുതിവച്ചിരുന്ന കടലാസു കണ്ടു് അതിൽ 'വിധവത വഹിച്ചു' എന്നു് അവസാനിപ്പിച്ചിരുന്ന വിവരം തന്റെ മാതാവിനോടും ജ്യേഷ്ഠനോടും പ്രസംഗിച്ചപ്പോഴം പുനർവിവാഹംവരെയും ഉള്ള വൃത്താന്തത്തെ പൂരിപ്പിച്ചു് ഉടനേ കഥ മുഴുവനാക്കണമെന്നു് അവർ നിയോഗിച്ചതിന്മണ്ണം ചെയ്തു. അല്പദിവസം കഴിയുന്നതിനു മുമ്പേ അവിടുത്തേക്കു യഥാപൂർവ്വം മഹാരാജ്ഞിയുടെ സന്നിധിയിൽ വന്നുചേരുന്നതിനിടയായി.''[1] ഇതിൽ 'ഗുരുനാഥനായ മാതുലൻ' എന്നു പറഞ്ഞിരിക്കുന്നതു ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാനെ[2] (1824—59) ഉദ്ദേശിച്ചാണു്; 'സോമവാരമാഹാത്മ്യം' എന്നതു 'സോമവാരവ്രതം ആട്ടക്കഥ'യാണു്. 'ജ്യേഷ്ഠൻ' എന്നു പറഞ്ഞുകാണുന്നതു് അനന്തപുരത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാനെ[3] (1837—1913) ഉദ്ദേശിച്ചാണു്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കൃതികളുടെ കൂട്ടത്തിൽ 'പ്രണാമശതകം' എന്നൊന്നു ഗോവിന്ദപ്പിള്ള ചേർത്തുകാണുന്നുണ്ടു്.[4] ഇതു് 'യമപ്രണാമശതകം' ആയിരിക്കണം. പൂർവ്വപദമായ 'യമ'ശബ്ദം വിട്ടുകളഞ്ഞുവെന്നുതന്നെയല്ല 'പ്രണാമശതക'

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 464.
2. ഇദ്ദേഹത്തെപ്പററി മുമ്പു പ്രതിപാദിച്ചിട്ടുണ്ടു്.
3. ഇദ്ദേഹത്തെപ്പററി മുമ്പു പ്രതിപാദിച്ചിട്ടുണ്ടു്.
4. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 466.

ത്തെപ്പററി അദ്ദേഹം യാതൊന്നും പറഞ്ഞുകാണുന്നുമില്ല. രാജകുടുംബസംബന്ധമായ ഗൃഹച്ഛിദ്രങ്ങളുടെ പശ്ചാത്തലവും അനന്തരസംഭവങ്ങളും മററും രാജവാഴ്ച നിലനിന്നിരുന്ന അക്കാലത്തു തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നതു യുക്തമായിരിക്കുകയില്ലെന്നു ഗോവിന്ദപ്പിള്ള കരുതിയിരുന്നിരിക്കണമെന്നു തോന്നുന്നു. പില്ക്കാലത്തെ ചരിത്രകാരന്മാർ വിശേഷിച്ചും ഉള്ളൂർ പരമേശ്വരയ്യർ പ്രസ്തുത കാര്യങ്ങളെപ്പററി വിശദമായി പ്രതിപാദിച്ചിട്ടുണ്ടു് എന്ന സംഗതിയും ഇവിടെ പ്രസ്താവയോഗ്യമാണു്.

''ഭാഷാചരിത്രം പ്രസിദ്ധീകരിക്കുന്നതിനു മുമ്പുതന്നെ സക്കാരുദ്യോഗത്തിൽനിന്നു വിരമിക്കേണ്ടതായി വന്നു എങ്കിലും ഗോവിന്ദപ്പിള്ളയുടെ സാഹിത്യപ്രവത്തനങ്ങൾക്കു ഹസ്താവലംബം നല്കാൻ കേരളവമ്മ വലിയകോയിത്തമ്പുരാൻ സദാ ജാഗരൂകനായിരുന്നതുകൊണ്ടു വിശാഖംതിരുനാൾ മഹാരാജാവിന്റെ ആനുകൂല്യം ഗോവിന്ദപ്പിള്ളയ്ക്കു് ഏറക്കുറെ സമ്പാദിക്കാൻ സൗകര്യം കിട്ടി.'' [1] എന്നു മഹാകവി ഉള്ളൂർ പരമേശ്വരയ്യർ പ്രസ്താവിക്കുന്നു. 'ഏറക്കുറെ' എന്ന പദം മഹാകവി അത്ഥവത്തായിട്ടാണു പ്രയോഗിച്ചിരിക്കുന്നതെന്നു തോന്നുന്നു. "മുൻകാലങ്ങളിൽ കരമൊഴിവുവസ്തുക്കളും കങ്കണങ്ങളും വീരശൃംഖലകളും പണക്കിഴികളും കൊടുത്തു മഹാരാജാക്കന്മാരും മഹാപ്രഭുക്കന്മാരും വിദ്വാന്മാരെ പ്രോത്സാഹിപ്പിക്ക പതിവായിരുന്നതു് ഈയിടെ കേട്ടുകേൾവിപോലും ഇല്ലാതെ തീന്നിരിക്കുന്നു''[2] എന്നും, രാമപുരത്തുവാരിയരെ കാത്തികതിരുനാൾ മഹാരാജാവു് (1758–98) കുചേലനൊപ്പം സന്തുഷ്ടനും സംതൃപ്തനുമാക്കിത്തീത്ത സംഗതി വിവരിച്ചപ്പോൾ[3] ''ഈ വിധമാണു പണ്ടുള്ള മഹാരാജാക്കന്മാർ ഗ്ര

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 177.

2. മലയാളഭാഷാചരിത്രം (പരിഷ്കരിച്ച പതിപ്പു്). 1889–ൽ പ്രസിദ്ധീകൃതമായപ്പോൾ, ഗോവിന്ദപ്പിള്ള അതിന്റെ 1–ാംവാല്യത്തിൽ ചേത്തിരുന്ന അവതാരികയിൽനിന്നു്.

3. രാമപുരത്തു വാരിയർ 'കുചേലവൃത്തം' വഞ്ചിപ്പാട്ടിന്റെ കത്താവാണു്. ആ ഒരൊററ ഖണ്ഡകാവ്യംകൊണ്ടു് മലയാളത്തിൽ

നഥകർത്താക്കന്മാരെ സമ്മാനിച്ചിരിക്കുന്നതു്. ഇപ്രകാരം പണം ചെലവാക്കുന്നതിനു വലുതായ പൂർവ്വപുണ്യം ഉണ്ടെങ്കിലല്ലാതെ മനസ്സുവരുന്നതുമല്ല. വാര്യരുടെ സന്തതികൾ ഇന്നും മഹാരാജാവിൻെറ ഔദാര്യത്താൽ കൊടുക്കപ്പെട്ട അന്നം വളരെ നന്ദിയോടുകൂടെ അനുഭവിച്ചുവരുന്നു.''* എന്നും മററും ഗോവിന്ദപ്പിള്ള തൻെറ ഭാഷാചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിനു താൻ പ്രതീക്ഷിച്ചിടത്തോളം സഹായം വിശാഖംതിരുനാളിൻെറ പക്കൽനിന്നും കിട്ടിയതായി വിചാരിക്കാൻ നിവൃത്തിയില്ല. 'മലയാളഭാഷാചരിത്രം' (1–ാം ഭാഗം) വിമർശിച്ചുകൊണ്ടു് അന്നു 'കേരളനന്ദിനി' എഴുതിയിരുന്നതിലൊരു ഭാഗം ഇതിന്നു് ഉപോദ്ബലകമായിരിക്കുന്നു. അതായതു്, ''മലയാളത്തിൽ പുതുതായി പുസ്തകങ്ങളെ രചിക്കുന്ന

ചിരപ്രതിഷ്ഠനേടിയ കവിയാണു് വാരിയർ. ഇദ്ദേഹം ആ പാട്ടു രചിച്ചതു് കാർത്തികതിരുനാൾ മഹാരാജാവിൻെറ കല്പനയനുസരിച്ചാണു് എന്നത്രേ ഗോവിന്ദപ്പിള്ള പ്രസ്താവിച്ചിരിക്കുന്നതു് (മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 392). 'പദ്യസാഹിത്യചരിത്ര'ത്തിൽ ശ്രീ ടി. എം. ചുമ്മാർ ഈ പ്രസ്താവനയെ ഇങ്ങനെ നിഷേധിക്കുന്നു: ''തിരുവിതാംകൂറിൽ കൊല്ലം 933–ൽ നാടു നീങ്ങിയ മാർത്താണ്ഡവർമ്മയുടെ കാലത്താണു് പ്രസ്തുത കൃതി നിർമ്മിച്ചതെന്നു് അതിലെ ആദ്യഭാഗത്തുള്ള ചില പ്രസ്താവങ്ങൾകൊണ്ടു് തെളിയുന്നുണ്ടു്. അദ്ദേഹത്തിൻെറ കല്പനയാണു് കാവ്യനിർമ്മാണത്തിനു പ്രേരണനല്കിയതെന്നുകൂടി കവി സൂചിപ്പിക്കാതിരിക്കുന്നില്ല. തിരുവിതാംകൂർരാജ്യസ്ഥാപകനായ ഈ മാർത്താണ്ഡവർമ്മയാണു് എട്ടുവീടരുടെ വംശവിച്ഛേദം വരുത്തിയതും ശത്രുരാജാക്കന്മാരെ നശിപ്പിച്ചതും എന്നുള്ള കഥ ചരിത്രപ്രസിദ്ധമാണു്. ആ വസ്തുതയാണു്, 'സ്വാമിദ്രോഹികടെ വംശവിച്ഛേദം വരുത്തിയതും സ്വാമിത്രമന്നവന്മാരെ ദ്രവിപ്പിച്ചതും' എന്ന പ്രസ്താവത്തിൽ കവി സൂചിപ്പിക്കുന്നതു്. 'കാർത്തവീര്യൻ കഴിച്ചോണം ഭദ്രദീപപ്രതിഷ്ഠയും' എന്ന ഭാഗം കൊണ്ടു് 919 മിഥുനത്തിൽ നടന്ന ആദ്യത്തെ ഭദ്രദീപത്തേയും സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ 925–ൽ മഹാരാജാവു് രാജ്യം ശ്രീപത്മനാഭനു് അടിയറവെച്ചതും, ഒന്നാമത്തെ മുറജപം ആരംഭിച്ചതും വളരെ പ്രാധാന്യമുള്ള കാര്യങ്ങളാണെങ്കിലും ഇതിൽ സൂചിപ്പിച്ചുകാണാത്തതുകൊണ്ടു് 925–നു മുമ്പും 919–നു ശേഷവുമായിരിക്കണം കാവ്യനിർമ്മിതി എന്നു വേണം വിചാരിക്കുവാൻ.'' (പുറം 124, 125.)

* മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 393.

വക്ക് കേരളീയരാജാക്കന്മാരും പ്രഭുക്കന്മാരും യാതൊരു സഹായവും ചെയ്തുകൊടുക്കുന്നില്ലെന്നു വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു''[1]

'മലയാളഭാഷാചരിത്ര'ത്തിലൂടെ ഗോവിന്ദപ്പിള്ള പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ പലതും ഉപരിഗവേഷണംകൊണ്ടു സംസിദ്ധമായ തെളിവുകൾ മൂലം ഇന്നു ഖണ്ഡനം ചെയ്യപ്പെട്ടിട്ടുണ്ട്. 'ശിവപുരാണം' എഴുത്തച്ഛന്റെ കൃതിയാണെന്നും,[2] 'ചന്ദ്രികാമഹോത്സവം' മേല്പത്തൂർ ഭട്ടതിരിയുടെ കൃതിയാണെന്നും[3] മററുമുള്ള അഭിപ്രായങ്ങൾ അക്കൂട്ടത്തിൽപ്പെടുന്നു. എങ്കിലും വിവാദവിഷയകമായ പല സംഗതികളിലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് ഇന്നു പണ്ഡിതന്മാർ പൊതുവേ യോജിക്കുകയാണു ചെയ്യുന്നതു്. എന്തെന്നാൽ അവയിലധികവും പരമ്പരാഗതമായ അറിവിനെ അധിഷ്ഠാനമാക്കി പുറപ്പെടുവിച്ചിട്ടുള്ളവയാണ്. ''വളരെ പഴമപരിചയമുള്ള ആളുകളുടേയും അനേകവിദ്വാന്മാരുടേയും സഹായത്തോടുകൂടി''യാണു താൻ 'മലയാളഭാഷാചരിത്രം' നിർമ്മിച്ചിരിക്കുന്നതെന്നാണല്ലോ ഗോവിന്ദപ്പിള്ള ആ ഗ്രന്ഥത്തിന്റെ

---

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 557.

2. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 232. ശിവപുരാണം കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്ന് ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്.

3. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 273. 'ചന്ദ്രികാമഹോത്സവം' ഇപ്പോൾ 'ചന്ദ്രോത്സവം' എന്ന പേരിലാണ് അറിയപ്പെടുന്നതു്. ഈ ശൃംഗാരകാവ്യം പരമഭാഗവതനും സംസ്കൃതപണ്ഡിതനുമായ മേല്പത്തൂർ ഭട്ടതിരിയുടെ (1560—1646) കൃതിയല്ല, പ്രത്യുത ''പരസ്ത്രീകളുടെ പരമോത്സവം കാണവാൻ കൗതുകപ്പെട്ട'' സരസനും പണ്ഡിതനുമായ ഒരു നമ്പൂരി വിരചിച്ചതാണെന്നാത്രേ ഇന്നു കരുതിപ്പോരുന്നതു്. ശ്രീ ഇളംകുളം കുഞ്ഞൻപിള്ള 1961-ൽ വ്യാഖ്യാനത്തോടുകൂടി എഡിററുചെയ്തിട്ടുള്ള 'ചന്ദ്രോത്സവ'ത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: ''പയ്യൂർ പട്ടേരിമാരിൽ ആരെങ്കിലും ആകാം ചന്ദ്രോത്സവകർത്താവെന്ന ഊഹത്തിനു തെളിവില്ലെങ്കിലും മേല്പത്തൂരെന്നും എഴുത്തച്ഛനെന്നും മഹിഷമംഗലമെന്നും ചേലപ്പറമ്പെന്നും മററുമുള്ള ഊഹങ്ങൾപോലെ കാലംകൊണ്ടു യോജിക്കാതില്ല.''

1–ാംപതിപ്പിന്റെ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു് രേഖാമൂലമുള്ള ശരിയായ തെളിവുകൾ കൂടാതെ കേവലം അഭ്യൂഹങ്ങളെ ആസ്പദമാക്കി ഗോവിന്ദപ്പിള്ളയുടെ അഭിപ്രായങ്ങൾ ഇളക്കുന്നതു സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. വിശ്വാസയോഗ്യമല്ലെന്നു തനിക്കു തോന്നീട്ടുള്ള പല സംഗതികളും അദ്ദേഹം തിരസ്കരിച്ചിട്ടുണ്ടു്. കുഞ്ചൻനമ്പിയാരുടെ കൃതികളുടെ കാലത്തെപ്പററി ചർച്ച് ചെയ്യുമ്പോൾ അദ്ദേഹം ഇങ്ങനെ പറയുന്നു: ''ഇന്നിന്ന വർഷങ്ങളിൽ ഉണ്ടാക്കി എന്നു ക്ലിപ്തപ്പെടുത്തി രേഖകൾ കിട്ടീട്ടുണ്ടെങ്കിലും അവയെ വിശ്വസിച്ചു് ഇവിടെ ചേർക്കുന്നില്ല.''[1] ഗവേഷകന്മാരുടെയും പരിശ്രമശാലികളുടെയും തലപ്പന്തിയിൽ വിരാജിക്കുന്ന ഉള്ളൂർ പരമേശ്വരയ്യർക്കുപോലും ഗോവിന്ദപ്പിള്ളയ്ക്കു് അന്നു ലബ്ധമായിരുന്ന ഗ്രന്ഥങ്ങളിൽ പലതും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ''....(അരിപ്പാട്ടു കൊച്ചുപിള്ള) വാരിയരുടെ കൃതിയായി ഉർവ്വശീസ്വയംവരംകഥകളി മാത്രമേ കിട്ടീട്ടുള്ളു. ഇംഗ്ലീഷ് സുബ്ബരായരുടെ നിർദ്ദേശമനുസരിച്ചു് ഈസോപ്പിന്റെ ചില സാരോപദേശകഥകൾ അദ്ദേഹം ഭാഷാഗദ്യത്തിൽ തർജ്ജമചെയ്തിട്ടുള്ളതായി പി. ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതു പരമാർത്ഥമാണു്. ആ തർജ്ജമ മുപ്പതുകൊല്ലത്തിനു മുമ്പു ഞാനും കണ്ടിട്ടുണ്ടു്. ചെറിയ വാചകങ്ങളിൽ ഏററവും ലളിതമായ ശൈലിയിലാണു് ആ വിവർത്തനം എന്നു മാത്രമേ ഇപ്പോൾ ഓർമ്മയുള്ളു. ഇന്നു് ആ കൈയെഴുത്തു പുസ്തകം എവിടെയാണെന്നു് അറിയുന്നില്ല.''[2] എന്നു് ഒരിടത്തും, ''കടത്തനാട്ടുരാജവംശത്തിൽ കൊല്ലം 9–ാംശതകത്തിന്റെ ഒടുവിൽ ജീവിച്ചിരുന്ന ഒരു തമ്പുരാൻ ശതമുഖരാമായണം എന്നൊരാട്ടക്കഥ രചിച്ചിട്ടുള്ളതായി ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ നിന്നറിയുന്നു.... നിപുണമായ ഗവേഷണംചെയ്തിട്ടും ഗ്രന്ഥം കണ്ടുകിട്ടിയിട്ടില്ലാത്തതിനാൽ അതിനെപ്പററി അഭിപ്രായമൊന്നും പറയുവാൻ സാധിക്കുന്നതല്ലെങ്കി

1. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പ്, 1956, പുറം 341.
2. കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 29.

ലും....''[1] എന്നു മറ്റൊരിടത്തും അദ്ദേഹം പ്രസ്താവിക്കുന്നു. പുന്നശ്ശേരി ശ്രീധരൻനമ്പിയുടെ (18-ാംശതകം) ഭാഗവതം ഏകാദശം കിളിപ്പാട്ടു താൻ കണ്ടിട്ടില്ലാത്തതുകൊണ്ടു് ഗോവിന്ദപ്പിള്ള ഉദ്ധരിച്ചിട്ടുള്ള ഭാഗം പകർത്താനേ നിവ്വാഹമുള്ളു എന്നു മഹാകവി അന്യത്ര[2] പ്രസ്താവിച്ചുകാണുന്നു. ശ്രീധരൻനമ്പിയുടെ കൃതികളെപ്പററി വിവരിക്കുമ്പോൾ അദ്ദേഹം പറയുന്നതു് ഇങ്ങനെയാണു്: ''ശ്രീധരൻനമ്പിയുടെ പ്രധാനകൃതികൾ ഉപരി നിദ്ദിഷ്ടങ്ങളായ വിക്രമാദിത്യചരിതവും, നീലകണ്ഠസന്ദേശവുംതന്നെ. അവ കൂടാതെ ഭാഗവതം ഏകാദശസ്കന്ധം കിളിപ്പാട്ടായി രചിച്ചിട്ടുണ്ടെന്നുമറിയാം. വേറെയും പരിദേവനശതകം, ഭാഗവതസംഗ്രഹം, മൗഢ്യഗണിതം, അഷ്ടകാവലി എന്നിങ്ങനെ ചില ഗ്രന്ഥങ്ങൾകൂടി അദ്ദേഹം നിമ്മിച്ചിട്ടുണ്ടെന്നു ഗോവിന്ദപ്പിള്ള സവ്വാധികാര്യക്കാർ നീലകണ്ഠശമ്മാവു്[3] നല്കിയ വിവരങ്ങളെ ആസ്പദമാക്കി രേഖപ്പെടുത്തിയിട്ടുണ്ടു്. അവയൊന്നും ഇപ്പോൾ കിട്ടുന്നില്ല.''[4] അതുപോലെ 'പയ്യന്നൂർപാട്ടി'[5]നെപ്പററി വിവരിക്കുമ്പോൾ ആർ. നാരായണപ്പണിക്കർ ഇങ്ങനെ പറയുന്നു: ''....ആ കാവ്യത്തിന്റെ കഥാസാരം ഭാഷാചരിത്രകത്താവു കൊടുത്തിട്ടുള്ളതു നോക്കിയാൽ, അതിനു വളരെ പഴക്കമുണ്ടെന്നു കാണാം. അതിനെ കണ്ടുപിടിക്കുന്നതിനു ഭാഷാഭിമാനികൾ എല്ലാവരും ശ്രമിക്കേണ്ടതാണു്. അന്നത്തെ ഭാഷാരീതി അറിയുന്നതിനു് ആ ഗ്രന്ഥം വളരെ ഉപകരിക്കാതി

1. കേ. സാ. ച.—ഉള്ളൂർ, വാല്യം 3, പുറം 289.

2. കേ. സാ. ച.—ഉള്ളൂർ, വാല്യം 3, പുറം 495.

3. നീലകണ്ഠശമ്മാവു് ശ്രീധരൻനമ്പിയുടെ പ്രപൗത്രനാണു്. ഗോവിന്ദപ്പിള്ള ഇദ്ദേഹവുമായി സമ്പക്ത്തിലേപ്പെട്ടിരുന്നു.

4. കേ. സാ. ച.—ഉള്ളൂർ, വാല്യം 3, പുറം 493.

5. ''ഈ പാട്ടിന്റെ കാലം ക്രി. പി. പതിമൂന്നോ പതിന്നാലോ ശതകമായിരിക്കാമെന്നു തോന്നുന്നു ...പുരാതനകാലത്തെ കേരളീയവാണിജ്യത്തെപ്പററി പല പുതിയ അറിവുകളും നമുക്കു തരുവാൻ പര്യാപ്തമായ പ്രസ്തുത ഗ്രന്ഥം നഷ്ടപ്രായമായിത്തീന്നിരിക്കുന്നതു് ഏററവും ശോചനീയമാകുന്നു.'' —കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 344.

രിക്കയില്ല.''[1] ''കേരളഭാഷാസാഹിത്യചരിത്ര''ത്തിൽ ഗിരിജാകല്യാണ[2]ത്തിൻെറ രചനാകാലത്തെപ്പററി ചർച്ച ചെയ്യുമ്പോൾ നാരായണപ്പണിക്കർ പറയുന്നതു് ഇപ്രകാരമാണു്: ''ഇങ്ങനെ മി. പി. കെ. നാരായണപിള്ള[3] (1878—1938) ഭാഷാചരിത്രകാരനോടു പരിപൂർണ്ണമായി യോജിക്കുന്നു. മി. ഗോവിന്ദപ്പിള്ളയുടെ അന്വേഷണബുദ്ധി പ്രശംസാർഹമായിരുന്നു എന്നു് ഭാഷാചരിത്രത്തിലെ ഏതു ഭാഗവും വ്യക്തമാക്കുന്നു. ഗ്രന്ഥങ്ങളിലൊന്നും ഗ്രന്ഥപ്പുരകളിൽനിന്നു വെളിക്കു വന്നിട്ടില്ലായിരുന്ന അക്കാലത്തു് ഈവിധം ഒരു ഗ്രന്ഥനിർമ്മാണംചെയ്തതു നോക്കുമ്പോൾ അദ്ദേഹത്തിനെ എത്രമാത്രം പുകഴ്ത്തിയാൽ മതിയാവും?[4] എന്നാൽ ഇന്നത്തെ പണ്ഡിതന്മാരിൽ പലക്കും അദ്ദേഹത്തിനോടു വേണ്ടിടത്തോളം കൃതജ്ഞതയുണ്ടോ എന്നു സംശയമാണു്. മി. ഗോവിന്ദപ്പിള്ള ഉണ്ണായിവാര്യരെക്കുറിച്ചു് ഏകദേശം പൂർണ്ണമായ ഒരു വിവര

---

1. കേ. ഭാ. സാ. ച.—ആർ. നാരായണപ്പണിക്കർ, ഭാഗം 1, പുറം 190.

2. ''എതിരില്ലാത്ത ശബ്ദാഡംബരംകൊണ്ടു സമുല്ലസിക്കുന്ന ഒരു കൃതിയാണു് ഗിരിജാകല്യാണം. ഇതിൻെറ കർത്താവു് ഉണ്ണായിവാരിയർ എന്നാണു് കരുതിവരുന്നതു്.'' —മലയാളകാവ്യരത്നാകരം; ശൂരനാട്ടു കുഞ്ഞൻപിള്ള, പുറം 99.

3. ബി. ഏ. പാസ്സായതിനുശേഷം തിരുവനന്തപുരം കോളേജിൽ 8 വഷം ഭാഷാദ്ധ്യാപകനായിരുന്ന പി. കെ. നാരായണപിള്ള ബി. എൽ. പാസ്സായിട്ടു് 1909-ൽ ഹൈക്കോടതിവക്കീലായി പ്രാക്ടീസ് ആരംഭിച്ചു; അനന്തരം ഹൈക്കോടതിജഡ്ജിയായി നിയമിക്കപ്പെട്ടു. കൃഷ്ണഗാഥാനിരൂപണം, പ്രയോഗദീപിക, പ്രസംഗതരംഗിണി മുതലായവയാണു് ഇദ്ദേഹത്തിന്റെ കൃതികൾ. 'സാഹിത്യപഞ്ചാനനൻ' എന്ന പേർ കരസ്ഥമാക്കിയ ഇദ്ദേഹം പ്രശസ്തനായ വൈയാകരണനും വിമർശകനും വാഗ്മിയുമായിരുന്നു. ഇദ്ദേഹത്തിൻെറ പുത്രനാണു് പ്രസിദ്ധനാടകകൃത്തായ ശ്രീ ടി. എൻ. ഗോപിനാഥൻനായർ.

4. ''രാമചരിതം, കണ്ണശ്ശകൃതികൾ, ഉണ്ണുനീലിസന്ദേശം, ലീലാതിലകം മുതലായ പ്രശസ്തഗ്രന്ഥങ്ങൾപോലും അച്ചടിച്ചുകഴിഞ്ഞിരുന്നില്ലെന്നുകൂടി ഈ അവസരത്തിൽ ഓർത്തിരിക്കേണ്ടതുണ്ടു്. എന്നിട്ടും അവയിൽ പലതിനെപ്പററിയും ഗോവിന്ദപ്പിള്ള വിശദമായി വിമർശിച്ചിരിക്കുന്നു.'' —മ. ഭാ. ച.; എൻ. ബി. എസ്. പതിപ്പു്, 1960, പുറം 11.

ണം ഭാഷാപരിത്രം രണ്ടാംഭാഗത്തിൽ ചേർത്തിട്ടുണ്ട്. മി. പരമേശ്വരയ്യർ ഗിരിജാകല്യാണത്തിന്റെ അവതാരിക യിൽ പ്രസ്താവിച്ചിട്ടുള്ള മിക്ക സംഗതികളും അദ്ദേഹം പറഞ്ഞിട്ടുള്ളതുതന്നെയാണ്.* ഗവേഷണവിഷയത്തിൽ ഗോവിന്ദപ്പിള്ളയുടെ കാലത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും തമ്മിൽ എത്രയോ വ്യത്യാസമുണ്ട്? ഇന്നാ ണെങ്കിൽ ദ്രാവിഡസാഹിത്യങ്ങളെ നിഷ്കർഷിച്ച് പരി ശോധിക്കുന്ന കാര്യത്തിൽ അഭൂതപൂർവ്വമായ അഭിവൃദ്ധി യാണ് ഉണ്ടായിട്ടുള്ളത്. നിരൂപണപ്രധാനമായ പഠന ങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പഴയ പാട്ടുകൾ, കിളിപ്പാട്ടുകൾ, ചമ്പൂക്കൾ, തുള്ളക്കഥകൾ, ആട്ടക്കഥകൾ മുതലായവ ഓരോന്നും വെവ്വേറായും കൂട്ടാ യും അച്ചടിച്ചിട്ടുണ്ട്. പൊതുവേ പറഞ്ഞാൽ ഭാഷാചരി ത്രനിർമ്മാണം ഇന്നു ലഘുതരമായിട്ടുണ്ട്. എന്നിട്ടുപോലും സന്ദേഹാതീതമാംവിധം വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരൊററ ഭാഷാചരിത്രം നമുക്ക് ഇന്നും ലഭ്യമല്ല. പല കൃതികളുടെയും കർത്താക്കന്മാരേയും അവരുടെ കാലത്തേ യും സംബന്ധിച്ചിടത്തോളം സംശയം ഇപ്പോഴും നിലവി ലുണ്ട്.

''മഹീപതേ! ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാ-
മർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്'' എന്ന ശ്ലോകം

ഇരയിമ്മൻതമ്പി (1783—1856) സ്വാതിതിരുനാളിന്ന് അടിയറവച്ചതാണ്. തമ്പിയുടെ ഭവനം പുത്തനായി പ ണികഴിപ്പിക്കുന്നതിനു വേണ്ട തുക അദ്ദേഹത്തിന്റെ ഈ ഒറ്റ ശ്ലോകത്തിനുള്ള പ്രതിഫലമായി മഹാരാജാവു സംഭാവന ചെയ്തു ഇത്ര പ്രസിദ്ധപ്പെട്ട ശ്ലോകംപോലും ഇന്നു ചിലർ രാമപുരത്തു വാരിയരുടേതാണെന്നു പറയുന്നുണ്ട്. ഇരയി മ്മൻതമ്പി ചരമംപ്രാപിച്ചിട്ട് ഒരു ശതാബ്ദം കഴിഞ്ഞി ട്ടേയുള്ളു. അദ്ദേഹത്തിന്റെ ഭവനം (കിഴക്കേമഠം) ഇന്നും

* കേ. ഭാ. സാ. ച.—നാരായണപ്പണിക്കർ, 2–ാംഭാഗം, പുറം 210.

ഇവിടെ നിലനിന്നുപോരുന്നുണ്ടു്. അദ്ദേഹത്തിന്റെ ഉടയക്കാരിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. എന്നിട്ടും കവിസാർവ്വഭൗമനായ തമ്പിയുടെ കൃതികൾപോലും സമഗ്രരൂപത്തിൽ നമുക്കു ലഭ്യമല്ല. ''....ഇവയിൽ വാസിഷ്ഠവും രാസക്രീഡയും ഞാൻ കണ്ടിട്ടില്ല; ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ അവയുടെ നാമനിർദ്ദേശം കാണുന്നു. അച്ഛൻ കോയിത്തമ്പുരാൻ[1] വാസിഷ്ഠത്തിൽ പ്രത്യേകം പ്രതിപത്തിയുള്ള ഒരു പണ്ഡിതനായിരുന്നതിനാൽ അദ്ദേഹത്തിന്റെ നിയോഗമനുസരിച്ചു തമ്പി ആ വിഷയത്തെ ആസ്പദമാക്കി ഒരു കിളിപ്പാട്ടു രചിച്ചിരിക്കുവാൻ ഇടയുണ്ടു്'' എന്നാണു് ഉള്ളൂർ പരമേശ്വരയ്യർ കേരളസാഹിത്യചരിത്രത്തിൽ പ്രസ്താവിച്ചുകാണുന്നതു്.[2] ഉത്തരകേരളത്തിൽ വടകര ദേശത്തു് ചെറുശ്ശേരി ഇല്ലത്തെ ഒരു നമ്പൂരിയാണു് കൃഷ്ണഗാഥാ[3]കർത്താവെന്നു് ഗോവിന്ദപ്പിള്ള പ്രസ്താവിച്ചു.[4] കുറേക്കാലം കഴിഞ്ഞപ്പോൾ കവനോദയപ്രവർത്തകർ ചെറുശ്ശേരി എന്നൊരു നമ്പൂരിബ്ഭവനം ഉത്തരകേരളത്തിലൊരിടത്തുമില്ലെന്നും, കൃഷ്ണഗാഥാകർത്താവു് പുനംനമ്പൂതിരി[5]

1. ഇരയിമ്മൻതമ്പിയുടെ പിതാവായ ഇദ്ദേഹം 'ശാസ്ത്രിത്തമ്പാൻ' എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്.

2. കെ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 68.

3. 15-ാംശതകത്തിലുണ്ടായ മനോജ്ഞമായ ഒരു ഗാനകാവ്യം. കൃഷ്ണഗാഥയിലെ കഥ ഭാഗവതകഥതന്നെയാണു്. സരസരീതിയിൽ ഭഗവൽഭക്തിയെ ഉപദേശിക്കുന്നതിനാണു് കവി ഇതു നിർമ്മിച്ചിട്ടുള്ളതു്. ''കേരളഭാഷാവനിതയ്ക്കുള്ള ആഭരണങ്ങളിൽ പഴക്കവും തിളക്കവും കൂടുന്ന കൂട്ടത്തിൽ അഗ്രഗണ്യമായ ഒന്നാകുന്നു'' ഈ കൃതി. (പി. കെ. നാരായണപിള്ള.)

4. മ. ഭാ. ച.—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 188.

5. കോഴിക്കോട്ടെ മാനവിക്രമൻ സാമൂതിരിപ്പാടിന്റെ (1466—1471) സദസ്യരായ പതിനെട്ടരക്കവികളിൽ ഒരാൾ. അദ്ദേഹം മലയാളത്തിൽ മാത്രം കവനംചെയ്തിരുന്നതുകൊണ്ടു് അരക്കവിപ്പട്ടത്തിനേ അവകാശി ആയിരുന്നുള്ളു. എങ്കിലും അദ്ദേഹത്തിന്റെ 'പുളകോദ്ഗമകാരിയായ വചഃപ്രസര'ത്തെ മുഴുക്കവികളുംകൂടി മുക്തകണ്ഠം പ്രശംസിച്ചു. രാമായണം ചമ്പുവാണു് അദ്ദേഹത്തിന്റെ മുഖ്യകൃതി. ഇതിനു് ഈയിട പ്രശസ്തമായ ഒരു വ്യാഖ്യാനം വിദ്യാഭൂഷണൻ വി. വി. ശർമ്മ വിരചിച്ചിട്ടുണ്ടു്.

യാണെന്നും അഭിപ്രായപ്പെട്ടു. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ആ വാദത്തെ സയുക്തികം ഖണ്ഡിക്കുകയും, കൃഷ്ണഗാഥാകർത്താവ് ചെറുശ്ശേരിയാണെന്നു സ്ഥാപിക്കയും ചെയ്തു. ആ വാദം അവിടെയും നിന്നില്ല. കൃഷ്ണഗാഥാകർത്താവ് ചെറുശ്ശേരിയുമല്ല, പുനവുമല്ല, പൂന്താനമാണ്[1] എന്നുവരെ ചില പണ്ഡിതന്മാർ വാദിച്ചു. പിില്ക്കാലത്തു് ചിറയ്ക്കൽ ശ്രീ ടി. ബാലകൃഷ്ണൻനായരുടെ ഗവേഷണങ്ങളുടെ ഫലമായി ചെറുശ്ശേരി എന്ന ഭവനം ഉത്തരകേരളത്തിൽ അന്നുണ്ടായിരുന്നില്ലെന്നുള്ള വാദത്തിനു് ഉടവുതട്ടി. കൃഷ്ണഗാഥ പുനംനമ്പൂതിരിയുടെ കാലത്തിനു മുമ്പുതന്നെ വിരചിക്കപ്പെട്ടിട്ടുള്ളതായി വിചാരിക്കാമെന്നാണു് ഇപ്പോൾ 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നതു്.[2] ഏതായാലും കൃഷ്ണഗാഥാകർത്താവിനെപ്പറ്റിയുള്ള സംശയം ഗോവിന്ദപ്പിള്ളയുടെ കാലത്തെന്നപോലെ ഇന്നും പരിശേഷിക്കുന്നു. അതുപോലെതന്നെ പ്രാചീനചമ്പുക്കളുടെ കർത്താക്കന്മാരെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ പ്രസ്തുത ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: ''രാമായണം, ഭാരതം, കൊടിയവിരഹം, പാരിജാതഹരണം, ചെല്ലൂർനാഥോദയം മുതലായ ഒട്ടേറെ ചമ്പുക്കളുടെ കർത്താവു് 'അരക്കവി'യായ പുനംനമ്പൂതിരിയാകുന്നു എന്ന അഭിപ്രായം പണ്ഡിതന്മാർ പൊതുവേ സ്വീകരിച്ചിരിക്കുന്നു. അതിനു് അടിസ്ഥാനമായിപ്പറയുന്ന ലക്ഷ്യങ്ങൾ ദുർബ്ബലങ്ങളാണു്. 'അതിൽ നൈഷധം ചമ്പു മഴമംഗലം[3]ത്തിന്റെതന്നെ എന്നു

---

1. ഗുരുവായൂരപ്പന്റെ പരമഭക്തനായിരുന്ന പൂന്താനംനമ്പൂരിയുടെ (1547—1640) മുഖ്യകൃതികൾ ശ്രീകൃഷ്ണകർണ്ണാമൃതം, ജ്ഞാനപ്പാന, സന്താനഗോപാലം എന്നിവയാണു്. ഭാഷാകവിയായ പൂന്താനത്തെയും സംസ്കൃതകവിയായ മേല്പ്പത്തൂരിനെയും സംബന്ധിച്ചുള്ളതാണു് 'ഭക്തിയും വിഭക്തിയും' എന്ന കഥ. (മലയാളഭാഷാചരിത്രം—എൻ. ബി. എസ്. പതിപ്പു്, 1956, പുറം 261, 262 നോക്കുക.)

2. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 345.

3. മഴമംഗലം നമ്പൂതിരി (1494—1575) ഭാഷാനൈഷധചമ്പുവിന്റെ കർത്താവു്. ''പുനത്തിനു ശേഷം ചമ്പൂകൃതികൾ എഴുതിയിട്ടുള്ള മലയാളകവികളിൽ എല്ലാംകൊണ്ടും ഒന്നാമത്തെ സ്ഥാനം വഹി

തീർച്ചപ്പെട്ടു. ശേഷം ചമ്പൂക്കളുടെ കർത്താവ് ഇന്നാരെല്ലാമെന്നു ഖണ്ഡിക്കപ്പെട്ടിട്ടില്ല' എന്നു് പി. ഗോവിന്ദപ്പിള്ള പണ്ടു പറഞ്ഞു. അതുതന്നെയാണു് ഇന്നത്തേയും സ്ഥിതി.''* ചുരുക്കിപ്പറഞ്ഞാൽ ഗോവിന്ദപ്പിള്ളയുടെ പല അഭിപ്രായങ്ങളും ശരിയോ തെറ്റോ എന്നു തീർത്തുപറയാൻ, ഗവേഷണസൗകര്യങ്ങൾ അഭൂതപൂർവ്വം വർദ്ധിച്ചിട്ടുള്ള ഇന്നും സാദ്ധ്യമല്ലാതാണിരിക്കുന്നതു്. ആ സ്ഥിതിക്ക യാതൊരു പ്രകാരത്തിലുമുള്ള സൗകര്യവും ഇല്ലാതിരുന്ന ഒരു കാലത്തു് കേവലം സ്വഭാഷാസ്നേഹത്താൽ പ്രേരിതനായി, അന്ധകമ്പാശൂന്യമായ ഒരന്തരീക്ഷത്തിൽ നിപുണമാംവിധം ഗവേഷണം നടത്തി ഗോവിന്ദപ്പിള്ള ഒരു മലയാളഭാഷാചരിത്രം നമുക്ക വിരചിച്ചുതന്നതിനു് അദ്ദേഹത്തോടു നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു പറക സുശകമല്ല. അതിനെപ്പറ്റി കേരളഭാഷാസാഹിത്യചരിത്രത്തിൽ ആർ. നാരായണപ്പണിക്കർ പ്രസ്താവിച്ചിരിക്കുന്നതു് ഇപ്രകാരമാണു്:

> ''ഭാഷാചരിത്രത്തെ ഇന്നു പലരും ദൂഷിക്കുന്നുണ്ടു്. ചിലർ അതിനെ അബദ്ധപ്പഞ്ചാംഗം എന്നുപോലും പറഞ്ഞിട്ടുള്ളതായി എനിക്കറിയാം. ഇതിൽപരം പാതകം മറെറാന്നില്ല. മുദ്രാലയങ്ങളോ മാസികകളോ വിരളങ്ങളായിരുന്ന കാലത്തു്, വടക്കൻകവി

---

ക്കുന്നേതു മഴമംഗലം നമ്പൂതിരിയാണു്. അദ്ദേഹത്തിൻെറ നൈഷധം ചമ്പു നളചരിതത്തെ ആസ്പദമാക്കിയുള്ള അതിരുചിരമായ ഒരു കൃതിയാണു്.'' (മലയാളകാവ്യരത്നാകരം—സമാഹാരകർത്താ: ശൂരനാട്ടു് കുഞ്ഞൻപിള്ള, പുറം 30.)

* സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—പുറം 502. ''....ഇവയിൽ മിക്കവയുടേയും നിർമ്മാതൃത്വം ഇനിയും നിർണ്ണയിച്ചുകഴിഞ്ഞിട്ടില്ല. ചമ്പുക്കളിൽ അധികമെണ്ണവും പുനത്തിൻേറതായിരിക്കാം എന്നൊരഭിപ്രായം ഭാഷാചരിത്രത്തിൻെറ ഉത്ഭവകാലത്തു് അതിൻെറ കർത്താവായ ഗോവിന്ദപ്പിള്ള പുറപ്പെടുവിച്ചിരുന്നു. അതേ അഭിപ്രായംതന്നെയാണു് ഇന്നും പലരും സ്വീകരിച്ചുപോരുന്നതു്.''
—പദ്യസാഹിത്യചരിത്രം; ടി. എം. ചുമ്മാർ, പുറം 47, 48.

കളെ തെക്കക്കും തെക്കൻകവികളെ വടക്കക്കും കേട്ടറിവുപോലുമില്ലായിരുന്നു. അക്കാലത്തു്—പുസ്തകങ്ങളിൽ ഏററിയക്കുറും നാണംകുണുങ്ങികളെപ്പോലെ ഗ്രന്ഥപ്പുരകളുടെ കവാടങ്ങാംക്കുള്ളിൽ ഒളിച്ചിരുന്ന ആ കാലത്തു്—ഇങ്ങനെ ഒരു പുസ്തകം രചിക്കാമെന്നു് ആക്ക ധൈര്യമുണ്ടാകും? അദ്ദേഹം എഴുതിവെച്ചിട്ടുള്ളതെല്ലാം അബദ്ധപ്പഞ്ചാംഗമെന്നുതന്നെ വെച്ചുകൊള്ളുക. എന്നാൽത്തന്നെയും പില്ക്കാലത്തുള്ളവക്ക ചരിത്രചിത്രണം ചെയ്യാനുള്ള ചുവരു് അദ്ദേഹമല്ലേ നിമ്മിച്ചുതന്നിരിക്കുന്നതു്? അഹോ! ഇങ്ങനെയുണ്ടോ കാത്തഘ്ന്യം! എല്ലാവിധസൗകര്യങ്ങളും ഉണ്ടായിരിക്കുന്ന ഈ കാലഘട്ടത്തിൽപ്പോലും ഇത്രമാത്രം ചെയ്യാനേ എനിക്കു സാധിച്ചിട്ടുള്ളല്ലോ എന്നു വിചാരിക്കുമ്പോാം ഞാൻ ലജ്ജിതനായിത്തീന്നു പോകുന്നു.''*

ഗോവിന്ദപ്പിള്ള ഇങ്ങനെയൊരു ഗ്രന്ഥം അക്കാലത്തു രചിച്ചിരുന്നില്ലെങ്കിൽ പ്രധാനപ്പെട്ട എന്തെല്ലാം സംഗതികാം, പ്രമുഖന്മാരായ ഏതെല്ലാം ഗ്രന്ഥകാരന്മാർ, പ്രശസ്തങ്ങളായ എത്രയെത്ര ഗ്രന്ഥങ്ങാം ഇന്നു വിസ്മൃതകോടിയിൽ തള്ളപ്പെട്ടുപോകുമായിരുന്നു? കേരളസാഹിത്യചരിത്രത്തിൽ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ ഗോവിന്ദപ്പിള്ളയെപ്പററി അനുസ്മരിക്കുന്നതു താഴെ കാണും പ്രകാരമാണു്:

"....അത്തരത്തിലൊരു പുസ്തകം അതിനുമുമ്പു് ആരും എഴുതിയിരുന്നില്ല. അത്രമാത്രം ക്ലേശസാദ്ധ്യമായ സദ്വ്യവസായംകൊണ്ടു മലയാളഭാഷയെ ധന്യമാക്കിയ ഗോവിന്ദപ്പിള്ളയെ ആക്കും ഒരിക്കലും മറക്കാവുന്നതല്ല. അദ്ദേഹം പണിത അസ്ഥിവാരത്തിന്മേലാണു് അനന്തരകാലികന്മാർ അവരുടെ സാഹിത്യ

* കേ. ഭാ. സാ. ച.—ആർ. നാരായണപ്പണിക്കർ, 5-ാം ഭാഗം, പുറം 926.

ചരിത്രകുടീരങ്ങളം പണിയിച്ചിട്ടുള്ളതു്. അദ്ദേഹം അക്കാലത്തു് അങ്ങനെയൊരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നില്ലെങ്കിൽ അവരെല്ലാം പല ഘട്ടങ്ങളിലും യാതൊരെത്തും പിടിയും കിട്ടാതെ നട്ടംതിരിയുമായിരുന്നു.''*

*

* കേ. സാ. ച.—ഉള്ളൂർ, വാല്യം 4, പുറം 177.

# പരിശോധിച്ച ഗ്രന്ഥങ്ങൾ


അക്ബർ—കേരളവർമ്മ വലിയകോയിത്തമ്പുരാൻ
(എൻ. ബി. എസ്. പതിപ്പ്, 1965)

അക്ബർ നവീകൃതം—ഡോക്ടർ പി. കെ. നാരായണപിള്ള
(1968)

ഉള്ളൂർ മഹാകവി—വടക്കുംകൂർ രാജരാജവർമ്മ

കുഞ്ചന്റെ ശേഷം—മാടശ്ശേരി മാധവവാര്യർ

കേരളകൗമുദി—കോവുണ്ണി നെടുങ്ങാടി

കേരളചരിത്രം—ഏ. ശ്രീധരമേനോൻ

കേരളപാണിനി—പി. അനന്തൻപിള്ള, എം. ഏ.

കേരളപാണിനീയം—ഏ. ആർ. രാജരാജവർമ്മ
(എൻ. ബി. എസ്. പതിപ്പ്, 1968)

കേരളഭാഷയുടെ വികാസപരിണാമങ്ങൾ—
ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

കേരളഭാഷാവിജ്ഞാനീയം—ഡോക്ടർ കെ. ഗോദവർമ്മ

കേരളഭാഷാസാഹിത്യചരിത്രം—
ആർ. നാരായണപ്പണിക്കർ, ബി. ഏ. എൽ. റ്റി.

കേരളസാഹിത്യചരിത്രം—ഉള്ളൂർ എസ്. പരമേശ്വരയ്യർ

കേരളീയസംസ്കൃതസാഹിത്യചരിത്രം—വടക്കുംകൂർ
രാജരാജവർമ്മ

കൈരളിയുടെ കഥ—എൻ. കൃഷ്ണപിള്ള, എം. ഏ.

ജീവചരിത്രസാഹിത്യം—ഡോക്ടർ കെ. എം. ജോർജ്ജ്

ദിവാൻ നാണുപിള്ള—കെ. ആർ. ഇലങ്കത്തു്, ബി. ഏ.

ദിവാൻപേഷ്കാർ പി. ശങ്കുണ്ണിമേനോൻ—ആർ. കളത്തുഅയ്യർ

നമ്മുടെ സാഹിത്യകാരന്മാർ—പള്ളിപ്പാട്ട കുഞ്ഞുകൃഷ്ണൻ

പദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ

പുരാണകഥാനിഘണ്ടു—ആർ. വാസുദേവൻകർത്താ

പ്രദക്ഷിണം—ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ

ഭാഷാഗദ്യസാഹിത്യചരിത്രം—ടി. എം. ചുമ്മാർ

ഭാഷാസാഹിത്യചരിതം—ആറ്റൂർ കൃഷ്ണപ്പിഷാരടി

മലയാളസാഹിത്യചരിത്രം—പി. കെ. പരമേശ്വരൻനായർ
മലയാളസാഹിത്യചരിത്രസംഗ്രഹം—പി. ശങ്കരൻനമ്പ്യാർ,
ബി. ഏ. ഓണേഴ്സ്
മൂന്നു മഹാരാജാക്കന്മാർ—ടി. കെ. വേലുപ്പിള്ള,
ബി. ഏ. ബി. എൽ.
വളരുന്ന കൈരളി—ഡോക്ടർ കെ. എം. ജോർജ്ജ്
സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ—
എഡിററർ: ഡോക്ടർ കെ. എം. ജോർജ്ജ്
സ്വാതിതിരുനാൾ—ഉള്ളൂർ പി. വേലുപ്പിള്ള,
ബി. ഏ. ബി. എൽ.

# സൂചിക


അകവൂർ ചാത്തൻ 136
അക്ബർ 91—94
അച്യുതമേനോൻ, ചേലനാട്ട് 132
അച്യുതമേനോൻ, സി. പി. 52, 139
അണ്ണാജിരായർ 42
അനന്തൻപിള്ള, ആർ. (ഡോക്ടർ) 72
അനന്തൻപിള്ള, പി. 70
അനന്തഭട്ടൻ 144
അന്നപൂർണ്ണാലയം 10
അഭിജ്ഞാനശാകുന്തളം 37
അമൃതവല്ലി 10
അമ്പത്തിനാലുദിവസത്തെ ആട്ടക്കഥകൾ 19
അയ്യപ്പിള്ള ആശാൻ 134
അരക്കവി 174, 175
അരിപ്പാട്ടുവാരിയർ—'കൊച്ചുപിള്ളവാരിയർ' നോക്കുക
അർത്ഥാലങ്കാരം 97, 108
അശ്വതിതിരുനാൾ 20, 114, 125, 136
അഷ്ടകാവലി 171
അഷ്ടവൈദ്യന്മാർ 49
അഴകത്തു കുറുപ്പ്—'പത്മനാഭക്കുറുപ്പ്' നോക്കുക
അറബിക്കഥകൾ 39, 74
ആട്ടക്കഥ 19, 22, 50, 67, 120, 121, 123, 173
ആത്മകഥാസംക്ഷേപം 30, 32
ആൻഡ്രൂ, വി. എസ്. 93
ആയില്യംതിരുനാൾ 25—30, 33, 34, 36, 38, 39, 41, 43, 44, 47, 48, 50, 52, 56, 57, 58, 61—63, 67, 73, 74, 76, 77, 79, 80, 83—88, 98, 99, 101, 103, 104, 105, 147, 148, 149, 160, 165.
ആലപ്പുഴത്തുറമുഖം 98
ആല്ഫ്രഡ് 88, 90, 91
ആശാൻ—'കുമാരനാശാൻ' നോക്കുക
ഇംഗ്ലീഷ്ഭാഷ 14, 15, 17, 22, 24, 27, 139, 144
ഇംഗ്ലീഷ്—മലയാള നിഘണ്ടു 153, 158
ഇംഗ്ലീഷ് സുബ്ബാരായർ—'സുബ്ബാരായർ' നോക്കുക.
ഇട്ടിരാരിശ്ശമേനോൻ 19
ഇന്ദുലേഖ 93
ഇരയിമ്മൻതമ്പി 19, 21, 110, 173, 174
ഇലങ്കത്ത്, കെ. ആർ. 87
ഇലത്തൂർ ശാസ്ത്രികൾ—'രാമസ്വാമിശാസ്ത്രികൾ' നോക്കുക.
ഇ. വി. പിള്ള, വിദ്വാൻ (ശ്രീവരാഹം) 57, 58, 106, 108
ഈശ്വരപിള്ള വിചാരിപ്പുകാർ 18, 66
ഈസോപ്പിൻെറ സാരോപദേശകഥകൾ 37, 170
ഈസ്റ്റിൻഡ്യാ കമ്പനി 98
ഉണ്ണായിവാരിയർ 135, 136, 172
ഉണ്ണിക്കൃഷ്ണവാരിയർ, ചുനക്കര 144
ഉണ്ണുനീലിസന്ദേശം 172

ഉത്തരരാമചരിതം 48, 52, 54, 108
ഉത്തരാസ്വയംവരം ആട്ടക്കഥ 22
ഉത്രംതിരുനാൾ 16, 19, 20, 22, 25, 26, 29, 30, 34, 40, 50, 66
ഉത്സവപ്രബന്ധം 19
ഉദയവർമ്മതമ്പുരാൻ, കടത്തനാട്ട് 66, 143, 144
ഉദ്ദണ്ഡകേസരി 109
ഉപന്യാസമാല 162
ഉമാകേരളം 11
ഉമ്മിണിത്തമ്പി 21
ഉർവ്വശീസ്വയംവരം ആട്ടക്കഥ 17, 170
ഉള്ളൂർ—'പരമേശ്വരയ്യർ' നോക്കുക
ഉള്ളൂർ മഹാകവി (ഗ്രന്ഥം) 12, 127
ഊരുകണക്കന്മാർ 28
ഋഷീകേശൻനായർ, കെ. 161
എട്ടുവീട്ടിൽപ്പിള്ളമാർ (എട്ടുവീടർ) 67, 168
എബ്രായിക്കുട്ടിനാടകം 72
എസ്. കെ. നായർ, ഡോക്ടർ 71
എഴുത്തച്ഛൻ — 'തുഞ്ചത്തെഴുത്തച്ഛൻ' നോക്കുക
എഴുത്തച്ഛനും കാലവും (ഗ്രന്ഥം) 132
ഏബ്രഹാം കൗലി 33
ഐതിഹ്യങ്ങൾ 134—137
''ഓമനത്തിങ്കൾക്കിടാവോ'' 21
ഔദ്യോഗികഭാഷ 27
കണ്ടെഴുത്ത് 88
കണ്ണശ്ശകൃതികൾ 172
കണ്ണശ്ശപ്പണിക്കർ 134
കഥകളി 18, 22, 35, 67, 69
കനകലതാസ്വയംവരം 14
കംസവധം ആട്ടക്കഥ 124, 125
കരിങ്ങമ്പള്ളിനമ്പൂരി 126
കരീന്ദ്രൻ 124
കരുണേശൻ 134
കർണ്ണഭൂഷണം 11
കലഹിനീദമനകം 72
കലിവർഷം 119
കല്യാണസൗഗന്ധികം അമ്മാനപ്പാട്ട് 146
കല്യാണസൗഗന്ധികം ആട്ടക്കഥ 20
കല്ലൻധ്വര 16, 26, 27, 80, 85
കവനോദയം 66, 144, 174
കാണജന്മമര്യാദ 164
കാദംബരീകഥാസാരം 96
കാമതിലകം ഭാണം 47
കാമാക്ഷീചരിതം 94
കാരയ്ക്കലമ്മ 136
കാർത്തികതിരുനാൾ (ധർമ്മരാജാ) 19, 20, 63, 114, 135, 136, 167, 168
കാലദീപം 29
കാല്ഡ്വെൽ 127, 128
കാളിദാസൻ 37, 90, 91
കാഴ്ചബംഗ്ലാവ്, തിരുവനന്തപുരം 24
കിർമ്മീരവധം 145
കിളിക്കോട്ടു പണിക്കന്മാർ 68
കിളിപ്പാട്ട് 121, 173
കിളിമാനൂർ കോയിത്തമ്പുരാൻ— 'വിദ്വാൻ കോയിത്തമ്പുരാൻ' നോക്കുക
കീചകവധം ആട്ടക്കഥ 22
കീർത്തിവിലാസം ചമ്പു 34
കുചേലവൃത്തം വഞ്ചിപ്പാട്ട് 167
കുഞ്ചൻനമ്പ്യാർ 10, 19, 110, 114, 121, 122, 123, 135, 136, 141, 169, 170
കുഞ്ഞുണ്ണിനമ്പൂരിപ്പാട്, കൂടല്ലൂർ 43, 52

കുഞ്ഞൻപിള്ള, ഇളംകുളം 144, 169
കുഞ്ഞൻപിള്ള, ശൂരനാട്ട് 176
കുഞ്ഞിരാമൻ നായനാർ, വേങ്ങയിൽ 67
കുഞ്ഞിരാമമേനോൻ, സി. (ചെങ്ങളത്ത്) 67, 139
കുഞ്ഞുകൃഷ്ണൻ, പള്ളിപ്പാട്ട് 103, 106, 160
കുഞ്ഞുണ്ണിനമ്പീശൻ, ചെറുളിയിൽ 38
കുട്ടിക്കുഞ്ഞുതങ്കച്ചി 22
കുമാരനാശാൻ 110
കുമ്മമ്പള്ളി ആശാൻ—'രാമൻപിള്ള' നോക്കുക.
കുലശേഖര ആഴ്‌വാർ 135
കുവലയാനന്ദം 96
കുളത്തു അയ്യർ, ആർ. 81, 82
കുറുപ്പില്ലാക്കളരി 93
കൂടല്ലൂർമന 52
കൃഷ്ണകാന്തന്റെ പത്രിക 132
കൃഷ്ണഗാഥ 174, 175
കൃഷ്ണഗാഥാനിരൂപണം 172
കൃഷ്ണഗീതി, കൃഷ്ണനാട്ടം 123
കൃഷ്ണനാശാൻ, കരുവാ 38, 106
കൃഷ്ണപിള്ള, എരിച്ചിവിളാകം 61
കൃഷ്ണപ്പിഷാരടി, ആറ്റൂർ 38, 131
കേദാരമാഹാത്മ്യം, കേദാരവ്രതം 123, 124
കേരളകാളിദാസൻ 110
കേരളകൗമുദി (ഗ്രന്ഥം) 43, 44, 46, 128, 130
കേരളചന്ദ്രിക 66, 105, 161
കേരളചരിത്രം (ഗ്രന്ഥം) 81, 88, 98, 134
കേരളത്തിലെ കാളിപൂജ(ഗ്രന്ഥം) 132
കേരളത്തിലെ നാടൻപാട്ടുകൾ (ഗ്രന്ഥം) 132
കേരളനന്ദിനി 48, 138, 139, 168
കേരളപത്രിക 66, 138, 139
കേരളപാണിനി 110, 118, 120
കേരളപാണിനി (ഗ്രന്ഥം) 70
കേരളപാണിനീയം 37, 118, 120, 131
കേരളപേട്രിയട്ട് 67
കേരളഭാഷാവിജ്ഞാനീയം 131
കേരളഭാഷാവ്യാകരണം 30, 32
കേരളഭാഷാസാഹിത്യചരിത്രം 10, 11, 158, 159, 160, 172, 173, 176, 177
കേരളഭൂഷണം 145, 163
കേരളമിത്രം 71, 138
കേരളവർമ്മ, കോട്ടയം 164
കേരളവർമ്മതമ്പുരാൻ, .. അനിഴം നാൾ 143, 144
കേരളവർമ്മരാമായണം 164
കേരളവർമ്മ വലിയകോയിത്തമ്പുരാൻ 34, 38—43, 48, 65—67, 75—79, 88, 90—93, 95, 106, 108, 110, 120, 143, 147, 149, 154, 158, 165, 166, 167
കേരളവിലാസം 18, 65, 66, 67, 105, 106, 114, 147, 148, 149, 161
കേരളസാഹിത്യചരിത്രം 11, 22, 36, 40, 45, 48, 50, 66, 67, 69, 72, 75, 76, 77, 84, 89, 96, 103, 106, 118, 121, 123, 125, 128, 131, 135, 137, 138, 144, 146, 159, 167, 170, 171, 174, 177, 178
കേരളഹൃദയം 79
കേരളീയഭാഷാശാകുന്തളം 48, 70, 108

കേരളീയ സംസ്കൃതസാഹിത്യചരിത്രം 136, 163
കേരളീയസൽഗ്ഗുണബോധിനി 162
കേരളോപകാരി 138
കേശവനാശാൻ, പരവൂർ 34, 143, 145, 146
കേശവൻ, സി. 153
കേശവൻതമ്പി, നങ്കക്കോയിക്കൽ 99
കേശവൻനായർ, കറ്റിപ്പുറത്തു് 38
കേശവൻവൈദ്യൻ, വെളുത്തേരി 94, 96, 108
കേശവപിള്ള, കെ. സി. 119, 120, 146
കേശവപിള്ള, കിള്ളിയൂർ 61
കേശവീയം 120
കേസരി 66
കൊച്ചി സ്റ്റേററ് മാനുവൽ 52
കൊച്ചുണ്ണിത്തമ്പുരാൻ, കൊടുങ്ങല്ലൂർ 141
കൊച്ചുപിള്ളവാരിയർ, അരിപ്പാട്ടു്, 17, 37, 170
കൊടിയവിരഹം 175
കൊടുങ്ങല്ലൂർ കോവിലകം 46
കൊടുന്തമിഴ്, 130
കൊട്ടാരക്കരത്തമ്പുരാൻ 121
കൊല്ലവഷം 114, 119, 131
കോട്ടയത്തു് അനിഴംനാൾ തമ്പുരാൻ— 'കേരളവമ്മതമ്പുരാൻ' നോക്കുക.
കോട്ടയത്തുതമ്പുരാൻ 59, 110
കോമ്പിയച്ചൻ, വിദ്വാൻ (പാലക്കാട്ടു്) 142, 145
കോലെഴുത്തു് 111
കോവുണ്ണിനെടുങ്ങാടി 43, 44, 46, 117, 128, 129, 130
ക്ലിയോപാട്രാ 150, 151
ക്ഷമാപണസഹസ്രം 77
ക്ഷമാപണാഷ്ടകം 78
ഗണപതിശാസ്ത്രി, റ്റി. 94—96
ഗണാഷ്ടകം 29
ഗദ്യഗ്രന്ഥങ്ങൾ 36, 37, 39, 42, 43, 73, 94, 95, 132
ഗന്ധവ്വവിജയം 20
ഗാത്ത്വൈററ് 46
ഗിരിജാകല്യാണം 135, 172, 173
ഗീവഗ്ഗീസ്കത്തനാർ—'ജോർജ്ജ് മാത്തൻ' നോക്കുക
ഗുഡ് ഫ്രൈഡേ 15
ഗുണ്ടർട്ട്, ഡോക്ടർ 45, 46, 117, 128, 130, 153, 160
ഗോദവമ്മ, കെ. (ഡോക്ടർ) 131
ഗോപാലപിള്ള, എൻ. 93
ഗോപിനാഥൻനായർ, ടി. എൻ. 172
ഗോവിന്ദപ്പിള്ള, എം. (ദിവാൻ ബഹദൂർ) 38
ഗോവിന്ദപ്പിള്ള, മള്ളൂർ 69
ഗോവിന്ദപ്പിള്ള, സി. പി. (ചിറയിൻകീഴ്) 132
ഗൗരി പാവ്വതീബായി, റാണി 5, 6
ഗ്രന്ഥവരികൾ 127, 133
ഗ്രാമത്തിൽ കോയിത്തമ്പുരാൻ 39
ഗ്രീസ്സുചരിത്രം 151
ചക്കീചങ്കരം 70, 72
ചന്തുമേനോൻ 93, 94, 110
ചന്ദ്രസേനൻ 132
ചന്ദ്രികാമഹോത്സവം (ചന്ദ്രോത്സവം) 144, 169
ചമ്പു 34, 39, 95, 123, 158, 173, 175
ചരിത്രാഖ്യായികകൾ 93
ചാണക്യസൂത്രം 46
ചാത്തുക്കുട്ടിമന്നാടിയാർ 43, 48, 49, 52, 139, 143

ചിദംബരവാദ്ധ്യാർ 94, 95
ചിലപ്പതികാരം 131
ചുമ്മാർ, ടി. എം. 79, 106, 112, 115, 126, 129, 130, 137, 146, 168, 176
ചെന്തമിഴ് 130
ചെല്ലൂർനാഥോദയം 175
ചെറുണ്ണി 147
ചെറുശ്ശേരി 109, 174, 175
ചേലപ്പറമ്പ് 169
ജനരഞ്ജിനി 143
ജനവിനോദിനി 107
ജന്മി—കുടിയാൻ വിളംബരം 27
ജലന്ധരാസുരവധം 34, 35
ജവഹർലാൽ നെഹ്റു 90
ജാനകീപരിണയം 48, 49, 70
ജി. പി. പിള്ള, ബാരിസ്റ്റർ 161
ജീവചരിത്രസാഹിത്യം 33, 37, 90
ജീവിതസമരം (ഗ്രന്ഥം) 153
ജോർജ്, കെ. എം. (ഡോക്ടർ) 37, 125
ജോർജ് മാത്തൻ (ഗീവർഗ്ഗീസ്) 32, 37, 45, 117
ജോർജ് സെയിന്റ്സ്ബറി 111
ജ്ഞാനപ്പാന 175
ജ്യാവ് 29, 137
ഞാററുപാട്ട് 131
ടിപ്പു 133, 134, 144
ടെക്സ്ററുബുക്കുകമ്മിററി 41, 87
ട്രെയിനിംഗ് സ്കൂൾ 28
ഡാല്ഹൗസിപ്രഭു 26
തങ്കപ്പൻപിള്ള, വേമ്പനാട്ടൂർ 61
തട്ടുപരമ്പിൽ ആശാൻ 96
തമിഴ് 127, 128, 129, 130, 132
തിരുനാൾപ്രബന്ധം 41
തിരുമൂലസ്ഥാനം 57
തിരുവിതാംകൂർചരിത്രം 30, 67, 81, 151, 152
തിരുവിതാംകൂർ രജിസ്ട്രേഷൻ നിയമങ്ങൾ 28
തിരുവിതാംകൂർ രാജകുടുംബം 40, 65
തിരുവിതാംകൂർ ഹൈക്കോടതി വിധികൾ 153
തിലോത്തമാവിജയം 97
തുഞ്ചത്തെഴുത്തച്ഛൻ 10, 11, 69, 109. 114, 121, 134, 155, 169
തുലാപുരുഷദാനകാവ്യം 96
തുലാഭാരശതകം 41
തുള്ളൽപ്പാട്ടുകൾ 110, 122, 173
തോററംപാട്ട് 131, 132
ദക്ഷയാഗം ആട്ടക്കഥ 22
ദക്ഷയാഗം കിളിപ്പാട്ട് 158
ദർപ്പവിച്ഛേദം 72
ദാരുകവധം 131
ദിവാൻ നാണുപിള്ള (ഗ്രന്ഥം) 87
ദീനസംരക്ഷണം (ഗ്രന്ഥം) 88
ദീപിക 139
ദുഃഖവെള്ളിയാഴ്ച 15
ദുര്യോധനവധം 50, 51
ദൂതവാക്യം 145
ദേവജിഭീമജി 138
ദ്രാവിഡഭാഷകൾ 128, 130
ദ്വിതീയാക്ഷരപ്രാസവാദം 120
ധർമ്മഗുപ്തവിജയം 14
ധർമ്മരാജാ — 'കാർത്തികതിരുനാൾ' നോക്കുക
ധർമ്മരാജാ (ഗ്രന്ഥം) 93
നങ്കക്കോയിക്കൽ തമ്പി— 'കേശവൻതമ്പി' നോക്കുക
നമ്മുടെ മഹാന്മാർ (ഗ്രന്ഥം) 103, 152
നമ്മുടെ സാഹിത്യകാരന്മാർ (ഗ്രന്ഥം) 103, 106, 160

നരകാസുരവധം 20
നവയുഗഭാഷാനിഘണ്ടു 10
നസ്രാണിദീപിക 104, 138, 139, 157
നളചരിതം ആട്ടക്കഥ 135
നളചരിതം കിളിപ്പാട്ട് 141
നളചരിതം വാതിൽതിറപ്പാട്ട് 68
നാഗൻ നാരായണൻ 85
നാഗമയ്യാ 13
നാടകം 69, 70, 71
നാണുപിള്ള, ഇലങ്കത്തു് 22, 85, 86, 99, 105, 108
നാരായണൻനമ്പ്യാർ, കെ. സി. 72
നാരായണപിള്ള, എം. സി. 162
നാരായണപിള്ള, എസ്. (അഡ്വക്കേററ്) 61
നാരായണപിള്ള, പി. കെ. (സാഹിത്യപഞ്ചാനനൻ) 69, 172, 174, 175
നാരായണപിള്ള, പി. കെ. (ഡോക്ടർ) 79, 94
നാരായണപ്പണിക്കർ, ആർ. 10, 158, 159, 160, 171, 176, 177
നാരായണഭട്ടതിരി, മേല്പുത്തൂർ 169, 175
നാരായണമേനോൻ വള്ളത്തോൾ 38, 110
നാറാണത്തുഭ്രാന്തൻ 136, 137
നിരണം കവികൾ 109, 134
നിലമ്പൂർ രാജാ 108
നീലകണ്ഠസന്ദേശം 171
നീലാസുരവധം 145
നെടുങ്ങാടി–'കോവുണ്ണി നെടുങ്ങാടി' നോക്കുക
നെഹ്രു–'ജവാഹർലാൽ' നോക്കുക
നൈഷധം ചമ്പു– 'ഭാഷാനൈഷധചമ്പു' നോക്കുക
പഞ്ചതന്ത്രം 46
പഞ്ചമഹാകാവ്യങ്ങൾ 91
പഞ്ചവൻകാട്ട് 62
പണ്ടത്തെപ്പാച്ചൻ 93
പണ്ടാരപ്പാട്ടും വിളംബരം 27
പതിനെട്ടരക്കവികൾ 174
പതിന്നാലുവൃത്തം 141
പതിവ്രതാധർമ്മം 146
പത്മനാഭക്കുറുപ്പ്, അഴകത്തു് 41
പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം 13, 20, 53, 60, 62, 69, 103, 162
പത്മനാഭപ്പണിക്കർ, മൂലൂർ 146
പത്മനാഭമേനോൻ, കെ. പി. 81
പത്മനാഭമേനോൻ, പാട്ടത്തിൽ 158
പദാന്തപദതജ്ജമ 90
പദ്യസാഹിത്യചരിത്രം 79, 129, 168, 176
പപ്പുക്കുറുപ്പ് 68
പയ്യന്നൂർപാട്ട് 171
പയ്യൂർ പട്ടേരിമാർ 169
പരപ്പനാട്ടുരാജകുടുംബം 39, 147
പരമേശ്വരൻനായർ, പി. കെ. 42, 48, 103
പരമേശ്വരൻപിള്ള, എൻ. (ചിറയിൻകീഴ്) 103, 152
പരമേശ്വരൻപിള്ള, എൻ. കയ്യാലം 69
പരമേശ്വരയ്യർ, ഉള്ളൂർ 11, 12, 69, 78, 110, 118, 121—123, 125, 127, 128, 131, 135, 138, 146, 159, 167, 170, 173, 174, 177
പരല്പേറ് 14, 29
പരിദേവനശതകം 171

പരിഹാസകൃതി 71
പശ്ചിമതാരക 138
പഴയ പാട്ടുകൾ 131, 132, 173
പറച്ചി പെററ പന്തിരുകുലം 136
പാക്കനാർ 136
പാച്ചുമൂത്തതു് 29—31, 33, 37, 40, 65, 67, 81
പാഞ്ചാലീസ്വയംവരം 20
പാട്ടുസാഹിത്യം 129, 131
പാഠപുസ്തകസമിതി 41, 95
പാണ്ഡവവിജയം 14
പാതാളരാമായണം 146
പാരിജാതഹരണം 175
പാർവ്വതീബായി, റാണി 17, 18, 20, 21
പാലാഴിമഥനം 122, 123
പാലിയക്കര രാമവർമ്മ കോയിത്തമ്പുരാൻ 89
പിംഗള 11
പുതിയിക്കൽ തമ്പാൻ 19
പുനം നമ്പൂതിരി 174, 175
പുരളീശൻ 145
പുഷ്പഗിരീശസ്തോത്രം 49
പൂന്താനം നമ്പൂരി 175
പൂരപ്രബന്ധം 47
പൂർവ്വഭാരതചമ്പു 123
പെരുംതൃക്കോവിൽ 30
പൈലി, ടി. ജെ. 139
പോക്കുവരവുപദ്ധതി 86
പൗവൽ 22
പ്രച്ഛന്നപാണ്ഡവം 47
പ്രണാമശതകം 166
പ്രദക്ഷിണം 132
പ്രബോധചന്ദ്രോദയം 96
പ്രയോഗദീപിക 172
പ്രവൃത്തിപ്പള്ളിക്കൂടം 17, 28
പ്രസംഗതരംഗിണി 172
പ്രസന്നരാഘവം 97
പ്രസ്ഥാനത്രയം (ഗ്രന്ഥം) 10
പ്രഹസനങ്ങൾ 93
പ്രാകൃതഭൂമിശാസ്ത്രം 74
പ്രാഞ്ജലി 158
പ്രേമാമൃതം 99
ഫ്രീസ്‌കൂൾ 22, 23, 85
ബകവധം 20
ബാണയുദ്ധം 122
ബാലകൃഷ്ണൻനായർ, ചിറക്കൽ 132, 175
ബാലഭൂഷണം 30—32
ബാലരാമവർമ്മ 20, 21
ബാലിസുഗ്രീവസംഭവം 97
ബീജഗണിതം 151
ബെയിലി 153
ഭക്തിദീപിക 11
'ഭക്തിയും വിഭക്തിയും' 175
ഭദ്രദീപം 20, 168
ഭരണിതിരുനാൾ തമ്പുരാട്ടി 20
ഭവഭൂതി 48, 54
ഭാഗവതം ഏകാദശസ്കന്ധം കിളിപ്പാട്ടു് 171
ഭാഗവതം പഞ്ചമസ്കന്ധം 150
ഭാഗവതസംഗ്രഹം 171
ഭാരതചമ്പു 66, 144, 175
ഭാരതം ആട്ടക്കഥ 122
ഭാരതാനുവർണ്ണനം 96
ഭാരവി 91
ഭാഷാകുമാരസംഭവം 120
ഭാഷാഗദ്യസാഹിത്യചരിത്രം 106, 112, 115, 126, 130, 137, 146
ഭാഷാനൈഷധചമ്പു 34, 158, 175
ഭാഷാപോഷിണി 71, 79
ഭാഷാഭൂഷണം 120
ഭാഷാരാമായണചമ്പു 95, 174
ഭാഷാശാകുന്തളം 37, 38, 147, 149
ഭാസനാടകങ്ങൾ 95

ഭോജചമ്പു 34
മകരന്ദമഞ്ജരി 10
മങ്ങാട്ടച്ചൻ 63
മണിപ്രവാളം 128, 129, 158
മണിപ്രവാളശാകുന്തളം 39
മൺറോ 17, 18, 21, 27
മനോരമ 71
മന്നാടിയാർ—'ചാത്തുക്കുട്ടിമന്നാടിയാർ' നോക്കുക.
മയൂരസന്ദേശം 78, 79
മലയാണ്മ(യ്മ) 109
മലയാളകാവ്യരത്നാകരം 176
മലയാളത്തിലെ പഴയ പാട്ടുകൾ 132
മലയാളനിഘണ്ടു 13, 45
മലയാളപ്പത്രികകൾ 115
മലയാളഭാഷ 9, 11, 17, 27, 29, 32, 36, 43, 46, 73, 91, 109, 110, 112, 114, 127—130, 132, 139, 155, 161, 177
മലയാളഭാഷയുടെ ഉൽപത്തി 127—130
മലയാളം — ഇംഗ്ലീഷ് നിഘണ്ടു 45, 153
മലയാളമനോരമ 71, 146, 160
മലയാളമിത്രം 138
മലയാളരാജ്യം വാരിക 58, 106, 108
മലയാളവ്യാകരണം 43, 45, 46
മലയാളശാകുന്തളം 120
മലയാളസാഹിത്യചരിത്രം 42, 48, 71
മലയാള സാഹിത്യചരിത്രസംഗ്രഹം 10
മല്ലപ്പള്ളിലച്ചൻ 37
മഹച്ചരിതഭാണ്ഡാഗാരം 89, 90
മഹച്ചരിതസംഗ്രഹം 90 — 92, 149
മഹാദേവശാസ്ത്രി, കണ്ടിയൂർ 34
മഴമംഗലം നമ്പൂതിരി 169, 175
മാണ്ഡർ 88, 89
മാതൃഭൂമി ആഴ്ചപ്പതിപ്പ് 33, 70, 103
മാത്തൻ ഗീവർഗ്ഗീസ്—'ജോർജ്ജ് മാത്തൻ' നോക്കുക.
മാധവൻനായർ, പി. കെ. 61
മാധവരായർ (സർ ടി. മാധവറാവു) 22, 26, 27, 73—76, 79, 80, 85—87, 105
മാധവീവസന്തീയം 96
മാനവിക്രമൻ (സാമൂതിരിപ്പാട്) 174
മാനവേദൻ 123
മാനസ്ക്രിപ്റ്റ് ലൈബ്രറി 95
മാർത്താണ്ഡവർമ്മ — 'ഉത്രംതിരുനാൾ' നോക്കുക.
മാർത്താണ്ഡവർമ്മ (ശ്രീവീരമാർത്താണ്ഡവർമ്മ) 19, 20, 168
മാർത്താണ്ഡവർമ്മ (ആഖ്യായിക) 62, 93
മാലതി 132
മാർസ്ഡൻ 27, 80
മിച്ചൽ (ഡോക്ടർ) 70
മിഷ്യൻസഭക്കാർ 115
മീനകേതനചരിതം 37, 39, 147
മുചുകുന്ദമോക്ഷം 30
മുദ്രാരാക്ഷസം 162
മുറജപം 20, 47, 168
മൂന്നു മഹാരാജാക്കന്മാർ (ഗ്രന്ഥം) 85
മൂലൂർ പത്മനാഭപ്പണിക്കർ — 'പത്മനാഭപ്പണിക്കർ' നോക്കുക.
മൃഗയാസ്മരണകൾ 76
മൃണാളിനി 10
മേദിനീചന്ദ്രികോത്സവം 144
മേല്പുത്തൂർ ഭട്ടതിരി — 'നാരായണഭട്ടതിരി' നോക്കുക.

മൗഢ്യഗണിതം 171
യമകകാവ്യം 135
യമപ്രണാമശതകം 78, 166
യുധിഷ്ഠിരവിജയം 135
രഘുവംശം 91
രജിസ്റ്റർകച്ചേരികാം 28
രവിവമ്മൻകോയിത്തമ്പുരാൻ 124
രവീശപരത്തു പണിക്കർ 122
രസികഭൂഷണം 144
രസികരഞ്ജിനി 49
രാജരാജവമ്മ, എ.ആർ. 38, 110, 118, 120, 130
രാജരാജവമ്മകോയിത്തമ്പുരാൻ, ചങ്ങനാശ്ശേരി 40, 166
രാജരാജവമ്മ മൂത്തകോയിത്തമ്പുരാൻ, അനന്തപുരത്തു് 147, 166
രാജരാജവമ്മ, വടക്കംകൂർ 12, 33, 127, 163
രാജർഷി 52
രാജസൂയം 20
രാജാകേശവദാസൻ 98
രാജാവിൻെറ ധമ്മപ്പള്ളിക്കൂടം 23
രാമകഥപ്പാട്ടു് 134
രാമകൃഷ്ണപിള്ള, കെ. (സ്വദേശാഭിമാനി) 69
രാമക്കുറുപ്പു്, പി. 68, 69, 94, 143
രാമചരിതം 109, 129, 172
രാമൻപിള്ള, കുമ്മമ്പള്ളി 96
രാമൻപിള്ള സി. വി. 67, 93, 94, 99, 108
രാമപുരത്തുവാരിയർ 167, 168, 173
രാമപ്പണിക്കർ (നിരണം) 134
രാമഭദ്രദീക്ഷിതർ 48
രാമയ്യങ്കാർ (ദിവാൻ) 86, 95, 102, 106, 107
രാമയ്യർ, പി. ജി. 38
രാമരായർ 80, 106, 107
രാമസ്വാമിശാസ്ത്രികാം, ഇലത്തൂർ 29, 34, 40, 65, 67, 68, 94, 146
രാമായണം ചമ്പു 174
രാവണവിജയം 124
രാസക്രീഡ 122, 123, 174
രുക്മിണീബായിത്തമ്പുരാട്ടി 84, 89
രുക്മിണീസ്വയംവരം ആട്ടക്കഥ 125
രുമാരാജ്യം 150
ലക്ഷദീപം 20
ലക്ഷ്മീദാസൻ 126
ലക്ഷ്മീബായി, റാണി 18, 20
ലക്ഷ്മീബായി, ആറ്റിങ്ങൽ മൂത്തതമ്പുരാൻ 40
ലജിസ്ലേററീവ് കൗൺസിൽ 62
ലീലാതിലകം 172
വടക്കൻപാട്ടുകാം 132
വട്ടപ്പള്ളിസ്ഥാനികൻ 34
വട്ടെഴുത്തു് 111, 128
വയസ്കര മൂസ്സ് 43, 49, 51
വരരുചി 136
വണ്ണാക്കലർ ലിററേച്ചർ സൊസൈററി 74
വത്തമാനപത്രങ്ങാം 138, 157
വഷകാലകഥ 95
വള്ളത്തോാം–'നാരായണമേനോൻ' നോക്കുക
വറുഗീസ് മാപ്പിള, കണ്ടത്തിൽ 69, 71, 79, 138
വാക്യം 14, 29
വാൻലിംബർഗ് ബ്രൌവർ 92
വായില്ലാക്കുന്നിലപ്പൻ 136
വാല്മീകിരാമായണം 164
വാസിഷ്ഠം 174
വാസുഭട്ടതിരി 134

വിക്രമാദിത്യചരിതം 171
വിജ്ഞാനമഞ്ജരി 42, 43
വിദ്യാവിനോദിനി 52, 138, 139, 140, 142
വിദ്യാവിലാസിനി 106, 107, 108, 138, 147, 149, 152
വിദ്വാൻ കോയിത്തമ്പുരാൻ 124, 125
വി. വി. ശർമ്മ, വിദ്യാഭൂഷണൻ 174
വിശാഖംതിരുനാൾ 34, 73–76, 79, 83—92, 94–100, 102, 103, 105, 106, 108, 151, 159, 160, 165, 167, 168
വിശ്വഗുണാദർശം 30
വിശ്വംഭരൻ, കിളിമാനൂർ 132
വിഴിഞ്ഞം 98
വെങ്കിടരായർ (ദിവാൻ) 21
വെണ്മണി 46, 48
വെള്ളാലപ്രമാണങ്ങൾ 87
വേതാളചരിത്രം 46
വേദസംയുക്തി 37
വേമ്പനാർ പുതുവീട്ട് 57
വേലുത്തമ്പിദളവാ 21
വേലുപ്പിള്ള, ടി. കെ. 85
വേലുപ്പിള്ള, തുണ്ടത്തിൽ, പി. 16
ശക്തൻതമ്പുരാൻ, കൊച്ചി 134
ശക്തൻതമ്പുരാൻ, കോഴിക്കോട്ട് 123
ശങ്കരൻനമ്പ്യാർ, പി. 10
ശങ്കരമേനോൻ, കെ. പി. 82
ശങ്കരാചാര്യർ 126
ശങ്കുണ്ണിമേനോൻ, തോട്ടയ്ക്കാട്ട് (ദിവാൻ) 22
ശങ്കുണ്ണിമേനോൻ, പി. (ദിവാൻ പേഷ്കാർ) 57, 64, 79, 80, 81, 82, 83
ശതമുഖരാമായണം 170
ശബ്ദതാരാവലി 14
ശംബരവധം 122, 123
ശരച്ചന്ദ്രിക 146
ശരീരരക്ഷ (ഗ്രന്ഥം) 95
ശാരദ (നോവൽ) 93
ശാസ്ത്രബാഹ്യൻ 134
ശിക്ഷാക്രമപാഠശാല 28
ശിവപുരാണം 169
ശുകസന്ദേശം 123, 126
ശുപ്പുമേനോൻ, കടിയംകുളം 124
ശേഷയ്യാശാസ്ത്രി, എ. 22, 24, 76, 80, 81, 86
ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള —'പത്മനാഭപിള്ള' നോക്കുക.
ശ്രീകൃഷ്ണകർണ്ണാമൃതം 175
ശ്രീകൃഷ്ണജയന്തീമാഹാത്മ്യം 145
ശ്രീധരൻനമ്പി, പുന്നശ്ശേരി 171
ശ്രീധരമേനോൻ, എ. 88, 98, 134
ശ്രീനാരായണഗുരു 96
ശ്രീമൂലംതിരുനാൾ 34, 40, 62, 159
ശ്രീമൂലരാജവൈജയന്തി 161, 162
ശ്രീരാമവർമ്മ (ഗ്രന്ഥം) 20, 62
ശ്രീവീരമാർത്താണ്ഡവർമ്മവിജയം 67
ഷേക്സ്പിയർകഥകൾ 94
സത്യനാദ(കാഹളം) 138
സത്യവാദഖേടം 37
സദ്വൃത്തമാല 144
സന്താനഗോപാലം 175
സന്മാർഗ്ഗചന്ദ്രിക, സന്മാർഗ്ഗസംഗ്രഹം 42
സംവത്സരഭജനം 30
സംസ്കൃതം 126, 127, 128, 129, 130, 132
സംസ്കൃതമഹാപാഠശാല, തിരുവനന്തപുരം 95

സരസ്വത്യഷ്ടകം 29
സർപ്പപ്പാട്ട് 131
സർവ്വജ്ഞവിജയം 147
സാഹിത്യചരിത്രം 12, 125, 126
സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ (ഗ്രന്ഥം) 10, 11, 43, 51, 66, 122, 125, 130, 132, 144, 175, 176
സാഹിത്യനിഷ്ഠടം 10
സാഹിത്യപ്രവർത്തക സഹകരണസംഘം 93, 163
സാഹിത്യമാസിക 106, 139, 147
സാഹിത്യസാഹ്യം 120
സി. എം. എസ്. പ്രസ്സ്, കോട്ടയം 138
സി. എസ്. പോററി—'സുബ്രഹ്മണ്യൻപോററി' നോക്കുക.
സിംഹദ്ധ്വജചരിതം 18
സിംഹളനാദൻ 95
സിംഹാവതാരം 145
സീസ്സർ 150, 151
സുജനാനന്ദിനി 145
സുന്ദോപസുന്ദയുദ്ധം 14
സുബ്ബാരായർ (സുബ്ബറാവു) 17, 21, 23, 170
സുബ്രഹ്മണ്യൻപോററി 146
സുഭദ്രാഹരണം ആട്ടക്കഥ 20
സുഭദ്രാഹരണം ഓട്ടൻതുള്ളൽ 96
സെൻറ് ജോസഫ് പ്രസ്സ് 151
സേതുയാത്രാവർണ്ണനം 96
സൈനികസ്മരണകൾ 15
സോമവാരമാഹാത്മ്യം (സോമവാരവ്രതം) 166
സ്വാതിതിരുനാൾ 15, 16, 18, 20—23, 73, 79, 84, 95, 124, 162, 173
സ്റ്റാമ്പ്റഗുലേഷൻ 87
ഹജ്ജൂർകച്ചേരി 63
ഹരിശർമ്മ, എ. ഡി. 103, 149, 163
ഹസ്തലിഖിതഗ്രന്ഥശാല 95
ഹാനിംഗ്ടൺ 80
ഹാലാസ്യമാഹാത്മ്യം 49
ഹിന്ദുമുസ്ലീംമൈത്രി 92
ഹുമയൂൺ 92
റാസ്സ്സായിപ്പ് 23
റോബർട്സ് 22
റോമൻചരിത്രം 149, 151

★

7372

# തിരുത്തു്

| പുറം | വരി | ശരി |
|---|---|---|
| 10 | 34 | ഇദ്ദേഹത്തെ |
| 21 | 20 | സുബ്ബാരായർ |
| 24 | 21 | ശിരസ്തദാർ ആയിരുന്നു. |
| 26 | 33 | ആയില്യംതിരുനാളിനെയും വിശാഖംതിരുനാളി [നെയും മററും |
| 36 | 10 | ....വേഗാലരിയണ്ണമൻപൊട്ട.... |
| ,, | 23 | വികസിക്കുകയില്ലെന്ന |
| 53 | 16 | മൂത്ത സഹോദരിയും |
| 58 | 19 | വേമ്പന്നൂർ |
| 61 | 2 | മക്കളൊണ്ടു് |
| ,, | 13 | 12-ാംപേരുകാരനും |
| 73 | 19 | ആയില്യംതിരുനാളിനും |
| ,, | 22 | ഉന്നമനാർത്ഥം |
| 78 | 22 | വിശിഷ്യ |
| 81 | 9 | Protection |
| 82 | 20, 21 | through Dewan, Veloo Pillay Peishcar's.... |
| ,, | 27 | ....by saying that it is the will of Pro. |
| 86 | 9 | ആദ്യമായി |
| 88 | 2 | പ്രോത്സാഹിപ്പിക്കുന്നതിലും |
| 91 | 4 | എന്നുള്ളതു് അശ്രുതമായിരുന്നു. |
| ,, | 6 | ചെയ്തില്ലെന്നും |
| ,, | 9 | കോ ലംബവയോദാഹരണായ ഹസ്തൗ |
| 95 | 19 | നിസ്സഹായനമായിരുന്ന |
| 103 | 33 | ....തോട്ടക്കുടി (ഗോവിന്ദപ്പിള്ളയ്ക്കു്).... |
| 105 | 15 | Proposes |
| 110 | 34 | അവരത |
| 111 | 11 | അത്യന്താപേക്ഷിതമായിരുന്നതിനാൽ |
| 116 | 10 | ദുഃഖപ്രദയായ |
| 120 | 7 | നൂതനമായി |
| 143 | 19 | laudable |
| ,, | 26 | ....for your ownself more than these officers.... |
| ,, | 29 | heirs |
| ,, | 33 | need not fear bankruptcy |
| 146 | 7 | കേശവാഖ്യൻ |
| 154 | 27 | അപരിഷ്കൃതയായും |
| 156 | 11 | നിർമ്മിക്കാൻ ഉദ്യോഗിച്ചതു് |
| ,, | 30 | ക്രീണന്തപിദം |
| 166 | 8 | വിയോഗത്തിനിടയാകയും |

# ധികാര്യക്കാർ ഗാവിന്ദപ്പിള്ള

മാദരൻനായർ

ഷാഭിമാനത്താൽ പ്രേരിതരായി ഭാഷാ
ിക്കവേണ്ടി യത്നിച്ചിട്ടുള്ള വ്യക്തികളേ
അവരുടെ യത്നങ്ങളേയും സംബന്ധിച്ച
ചരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മലയാളഭാഷാ ചരിത്രം ആദ്യമായി രചിച്ചതു് സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ളയാണു്. പേരിനു പോലും ഒരു ഭാഷാചരിത്രം അതുവരെ ഭാഷയിലുണ്ടായിരുന്നില്ല. ആ സ്ഥിതിക്കു് അത്തരമൊരു ഗ്രന്ഥത്തിന്റെ രചന തികച്ചും ദുഷ്കരമായിരുന്നു. വിപുലമായ ഗവേഷണവും വിവിധ ഭാഷാപരിജ്ഞാനവുമൊക്കെ അതിനു വേണ്ടി വന്നു. ബഹുഗ്രന്ഥനിബിഡിതമായ വലിയ കൊട്ടാരം ഗ്രന്ഥപ്പുര ഉപയോഗപ്പെടുത്തി ഭാഷാ ചരിത്രത്തിലേക്കു് ആവശ്യമുള്ള കരുക്കൾ ശേഖരിച്ചാണു് പി. ഗോവിന്ദപ്പിള്ള തന്റെ മലയാളഭാഷാചരിത്രം തയ്യാറാക്കിയതു്. മൺമറഞ്ഞു പോയ ആ ഭാഷാപ്രണയിയുടെ ജീവിതവും സാഹിത്യപ്രവർത്തനങ്ങളുമാണു് ഈ ജീവചരിത്രഗ്രന്ഥത്തിൽ ശ്രീ പി. ദാമോദരൻനായർ പ്രതിപാദിക്കുന്നതു്.

വില 3·75

നാഷനൽ ബുക്ക്സ്റ്റാൾ

സർവ്വാധികാരി

കെ. ഗോവിന്ദപിള്ള

920

പി. ദാമോദരൻനായർ

Indic Digital Archive Foundation
gpura.org